Vimala College (Autonomous)

Thrissur

VIMALARASMI

2016-2017

AMARANTHINE LEGENDS



J4457

Eternal

VIMALA RASMI

2016 - 2017

Vimala College, Thrissur

നിങ്ങൾക്കും ഒരു
PROFFESSIONAL
ഫാഷൻ ഡിസൈനർ
ആകാം...

QUALITY FIRST

A Division of CADD CENTRE
Asia's No.1 Cad Company

Fashion Design
State/Central Govt.
Bsc. Fashion Design Syllabus
Eligibility: +2, VHSE, Degree/ above
Semester 1 - Principle of Design, Styling, Textile Science, Textile Design, Pattern Making, Draping, Garment Construction, Embellishment, Computer Aided Pattern Making - (Reach CAD)
Semester 2 - Computer Aided Fashion Design (Reach Fashion Studio), Photoshop, Corel DRAW/Illustrator

More Info:
9048306798
0487 2441979
0487 3290913

Inaugural Offer For First 1000 Admissions
100% SURE GIFT
INAUGURAL OFFER
AUTOMATIC FASHION MAKER / LAPTOP

job 100% SURE

MONEY BACK 100% GUARANTEED 100% SURE QUALITY

AN ISO 9001:2015

dream zone®
... school of creative studies
St. Thomas College Road, Thrissur
Devamatha Tower, Opp. DMO Office, Near St. Thomas College

J4457

ഉറുമ്പുകൾ, ഉലയൂതുകയാണ്.
കാറ്റേറ്റു തെന്നിവിണാൽ, ഉടലാസകലം
പൊള്ളിക്കുന്ന കനലിന്റെ ക്രൗര്യം വകവെയ്ക്കാതെ,
ചുവന്ന പ്രകാശം കണ്ണടപ്പിക്കാതെ,
ആസന്നമായ വേവിന്റെ വക്കത്ത് ഒറ്റക്കാലിൽ
ഏന്തി നിന്ന് പൊന്നുരുക്കുകയാണവർ.

തലയ്ക്കു മേലെ തൂങ്ങിയാടുന്ന മരണത്തെ നോക്കി
ചിരിയമർത്തുകയാണവർ
എത്ര രഹസ്യങ്ങളാണുറുമ്പുകൾ .....

VIMALA COLLEGE
ACC. No.

J-VC 2017
J4457

VIMALA COLLEGE

TRICHUR

VERITAS ET AMOR

Vision

We envision the total transformation of young women for their enrichment & of the society at large and the nation as a whole.

Mission

We dedicate ourselves to the mission of training women for academic excellence, development of skill and character formation based on the love of God and service to the society and country.







I am very glad to understand that Vimala College is publishing a magazine titled "Vimala Rasmi". It is a great opportunity before students to explore, to prove and to realize who they are and what they can be. Education is cultivating of a person. Supreme aim of education is the integral growth of the student. It helps to bring out the potentialities of the individuals in a dynamic and systematic way so that the good of all is fulfilled. Vimala College may become a centre of integral education. I am sure there is still enormous potential for this Institution to scale newer heights. I take this opportunity to congratulate you for the excellence achieved by its students and wish every best for its continuing success. May I extend my Hearty Congratulations to one and all for their heartfelt effort and teamwork in fulfilling this admirable attempt!

Invoking God's Blessings.



I am very glad to know that Vimala college, Thrissur is bringing out its College Magazine for the year 2016 - 2017. A College Magazine is a repository of the heart and soul of the college. It reflects the life and times of the college at various periods in its history and is something that students cherish and treasure in their later years. It is heartening to note that your college has kept this as essential aspect of the traditions of a college alive.

Dear students, Education is not an act of acquiring knowledge but learning a skill to lead life and forming one's personality. This is an unending process of growth. Dear teachers and other staff, may your efforts be fruitful to the students and thus to the society..

I appreciate those who work hard behind this magazine. I wish every best and God's choicest blessings.

Sr. Siby CMC

Our Superior General

"Here is my servent, whom I have chosen, my beloved, with whom my soul is well pleased. I will put my Spirit upon him, and he will proclaim justice to the Gentiles" (St. Matthew 12: 18)





Sr. Anija CMC

Our Provincial Superior & Manager


"GOD, the Lord, is my strength; he makes my feet like the feet of a deer, and makes me tread upon the heights." (Habakkuk 3: 19)

Sr. Alice CMC

Our Local Manager

"The stead fast love of the LORD never ceases, his mercies never come to an end; they are new every morning; great is your faithfulness." (Lamentations 3: 22-23)





Dr. Sr. Maries V.L.

Fifty years back, out of a divine scheme, arose an establishment committed to the educational needs of women— built on faith and hope, quality and dedication were its pillars; under the roof of security and trust merged with brilliance and daring, many a birds have soared high to be woven into the tapestry of humanity— while yet new ones flock its aisle where the walls echo their chirpings, the rooms witness surge of sober deliberations coupled with exuberant bustle and the numerous medals that adorn its annals testify to its abiding purport.

At this golden juncture, my heart is full of gratitude to the Lord who enabled me to be a humble part of this glorious Journey envisioned and accomplished by the endless efforts of many noble minds. As the official obligations to this institution are about to conclude, it is with a sense of joy and contentment that I leaf through the pages that follow, which are the windows to our collective endeavours undertaken throughout the year— glimpses of the creative, academic, extra-curricular feats and the sundry shades of outlook that renders learning worthwhile.

To my dear daughters, in parting, I express my whole-hearted prayers and wishes.... May you realize the strength that this institution has endowed on you in all walks of life to emerge as the undaunted pearls of Vimala....We believe in you and the society anticipates your seamless spirit.

VLMaries

Dr. Sr. Maries V.L

Principal

Statement and Ownership & Particulars of Vimala Rasmi 2017

MAGAZINE COMMITEE

Form IV (See Rules-8)

Place of Publication	: Thrissur
Periodicity of Publication	: Annual
Publishers Name	: Dr. Sr. Maries V.L
Nationality	: Indian
Address	: Vimala College, Tsr - 9
Editors Name	: Anu P.P
Nationality	: Indian
Address	: Vimala College, Tsr - 9
Name and address of individual who owns the Newspaper	: Principal, Vimala College, Thrissur - 9

I Dr. Sr. Maries V.L. hereby declare that the particulars given above are true to the best of my knowledge and belief.

Vol: 50, 2017 | R.N. No. 17044/68 | January: 2017

Sd/-
Dr. Sr. Maries V.L CMC
Vimala College, Thrissur

PUBLISHER
Dr. Sr. Maries V.L.

STAFF EDITOR
Smt. Anu P.P


ASSOCIATE EDITORS
Smt. Prathibha P.
Dr. Mimi Mani Panakkal

STUDENT EDITOR
Ms. Aiswarya Pradeep

COVER PAGE
Ms. Isabell Seby

അമരാന്തസ് എന്നത് ഒരു ഗ്രീക്ക് വാക്കാണ്....
അവസാനിക്കാത്തത്, എന്നും നിലനിൽക്കുന്നത്
എന്നൊക്കെ അർത്ഥം വരുന്ന ഈ പേരിൽ ഒരു പൂവുണ്ട്.
പർപ്പിൾ കലർന്ന ഈ പൂവ് വാടാതെ നിൽക്കും..
സ്ത്രീകളുടെ അവസാനിക്കാത്ത സ്നേഹത്തിനും
ഈ വാക്ക് ഉപമോഗിക്കാറുണ്ട്.
എത്ര നശിപ്പിച്ചാലും അവസാനിക്കാത്ത
ഇതിഹാസങ്ങളാണല്ലോ ഉറുമ്പുകൾ..

AMARANTHINE LEGENDS







'പൂമ്പാറ്റകളുടെ ചിറകുകളിലുള്ള അത്ഭുതപ്പുക്കളുടെ ഒസ്യത്ത് ഉറുമ്പുകൾക്കായി എഴുതപ്പെട്ടിരിക്കുന്നു'

ഉറുമ്പുകൾ കുട്ടത്തോടെ പാപ്പാത്തിച്ചിറകുകളെ കൊണ്ടു പോകുന്നതു കണ്ടിട്ടില്ലേ? എത്ര കൊന്നുകളഞ്ഞിരിക്കുന്നു, എത്ര തവണ തീയിട്ട് കരിച്ചുകളഞ്ഞിരിക്കുന്നു ഉറുമ്പുകളെ! എന്നിട്ടും മഹാരഹസ്യങ്ങളുടെ ഉള്ളറകളെ വകഞ്ഞ് അവ വരുന്നു. ഒന്നിന് പിറകെ ഒന്നായി... തന്റെ ധാന്യപ്പുരകൾക്ക് തീപിടിച്ചില്ലെന്ന ഭാഷയാണ് ഓരോ ഉറുമ്പുകൾക്കും. വലിയ മനുഷ്യക്കാലുകളിൽ ഞെരിഞ്ഞുപോയ കാലുകളാണ് അവ യുടേത്. എന്നിട്ടും വേച്ച് വേച്ച് നടക്കുമ്പോഴും അനേകായിരം ചിത്രങ്ങളുടെ പകർപ്പെടുക്കുകയാണെന്ന് തോന്നും. എത്ര ശൂന്യമെന്ന് കരുതുന്ന ഇടത്തിൽപോലും അവർ നുഴഞ്ഞെത്തും.

ഇത് ഉറുമ്പുകളുടെ അവസാനിക്കാത്ത ഇതിഹാസങ്ങളാണ്. അവരുടെ അധ്വാനമാണ്. ഭാരത്തിന്റെ എത്രയോ ഇരട്ടി താങ്ങുന്ന അവരുടെ കരുത്താണ്. ഇവിടെ ജാതിമതഭേദമില്ല. ഹിംസയില്ല, വൈരാഗ്യമില്ല. ഒരുമിച്ചു കാണുന്ന സ്വപ്നങ്ങൾ മാത്രം. സംഘബലത്തിന്റെ വംശഗാഥയുടെ ചരിത്രം. ചവിട്ടി ത്തേച്ച സിംഹാസനങ്ങളിൽ കടിയുടെ ഭാഷയാൽ ഇതിവിടെ ചേർത്തു വക്കുന്നു.

AMARANTHINE LEGENDS

ആശംസകളോടെ,

അനു പി. പി.
മലയാള വിഭാഗം
സ്റ്റാഫ് എഡിറ്റർ



ഓരോ വാക്കും ഓരോ ലോകമാണ്.
ഞങ്ങളുടെ ലോകം ഇവിടെ ഇങ്ങനെ കുട്ടിവയ്ക്കുന്നു.
ചിതറിയിട്ടുണ്ടെങ്കിലും ഞങ്ങളുടെ രാഷ്ട്രീയം, നിലപാട്,
പ്രതീക്ഷ, സ്വപ്നങ്ങൾ ചേർത്തുവക്കാനുള്ള ശ്രമമാണിത്.
ഉറുമ്പുകൾ അവശേഷിപ്പിച്ച അടയാളങ്ങൾ കുഞ്ഞു
കാല്പാടുകൾ മാത്രമാകാം.
പക്ഷെ നൈരന്തര്യത്തിന്റെ യാത്രയാണത്.
മടുപ്പുകളില്ലാതെ, ഓരോരോ അടിവച്ച് മുന്നോട്ടേക്കുതന്നെ...
പേടിയുണ്ട് ഇക്കാലത്തെ,
ചിലർ ചവിട്ടിയരച്ചേക്കാം
ചിലർ വിഷം വിതറിയേക്കാം.
എങ്കിലും
ഞങ്ങൾ ഒറ്റയല്ല...
കൂട്ടത്തോടെ...

AMARANTHINE LEGENDS



ഐശ്വര്യ പ്രദീപ്
സ്റ്റുഡന്റ് എഡിറ്റർ

ഉറുമ്പുലോകത്തിന്റെ കണ്ണുകളിൽ നിങ്ങൾക്ക് ഒരുപാട് മുഖങ്ങൾ കാണാം.

ഭക്ഷണം വറ്റുമ്പോൾ, വരാനിരിക്കുന്ന പഞ്ഞത്തിനെ മാർഗ്ഗിപിക്കാനായി
ഒരുപാട് പുറ്റുകൾ അത് പണിതുകൊണ്ടിരുന്നാറുണ്ട്: **ഉറുമ്പ് ഒരു കലാകാരനാണ്**

പൂജക്ക് വച്ച നെല്ല്പറയുടെ മുകളിൽ അത് ശർക്കരനുണക്ക്
നിൽക്കാറുണ്ട്: **ഉറുമ്പ് ഒരു കൊതിക്കനാണ്**

അടുക്കാൻ മറന്ന എന്റെ പഞ്ചസാരപാത്രത്തിന്റെ പിരികളിലൂടെ നുഴഞ്ഞ്
കയറി, കുട്ട് തിന്ന്, മത്ത്പിടിച്ച് വീണിടത്ത് കിടന്നുറങ്ങി പോകാറുണ്ട് അത്:
ഉറുമ്പ് ഒരു കാമുകനാണ്.

സേവനവാരങ്ങളുടെ വർഗ്ഗീകരണപത്തിൽ അത് ചുമട്ടുതൊഴിലാറുണ്ട്:
ഉറുമ്പ് ഒരു തൊഴിലാണ്

മഴക്കുടെ ദിനങ്ങളുടെ ജീവനും ജീവന്റെ ജീവനും തേടിയിലഞ്ഞ് പരക്കം പായാറുണ്ട്
അത്: **ഉറുമ്പ് ഒരു അന്വേഷണിയാണ്**

വെള്ളപ്പൊക്കത്തിന്റെ വിശാലതയിൽ അത് ദിക്കറിയാതെ അന്തം വിട്ട് നിൽക്കാറുണ്ട്:
ഉറുമ്പ് ഒരു അനാഥനാണ്.

പെരുവഴിയിലും അഴുക്കുചാലിലും മറയിൽപ്പെടാ ട്രാക്കിലും പ്രത്യക്ഷപ്പെടുന്ന പാമ്പിന്റെയും
പട്ടിയുടെയും പൂച്ചയുടെയും മനുഷ്യന്റെയും ശവങ്ങളിൽ ചാലിടാറുണ്ട് അത്:
ഉറുമ്പ് ഒരു ശവംതീനിയാണ്.

അരാജകത്വത്തിന്റെ ഉത്തുംഗത്തിൽ, കാൽവിരലുകൾക്കിടയിൽ നുഴഞ്ഞുകയറി അത്
ആഞ്ഞ് കടിക്കാറുണ്ട്: **ഉറുമ്പ് ഒരു തീവ്രവാദിയാണ്.**

കവടിനിരത്താതെ, മുഖരേഖ കാണാതെ, ഹരാഷ്ടമാൻ ആതിരിട്ട് മനുഷ്യന്റെ വരകളിൽ,
കാലക്കേടുകൾ കോറിയിടാറുണ്ട് അത്: **ഉറുമ്പ് ഒരു പ്രവാചകനാണ്**

കാലത്തെയും ദേശത്തെയും ഭാഷക്കളെയും വെന്ന്, എവിടെ നിന്നോ വന്ന് അത്
എവിടേക്കോ പോകാറുണ്ട്: **ഉറുമ്പ് ഒരു അവധൂതനാണ്**

അമ്മപ്രാവിന് മുൻപ് വില്ല് കുലച്ച് നിൽക്കുന്ന മലവേടന്റെ മുപരുവിരൽത്തുമ്പത്ത്
അവതാരമെടുത്ത്, ജീവനൂറ്റി മോക്ഷം തേടാറുണ്ട് അത്: **ഉറുമ്പ് ഒരു ദൈവമാണ്.**

എങ്കിലും, അവക്ക് കണ്ണുകളുണ്ട്....

നീ ഇരുട്ടിൽ കാട്ടുന്ന നിന്റെ

വെളുത്ത കള്ളങ്ങൾ കാണാനും മാത്രം

വലിയ കണ്ണുകൾ...

നല്ല ഉണ്ട കണ്ണുകൾ....


ACC. No. J1459

ഉമ്മറപ്പടിയിൽ...

ചില കാഴ്ചകൾ	ശ്രീലക്ഷ്മി എം.	15
സിനിമ 2016 കാഴ്ച, കേൾവി, ഓർമ്മ	ഗായത്രിപ്രിയ & ശ്രീലക്ഷ്മി എം.	16
Parting Souls	Uma Namboothiripad	19
THE IVORY THRONE: the story of the forgotten queen	Amalendu V. Joseph	20
കത്തിനൊരു കത്ത്	നിരഞ്ജന വി. എം.	23
The Farrago of Distortions	Malavika	24
ബോധോദയം	ആതിര മുണ്ടൻ	26
തെരുവിനെ ആഘോഷമാക്കിയ നാടകോത്സവം	സുനിലേഖ നന്ദി	32
എനിക്കും പറയാനുണ്ട് ചിലത്	സുദിമ എം. കെ.	34
The Damn Dilemma	Tesma Joby	35
പുത്തൻപണം	അഞ്ജന എൻ. സി.	37
മലയാള സിനിമ: സ്ത്രീയുടെ രാഷ്ട്രീയം	അഭയ സുദർശൻ	41
മൂന്ന് കഥകൾ	ഐശ്വര്യ പ്രദീപ്	43
പരിസ്ഥിതിയുടെ വർത്തമാനകാലം	തീതു ആന്റണി	45
നോർക്കാൻ	കൃഷ്ണപ്രിയ പി. സി.	48
സിനിമയും ധാർമികതയും	തീതു ആന്റണി	49
Increasing rate of internet access in the present generation	Akshaya	56
നിനക്കായ്	അഞ്ജുകൃഷ്ണ കെ.	57
ജീവിതത്തിനായ് ഒരു മുതൽക്കൂട്ട്	അതിരാ മരിയ തോമസ്സൺ	59
മാനവ ജീവൻ മേൽ ചലച്ചിത്ര का प्रभाव	Manasi Balagangadharan	61
കെണികൾ ഒളിപ്പിച്ച് മൊബൈൽ ഇന്റർനെറ്റ്	നിൻസി ബെന്നി	63
പ്യാർ का देवदूत : महात्मा गांधी	Navami Govind	65
ഓർമപ്പെടുത്താൻ	ആതിര കെ. ആർ.	66
റോഷനി	Sreelakshmi T.	67
'ഗംഭ' ഒരു പഠനം	Jayalakshmi K.	68
ഒരു കാഴ്ചയിൽ	എൽവിൻ ജോർജ്ജ്	76
ഫ്ലൈ വിത്തിംഗ്...	നിയ തെരേസ്	81
SYRIA	Mirfa Sikkendar	82
വരൂ നമുക്ക് യുദ്ധം ചെയ്യാം	മാളവിക പി. ഇ.	83
ഇരുട്ടിനെ തളർത്തിയ വെളിച്ചം	നിൻസി കെ.	85
The End of the Edge	Malavika Jayakrishnan	87
With Love from China	Aiswarya Pradeep	89
Where is Nooran?	Amalendu V. Joseph	91
Worlds Apart	Mirfa Sikkendar	93
Conscience awakened	Nahna Kamarudheen	96
Monsoon's sly companion	Mariya George	97
കൊതിയിലാണ് ഇലാതിരിക്കുക	ഗൗരവ്	98
മഴയുടെ കനവ്	ശിൽപ സി. എസ്.	99
സ്വദേശ പ്രേമ		101
സാക്ഷ		102
ദിനരാത്രങ്ങൾ	ആതിര മുണ്ടൻ	115
വീട്ടിലെ സ്വതന്ത്രപക്ഷങ്ങൾ	വിനിത കെ. വി.	116
ഇതോ സ്ത്രീ സുരക്ഷ?		117
My pregnancy is not a handicap	Keerthana Krishna	118
പ്രേമം ചെയ്ത ദാർശകൾ	ഐശ്വര്യ പ്രേംരാജ് വി	120
പഴുപ്	ശ്രീലക്ഷ്മി എം.	123
The Help that Never Came	Ruchi Mehta	124
The Mindset [That still dates back to the B.C's..] Has the society changed?	Tesma Joby	126
Reserved for men	Saro Jos Ollukkaran	127
With Malice Towards One and all...	സുസ്മി കെ.	129
JISHA, India's Daughter	Tesma Joby	131
What's in a Name?	Nahna Kamarudheen V.	133
Mx; ആങ്കകൾ, പ്രതിക്കകൾ	ശ്രീലക്ഷ്മി എം.	135
ആ പെൺകുട്ടി	ജിസ്മി ജോയ്	145
സ്ത്രീനാടനം	വിനിത കെ. വി.	146
വൈകി നിനക്കായ്...	ശിൽപ തോംസൺ പി.	148
വീട്ടിലേയ്ക്ക്.....	അഖില എം. സി.	149
Escape	Uma Namboothiripad	150
പുരോഗമനം	ആതിര കെ.	153
വിദ്യാർത്ഥി രാഷ്ട്രീയം : ഒരു സാധാരണ വിദ്യാർത്ഥിയുടെ കാഴ്ചപാട്	ആതിര ജയൻ	154
'വിലപ്പെട്ടത്' യൂണിവേഴ്സിറ്റി ബന്ധം	2nd Year hostelers	156
ഗ്രഡി ടേബിളുകൾ	ഗായത്രിപ്രിയ പി.എസ്.	159
പുട്ടുവിൻ മുറക്കടെടും	സ്വാതി പി. സദാനന്ദൻ	163
മലയം	നേഹ എൻ. എസ്.	166
ആത്മഹത്യ	ഹൃദ്യ പി. എസ്.	169
കാഴ്ച	നാസ്മിൻ ജോസഫ്	170
സ്വാതന്ത്ര്യത്തിലെ നിരാശയത്വം	അശ്വതി ജയരാജ്	173
That call	Anitha Joseph	179
Illicit Mania	Rithu Sethumadhavan	180
Merely Colours	Saro Jose Ollukkaran	181
വാഗൺ	ദിയ പി. ജോൺ	182
God's Grace	Anju Mariya Thomas	183
Fair Star	Uma Namboothiripad	184
അനുഭവ രാഹി	Sr. Stephy Stephen	185
ശകാല ഇലക്കനികൾ		186
College Annual Report 2016 - 2017		191
PRIZE LIST for the Academic Year – 2016 -17		241

കുനോളും ആശിച്ചാലേ കുന്നിമണികോളും കിട്ടൂ
എന്ന് പറഞ്ഞത് ഉറുമ്പുലോകത്തെ ഏതോ
മഹാനാണ്. കയ്യും കാലും കൂട്ടിക്കെട്ടി,
നിശബ്ദരാക്കി വരിക്കുനിർത്തുന്നതല്ല അച്ചടക്കം
എന്ന് ഞങ്ങളെ പഠിപ്പിച്ചത് ഉറുമ്പുകളാണ്. പൊട്ടി
ച്ചാടുന്ന പേമാരിയിൽ വാരിക്കെടുത്തോടേണ്ടത്
തൊഴിലെന്നും സ്വാർത്ഥമല്ലെന്ന് മനസിലാക്കിച്ചത്
അവരാണ്. ബുദ്ധി, പരീക്ഷകളുടെ ആവിപാത്രത്തിൽ
പുഴുങ്ങാനുള്ളതല്ലെന്ന് ഓർമ്മിപ്പിച്ചത് അവരാണ്.
തൊഴുത്തയുമല്ല, ചലനാത്മകതയാണ് ജീവിതത്തിന്റെ
സത്യം എന്ന് പ്രത്യാപിച്ചത് അവരാണ്. മുറച്ചെവിയും,
തൂൺകാലും, കനത്തതൊമ്പും, വിരിഞ്ഞ മസ്തകവു
മുള്ള ആനയേക്കാൾ കേമൻ, അവന്റെ തുമ്പിക്കയ്യിലെ
കുഞ്ഞുറുമ്പാണ് എന്ന് കാലേക്കൂട്ടി പ്രവചിച്ചതും
അവർ തന്നെ.

പരമപണ്ഡിതനായ ഉറുമ്പേ, സ്തുതി.





ചില കാഴ്ചകൾ

ശ്രീലക്ഷ്മി എം.
S4 ബി.എ. മലയാളം

ഉറക്കത്തിന്റെ നീലവെളിച്ചത്തിൽ
സ്വപ്നം വന്നു, എനിക്ക് കണ്ണുതന്നു
പ്രജ്ഞയുടെ സംവത്സരങ്ങൾക്കപ്പുറത്ത്,
മൃതിയുടെ ചോരക്കണ്ണാടിയിൽ,
വിളക്കേന്തിയ ശുഭ്രരൂപത്തെ ഞാൻ കണ്ടു
ശാന്തിയായിരുന്നു അവൾ.
അടഞ്ഞ മിഴികളുടെ ഇരുട്ടിൽ,
ഹൃദയം പകുത്തുനൽകിയ അമ്മയെ കണ്ടു
വാത്സല്യമായിരുന്നു അവൾ.
അലറിയൊഴുകുന്ന പുഴയിലേക്ക്
മുങ്ങിത്താഴുന്ന ഉണ്മകളുടെ ജീവനിലേക്ക്
ഉടുമുണ്ടുരിഞ്ഞ് എടുത്തുചാടിയ മനുഷ്യരെ കണ്ടു
സ്നേഹമായിരുന്നു അവർ.
പ്രാണവേദനയുടെ മാൻഹോളിലേക്ക് ഊർന്നിറങ്ങി,
സ്വയം നഷ്ടപ്പെട്ട സഹോദരനെ കണ്ടു
ആത്മാർത്ഥതയായിരുന്നു അവൻ.
വെളിച്ചം കണ്ണിലേക്കടിച്ചുകയറി
സുഷുപ്തിയടഞ്ഞു നുറുങ്ങിക്കഴിഞ്ഞപ്പോൾ,
മരിച്ചുപോയ മഹാത്മാവ്
കൺമുന്നിൽ വന്നു ചോദിച്ചു:
"ഉപ്പെന്തിന്, ഒരു തുപ്പ് ???

സിനിമ 2016

കാഴ്ച, കേൾവി, ഓർമ്മ

ശ്രീലക്ഷ്മി എം., ശാരുപ്രിയ പി. എസ്.
S4 ബി.എ. മലയാളം

ചില കാഴ്ചകൾ അങ്ങനെയാണ്. ഓർക്കാപ്പുറത്ത് കയറിവന്ന്, കണ്ണ് നനയിച്ച് ഞാനൊന്നും ചെയ്തില്ലേ എന്ന ഭാവത്തിൽ അങ്ങിറങ്ങിപ്പോകും. ചില ശബ്ദങ്ങൾ അങ്ങനെയാണ്. പങ്കുപൊട്ടി, വിറയ്ക്കാതെ, തളരാതെ, പോരകൊണ്ട് സ്വയം അടയാളപ്പെടുത്തി പിൻവാങ്ങും. ചില ഓർമ്മകൾ അങ്ങനെയാണ്. മായ്ച്ചിട്ടും മായ്ച്ചിട്ടും പോകാതെ ചുടാറാതെ, മ്ലാനതയോടെ, മെഷീൻസുചിപോലെ മനസ്സിൽ ഓടിക്കൊണ്ടിരിക്കും. മുറിവുണങ്ങാൻ സമ്മതിക്കാതെ.

ഇങ്ങനെ ചില കാഴ്ചകൾകൊണ്ട്, കേൾവികൊണ്ട്, ഓർമ്മകൾകൊണ്ട് സ്വയം അടയാളപ്പെടുത്തിയ ചില സിനിമകൾ സംഭവിച്ചു, പോയ വർഷത്തിൽ. ഒന്നോർത്തെടുക്കാം ചിലതെല്ലാം.

1. മഹേഷിന്റെ പ്രതികാരം

ഇടക്കാലത്ത് മലയാളികൾ ഒന്നടങ്കം നെഞ്ചേറ്റിയ ഡയലോഗുകളിൽ ഒന്നായിരുന്നു. മഹേഷിന്റെ പ്രതികാരത്തിലെ "ചിൻ അപ്, ചിൻ പൊടിക്ക്, ഐസ ഓപ്പൺ, റെഡി" എന്നത്. പെരിയാറിന്റെ കരയിൽ ചിരി തൂകി നിൽക്കുന്ന ഒരു പെണ്ണായ ഇടുക്കിയുടെ വശ്യ പാരുത പശ്ചാത്തലമാകുന്നു സിനിമയിൽ. മണ്ണിനോട് ചേർന്ന ജീവിതവും പ്രകാശിലെ ഭാവന സ്റ്റുഡിയോയും ബേബി ആർട്സ് ആൻഡ് സൺസും സൊറ പറയുന്ന ചായക്കടയും , മഹേഷ് 'ട' ന്റെ ലൂണാർ' വാങ്ങുന്ന കടയും നാട്ടിൻപുറത്തെ കവലകാഴ്ചകൾക്ക് ഭംഗിയേകുന്നു. മറ്റുള്ളവരുടെ ഭാഷയിൽ പറഞ്ഞാൽ 'കിളി പറന്നുപോയ', എന്നാൽ കിളി വന്നോന്ന് നോക്കുന്ന ചാച്ചനെപ്പോലെ നിരവധി പുതു മുഖങ്ങൾ ചിത്രത്തിൽ അണിനിരന്നു.



"ടീച്ചറേ, മഹേഷിന് സൗമ്യനെ ഇഷ്ടാന്ന്" പറഞ്ഞ ക്ലാസ് മുറി പ്രണയംവിട്ട്, നാട്ടിൽകുടെ കുമ്പളപ്പിന്നിന് ജീവിക്കാതെ ലോകം മുഴുവൻ കാണാം എന്ന് സൗമ്യ തീരുമാനിക്കുന്നിടത്താണ് മഹേഷിന്റെ ജീവിതത്തിലെ പ്രതികാരങ്ങൾ തുടങ്ങുന്നത്. മിക്ക സിനിമകളും നായകന്റെ പ്രതികാരത്തെ പറയാതെ പകർത്തുമ്പോൾ മഹേഷിന്റെ പ്രതികാരം വ്യത്യസ്തമാകുന്നത് അതിന്റെ തലക്കെട്ടിൽ തന്നെയാണ്. ജിംസനോടുള്ള പരസ്യ വെല്ലുവിളിയും, നൈസായി ഒഴിവാക്കിയതിലുള്ള സങ്കടവും, നായിക മുഖത്തു നോക്കി ചേട്ടനെടുത്ത ഫോട്ടോ കൊള്ളില്ലെന്നും പറഞ്ഞതിനോടുമാണ് മഹേഷിന്റെ പ്രതികാരം. അവിടെയൊക്കെ തോളിലൊരു തട്ടലായോ, ചെറുപുഞ്ചിരിയായോ, കമോൺഡ്രാ മഹേഷെന്ന് പറയാൻ ബേബിചേട്ടനും ഉണ്ട്.

മറ്റുള്ളവരുടെ ജീവിതത്തിൽ കയറി അഭിപ്രായം പറയുന്നത് നിർത്തിയ താഹിറിനെയും "എന്റെ ഐഡിയ ആയിപ്പോയി. അല്ലങ്കി നിന്നെ കൊന്നേനെ" എന്ന് നെഞ്ച് തിരുമ്മിക്കൊണ്ട് പറയുന്ന ബേബിചേട്ടനെയും, "പക്ഷെ നമ്മടെ സോണിയ, അവള് മൂത്താണ് ബേബിചേട്ടാ" എന്ന് തിരുത്തുന്ന ക്രിസ്പിനേയും, "ഡാ ബേബി നീയും സുന്ദരനാടാ" എന്ന സത്യം പറയുന്ന ചാച്ചനേയും നമ്മുടെ മനസ്സിൽ മായാതെ നിർത്താൻ ശ്യാം പുഷ്കറിന്റെ തിരക്കഥയ്ക്ക് കഴിഞ്ഞു.

2. വേട്ട

വേട്ട എന്ന സിനിമ രാജേഷ് പിള്ളയെന്ന മഹാനായ കലാകാരന്റെ ഓർമ്മചിത്രമാണിപ്പോൾ, സൃഷ്ടി പരതയുടെ ഉന്നതിയിൽനിന്ന് മരണത്തിലേക്ക് പതിക്കുംമുമ്പ് അദ്ദേഹം അവസാനമായി മനഞ്ഞെടുത്ത കാഴ്ചയും കേൾവിയും ഓർമ്മയുമാണ് വേട്ട.

ബാൽക്കണിയുടെ നീലാകാശത്തുനിന്ന് ഒരു തൂവൽപോലെ പറന്നുവീഴുന്ന ഷെറിൻ, എന്തൊക്കെയോ പറയാനുണ്ടെന്ന് നമ്മുടെ മനസ്സിൽ കോറിയിട്ട് മൗനിയായ മെൽവിന്റെ മൂർച്ചയുള്ള കണ്ണുകൾ, സെക്യൂരിറ്റിയുടെ ചലനങ്ങളിൽ മെൽവിൻ കണ്ടെത്തുന്ന പരിഭ്രമം, റോണിയുടെ ജീവനില്ലാത്ത ശിരസ്സ് ഒരു റബർപന്തെന്നപോലെ തട്ടിനോക്കുന്ന സൈലക്സ് എബ്രഹാമിന്റെ ബൂട്ടുകൾ, പട്ടിക്കൂട്ടിൽനിന്ന് 'വേണ്ട ടീച്ചറേ' എന്ന് നിലവിളിച്ച എയ്ഞ്ചലിന്റെ ദൈന്യത.... അങ്ങനെ എത്രയെത്ര ദൃശ്യങ്ങളാണ് നമ്മുടെ മനസ്സിൽ വേട്ട പതിപ്പിച്ചത്.



"എന്റെ മോള്" എന്ന് വിതുമ്പിയ മെൽവിനെ, അയാളുടെ കൂർമ്മബുദ്ധിയിൽ സ്വയമറിയാതെ കൊലപാതകികളായി മാറിയ ശ്രീ ബാല ഐ.പി.എസിനെ, സൈലക്സിനെ, ചെയ്ത പാപത്തിന്റെ ശമ്പളമായി മരണമേറ്റുവാങ്ങിയ റോണിയെ, പേരകുട്ടിയുടെ പാവയിൽ നഷ്ടപ്പെട്ട തന്റെ ജീവിതം തിരഞ്ഞ സി.ഐ. ശ്രീനിവാസനെ, സർവ്വോപരി, പാഠം പഠിക്കാത്തതിന്റെ പേരിൽ, ഹെഡ്മിസ്ട്രസ്സിന്റെ പട്ടിക്കൂട്ടിൽ കിടന്ന്, വെള്ളം കിട്ടാതെ, ദാഹിച്ചു മരിച്ച എയ്ഞ്ചലിനെ നമ്മൾ എങ്ങനെ മറക്കാനാണ്.

കേരളത്തിൽ, സമൂഹത്തിന്റെ മന:സ്സാക്ഷിയെ ഞെട്ടിച്ച വാർത്തയുടെ മൂർച്ചയിൽനിന്ന് ഒരു പുസ്തകംപോലെ വായിക്കാവുന്ന, കാവ്യംപോലെ ആസ്വദിക്കാവുന്ന, പുനർവായനകളെ സമ്പുഷ്ടമാക്കുന്ന ഒരു സൃഷ്ടി രൂപപ്പെടുത്തിയതിന്, തിരക്കഥാകൃത്ത് അരുൺലാൽ രാമചന്ദ്രനോടും നാം കടപ്പെട്ടിരിക്കുന്നു.2016 ൽ കേരളത്തിന് ലഭിച്ച അമൂല്യ ചിത്രങ്ങളിലൊന്നാണിത്.

3. ഗപ്പി

മീനിന്റെ പേരും മാലാഖയുടെ പരിവേഷവുമായി നമ്മിലേക്ക് പറന്നെത്തിയ സിനിമയാണ് ജോൺപോൾ ജോർജ്ജിന്റെ ഗപ്പി. പാത്രത്തിലിരുന്ന് മൊബൈൽ വൈബ്രേറ്റ് പെയ്യുമ്പോൾ ഉറക്കത്തിൽനിന്നുണരുന്ന ഗപ്പിച്ചെറുക്കൻ, കടൽത്തീരത്തോടടുത്ത് നിൽക്കുന്ന അന്തോണിയപ്പൻ കോളനി റോഡ്. റെയിൽവേ ഗേറ്റ് ലിവറിനും, സ്വന്തം ലിവറിനുമിടയിൽ കിടന്ന് കഷ്ടപ്പെടുന്ന ഉപ്പുപ്പ, നീട്ടിയെഴുതിയ ആമിനയുടെ കണ്ണുകളെ പ്രേമിക്കുന്ന തെണ്ടിപ്പിള്ളേർ,



സീരിയൽക്കഥ വായിച്ച് ഉപ്പേരി കരിക്കുന്ന അമ്മ, ടിങ്കുവിനോട് സംശയം ചോദിക്കുന്ന സാറന്മാർ, പൊളിറ്റീഷ്യ എന്ന നാമധേയം ആഗ്രഹിക്കുന്ന ഓനച്ചൻ, കിമ്പളം ചോദിച്ചു വാങ്ങുന്ന ലാലിച്ചൻ, അങ്ങനെ എത്രയെത്ര കഥാപാത്രങ്ങൾ. ചില ദൃശ്യങ്ങൾ അങ്ങനെയാണ് കണ്ണിലെന്നും മിന്നി നിൽക്കും. മരിച്ചുപോയ അമ്മയെ കുടംകൊട്ടി വിളിക്കുന്ന ഗപ്പിയുടെ ചിത്രംപോലെ, ഉണരില്ലെന്നറിഞ്ഞിട്ടും ക്യൂട്ടിക്കുറയിട്ട് കണ്ണേറു പറ്റാതിരിക്കാൻ ബ്യൂട്ടി കുത്തിടുന്ന, സങ്കടങ്ങളെ കടലിലലിയിക്കുന്ന ബാല്യത്തിന്റെ ചിത്രംപോലെ. ഇത്തരം ദൃശ്യങ്ങളുടെ മൂല്യംകൊണ്ടായിരിക്കാം തിയ്യറ്ററുകളിൽ കോളിളക്കം സൃഷ്ടിച്ചില്ലെങ്കിലും ഗപ്പി ആസ്വാദകഹൃദയങ്ങളിൽ ഇടംനേടിയത്. സൂരജ് സന്തോഷിന്റെ അനുഗ്രഹീത ശബ്ദവും ഇതിന് കാരണമായിട്ടുണ്ട്.

നായകനൊരു സുന്ദരനാണെങ്കിലും അവന്റെ വില്ലത്തരം കാഴ്ചക്കാരെ കലിപ്പിലാക്കും. ഒടുക്കം കഥ ചെന്നെത്തുന്നത് പലരുടെയും തിരിച്ചറിവിലേക്കാണ്. ജീവജാലങ്ങളിൽ മനുഷ്യനു മാത്രമേ ചിരിക്കാൻ കഴിയൂ എന്ന സ്വവാചകത്തെ പ്രാവർത്തികമാക്കുന്ന ഉപ്പുപ്പയും തോമസ് വർക്കി ചികിത്സിച്ചു ഭേദമാക്കാത്ത അയാളുടെ പ്രിയപ്പെട്ട ഭ്രാന്തിയായ മാളൂവും സിനിമ നൽകുന്ന മറക്കാനാകാത്ത ഓർമ്മച്ചിത്രങ്ങളാണ്. ബൾബിലോ, വഴിയോരത്തെ ഓടയിലോ, കോളനിയിലോ, വളർന്ന ഗപ്പി, അമ്മയുടെ ചുടില്ലാതെ, പാപ്പന്റെ ചായക്കടയിലെ ജോലിയില്ലാതെ സന്തോഷവും സങ്കടവും വരുമ്പോൾ ഗപ്പിടാങ്കിൽ തല മുക്കാതെ, ആരോഗ്യകേരളത്തിന്റെ ഭാഗമാകാതെ ഒരു ഭ്രാന്തായ് മാരിവിൽ ചിറകേറി പറന്നുയരുന്നു....

4. കട്ടപ്പനയിലെ ഋതിക്റോഷൻ

പേരുകൊണ്ടുതന്നെ നമ്മളെ അമ്പരിപ്പിച്ച ഫീൽഗുഡ് മൂവി. കട്ടപ്പനയും ഋതിക്റോഷനും തമ്മിലുള്ള അന്തരം തന്നെയാണ് ഈ സിനിമയുടെ ജീവൻ. കറുത്തവൻ ഇത്രയൊക്കെയോ ആകാവൂ എന്ന മലയാളിയുടെ ദുഷിച്ച മുൻവിധിയെ, ഒരേസമയം ഹൃദയഹാരിയായ നർമ്മത്തിലൂടെയും, കുറിക്കുകൊ

ള്ളുന്ന വാക്ശരങ്ങളിലൂടെയും തകർത്തെറിയുന്നുണ്ട് കട്ടപ്പന. സൗഹൃദവലയങ്ങൾക്കു പ്രിയപ്പെട്ട 'സഹോ' വിളിയെ സമ്മാനിച്ച സ്നേഹത്തിന്റെ സിനിമകൂടിയാണത്. കിച്ചുവിനെയും കട്ടപ്പന സുരയെയും നക്സലൈറ്റ് ചന്ദ്രനെയും ദാസപ്പനെയും കനിയെയും പിന്നെ സ്നേഹമുള്ള ഒരുപാട് നല്ല മനുഷ്യരെയും നമുക്ക് പരിചയപ്പെടുത്തി ആ സിനിമ.

'കറുത്ത കൃഷ്ണൻ' എന്ന് വിളിപ്പേരു വീണ കുട്ടി, "എനിക്ക് വേറെ വെളുത്ത രാജകുമാരനെ മതി' എന്ന് ശഠിക്കുന്ന കൂട്ടുകാരിയുടെ മുമ്പിൽ തലകുനിക്കുന്ന കുട്ടി, പിന്നീട് ഞാനൊരു ചുമട്ടുതൊഴിലാളിയുടെ മകനാണെന്ന് വിഷാദിക്കുകയും അമ്മേ എന്ന വിളി കേൾക്കാൻ ആരുമില്ലാത്തത് വല്ലാത്തവരസ്ഥയാണെന്ന് കൂട്ടുകാരനോട് പതിഞ്ഞപിക്കുകയും, "മോനിഷയ്ക്ക് എന്റമ്മേടെ ഒര് ഛായേണ്ട്, യേങ്കരിഷ്ടാ" എന്ന് പുഞ്ചിരിക്കുകയും, "എന്റെ സിനിമയിൽ നായകനാകാമോ?" എന്ന സംവിധായകന്റെ ചോദ്യത്തിൽ കണ്ണുനിറയുകയും, എല്ലാം നഷ്ടപ്പെട്ട് "എനിക്കിതെന്റെ ജീവിതമായിരുന്നു ചേട്ടായീ" എന്ന് കരയുകയും, "നമ്മളെ സ്നേഹിക്കാനൊക്കെ ഒരുപാടാൾക്കാർണ്ട്, നമ്മളത് കാണാഞ്ഞിട്ടാ", എന്ന് തിരിച്ചറിയുകയും ഒടുവിൽ തനിക്ക് ചുറ്റുമുള്ള സന്തോഷങ്ങളുടെ വലിയ ലോകത്തേക്ക് എത്തിപ്പെടുകയും ചെയ്യുന്ന മനോഹരമായ കഥയാണിത്.



മലയാളിക്ക് മറക്കാനാവാത്ത ദാസപ്പനെന്ന കുട്ടുകാരനെ സൃഷ്ടിച്ച സിനിമ എന്നും കട്ടപ്പനയെ രേഖപ്പെടുത്താം. "ചാവാൻ വിളിച്ചാ നീ വരുംന്ന് അറിയാവുന്നോണ്ടന്യാ നിന്നെ വിളിക്കാഞ്ഞേ" എന്ന് കിച്ചുവിനെക്കൊണ്ട് പറയിപ്പിച്ച ദാസപ്പനും ഏറെക്കുറെ, അല്ല, ശരിക്കും ഒരു മഹാനാണ്. കലർപ്പില്ലാത്ത നർമ്മവും അവതരണത്തിന്റെ ലാളിത്യവും അഭിനയത്തിന്റെ സ്വാഭാവികതയുമാണ് ഈ സിനിമയെ വേറിട്ടതാക്കുന്നത്. നക്സലൈറ്റ് ചന്ദ്രന്റെ ഫ്ളാഷ്ബാക്കും, ഓലമടല് തുന്നിപിടിപ്പിച്ച ഷർട്ടും, ദാസപ്പന്റെ എസ്.എം.എസ്. പ്രേമവുമൊക്കെ നമ്മുടെ മനസ്സിൽ ഇടംനേടിയത് അതുകൊണ്ടാണ്. തിരക്കഥാകൃത്തുക്കളായ വിഷ്ണുവിനെയും (സിനിമയിലെ കിച്ചു) ബിബിനെയും സംവിധായകരായ നാദിർഷയെയും ഓർമ്മിക്കാതിരിക്കാനാകില്ല അവരുടെ മികവിന്.

5. കമ്മട്ടിപ്പാടം

ഫ്ളാറ്റുകളുടെയും പുകക്കുഴലുകളുടെയും കട്ടേഷൻ സംഘങ്ങളുടെയും കൊച്ചി, കെട്ടിപ്പൊക്കിയിരിക്കുന്നത് കമ്മട്ടിപ്പാടത്തിന്റെ നെഞ്ചിൻകൂടിലാണ് എന്ന് നമ്മോട് പറഞ്ഞത് ഒരു സിനിമയാണ്. രാജീവ് രവിയുടെ കമ്മട്ടിപ്പാടം. നഷ്ടപ്പെടലുകളുടെയും വീണ്ടെടുപ്പുകളുടെയും കൃഷ്ണനും "ഡാ, നിനക്ക് തല്ലണോ, തല്ലഡാ" എന്ന് പറയുന്ന ബാലൻ ചേട്ടനും "ഡാ കൃഷ്ണാ എനിക്കറിയാം നിനക്ക് അനിതേനെ ഇഷ്ടാണ്, പക്ഷേ അത് ശത്യാവില്ലടാ" എന്ന് പറയുന്ന ഗംഗയും മാറിനിക്ക് തളേന്ന് പറഞ്ഞ് ബാലൻചേട്ടന്റെ കൂടെ പൊറുക്കാൻവന്ന റോസിയും കൂടപ്പിറപ്പുകളുടെ കിടപ്പാടം നഷ്ടപ്പെട്ടതിൽ നീറി മരിക്കുന്ന അച്ഛാച്ചനും അർജ്ജുനനെയും ഫൽഗുണനെയും കൂട്ടുചേർത്ത് വേദന കടിച്ചമർത്തിയുള്ള കൃഷ്ണന്റെ യാത്രയും കഥയെ മുന്നോട്ടു കൊണ്ടുപോകുന്നു. വെളുപ്പിന്റെ സൗന്ദര്യവും കഥാപാത്രത്തിന്റെ ദൈർഘ്യവും സിനിമയിലെ അലിഖിതമായ സവർണ്ണത്വവുമാണ് കലാകാരന്മാരുടെ മേന്മ നിശ്ചയിക്കുന്നത് എന്ന മുൻവിധിയെ പാടെ തകർത്തെറിഞ്ഞുകൊണ്ടാണ് വിനായകൻ ഗംഗയായി നമ്മുടെ മനസ്സുകളിലേക്കും സംസ്ഥാന അവാർഡിന്റെ തിളക്കത്തിലേക്കും നടന്നുകയറിയത്.



"അക്കാണും മാമലയെല്ലാം
നമ്മുടേതെൻ പൊൻമകനേ" - എന്ന് ഉൺമയെ സ്നേഹിക്കുകയും നാടിനൊപ്പം വളർന്ന് കത്തിക്കും കുത്തിനും അടിക്കും പിടിക്കുമിടയിൽ കൊഴിഞ്ഞുപോകുന്നതുമായ കമ്മട്ടിപ്പാടത്തെ യുവത്വത്തിന്റെ ചിത്രം വിഷയമാക്കുന്നു. തിരിച്ചുകിട്ടാത്ത ചില നഷ്ടപ്പെടലുകളുടെ സിനിമയാണ് കമ്മട്ടിപ്പാടം. ബന്ധങ്ങളുടെ, ഭൂമിയുടെ, ജീവന്റെ, ജീവിതത്തിന്റെ... പക്ഷേ അതിലുടനീളം എക്കാലത്തും നിലനിൽക്കുന്ന ഒന്നുണ്ട്; അത് സ്നേഹമാണ്, നന്മയാണ്. വേരുകൾ ഉള്ളിടത്തേക്ക് മടങ്ങിവരാനുള്ള ശക്തിയാണ്, അതുതന്നെയാണ് കമ്മട്ടിപ്പാടം നമ്മോട് പറയാൻ ശ്രമിക്കുന്നത്.

Parting Souls

You said I was the light you never had,
A sweet shadow that binds you from bad,
A lovely breeze to ease your painful agony,
Barbie doll to evoke your melody.

You said I was the light you never had,
That soothes your soul and makes you glad,
I heard your aching heart that whimpers,
To see me smile again and hear those whispers.

You said I was the light you never had,
That would never lie or brag,
And yet right before you left my world,
How did things get so twisted?

Now I say—
You were that ray of light
That lead my dreams astray,
But if things were different today,

You would not be just a visitor
That comes in my dreams as a listener,
But one that stays by my side,
And abide the fact and mend my heart so laid,

But you proved our world right,
We are never meant to be tied,
To feel your soul and be your part.
You are the life I will never have!

Some things fall apart,
To fill their empty mass.

Uma Namboothiripad
S2 BA Eng. Literature



THE IVORY THRONE:
the story of the forgotten queen

Amalendu V. Joseph
S4 B.Sc. Mathamatics

To the south of the peninsular India, lined by the Arabian sea, lies this Gods own country- Kerala! The land of spices which gave its shore for vasco-da-gama to set his foot into history,but unfortunately has many of her history hidden in oblivion. Clustered from the earlier countries of Travancore,Cochin and Malabar, kerala cannot easily have just a single history but indeed many histories out of which some may be easily forgotten. And it is into one-of-the forgotten and to some extend underestimated history of Kerala, young author Manu.s.Pillai's first book "The Ivory Throne-Chronicles of the House of Travancore" throws light into. This book has already bagged the Sahithya Academy Yuva Puraskar 2017.

Often we forget names in history, but more often history forgets some names, just because those names; wrote history, but couldn't write their names with it, or someone easily erased their names these someone may refer to a person, circumstances or time.... The Ivory throne, brings back to life the story of the last queen of Travancore, the last Attingal Rani- Her Highness Sethu Lakshmi Bayi, who was the reagent queen of Travancore from 1924-31. It is a matter of great sadness that even when inefficient monarchs who played puppets in the hands of external forces and misruled their kingdom are remembered in history,strong women like Sethu Lakshmi Bhai, who played major roles in the development of the country, who faced situations with dignity and morale, and offered justice and peace to the citizen, are forgotten so easily. Quoting the author, it is the story of a little girl brought up as a princess in a matriarchal society, enthroned as the maharani of nearly 5 million people at the age of 5, ruled the country at her thirties as the reagent, cornered in the royal house at her forties and who on one fine morning had to leave her country that no longer existed to distant land that did not knew her and line, and who died as any common man.

It is on the story of this forgotten queen, Manu S Pillai platforms the 300 years history of Kerala. From the arrival of the Portuguese explorer VascodaGama , the book also speaks the story of power expansion of the Europeans. Mainly focused on the history of Travancore, it explains in detail about the history of one of the forgotten lineage- the valiant Attingal Ranis of which the Sethu Lakshmi Bhai was the last one. Kerala, proud of its earlier matrilineal culture should not forget the Attingal ranis who many a times fought the Europeans and at once was at the verge of defeating Travancore. The famous queen Aswathi Thirunnal Umayamme rani whom even the Europeans feared and respected was the prominent Attingal Rani. 36 years before the battle of Plassey in which 29 english men were killed, occurred the revolt of Attingal in which 133 englishmen were murdered in cold blood.it also explains how the once fiery, powerful, valiant, wealthy Attingal rani was just reduced to the title and the holder of the property losing 4 centuries of sovereignty over the course of time. The book also explains the social and political situations in the then Travancore. And therefore Ivory throne provides a re-reading of the history of a matriarchal society that later has been misrepresented and misread under the values of the patriarchal systems. A matriarchal society in which the ruler is chose with respect to age is put into conflict when the patriarchal idea of the choice of the ruler with respect to gender is preferred. And then is the 'REAGENT' title of the senior maharani Sethu Lakshmi Bayi.



Sethu Lakshmi Bayi on the demise of Mulam Thirunal Maharaja, assumes power as the reagent for the 12 year old Chithira Thirunal maharaja in September 1924, assuming power at the time of the flood (in 1099ME). She suddenly changed her image from that silent bookreader to an efficient administrator. Ruling the reign when serious social and political transformations where happening in the society, preventing the making of black days in the history needs much care and efficiency. And this indeed is revealed, when Vaikom Sathyagraha ended up peacefully, being a benchmark in Kerala history,opening roads to people of lower castes. Praised by Gandhi for the efficient tackling of this



sensitive issues and a careful implementation, Maharani was a person who behaved in equality for all sections and preference to minorities.

A woman clad in white clothes, decorated with dignity and honour, she opened colleges for women and advocated women empowerment. Many reforms like abolision of Devadasi system and amendment of Travancore Nair Act in relation to Marumakkathayam was also done in her time. Honoured equaly by the British, the freedom fighters and common people, the book also analyses the criticisms faced by her. The book in detail list outs the indifferences between the Sethu Lakshmi Bayi and the Junior Maharani, Sethu Parvathy Bayi, the mother of Chithira Thirunal Maharaja. The long rivalry between the two is discussed in detail at sometimes, biased to the Senior Rani, criticizing the Junior Rani in a single tone. The indifferences between the two is evident, but putting the Junior Rani in the darker shade, the unbiasedness of the historical note is at state. The senior maharani, at the peak of her popularity and favour, is presented the Imperial OrdeR of the Crown of India, displaying the character of Sethu Lakshmi Bayi. Despite the popularity, however, Sethu Lakshmi Bayi has to step down before the termination of the Regency Period in the turn of events,in which the famous sir C.P's is involvement could not be neglected. A sudden end to her rule occurs with Chithira Thirunal Maharaja assuming power in 1931.

Sethu Lakshmi Bayi's regency period is



remembered for the amenities of civilized life introduced by her. It was during her time for the first time in India that a woman was being appointed the head of a major department and also the first instance of a Lady Legislator. She also held a great role in raising women's college in Trivandrum and opened job spaces for women. To indicate the contributions of the Reagent queen figures would be sufficient. Revenues went up from Rs.199 lakh to Rs.256 lakh in 5 years, the value of trade rose from Rs.13 crore to Rs 21 crore and the government's cash balance escalated from Rs.74 lakh to Rs.170 lakh. The infrastructure sector had great changes. The two particularly important highways, Quilon to Cochin and another from Cochin to the plantation district was also built at her time. The blueprint of what later became the Pallivasal hydroelectric scheme was also initiated at the same time.

The end of the Regency led to the cornering of her in to the darkness of royality. Constant negligence and disregard shown to Her Highness is the highlightened. The book then moves on a faster mode when it suddenly comes to the Independence of India and the dissolution of the state of Travancore. It also shows the communist party strikes that left Sethu Lakshmi Bayi to leave her place and move to Madras, where her daughters have earlier settled. She leaves Travancore one fine morning with her husband to Madras and from there to Bangalore where her elder daughter had settled. The movement from Her Highness Sri Padmanabha Sevini Vanchi Dharma Varadhini Raja Rajeswari Maharani Pooradam Thirunal Sethu Lakshmi Bayi Maharajah C.I to simply Smt. Sethu Lakshmi Bayi. And then finally, on 22nd February 1985, she passed away at the Mallige medical centre Bangalore and cremated like anybody else at the Wibon Garden Electric Crematorium and the book ends with the death of Sethu Lakashmi Bayi.

Through this book the author has opened up to our eyes, our history that we have forgotten. No ballads or songs had praised her, nor had any other works. With Sethu Lakshmi Bayi ended the legacy of the Attingal Rani's. The Ivory Throne which is on the history of Travancore had opened up for a wider audience but still many of us are unaware of this story which we are supposed to remember. Serious researches have made the story out of the author who sits number of citations and references to the documents that support them. For a book that consists of 694 pages, researches for almost 6 years and queries in almost 3 continents would be too tough, when the story at its place of occurrence is long forgotten and often misread.

"History does not only send people in to oblivion, but at certain times legacies and at sometimes history itself"



കത്തിനൊരു കത്ത്

നിരഞ്ജന വി.എം.
S4 ബി.എ. ഫങ്ഷണൽ ഇംഗ്ലീഷ്

ഇതൊരു കത്താണ്. ഒരു കുട്ടുകാരിക്കുള്ള കത്ത്. ഒരു പക്ഷേ, അവളെ നമ്മളിനിയധികനാൾ ഈ ഭൂമിയിൽ കണ്ടെന്നുവരില്ല. മരിച്ചതിനുശേഷം എഴുതുന്നതിനേക്കാൾ ഇപ്പോൾ അവളുടെ സാന്നിധ്യം ഇത്തിരിയെങ്കിലും നിലനിൽക്കുന്ന ഈ അവസരത്തിലെഴുതുന്നതാണ് ഉത്തമമെന്നു തോന്നി. അതുകൊണ്ടുതന്നെ അവൾക്കുവേണ്ടി, അവളിലൂടെ തന്നെ ശബ്ദമുയർത്താൻ ശ്രമിക്കുകയാണ്.

പ്രിയപ്പെട്ട കത്തിന്,

എന്റെയുള്ളിലെവിടെയോ എഴുത്തുകളോടുള്ള ഒരു പ്രണയം ഒളിച്ചിരിപ്പുണ്ട്. ജീവിതത്തിലാദ്യമായി ഒരു സുഹൃത്ത് എനിക്കയച്ച ഒരു കത്ത് വായിച്ചതിനുശേഷമാണ് ഈ പ്രണയം പൊട്ടിമുളച്ചത്. ഒരു കത്ത് വായിക്കുന്ന സുഖം ഞാനാദ്യമായി തിരിച്ചറിയുന്നത് അന്നാണ്. അന്ന് മുതൽ പ്രിയപ്പെട്ട കുട്ടുകാരീ, ഞാൻ നിന്നെ പ്രണയിച്ചുകൊണ്ടിരിക്കുകയാണ്. നീ... വാക്കുകളെ നെഞ്ചിലേറ്റിയവളാണ്. ആശയങ്ങൾ പങ്കിടാൻ പലരും നിന്നെ തിരഞ്ഞെടുത്തു. മനുഷ്യന്റെ ചിന്തകളെല്ലാം അക്ഷരങ്ങളുടെ കുപ്പായമണിഞ്ഞ് നിന്റെ ശരീരത്തിലേക്ക് ഒലിച്ചിറങ്ങി. എത്രയോ പേരുടെ സന്തോഷനിമിഷങ്ങൾ, വേദനകൾ, വ്യത്യസ്ത അനുഭവങ്ങൾ. അങ്ങിനെയെന്തെല്ലാം നിന്നിലൂടെ സഞ്ചരിച്ചു. പലരുടെയും ദേവനകൾ നിന്നിൽ പുത്തുലഞ്ഞു. മനുഷ്യർ വേദനകൾ രേഖപ്പെടുത്തിയപ്പോൾ നീ അവർക്കുവേണ്ടി വിതുമ്പിയിട്ടുണ്ടാകാം. അവരുടെ സന്തോഷങ്ങളിൽ നീയും ആഹ്ലാദവതിയായിരുന്നിരിക്കാം. അവരുടെ പ്രണയങ്ങൾ ഒളിച്ചിരുന്ന് കണ്ട് നീ കണ്ണിറുക്കിയിരിക്കാം. അവരുടെ അനുഭവങ്ങളെല്ലാം തൊട്ടറിഞ്ഞ് നീയവർക്ക് ആശംസകൾ നൽകിയിരിക്കാം. നീയെന്നും മനുഷ്യന്റെ ആത്മാർത്ഥ സുഹൃത്തായിരുന്നു.

മനുഷ്യർക്കായി നീ ഒത്തിരി ദൂരം യാത്രചെയ്തിരുന്നു. പോസ്റ്റോഫീസുകളിൽവെച്ച് നിന്റെ മേൽ സീലിന്റെ നീലമഷി പതിഞ്ഞു. പോസ്റ്റ്ബോക്സിലെ ഇരുട്ടിൽ നീ മനുഷ്യമനസ്സിലെ രഹസ്യങ്ങളെ കെട്ടിപ്പിടിച്ചുറങ്ങി. പോസ്റ്റുമാന്റെ സൈക്കിളിലിരുന്ന് നീ ഭൂമിയിലെ കാഴ്ചകൾ കണ്ടുരസിച്ചു. ആളുകൾ നിന്റെ വരവിനായി ഉമ്മറപ്പടിയിൽ കാത്തുനിന്നു. ഒരു വ്യക്തിയുടെ മനസ്സിൽനിന്ന് മറ്റൊരാളുടെ മനസ്സിലേക്കുള്ള യാത്രയായിരുന്നു നിന്റെ ജീവിതം.

ഇന്ന് മനുഷ്യർ നിമിഷനേരംകൊണ്ട് ചിത്രങ്ങളും വീഡിയോകളുമെല്ലാം മറ്റുള്ളവർക്കയയ്ക്കുന്നു. ചാറ്റുകളിൽ കാപട്യം നിറയുമ്പോഴെല്ലാം നീ നേരിന്റെ അടയാളമായി തിളങ്ങി നിൽക്കുന്നു. മൊബൈൽ യുഗത്തിലെ അപൂർവ്വജീവിയായവളേ, ഇന്നത്തെ തലമുറയ്ക്ക് നീ അന്യയായിക്കൊണ്ടിരിക്കുകയാണ്. എങ്കിലും ഒരു കാര്യം ഞാനുറപ്പിച്ചു പറയട്ടെ, ഒരു കത്തെഴുതുന്നതും അതിന്റെ മറുപടിക്കായി കാത്തിരിക്കുകയും ചെയ്യുന്നതിന്റെ സുഖം അനുഭവിച്ചറിഞ്ഞ ആരുംതന്നെ നിന്നെ അതിൽനിന്ന് പടിയിറക്കില്ല. അങ്ങിനെയുള്ളവരുടെ നെഞ്ചിലെ നിധിയാണ് നീ.... അക്ഷരങ്ങളെ യാത്രകൊണ്ടുപോയിരുന്ന, മനുഷ്യവികാരങ്ങളെ ഒപ്പിയെടുത്ത, വർണചിറകുകളുള്ള ഒരു പക്ഷിയാണ് നീ....

ഓരോ കത്തിലും ആളുകൾക്ക് അക്ഷരങ്ങളോടുള്ള സ്നേഹം നിറഞ്ഞുനിന്നിരുന്നു. ഓരോ കത്തും ഓരോ അനുഭവമാണ്. മനസ്സിനെ തൊട്ടുണർത്തുന്ന അനുഭവം. ഓരോ കത്തിനും ജീവനുണ്ട്.... മനുഷ്യമനസ്സുകളിൽ നീയിനിയും നിറഞ്ഞൊഴുകട്ടെയെന്ന ആശംസകളോടെ ഞാൻ കത്ത് ചുരുക്കുന്നു

എന്ന് സ്നേഹപൂർവ്വം,

ഒരു സുഹൃത്ത്

Malavika
S2 BA English Literature



The Farrago of Distortions

"Exasperating farrago of distortions, misrepresentations and outright lies being broadcast by an unprincipled showman masquerading as a journalist."

These words were trending in our social media just two months back. Why, you ask? Because journalism in our country has sunken into a deep abyss of darkness.

Speaking about journalism, the first thing that comes to my mind is "The Fourth Estate". It is a popular adage used to signify the printing media of a nation. It was made popular by Edmund Burke, an English philosopher, politician who used it to denote the power of the press due to its sway over popular opinion. The press, Burke believed,was more powerful than the branches of the government, and was fundamental to the functioning of a democracy.

The media in India has always been a thriving enterprise. The internet provide a strong platform for Indians to voice their opinion on social media platforms like Facebook and Twitter. India is the biggest news market in the world with 82,000 newspapers, 690 satellite channels and 250 million internet use. One cannot imagine starting a day without a cup of steaming tea and a newspaper. But, today the fundamental definition of journalism is under threat from reporters and writers who turn hunches into fact, gossips into evidence and falsehood into breaking news. We can, undoubtedly agree to the fact that nothing-nothing is more important to a democracy than a well-nformed electorate. But sadly the agents of this information are today the creators of polarization that is slowly corrupting the public opinion in our country.

Journalists are merely mocking the meaning of evidence and major news outlets, claiming "to save the Indian journalism from the wrong hands" are making soap operas of news stories. Of course, you are answerable to the whole nation. The whole nation wants to know. Furthermore, opinionated anchors, selective coverage and ideological loyalties are weakening the fundamental rule of journalism-to provide all the news to the people with no distortion.

Journalists can rightly be ridiculed today as "presstitutes", a derogatory term to signify that they will go to any length for a story.

As G.K Chesterton rightly said, "journalism largely consists in saying "Lord Jones is dead" to people who never knew Lord Jones was alive". Because now-a-days, only exasperated lies find a spot in the market of journalism.

It is stupefying to see the agitation and the slices of schadenfreude over the possibility that the so-called leading journalists have miserably failed to live up to expectations. One of the most obvious problems of today's news is its incessant emphasis on scandal. That singularity can get tiring and repetitive. There is an old saying which goes "A re-lit cigarette never tastes the same" and that is all I have against rekindling the old flames. So, if you are one of those who never missed a debate of the so-called leading journalists, you could be severely disappointed because they cannot-and they don't want to-resolve the issue, yet raise the decibel level further. But to propel our own self-importance by becoming strident critics, is the symptom of a malady that has enthralled India. We seem to have begun enjoying sledge hammering everything as if in doing so, though inside the safety of anonymity and social platforms, we are displaying badges of courage. Venting the venom is now so common that we only want to hurt. It makes us strong and invincible!



Journalism has become a matter of choice daily and those choices are not about wearing a blue sock or a pink one- those are moral and ethical decisions reporters have to make every day, every minute and often under very difficult circumstances. Let us not pretend we are shocked at where we are today as professionals or why people have a low opinion of the media. We have allowed the corrupt, the unethical, the lobbyists, the unprincipled, the unverified and the greedy into our newsrooms. They have come to inhabit our homes and our social spaces through a continuum of sloth.

Sensationalism has become the rule of the day. There is an ocean of worthy content but a misguided population has diluted national debate. This is perilous especially when one considers the irreversible implications of the concept of 'trial by the media'. This must be a wakeup call for Indian journalism. The authenticity of the news must not be compromised. India's media hours must be a haven of men and women driven by an urge to provide facts and the news unadultered and unaltered. It should not become a gossip and competition-driven commercial industry where not only the quality of the news is compromised, but also the reality of the news. It needs to recamp itself and understand the weight of the responsibilities on its shoulders. Because if journalism loses the trust of the people, the people lose the trust in a nation's future.

ബോധോദയം

ഏകാന്തതതൻ ശാന്തി പകർച്ച ശ്രുതികൾ
മനസ്സിൽ മുഴക്കുന്ന ഓംകാര നാദം
രോദനങ്ങളായി തലച്ചോറിൽ തിരയടിക്കെ
ധ്യാനത്തിന്റെ മൂർധന്യത്തിലെപ്പോഴോ
ചോരവാർന്നു പിടഞ്ഞുവീണുപോയ
പൈങ്കിളി മുനിയോടു മന്ത്രിച്ചിതാ
നീ തേടിയ ഉദയമിതാ എൻ മിഴി-
യുതിർത്ത രക്തച്ചാലിൽ ഒലിച്ചിറങ്ങുന്നു
മടിക്കാതെ കരം ഉയർത്തി സംഹരിക്കു
പശ്ചാത്താപം പിടിമുറുക്കിയ
ഉൾക്കിടിലത്തോടെ മുനി ധ്യാനം
വെടിഞ്ഞുണർന്ന് മുന്നാം മിഴിതൻ
നീരൊപ്പാൻ യാത്രതിരിച്ചപ്പോൾ
മിഴിനീർ ഉതിരുന്ന തീവ്രമേറിയ
മിഴികൾ മുനിയെ ഉലച്ചുപോയ്
നിസ്സംഗതയോടെ മുനി പിറകെ വന്ന
പൈങ്കിളിയോടു ചോദിച്ചതെന്ത്?
പൈങ്കിളി മറുപടി പറഞ്ഞതോ
നാലു വാക്ക്: ഇതാ നീ
തിരഞ്ഞിരുന്ന ബോധോദയം

ആതിര ഉണ്ണി
S2 ബി.എസ്.സി. ഫിസിക്സ്





Amalendu V Joseph
Chairperson
S5 Bsc Mathematics



Ragina Razack
Vice Chairperson
S1 MA English Lit.



Malavika P. E
Gen. Secretary
S5 B.Com (Regular)



Jini Joy
Joint Secretary
S2 B.Com (Self)



Malavika Jayakrishnan P. T
Fine Arts Secretary
S5 B.Com (Regular)



Aiswarya Pradeep
Student Editor
S3 BA English Lit.



Mirfa K. S
UUC
S3 BA Functional English



Shyama Joy A
UUC
S2 BA Malayalam



Linta Thomas
General Captain
S5 MA English Lit.







Finmark
Leaders in Financial Market Education

Finmark Trainers is a leading financial market training company from India. With the mission of imparting financial literacy, its promoters have led more than 3000 programs across India and the Middle East since 2004.

Its certification programs for colleges are tailor made to improve the job prospects of the students and help to bridge the gap between what the students learn in colleges and what industry requires.

Share Market Training | Certification Programs | Internship Opportunities | Financial Literacy

www.finmark.co.in

Finmark Trainers India Pvt Ltd

MLS Business Centre, "Acropolis", 6th Floor, # 148, Dr. R.K. Salai, Mylapore, Chennai 600004

Phone: +91 9961075150

KERALA TAMIL NADU KARNATAKA MAHARASHTRA TELENGANA

Aagneya 2K16 Fine Arts Day Celebration





ഉറുമ്പുലകത്തിലെ മഹാന്മാരെപ്പറ്റി പറയുകയാണെങ്കിൽ കല്ലും കണക്കുമില്ല.... മലമടക്കിന്റെ അമ്പിൽനിന്നും അമ്മപ്രാവിനെ കാത്ത കുഞ്ഞുറുമ്പാണ് ഞങ്ങൾക്ക് ദൈവം... മൂപ്പരുടെ ഓർമയിൽ 30 ഏക്കർ നിലത്ത് 3 നിലകളിൽ ഒരു നല്ല ആരാധനാശാലയും മനുഷ്യന്റെ വഴിപാടുപുസ്തകവും ഞങ്ങൾ തയ്യാറാക്കിവിട്ടുണ്ട്....

ഉരുളൻ കാലുകളും പത്തായംപോലുള്ള വലിയവയറുമുള്ള ആനക്കൊമ്പൻ കോമഡി ചെയ്ത ഉറുമ്പിന്റെ ഓർമയിലാണ് ഞങ്ങളുടെ ലളിതകലാ അക്കാദമി സ്ഥാപിതമായത്.

ഉത്തിരിക്കൊട്ടം പോന്ന ശരീരത്തിലെ ഉത്തിരിക്കോലും പോന്ന മചവിയിൽ കാതുകുത്താൻ നിന്ന് തരാടുത്ത സ്ത്രീരത്നമായ കുട്ടുറുമ്പിനെ സ്ത്രീശാക്തീകരണക്കാരും ആർഷഭാരതസംസ്കാരക്കാരും ഒരുപോലെ ഓർക്കുന്നു എന്നുള്ളത് വലിയ കാര്യമാണ്.

ഓക്സ്ഫോർഡ് ഡിക്ഷണറിക്കുള്ളിൽപെട്ട് ജീവൻതടിഞ്ഞ ഉറുമ്പിന്റെ സ്മരണക്ക്. ഞങ്ങൾ കേരളത്തിൽ അങ്ങോളമിങ്ങോളം ഇംഗ്ലീഷ്മീഡിയം സ്കൂളുകൾ സ്ഥാപിച്ചിട്ടുണ്ട്.

മേശപ്പുറത്ത് വാങ്ങിവന്ന ലഡുകഷ്ണം തിന്നു തീർത്ത മനക്കുറുമ്പിന്റെ പേരിൽ ബേക്കറി ശൃംഖല തുറക്കാൻ സാധിച്ചത് ഞങ്ങളുടെ എടുത്തുപറയേണ്ട നേട്ടങ്ങളിലൊന്നാണ്. ഉറുമ്പിൻപുറ്റ് ചവിട്ടിക്കളയ്ക്കാൻ വന്ന മനുഷ്യമൃഗത്തിനെ കടിച്ചോടിച്ച കടിക്കനുറുമ്പിന്റെ ഭീമാകാരപ്രതിമ ടൗണിന്റെ ഒത്തമധ്യത്തിൽ തന്നെയാണ് ഞങ്ങൾ പണിതിട്ടുള്ളത്.

ഇതെല്ലാം കേവലം ഉദാഹരണങ്ങൾ മാത്രം. ഇങ്ങനെ ഉറുമ്പുലോകം നെഞ്ചിലേറ്റിയ എത്രയെത്ര കലാകാരന്മാർ, ധീരദേശാഭിമാനികൾ, സ്ത്രീരത്നങ്ങൾ... കാലവും നിങ്ങളും അവരെ മറന്നാലും ഞങ്ങളെയെക്കൊണ്ടതിന് സാധിക്കുമോ? ചരിത്രത്തെ അങ്ങനെ ഉരുട്ടിൽ കെട്ടിതാഴ്ത്തുന്നത് ഞങ്ങൾക്ക് കണ്ട് നിൽക്കാൻ പറ്റുമോ??? അതുകൊണ്ട് അവരെയെല്ലാം പൊടിതട്ടിയെടുക്കുകയാണി ഞങ്ങൾ...

ഇതൊന്നും ഞങ്ങൾക്കോ സംഘടനക്കോ വേണ്ടിയല്ലെന്നും ഈ നാടിന്റെ ഭാവിക്കാണെന്നും ഓർക്കുമ്പോൾ മനസു നിലാക്സേഷനുണ്ട് !!!



തെരുവിനെ ആഘോഷമാക്കിയ നാടകോത്സവം

സ്വാതിലേഖ തമ്പി
S4 ബി.എ. ഇംഗ്ലീഷ് ലിറ്ററേച്ചർ



തിയ്യറ്റർ അടിസ്ഥാനപരമായി ഒരു സ്ഥലമാണ്. സ്പേസ് അരങ്ങാണ്. അരങ്ങിനെ കുറിച്ചുള്ള വ്യവസ്ഥാപിത സങ്കല്പങ്ങളെ വികസിപ്പിക്കുകയോ തകർക്കുകയോ പുനർനിർമ്മിക്കുകയോ ചെയ്യാനുള്ള ഒരു സാഹസികശ്രമമാണ് 2017ലെ ഇറ്റ്ഫോക്ക്. തെരുവ് എന്ന സ്ഥലത്തെക്കുറിച്ചുള്ള ധാരണകളും യാഥാർത്ഥ്യങ്ങളും നാടകങ്ങൾ പൊളിച്ചെഴുതാൻ ശ്രമിക്കുകയായിരുന്നു. തെരുവുകൾ സർഗ്ഗാത്മകമാകുകയും അവിടെ പുതിയ പിന്തകൾ വിടരുകയും ചെയ്തു. പതിവുകാഴ്ചകളെയും ചലനങ്ങളെയും മറ്റൊരു രീതിയിൽ സർഗ്ഗാത്മകമായി മാറ്റി വരച്ച ഈ നാടകങ്ങൾ തന്നെയാണ്. ഒമ്പതാമത് ഇറ്റ്ഫോക്കിന്റെ ഏറ്റവും പ്രധാനപ്പെട്ട സവിശേഷത. അടച്ചിട്ട ഓഡിറ്റോറിയത്തിന് വെളിയിലായി അവതരിപ്പിച്ച നാടകശ്രമങ്ങൾ വളരെ നവീനമായിരുന്നു. തെരുവിൽ മറ്റ് ചിലത് ബസ്സ്റ്റാന്റിൽ, വാഹനങ്ങൾക്കു മുകളിൽ, സിഗ്നലിംഗ് പുള്ളിൽ, കാർ പോർച്ചിൽ അങ്ങനെ നാടകം കണ്ട് നാട് മുഴുവൻ സഞ്ചരിക്കുകയായിരുന്നു.

അവതരിപ്പിക്കപ്പെട്ട മിക്കവാറും നാടകങ്ങൾക്ക് രാഷ്ട്രീയമായ നിലപാടുകൾ കാണാമായിരുന്നു. അധികാരത്തോടും അതിന്റെ ഏറ്റവും ദുഷ്ടമായ ഫാസിസത്തോടും ഉള്ള വിമർശനങ്ങളും കലഹങ്ങളുമായിരുന്നു പ്രധാനപ്പെട്ട എല്ലാ നാടകങ്ങളുടെയും ഉള്ളടക്കം. നിരത്തുനാടകങ്ങൾ, പാവനാടകങ്ങൾ, സംവിധാനകനും അഭിനേതാക്കളും ഇല്ലാത്ത നാടകങ്ങൾ പ്രേക്ഷകർ ഏറ്റെടുക്കേണ്ടി വന്ന നാടകങ്ങൾ, അങ്ങനെ 25 വ്യത്യസ്ത സ്ഥലങ്ങളിലായാണ് നാടകം അവതരിപ്പിക്കപ്പെട്ടത്. അവതരണരീതിയിൽ വിപ്ലവകരമായ മാറ്റങ്ങൾ കാണാനായി സാധിച്ചു. സംഗീത നാടക അക്കാദമിയിൽതന്നെ എട്ട് സ്ഥലങ്ങളിൽ നാടകം അരങ്ങേറി. അത് കൂടാതെ വടക്കേ സ്റ്റാന്റ്, കിണറ്റിങ്കൽ അകാട്ടിക് കോംപ്ലക്സ്, സ്കൂൾ ഓഫ് ഡ്രാമ തുടങ്ങിയ ഇടങ്ങൾ. ഔപചാരിക നാടകവേദിയിൽ അധികം അരങ്ങുകളുമുണ്ടായില്ല. പല നാടകങ്ങൾക്കും മുൻകൂട്ടി ഉണ്ടാക്കിയ സ്ക്രിപ്റ്റ് തന്നെയില്ല. കാണികൾ ചേർന്നാണ് നാടകം പൂർത്തിയാക്കുന്നത്.

ശരീരത്തെ രാഷ്ട്രീയായുധമാക്കിയ സ്ത്രീപക്ഷത്തുനിന്നുള്ള നാടകങ്ങൾ ഏറെ സ്പർശിച്ചു. ചിലിയൻ നാടകമായ സാരിറോസ ലോകത്താകമാനമുള്ള സ്ത്രീത്വത്തിന്റെ അപമാനകരമായ അവസ്ഥയെ ശക്തമായി വിമർശിക്കുന്ന നാടകമായിരുന്നു. ഈ നാടകം സംഗീതത്തിലൂടെയാണ് പ്രേക്ഷകരുമായി ആഴത്തിൽ സംവദിക്കുന്നത്. ഫ്രീഡം എന്ന സെർബിയൻ നാടകത്തിലെ പ്രമേയം നോർത്ത് കൊറിയയുടെ ആഗോളവൽക്കരണ കാലത്തുണ്ടാകുന്ന സാംസ്കാരിക പതനങ്ങളെകുറിച്ചുള്ള ശക്തമായ വിമർശനമാണ്. വളരെ നവീനമായ അവതരണത്തിൽ കാഴ്ചക്കാരും അഭിനേതാക്കളും തമ്മിൽ ആഴമേറിയ ഒരു സുഹൃദ്ബന്ധം സൃഷ്ടിക്കപ്പെടുന്നു. അവരുടെ വാക്കുകളിലൂടെ, വ്യത്യസ്തതകളിലൂടെ, വസ്തുക്കളിലൂടെ അവർ കണ്ട നോർത്ത് കൊറിയയെ നമുക്ക് മുമ്പിൽ അവതരിപ്പിക്കുന്നു. പുറംലോകത്തിന് അജ്ഞാതമായി നിലകൊള്ളുന്ന ആ തെരുവിലേക്ക് അവരിലൂടെ നാം സഞ്ചാരികളായി അവിടെ എത്തിച്ചേരുന്നു. അത്ഭുതത്തോടെയും ആകാംക്ഷയോടും ഞാൻ കണ്ട ഒരു നാടകമായിരുന്നു അത്. ഞാൻ കണ്ട സാഹസികവും നിഗൂഢതകളും നിറഞ്ഞ നാടകമായിരുന്നു "The Cabinet of Dr. Caligiri". ഈ നാടകത്തിന്റെ അടിസ്ഥാനഭാവം ഭയമാണ്. ശബ്ദത്തിലൂടെയും വെളിച്ചത്തിലൂടെയും, വാക്കുകളിലൂടെയും നമ്മുടെ ഉള്ളിലുള്ള ഭയത്തെ പുറത്തുകൊണ്ടുവരാനും നാടകത്തിലൂടനീളം അത് നിലനിർത്താനും സാധിച്ചു. 1920 ലെ ഇതേ പേരിലുള്ള ജെർമൻ എക്സ്പ്രഷനിസ്റ്റ് ചലച്ചിത്രത്തിന്റെ നാടകാവിഷ്കാരമാണ് ഈ നാടകം. കാഴ്ചയുടെ വ്യത്യസ്ത തലങ്ങളിൽ അവതരിപ്പിക്കപ്പെടുന്ന നാടകം കാഴ്ചക്കാരെ മുൾമുനയിൽ നിർത്തുന്നു.

സ്റ്റേറ്റ് എന്ന നാടകം ഞാനേറെ കാത്തിരുന്ന ഒരു നാടകമാണ്. അതിനുകാരണം അതിന്റെ ക്യാപ്ഷനാണ്. നടനോ സംവിധായകനോ ഇല്ലാത്ത നാടകം എന്നായിരുന്നു അത്. അങ്ങനെതന്നെയായിരുന്നു നാടകം അവതരിപ്പിക്കപ്പെട്ടതും. ഇത്രയും എന്നെ അത്ഭുതപ്പെടുത്തിയ മറ്റൊരു നാടകാവതരണരീതിയില്ല. കാഴ്ചക്കാരെ ഒരു മേശയ്ക്ക് ചുറ്റുമിരുത്തി കത്തുകൾ ഒരു പെട്ടിയിൽ വെച്ചുകൊണ്ട്. കത്തിലൂടെയാണ് നാടകം സംവദിക്കുന്നത്. ഒരു ഇരുട്ടുമുറിയ്ക്കുള്ളിൽ കുറച്ചുപേർ ഒന്നിച്ചുചേർന്ന് ഇരിക്കുമ്പോൾ ഉള്ളിൽ നിറയുന്ന നിശബ്ദതയിൽ ഒരു നാടകം പിറക്കുന്നുണ്ട്. ഓരോ മനസ്സിലും സ്വയം സംവിധായകനായും അഭിനേതാവും ഉണ്ടായ നാടകം. സ്റ്റേറ്റ് അതിന്റെ ഏറ്റവും വിസ്മനീയമായ സാധ്യത കാണിച്ചുതന്നു. നാടകത്തിന്റെ തന്നെ മറ്റൊരു സാധ്യതയായിരുന്നു 'നോട്ട് ഔർ ബിസിനസ്സ്'. ഒരു പ്രോജക്ട് കൊളാബറേഷൻ ആയിരുന്നു അത്. പോളണ്ടിൽ നിന്നുള്ള ഒരു സംവിധായകൻ മലയാളത്തിലെ അഭിനേതാക്കളെ ഉപയോഗിച്ച് നിർമ്മിച്ച നാടകം. ആഗോളവൽക്കരണത്തിന്റെയും പുതിയ തലമുറയുടെയും പ്രശ്നങ്ങൾ അവതരിപ്പിച്ചുകൊണ്ട് നാടകം മുന്നേറുന്നു.

തെരുവുമുല നാടകങ്ങളിൽ നിന്ന് വ്യത്യസ്തമായി തെരുവിലൂടെ നാടകത്തോടൊപ്പം കൈകോർത്തും, സൗഹൃദസംഭാഷണങ്ങളിലേർപ്പെട്ടും ഞാൻ അനുഭവിച്ച ആദ്യ തെരുവുനാടകമായിരുന്നു 'അറൈവ്ഡ്.' വടക്കേ സ്റ്റാന്റായിരുന്നു അവതരിപ്പിച്ച അരങ്ങ്. അതിവിദൂരമല്ലാത്ത ഭൂതകാലത്തിൽ നിന്നും വരുന്ന അവർ വർത്തമാനകാലത്തെ പുതിയൊരു കാഴ്ചപ്പാടിലൂടെ കാണുന്നു. കൂടെകൂടുന്ന കാണികളിൽ നിന്ന് അവർ പലതും പഠിക്കുകയും അനുഭവിക്കുകയും ചെയ്യുന്നു. സ്ഥലത്തെ മനോഹരമായി അവതരിപ്പിച്ച നാടകമായിരുന്നു "അറൈവൽ." ലോകനാടകാവതരണങ്ങളിൽ അതിലെ അരങ്ങിനെ എന്റെ മനസ്സിനോട് ചേർത്ത് വെച്ചത് ഈ നാടകമാണ്.

മിസ്റ്റി മൗണ്ടൻസ് ഓഫ് മഹാഭാരത ഇതിഹാസ മുദ്രയുള്ള മഹാഭാരതത്തിന് സമകാലിക പ്രസക്തിയുള്ള പുതിയ രംഗപാഠം നൽകുകയായിരുന്നു. സ്കൂൾ ഓഫ് ഡ്രാമയിലെ ശ്രീജിത് രമണനാണ് ഈ നാടകം സംവിധാനം ചെയ്തിരിക്കുന്നത്.

'പെന്റിസീലിയ' - പേരിന്റെ സൗന്ദര്യം പോലെ സുന്ദരമായൊരു നാടകം അന്താരാഷ്ട്ര നാടകോത്സവത്തിന്റെ അവസാന നാടകം ഇപ്പോഴും എന്റെ മനസ്സിൽ നിറഞ്ഞുനിൽക്കുന്നു. ഉജ്ജ്വലവും ഭാവതീവ്രവുമായ നാടകത്തിൽ പ്രണയം, വെറുപ്പ്, കലി, പ്രതികാരം എല്ലാം വിഷയമായിരിക്കുന്നു. പെന്റിസീലിയയുടെ കഥ തന്നെ വളരെ ആകർഷിച്ചു. പൊയ്ക്കാലുകൾ വെച്ച നായകനും നായികയും അവരുടെ പ്രണയവും എന്നെ സുന്ദരമായ സ്വപ്നങ്ങളിലേക്ക് കൊണ്ടുപോയി. ട്രോജൻ യുദ്ധത്തിന്റെ പശ്ചാത്തലത്തിൽ ഒരുക്കിയ നാടകത്തിൽ രണ്ട് കഥാപാത്രങ്ങൾ - ഒരു സ്ത്രീയും, പുരുഷനും. അവർ യുദ്ധത്തിൽ ഏർപ്പെടുകയും പിന്നീട് പ്രണയത്തിവ്രതയിൽ ലയിക്കുകയും ചെയ്യുന്നു. ഒരാൾ അകിലസ് - ഗ്രീക്ക് ധീരയോദ്ധാവ്, മറ്റെയാൾ പെന്റിസീലിയ - ആമസോണിന്റെ രാജ്ഞി. ഒരു ദുരന്തനാടകത്തിന്റെ എല്ലാ തലങ്ങളെയും മനോഹരമായി സ്പർശിച്ച നാടകം എന്നിൽ എല്ലായ്പ്പോഴും പകർന്നാടിക്കൊണ്ടേയിരിക്കും.


ലോകനാടകവേദിയിൽ സംഭവിച്ച പുതിയ പരീക്ഷണങ്ങൾ, സംവാദങ്ങൾ, രംഗശൈലികൾ, രാഷ്ട്രീയ ദിശാബോധങ്ങൾ എന്നിവകളെയെല്ലാം സജീവമായ പ്രതിഫലനങ്ങളിലൂടെ മലയാളി പ്രേക്ഷകർക്ക് പരിചയപ്പെടുത്തുവാനും അവയോടെല്ലാം സർഗ്ഗാത്മകമായി സംവദിക്കാനും ലഭിച്ച ഏഴ് നാളുകൾ അവിസ്മരണീയമായി.

Best Compliments from :

Tel : (Off)-2420959
2420963

Elite Sareehouse

M.O. ROAD, THRISSUR - 680 001, KERALA.
Tin : 32080206644



സാരിഗ എം. കെ.
S4 ബി.എ. ഇംഗ്ലീഷ് ലിറ്ററേച്ചർ

എനിക്കും പറയാനുണ്ട് ചിലത്

ബൈബിൾ, രാമായണം, മഹാഭാരതം, ഭഗവദ്ഗീത, ഖുറാൻ അങ്ങനെ വിശുദ്ധഗ്രന്ഥങ്ങൾ ഏറെ. എല്ലാം പറയുന്നതോ

'അസതോമാ സത്ഗമയ
തമസോമാ ജ്യോതിർഗമയ
മൃത്യോമാ അമൃതംഗമയ'

എന്നാൽ ഞാൻ പറയട്ടെ! സത്യത്തിനും നീതിക്കും സ്ഥാനമില്ലാത്ത സ്വാർത്ഥമായ ജീവിതമാണ് ഞാൻ ഇഷ്ടപ്പെടുന്നത്. കാരണം എനിക്ക് ജീവനിൽ കൊതിയുണ്ട്.

ഗാന്ധി, നെഹ്റു, സുഭാഷ് ചന്ദ്രബോസ്, അങ്ങനെ മഹത് വ്യക്തിത്വങ്ങൾ അനേകം. എല്ലാം എത്തി നിൽക്കുന്നത് സ്വാതന്ത്ര്യം എന്ന ഒറ്റ വാക്കിൽ. എന്നാൽ ആ സ്വാതന്ത്ര്യത്തെ ഞാൻ ഭയക്കുന്നു, കാരണം ഞാനൊരു സ്ത്രീയാണ്.

സഹപാഠിയുടെ പിതാവിന്റെ മരണവേദനയിൽ അവർക്കൊപ്പം ദുഃഖം പങ്കിടാൻ ഞാൻ ആഗ്രഹിക്കുന്നു. എന്നാൽ ആ ആഗ്രഹം എനിക്കു നിഷേധിക്കപ്പെട്ടു. കാരണം ചിലരുടെ Ethics ന് അതെതിരായിരുന്നു.

വിശ്വസ്തമായ മുഖഭേദങ്ങളാൽ കലാലയങ്ങൾ എനിക്കായ് വാതിൽ തുറന്നുതന്നു. എന്നാൽ ആ വാതിലുകൾ ഞാൻ അടയ്ക്കുകയാണ്. കാരണം രക്തപ്പുഴ കാണാൻ എനിക്ക് ധൈര്യം പോര.

ഹോട്ടലിലെ മെനുവിൽ ചിക്കൻ, മട്ടൻ, ബീഫ് അങ്ങനെ വിഭവങ്ങൾ നിരന്നു കിടക്കുന്നു. എന്നാൽ എനിക്ക് ദാഹജലം മാത്രം മതി. കാരണം എന്നെ കാത്തിരിക്കാൻ വീട്ടിലാളുണ്ട്.

രാവിലെ ചൂടൻ ചായയുമായി ഉമ്മറത്തിരുന്ന എനിക്കുനേരെ അതാ പാഞ്ഞുവരുന്നു പത്രം. എന്നാൽ ഞാൻ അത് തുറക്കുന്നില്ല. കാരണം, പീഡനവും കൊലപാതകവും എന്റെ നിഴലോളം എത്തിക്കഴിഞ്ഞു.

എന്റെ സുഹൃത്തിന് രാജ്യസ്നേഹത്തിന്റെ ചിറകുകൾ മുളപൊട്ടിയിരിക്കുന്നു. എന്നാൽ ഞാനത് അറുത്തുമാറ്റുകയാണ്. കാരണം ചരമകോളം തികയ്ക്കാൻ ഞാനവനെ അനുവദിക്കുകയില്ല. ഇന്നലെ വാങ്ങിയ പാലിൽ മീൻ കുഞ്ഞുങ്ങൾ ഓടിക്കളിക്കുന്നു. എന്നാൽ ഞാൻ ഒന്നും മിണ്ടുന്നില്ല. കാരണം എന്റെ നാവുകൾ എനിക്കെന്നും പ്രിയമാണ്.

തിന്മയെ ഉയർത്തുന്ന കരങ്ങൾ ഞാനറിയുന്നു.
തെരുവോരങ്ങളിലെ ജീവിതം ഞാനറിയുന്നു
അവളുടെ കീറിപ്പറിഞ്ഞ വസ്ത്രങ്ങളല്ല, തകർന്നടിഞ്ഞ മനസ്സ് ഞാനറിയുന്നു

Whats app-ലും FB യിലും ഒഴിഞ്ഞുകിടക്കുന്ന Status Page എന്നെ മാടിവിളിക്കുന്നതായി ഞാൻ കേൾക്കുന്നു.

ചിതറി കിടക്കുന്ന വെള്ളകടലാസ്സുകൾ എനിക്കായ് കാത്തുനിൽക്കുകയാണെന്നെനിക്കു തോന്നുന്നു.

എന്നാൽ ഞാൻ ഈ കടലാസുകൾ കീറിയെറിയട്ടെ! പേനകൾ കുത്തിയെറിയട്ടെ!

കാരണം,

സുഹൃത്തേ,

എനിക്കും ജീവിക്കണം. നിങ്ങളെപ്പോലെ ഞാനും ഒരു സാധാരണ പെൺകൊടി.

ലക്ഷ്യങ്ങളുള്ള സ്നേഹവും പരിഗണനയും ആഗ്രഹിക്കുന്ന ഒരു സാധാരണ പൊടി.

ഇനി ഞാൻ എഴുതില്ല. മിണ്ടില്ല.

കാരണം:

ജീവിക്കാൻ കാലമിനിയധികമില്ല.

The Damn Dilemma

Tesma Joby, S2 MA English Literature

I held a few grains inside my palm, yes the white, bright and boiled ones!

Ever wondered about the magic transformation of the brown grains to the beautiful and shining white rice?

These rice grains that I held in my palm were the ones that had slipped from the utensil and fell on the surface. I saw this in the morning hours but was in a hurry to rush to the church.

When I returned after a few hours, those rice grains were still there, but as usual it was attacked by an army of ants.

Seeing this, I was in a total dilemma.

Basically, there were three reasons for my perplexity:

First of all it was a good Friday, April 14th, 2017, a day when we Christians are supposed to fast and have only a single meal.

Secondly, I didn't feel like wasting that white and bright rice because at my home, my mom never does that and in the hostel too, we are advised not to waste food by our dear sisters.

And the third reason – it was the li'l ants' li'l feast.

I shouldn't intrude. Right?

What would you have done?

Would you simply eat it or just let it go?

What is to be done?

And what did I do?

I did something wild.

I took that rice, the ants shivered, shocked at my touch and started getting scattered. I thought I would wash those rice grains and put them back with the others in the utensil, and thinking so, I washed it.

To my complete shock, two very tragic things happened:


Basically because I wasn't holding the rice properly, the white rice escaped through my fingers into the sink, and at the sudden splash of water with a force, the ants died!

At that time a quote struck my mind, which I had read earlier but it was only then I understood it clearly—

"If you think deeply, everyone is a villain at some point of time to someone."

Yes, that day I was the villain of that incident. I could neither salvage the beautiful white rice nor the puny ants.

Putting down this small incident on paper, hurts me even more…



പുത്തൻപണം

അഞ്ജന എൻ. സി.
S4 ബി.എ. എക്കണോമിക്സ്

'പണത്തിനു മീതെ പരുന്തും പറക്കില്ല' എന്ന പഴമൊഴിക്ക് വിരാമമിട്ടുകൊണ്ട് പ്രധാനമന്ത്രി നരേന്ദ്രമോദി പ്രഖ്യാപിച്ച നോട്ട് അസാധുവാക്കൽ നടപടി ധീരവും അവിസ്മരണീയവുമായിരുന്നു. ഇന്ത്യ കണ്ട ഏറ്റവും സങ്കീർണ്ണമായ നടപടിയായിരുന്നു അത്. രാജ്യത്തെ പിടിമുറുക്കി തടിച്ചു കൊഴുക്കുന്ന കള്ളപ്പണക്കാർക്കും അവരുടെ പിൻബലത്തിൽ തിന്നു കൊഴുക്കുന്ന ഭീകരർക്കുമെതിരേ തടുത്തുവിട്ട കൂരമ്പുകൾ ആയിരുന്നു 2016 നവംബർ എട്ടിന് പ്രധാനമന്ത്രി നരേന്ദ്രമോദി പ്രഖ്യാപിച്ച നോട്ട് അസാധുവാക്കൽ നടപടി. ഉയർന്ന മൂല്യവും രാജ്യത്തിന്റെ സാമ്പത്തിക ക്രയവിക്രയങ്ങളിൽ പ്രധാന പങ്കുവഹിക്കുന്നതുമായ 500, 1000 രൂപയുടെ നോട്ടുകളാണ് പിൻവലിയ്ക്കപ്പെട്ടത്. പട്ടിണിപ്പാവങ്ങളും നിത്യവേതനത്തെ ആശ്രയിച്ചു കഴിയുന്നവരും ധാരാളം ഉള്ള ഇന്ത്യയിൽ ഈ നടപടി ആശങ്കയും അതേസമയം ആശ്വാസവും ഒന്നിച്ചുണർത്തുന്നതായിരുന്നു. ക്യാഷ്‌ലെസ് ഇന്ത്യ അഥവാ കറൻസി രഹിത ഇന്ത്യയെന്ന സ്വപ്നം യാഥാർത്ഥ്യമാക്കുന്നതിലേയ്ക്കുള്ള ചവിട്ടുപടിയാണ് ഈ നടപടിയെന്നാണ് പ്രധാനമന്ത്രിയുടെ അഭിപ്രായം. എന്നാൽ അത്തരത്തിലൊരു നേട്ടം ഇന്ത്യക്ക് പെട്ടെന്ന് കൈവരിക്കാൻ കഴിയുമോ എന്ന ആശങ്കയ്ക്ക് അദ്ദേഹം മറുപടി നൽകുന്നില്ല. പ്രധാനമന്ത്രി നടത്തിയ ഈ നടപടി കള്ളപ്പണം, നികുതി വെട്ടിപ്പ്, അഴിമതി എന്നിങ്ങനെ തുടങ്ങുന്ന സാമ്പത്തിക അരാജകത്വത്തിനെതിരേയും കൂടിയുള്ള സർജിക്കൽ സ്ട്രൈക്കായിരുന്നു. ഒറ്റ രാത്രികൊണ്ട് പണക്കാരനെന്നോ പാവപ്പെട്ടവനെന്നോ ഉള്ള തട്ടുതിരിക്കൽ ഇല്ലാതാവുകയും എല്ലാവരും ഒരു കുടക്കീഴിലെ സഞ്ചാരികളാവുകയും ചെയ്തു.

ബാർട്ടർ സമ്പ്രദായത്തിൽനിന്ന് ഇന്നു കാണുന്ന സാമ്പത്തിക പുരോഗതിയിലേയ്ക്കും കറൻസി സിസ്റ്റത്തിലേക്കും ഭാരതം എത്തിച്ചേർന്നത് ഒരുപാടുപേരുടെ പ്രവർത്തനങ്ങളിലൂടെയും നിരന്തരമായ കണ്ടുപിടുത്തങ്ങളിലൂടെയുമാണ്. സമ്പദ്ഘടനയുടെ പ്രവർത്തനത്തിന് അതാതു രാജ്യത്തിന്റെ കറൻസിയുടെ പരിശുദ്ധി അത്യന്താപേക്ഷിതമാണ്. ആ പരിശുദ്ധി നഷ്ടപ്പെടുമ്പോൾ ഇത്തരത്തിലുള്ള ഡായിലിസ് ആവശ്യമായി വരുമെന്നതാണ് യാഥാർത്ഥ്യം. 'സത്യമേവ ജയതേ' എന്നു മുദ്രകുത്തിയ ധർമ്മചക്രം ആലേഖനംചെയ്ത ഇന്ത്യൻ നാണയങ്ങൾക്കുപോലും ഇന്ന് പരിശുദ്ധി നഷ്ടപ്പെട്ടിരിക്കുകയാണ്. ഭരണചക്രം കയ്യാളുന്നവരാണ് ഇതിന് ഒത്താശ ചെയ്തുകൊടുക്കുന്നത് എന്നു കേൾക്കുമ്പോൾ നമ്മുടെ രാജ്യം എത്രത്തോളം അധ:പതിച്ചുപോയി എന്നു മനസ്സിലാക്കാം.

രാജ്യത്ത് ഏകദേശം 30 ലക്ഷം കോടി രൂപയുടെ കള്ളപ്പണം ഉണ്ടെന്നാണ് ഏകദേശ കണക്ക്. ഇന്ത്യ വളർന്നുകൊണ്ടിരിക്കുന്ന സമ്പദ്‌വ്യവസ്ഥയാണ് വിദേശരാജ്യങ്ങളുമായി ഏറ്റവും കൂടുതൽ കറൻസി വിനിമയം നടത്തുന്ന രാജ്യം ഇന്ത്യയാണ്. സാമ്പത്തിക ഇടപാടുകളെ ഇത്രയുമധികം പ്രോത്സാഹിപ്പിക്കുന്ന വേറൊരു രാജ്യവും ഇല്ലായെന്നുതന്നെ പറയാം. ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയുടെ തീരാശാപമാണ് കള്ളപ്പണം. ഈയടുത്തകാലത്തായി അതിന്റെ ഒഴുക്ക് ക്രമാതീതമായി വർദ്ധിച്ചിരിക്കുന്നു. ഈയൊഴുക്ക് നിയന്ത്രിക്കാൻ ഒരു തടയണയെന്നോണമാണ് ഈ അസാധുവാക്കൽ നടപടി. ഒഴുക്കിനെതിരേ നീന്തുന്ന പ്രധാനമന്ത്രിയുടെ ഈ സമീപനം നല്ലതും ദൂഷ്കരവുമായ ഒരുപാട് പ്രത്യാഘാതങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്.

നിയമപരമല്ലാതെ സൂക്ഷിക്കുന്ന പണത്തെയാണ് കള്ളപ്പണം എന്നു പറയുന്നത്. അനധികൃതമായി സൂക്ഷിക്കുന്ന പണം ബിനാമികളുടെ പേരിൽ വിദേശ ബാങ്കുകളിൽ നിക്ഷേപിക്കുന്നു. എന്നാൽ ഈ നോട്ട് അസാധുവാക്കൽ അത്തരത്തിലുള്ള കള്ളപ്പണക്കാരെ ബാധിക്കില്ല എന്നതാണ് ഈ നടപടിയുടെ പോരായ്മ. രാജ്യത്തിനകത്തെ രാഷ്ട്രീയ അഴിച്ചുപണിക്കും സമ്പദ് സ്വരൂപണത്തിനും ഒരു പരിധിവരെ ഈ

പ്രഖ്യാപനം സഹായമാകും. സാധനങ്ങളുടെ വില കുറയുകയും അതുവഴി സാധാരണക്കാർക്ക് സഹായകമാവുകയും ചെയ്യും. എന്നാൽ സമ്പന്നരേയും നിത്യവേതന തൊഴിലാളികളെയും ഈ നടപടി അത്രയ്ക്ക് ബാധിക്കില്ലെങ്കിലും സാധാരണക്കാരായ മധ്യവർത്തികൾക്കാണ് ഇത് വൻ വെല്ലുവിളി ഉയർത്തുന്നത്. വ്യാപാരികൾ, ഗവൺമെന്റ് ഉദ്യോഗസ്ഥർ, ബാങ്ക് ജീവനക്കാർ, മുതലാളിമാർ, കരാറുകാർ എന്നിവർക്ക് ഇത് വൻ തിരിച്ചടിതന്നെയായിരിക്കും. വസ്തു കച്ചവടത്തേയും പങ്കു കച്ചവടക്കാരെയും സംബന്ധിച്ചിടത്തോളം ഇതൊരു മാറാവ്യാധിയാണ് എങ്കിലും പണപ്പെരുപ്പം കുറയ്ക്കാനും നികുതി വരുമാനം കൂട്ടാനും രാജ്യത്തെ ബാങ്കിങ്ങ് മേഖലയെ ഉദ്ദീപിപ്പിക്കാനും അതുവഴി നിക്ഷേപങ്ങൾ വർദ്ധിപ്പിക്കാനും ഒരു പരിധിവരെ നോട്ട് അസാധുവാക്കൽ നടപടി ഉപകരിക്കും. കത്തിക്കയറുന്ന വസ്തുവിലകളുടെ തീയണക്കാൻ ഒരു താൽക്കാലിക മാർഗ്ഗമെന്നോണം ഈ പ്രഖ്യാപനത്തെ കരുതാം. ഇത്തരത്തിലുള്ള നടപടി ഓഹരി വിപണിക്ക് യാതൊരു നഷ്ടവും ഉണ്ടാക്കിയിട്ടില്ല എന്നത് ആശാവഹമായ ഒന്നാണ്.

ബിനാമി ഇടപാടു, പണം സ്വരൂപിക്കാൻ മിടുക്കരാണ് ഇന്ത്യക്കാർ. അച്ചടിക്കുന്നതിലും കൂടുതൽ കറൻസികൾ രാജ്യത്ത് ഒഴുകുന്നുണ്ടെന്നാണ് കണ്ടെത്തൽ. ആവശ്യസാധനങ്ങളുടെയും നിത്യോപയോഗ സാധനങ്ങളുടെയും വൻ വിലക്കയറ്റം, ഭൂമിയ്ക്കും മറ്റു വസ്തുവകകൾക്കും കുതിച്ചുയരുന്ന തിവില, സ്വർണ്ണാഭരണങ്ങളുടെയും മറ്റും വിലകയറ്റം തുടങ്ങിയ പ്രശ്നങ്ങൾക്കെല്ലാം ഒരു പരിധിവരെ കാരണക്കാരൻ കള്ളപ്പണം എന്ന കീറാമുട്ടിയാണ്. എവിടെ നിന്നാണ് രാജ്യത്ത് ഇത്രയും കള്ളനോട്ടുകൾ പിടിക്കപ്പെട്ടത് എന്ന ചോദ്യത്തിന് ഇന്നും ഉത്തരം കിട്ടിയിട്ടില്ല.

ഭീകരപ്രവർത്തനങ്ങളുടെ ഇടനിലക്കാരനാണ് കള്ളനോട്ടുകൾ എന്ന പ്രചാരം രാജ്യത്തുടനീളം പരന്ന വാർത്തയാണ്. വിദേശരാജ്യങ്ങളിൽനിന്നെത്തുന്ന കള്ളനോട്ടിലൂടെയാണ് ഇന്ത്യയിൽ കള്ളപ്പണം വളർച്ച പ്രാപിച്ചതെന്ന ഒരു അഭിപ്രായം സാമ്പത്തിക വിദഗ്ദ്ധർ മുന്നോട്ടുവെക്കുന്നുണ്ട്. പാകിസ്താൻ ഇന്ത്യയിലെക്കൊഴുക്കുന്ന കള്ളനോട്ടുകളുടെ പ്രധാന സ്രോതസ്സാണ്. ഉയർന്ന മൂല്യമുള്ളതും ഇന്ത്യയിൽ ഏറ്റവും കൂടുതൽ ക്രയവിക്രയങ്ങൾക്ക് ഉപയോഗിക്കുന്നതുമായ 500, 1000 നോട്ടുകളുടെ തനി പകർപ്പ് അവർ മാരകമായി ഇന്ത്യയിൽ പ്രചരിപ്പിക്കുന്നുണ്ട്. വിമാനങ്ങൾ വഴിയും കണ്ടെയ്നറുകൾ വഴിയും ഇന്ത്യയിൽ കള്ളനോട്ടുകൾ എത്തുന്നുണ്ട്. യഥാർത്ഥ നോട്ടുകളോട് സാമ്യം തോന്നുന്ന ഇവ തിരിച്ചറിയാൻ പ്രയാസമാണ് എന്നതുകൊണ്ടുതന്നെ ഇത് സാധാരണക്കാർക്കിടയിൽ വ്യാപകമായി പ്രചരിക്കുന്നതിന് കാരണമാകുന്നു.

ഇത്തരക്കാരെ നിയന്ത്രിക്കാനുള്ള നല്ലൊരു മുറിക്കൂട്ടാണ് നോട്ട് അസാധുവാക്കൽ. ഇതിനു മുമ്പും രാജ്യത്ത് ഇത്തരത്തിലുള്ള നടപടികൾ ഉണ്ടായിട്ടുണ്ട്. ഇതിനു മുമ്പ് രണ്ട് തവണ നിലവിലുള്ള കറൻസികൾ ഗവൺമെന്റ് നിരോധിച്ചിട്ടുണ്ട്. ഇന്ത്യ സ്വതന്ത്രയാകുന്നതിന് മുമ്പ് 1946 ജനുവരി 12ന് 1000, 10000 രൂപ വിലയുള്ള നോട്ടുകൾ പിൻവലിക്കപ്പെട്ടു. പിന്നീട് 1954ൽ വീണ്ടും 5000, 1000, 10000 രൂപ നോട്ടുകൾ കേന്ദ്ര സർക്കാർ പ്രചാരത്തിൽ കൊണ്ടുവന്നു. 1978 ൽ ആണ് ഇതിന് മുമ്പ് നടന്ന ഏറ്റവും വലിയ നോട്ട് പിൻവലിക്കൽ. 1978 ജനുവരി 18ന് സഞ്ജീവറെഡ്ഡി 10000, 5000, 1000 രൂപ നോട്ടുകൾ റദ്ദുചെയ്തു. അതിനുശേഷം 1987 -ൽ 500 രൂപയ്ക്കും 2000 ത്തിൽ 1000 രൂപയും പുറത്തിറക്കി. ഈ നോട്ടുകളാണ് ഉർജിത് പട്ടേൽ തലവനായ റിസർവ് ബാങ്ക് ഓഫ് ഇന്ത്യ നിരോധിച്ചിരിക്കുന്നത്. ഒരു രൂപ ഒഴികെയുള്ള നോട്ടുകൾ അച്ചടിക്കുന്നതിനുള്ള കുത്തകാവകാശം ആർ.ബി.ഐ. ക്കാണ്.

2011, 2015 എന്നീ വർഷത്തിനിടയ്ക്ക് 40 ശതമാനം ആണ് മറ്റു കറൻസികളുടെ പ്രചാരം ഉണ്ടായിരുന്നത്. എന്നാൽ 500 രൂപ നോട്ടുകൾ 76 ശതമാനവും 1000 രൂപ നോട്ടുകൾക്ക് 109 ശതമാനവും പ്രചാരം ലഭിച്ചു. എന്നാൽ ഈ വർഷങ്ങളിൽ വെറും 30 ശതമാനം മാത്രമായിരുന്നു രാജ്യത്തിന്റെ സാമ്പത്തിക വളർച്ച. അതിനർത്ഥം രാജ്യത്തിന്റെ സാമ്പത്തിക വളർച്ചയേക്കാൾ കൂടുതലാണ് രാജ്യത്തിലുള്ള പണത്തിന്റെ ഉപഭോഗം എന്നതുതന്നെയാണ്. അടച്ചിക്കുന്നതിനേക്കാൾ ഇരട്ടി പണം രാജ്യത്ത് പ്രചരിപ്പിക്കപ്പെടുന്നിന്റെ യഥാർത്ഥ ഉത്തരവാദികൾ ആരാണെന്ന ചോദ്യത്തിനു മറുപടി ഇന്നും അന്യമാണ്. ലക്ഷ്യം കറൻസി രഹിത ഇന്ത്യയായാലും ഡിജിറ്റൽ ഇന്ത്യയായാലും സാധാരണക്കാരന്റെ പോക്കറ്റ് എന്നും കാലിതന്നെയാണ്. ഒരു നാണയത്തിന് രണ്ട് പുറങ്ങൾ ഉള്ളതുപോലെതന്നെ ഈ പ്രഖ്യാപനവും പൊള്ളയായ പ്രഖ്യാപനം മാത്രമായി നിഴലിക്കുന്നു. ഒരു മാസത്തോളം ബാങ്കിങ്ങ് മേഖലയെ സ്തംഭനത്തിലാക്കാൻ ഈ പ്രഖ്യാപനത്തിന് കഴിഞ്ഞു. രാജ്യത്തുടനീളം ബാങ്കുകളും ടിഷറികളും അടഞ്ഞുകിടന്നു. പെൻഷനെ ആശ്രയിച്ചു കഴിയുന്ന വാർധക്യസമൂഹം പരക്കെ പരിഭ്രാന്തരായി. കച്ചവടങ്ങളും വ്യാപാരവും സ്തംഭിച്ചു. രാജ്യത്തെ ബിനാമി ഇടപാടുകളെ വളരെ മോശമായാണ് ഈ നടപടി ബാധിച്ചത്. 'ആപ്കി ബാർ മോദി സർക്കാർ' എന്നതിന് വിപരീതമായ നടപടിയാണിതെന്ന് പലരും വിമർശിച്ചു. നോട്ട് അസാധുവാക്കലിനെ അനുകൂലിച്ചും പ്രതികൂലിച്ചും ഉള്ള അഭിപ്രായങ്ങൾ രാജ്യത്തെ പരക്കെ വ്യാപിച്ചു. പത്ത് കിട്ടിയാൽ നൂറ് വേണമെന്നും നൂറായാൽ ആയിരം വേണമെന്നും മോഹിക്കുന്ന ഇന്ത്യൻ ജനതക്ക് ഇത്തരത്തിലുള്ള തിരിച്ചടി അനിവാര്യമാണ്. കള്ളപ്പണക്കാർക്കും അഴിമതി വീരന്മാർക്കും വളമിട്ട് നട്ടുനനയ്ക്കുന്നത് സാധാരണക്കാർ തന്നെയാണെന്ന യാഥാർത്ഥ്യം മറച്ചുവെക്കാനാകില്ല.

ലോകത്തെ ശക്തമായ ജനാധിപത്യ രാജ്യമായ ഇന്ത്യയിൽ ഇത്തരമൊരു നടപടിയെടുത്തപ്പോൾ ജനങ്ങൾ ആരുംതന്നെ അതിനെക്കുറിച്ച് അറിഞ്ഞിട്ടില്ല എന്നത് ആശ്ചര്യമുളവാക്കുന്നു. ഒരു അർദ്ധരാത്രിക്ക് ഇന്ത്യയെ മാറ്റിമറിക്കാൻ കഴിയുമെന്ന് വീണ്ടും നെഹ്റുവിന് ശേഷം നരേന്ദ്രമോദി തെളിയിച്ചിരിക്കുകയാണ്. ഇതുവരെ സാമ്പത്തിക അടിയന്തിരാവസ്ഥക്ക് സമാനമായ അവസ്ഥ സൃഷ്ടിച്ചിരിക്കുകയാണ് ശ്രീ നരേന്ദ്രമോദി. രാജ്യംകണ്ട ഏറ്റവും വലിയ ഈ കറൻസി സ്ട്രൈക്ക് രാജ്യത്ത് പല വ്യതിയാനങ്ങളും ഉണ്ടാക്കി. കച്ചവടക്കാർക്കെല്ലാം കടകളും വ്യാപാരസ്ഥാപനങ്ങളും അടച്ചിടേണ്ടിവന്നു. കൈയിലുള്ള പഴയ കറൻസി മാറ്റിവാങ്ങാൻ നിബന്ധനകൾ എർപ്പെടുത്തിയപ്പോൾ അത് ജനങ്ങളെ വലച്ചു. ബാങ്കുകളുടേയും എ.ടി.എമ്മുകളുടെയും മുൻപിൽ ദീർഘമായ ക്യൂകൾ കാണപ്പെട്ടു. അവിടെയും പണമുണ്ടാക്കാൻ ഇടനിലക്കാർ പ്രത്യക്ഷപ്പെട്ടു. ജനങ്ങൾക്ക് ക്യൂവിൽ നിൽക്കാതെ പണം മാറ്റിക്കൊടുത്ത് ലാഭമുണ്ടാക്കാൻ ചില കൗശലശാലികൾ ശ്രമിച്ചു. നോട്ട് മാറാൻ പ്രായമായവർ മുതൽ 14 വയസ്സു കഴിഞ്ഞ കുട്ടികൾവരെയുണ്ടായിരുന്നു. ജാതിയെന്നോ മതമെന്നോ ഇല്ലാതെ കറുത്തവനെന്നോ വെളുത്തവനെന്നോ ഇല്ലാതെ സമ്പന്നനെന്നോ പാവപ്പെട്ടവനെന്നോ ഇല്ലാതെ എല്ലാവരും ഒരു വരിയിൽ സൗഹാർദ്ദപൂർവ്വം നിസ്വാർത്ഥമായി രാവും പകലുമെന്ന് ഭേദമില്ലാതെ നിന്നു. പ്രായമായവർ കുഴഞ്ഞുവീണു. റോഡരുകിലെ അഴുക്കുചാലുകളിൽപോലും വീണവരുണ്ട്. ചിലർ ഭൂമിയിലെ ജീവിതംപോലും വെടിഞ്ഞു. അത്രയ്ക്കും കഠിനമായ ദിവസങ്ങൾ ആയിരുന്നു അവ.

പണം കെട്ടുകളാക്കി പൂഴ്ത്തിവെച്ചവരുടെ സമാധാനം എന്നന്നേയ്ക്കുമായി നഷ്ടപ്പെട്ടു. പണമില്ലാത്തവനാണെങ്കിൽ കൈയിൽ നോട്ടുമാറാനില്ലാതെയുള്ള സങ്കടങ്ങളും പേറി കഴിഞ്ഞു. നിത്യവേതനത്തെ ആശ്രയിച്ചു കഴിയുന്ന കൂലിപ്പണിക്കാർക്ക് നിത്യവേതനം കിട്ടാതെയായി. മുതലാളിമാർ അവരുടെ തൊഴിലാളികളോട് കടംപറയേണ്ട അവസ്ഥ ഉടലെടുത്തു. രാജ്യത്തുടനീളം അനിശ്ചിതാവസ്ഥ ഉടലെടുക്കാൻ നോട്ട് റദ്ദാക്കൽ നടപടി കാരണമായി. ഇന്ത്യയൊട്ടാകെ സാമ്പത്തിക പ്രശ്നങ്ങൾ സൃഷ്ടിച്ച ഈ നടപടി ഒരുകണക്കിന് സാമ്പത്തിക അടിയന്തിരാവസ്ഥക്ക് തുല്യമായിരുന്നുവെന്ന് വിദഗ്ദ്ധർപോലും ചൂണ്ടിക്കാട്ടുന്നു. ഇന്ത്യയെ മാത്രമല്ല, ഇന്ത്യയെ ആശ്രയിക്കുന്ന പല രാജ്യങ്ങൾക്കും ഈ പ്രഖ്യാപനം വിന



യായി മാറി. ഇന്ത്യയിൽനിന്ന് സാധനങ്ങളുടെ കയറ്റുമതി കുറയ്ക്കാൻ ഈ കറൻസി റദ്ദാക്കൽ കാരണമായി. രാജ്യത്തിന്റെ സാമ്പത്തിക തുലനാവസ്ഥ തകരുന്നതിനും വ്യാപാരകമ്മി (Trade deficit) ഉണ്ടാകുവാനും ഈ നടപടി കാരണമായി. എങ്കിലും പ്രഖ്യാപിത നയങ്ങൾക്കും ഗവൺമെന്റിന്റെ ഫിസ്കൽ നയങ്ങൾക്കും കാര്യമായ മാറ്റം വരുത്തുവാനും അതിൽ കുറവുവരുത്തുവാനും ഈ നടപടിക്ക് ആയില്ല എന്നത് ആശ്വാസമുണർത്തുന്നതാണ്.

അതീവ സുരക്ഷയുള്ള നോട്ടുകൾ ആണ് പഴയ ആയിരത്തിനും അഞ്ഞൂറിനും പകരം പ്രചാരത്തിൽ കൊണ്ടുവന്ന 2000, 500 തുടങ്ങിയ നോട്ടുകൾക്കുള്ളതെന്ന് ഗവൺമെന്റും ആർ.ബി.ഐ. യ്ക്കും ഒരുപോലെ അവകാശപ്പെടുന്നുവെങ്കിലും ഇറങ്ങി പത്ത് ദിവസത്തിനകം തന്നെ ഈ നോട്ടുകളുടെയും വ്യാജൻ ഇന്ത്യയിൽ നടമാടി. രാജ്യത്തിന്റെ പല ഭാഗത്തുനിന്നും പുതിയ നോട്ടുകളുടെ വ്യാജ കറൻസികൾ കണ്ടെടുത്തു. 2016 ഡിസംബർ 31 വരെയാണ് ആർ. ബി. ഐ. പഴയ നോട്ടുകൾ മാറ്റി വാങ്ങാൻ ജനങ്ങൾക്ക് നൽകിയ സമയം. മാത്രമല്ല മാറ്റിയെടുക്കാനുള്ള പണത്തിന് നിബന്ധനയും ഏർപ്പെടുത്തിയിരുന്നു. ജനങ്ങളുടെ കൈയിൽ ധാരാളം പഴയ നോട്ടുകൾ ഉള്ളതിനാൽ ഈ സമയം പര്യാപ്തമായിരുന്നില്ല. ഇത് ജനങ്ങൾ പഴയ നോട്ടുകൾ കൈവശംവെക്കുന്നതിന് കാരണമാകുന്നു.

സാമ്പത്തിക ക്രയവിക്രയങ്ങൾ ഏറ്റവും കൂടുതൽ നടക്കുന്ന രാജ്യമാണ് ഇന്ത്യ. എന്നാൽ ഇന്ത്യൻ ജനതയുടെ ഏറ്റവും വലിയ പ്രത്യേകത പണം ലിക്യുഡ് ആയി സൂക്ഷിക്കാൻ താല്പര്യപ്പെടുന്നു എന്നുള്ളതാണ്. ഒട്ടുമിക്ക ജനങ്ങളിലും പണം കൈയിൽ സൂക്ഷിക്കാനുള്ള പ്രവണതയുണ്ട്. ഇത് Liquid Money യുടെ അളവ് വർധിപ്പിക്കുന്നതിനും പിന്നീട് നികുതി വെട്ടിപ്പ് നടത്തുന്നതിന് കാരണമാവുകയും ചെയ്യുന്നു. ജനങ്ങളുടെ ഈ പ്രവണത മുലമാണ് നോട്ട് റദ്ദാക്കൽ ഇത്രയും പ്രശ്നമാവാൻ കാരണം. ജനങ്ങൾ അധികം വരുന്ന വരുമാനം Share market കളിലും മറ്റും നിക്ഷേപിക്കാതെ കൈയിൽ സൂക്ഷിക്കുന്നു. ഈ പ്രവണത ജനങ്ങൾക്ക് വിനയായി മാറി.

കറൻസി റദ്ദാക്കൽ ജനങ്ങളെ "Liquidity trap" ൽപെടുത്തുന്നതിന് കാരണമായി. പണത്തിന്റെ കാര്യത്തിൽ മാത്രം വിവേചനബുദ്ധി ഉപയോഗിക്കാൻ ജനങ്ങൾ തയ്യാറാവുന്നില്ല. അത്തരക്കാർക്കുള്ള തിരിച്ചടിയാണ് ഈ നോട്ട് റദ്ദാക്കൽ നടപടി എന്നു പറഞ്ഞാൽ അധികമാവില്ല. ഇത്തരത്തിലുള്ള ഡയാലിസിസുകൾ നമ്മുടെ സമ്പദ്വ്യവസ്ഥയെ പുനരുദ്ധീകരിക്കാൻ നല്ലതാണ്. എന്നാൽ അത് ശാസ്ത്രീയമായും വേണ്ട മുൻകരുതലുകളോടുംകൂടി മാത്രമേ നടപ്പിൽവരുത്താൻ പാടുള്ളൂ. ഇല്ലെങ്കിൽ അതിന്റെ ബലിയാടുകളാവുന്നത് സാധാരണക്കാരും പട്ടിണിപ്പാവങ്ങളും ആണെന്ന് ഓർക്കുക.

ജനാധിപത്യം നിലനിൽക്കണമെങ്കിൽ ശക്തവും കെട്ടുറപ്പുള്ളതുമായ ഒരു സമ്പദ്വ്യവസ്ഥയും ജനങ്ങളുടെ പിന്തുണയും ആവശ്യമാണ്. സാധാരണക്കാരന്റെ കൈയിലുള്ള ഒരു രൂപപോലും രാജ്യത്തിന്റെ GDP യിൽ വലിയ സംഭാവ നൽകുന്നുണ്ട്. അതുകൊണ്ടുതന്നെ സാമ്പത്തിക നയപ്രഖ്യാപനങ്ങൾ ജനങ്ങൾക്ക് ക്ഷേമം നൽകാൻ ഉതകുന്നതാവണം. ഈയൊരു കറൻസി ഡയാലിസിസിലൂടെ മറ്റു സമ്പന്ന രാജ്യങ്ങൾക്കൊപ്പം കിടപിടിക്കത്തക്കവിധത്തിലുള്ള നല്ലൊരു സമ്പദ്വ്യവസ്ഥ കെട്ടിപ്പടുക്കാൻ സാധിക്കുമെന്ന് നമുക്ക് പ്രത്യാശിക്കാം.

Best Compliments from :

Make your life stylish.... elegance..... extended.... for ever....

C. J. PALU & SONS

STEEL & WOODEN FURNITURE

Chembottil Lane, Thrissur - 1.
email : cjpalusons@yahoo.co.in

Ph : 04872422023, 2423169, 3219009
Jose Chiriankandath Group

The best choice for your unique style

മലയാള സിനിമ: സവർണ്ണന്റെ രാഷ്ട്രീയം

അമൃത സുദർശൻ, S6 ബി. എ. ഇംഗ്ലീഷ് മിറ്ററേച്ചർ

മലയാളികളോളം തന്നെ പഴക്കവും പകയുമുള്ളതാണ് നമ്മുടെ സിനിമാ സംസ്കാരവും. മറ്റു ദേശങ്ങളിലെല്ലാം സിനിമ സ്വപ്നം വിൽക്കുന്ന വ്യവസായമായി മാറിയപ്പോൾ മലയാള സിനിമ സാമൂഹ്യസാഹചര്യങ്ങളുടെ ഒരു പ്രതിഫലനമായി ഉയർന്നുനിന്നു. ഇത്തരത്തിൽ സമ്പന്നമായ ഒരു സിനിമാ പൈതൃകം നമുക്കുണ്ടെങ്കിൽപോലും സിനിമയുടെ രാഷ്ട്രീയം അകറ്റിനിർത്തിയാൽ അരികുവൽക്കരിച്ച ചില സമൂഹങ്ങളെ കാണാം. ഇതിലെടുത്തുപറയേണ്ടത്, സിനിമയിലെ സവർണ്ണന്റെ രാഷ്ട്രീയമാണ്.


മലയാള സിനിമയിലെ ദളിത് പ്രാതിനിധ്യം ദളിത് സാഹിത്യത്തിന്റെ തുടർച്ചയാണ്. ലാഭവും ജനപ്രിയതയും സിനിമയുടെ വലിയൊരു ഘടകമായി വരുന്നതുകൊണ്ടുതന്നെ ഇതു നമ്മെ അത്ഭുതപ്പെടുത്തുന്നില്ല. ജനപ്രിയ സിനിമകളുടെ അതേ സൗന്ദര്യസങ്കല്പമാണ് നമ്മുടെ സമാന്തര സിനിമകളും പിന്തുടരുന്നത്. കറുത്ത ഉടലുകൾക്ക് പ്രതിനായക സ്ഥാനം മാത്രം കൊടുക്കുന്നതിന് പിന്നിലും ഈ രാഷ്ട്രീയംതന്നെ.

വെളുപ്പാണ് സൗന്ദര്യത്തിന്റെ അടിസ്ഥാനമെന്ന ആശയം ചരിത്രപരമായി സൃഷ്ടിക്കപ്പെട്ട ഒന്നാണ്, ഈ ആശയം ദൃഢപ്പെടുത്തുകയാണ് സിനിമ എന്ന മാധ്യമം ചെയ്യുന്നത്. സിനിമയിൽ പ്രത്യക്ഷപ്പെടുന്ന ജാതിചിന്തകൾ ഇതിനെ സഹായിക്കുന്നു. നായിക സ്വന്തം പേരിൽ ജാതിചേർത്ത് മാത്രമേ പറയുകയുള്ളൂ. അത് വർമ്മയോ? നായരോ, മേനോനോ ആയിരിക്കും. നായകനാണെങ്കിൽ ഒരു സവർണ്ണ ഹിന്ദു പേര് (ഇന്ദുചൂഡൻ, കാർത്തികേയൻ) ഇതാണ് മലയാള സിനിമയുടെ ഫോർമുല. ജാതിയോ ജാതികളിലെ പ്രശ്നങ്ങളോ സിനിമ അംഗീകരിക്കുന്നില്ല. മലയാള സിനിമയിലെ ജാതിബോധം സമൂഹത്തിലെ പൊതു ജാതിബോധത്തെക്കൂടി വെളിവാക്കുന്നുണ്ട്.

ദളിതർ മലയാള സിനിമയിൽ അദൃശ്യരും മുകരുമാണ്. അതുകൊണ്ടുതന്നെ ദളിത് ജീവിതത്തിന്റെ തമസ്കരണം സിനിമയിൽ ഏറെ പ്രകടവുമാണ്. മലയാള സിനിമയുടെ ജനപ്രിയതയുടെ അടിസ്ഥാനമെന്തെന്ന് അന്വേഷിച്ചാൽ പഴയ ഫ്യൂഡൽ ജീവിതബോധങ്ങളുടെ വ്യവസ്ഥാപിത താല്പര്യങ്ങളിൽ തന്നെയാണ് എത്തിച്ചേരുക.

മലയാള സിനിമാചരിത്രത്തിലെ ബോക്സ്ഓഫീസ് ഹിറ്റുകളിൽ ഭൂരിഭാഗത്തിന്റെയും സാംസ്കാരിക ഭൂമിക തറവാടോ, തറവാടിത്തമോ ആണ്. വീട്, വേഷം, ശരീരഭാഷ, ഛായങ്ങൾ, പരിസരങ്ങൾ, ആചാരങ്ങൾ തുടങ്ങിയ ചിന്താവ്യൂഹങ്ങൾ എല്ലാംതന്നെ തറവാടിത്തത്തിന്റേതാകണമെന്നാണ് മലയാള സിനിമയുടെ ജനപ്രിയ ഫോർമുല. അതിന് സമ്പന്നമായ തറവാട് വേണമെന്നില്ല. ക്ഷയിച്ച തറവാടായാലും മതി, ദാരിദ്ര്യംപോലും സവർണ്ണതയുടെ പൊൻതൂവൽകൊണ്ട് അലങ്കരിക്കുമ്പോൾ ജനപ്രിയമായി മാറുന്നു. ദളിതന്റെ ദാരിദ്ര്യത്തിന് ഇല്ലാത്ത മാർക്കറ്റ് വാല്യു തറവാടികളുടെ ദാരിദ്ര്യത്തിനുണ്ട്.





സന്തോഷം വിറ്റ് പണമുണ്ടാക്കുക എന്നതാണ് ജനപ്രിയ സിനിമകളുടെ സാമ്പത്തിക തത്വം. വലിയ മൂലധനവും വാണിജ്യ തന്ത്രങ്ങളും ആവശ്യമുള്ള മേഖലയാണ് സിനിമ. പച്ചയായ ജീവിത സാഹചര്യങ്ങളുടെ അനലംകൃത ചുറ്റുപാടുകൾ പ്രേക്ഷകരെ പിടിച്ചിരുത്താൻ പര്യാപ്തമല്ല. അതുകൊണ്ടുതന്നെ പ്രേക്ഷകരെ ദൃശ്യാത്മകതകൊണ്ട് മോഹിപ്പിക്കുന്ന ചിഹ്നങ്ങൾ സിനിമ തിരയുന്നു. ഫ്യൂഡൽ ജീവിതസാഹചര്യങ്ങൾ ഇത്തരം ബിംബങ്ങളാൽ സമ്പന്നമാണ്.

മലയാള സിനിമയിലെ ആദ്യ ദളിത് സാന്നിധ്യം നവലോകം (1951) പൊൻകുന്നം വർക്കിയുടെ നാടകത്തെ അവലംബിച്ച് വി. കൃഷ്ണൻ സംവിധാനംചെയ്ത സിനിമയിലാണ്. രാഷ്ട്രീയ പ്രമേയമുള്ള ഈ സിനിമയിലെ കർഷക തൊഴിലാളികൾ ദളിത് സ്വത്വം പേറുന്നവരാണെന്ന് ഊഹിക്കാം. എന്നാൽ വ്യത്യസ്തതയുള്ള വ്യക്തിത്വമായി ദളിതരെ അവതരിപ്പിച്ചിട്ടില്ല. പി. സുബ്രഹ്മണ്യം സംവിധാനംചെയ്ത പാടാത്ത പൈങ്കിളി (1957) മുതൽ അടൂർ ഗോപാലകൃഷ്ണന്റെ നാല് പെണ്ണുങ്ങൾ വരെയുള്ള ചിത്രങ്ങളിൽ ഇങ്ങനെ സവർണ്ണ മേൽജാതി ജീവിതത്തിന്റെ പാർശ്വമേഖലകളിൽ ദളിത് ജീവിതം അവതരിപ്പിക്കുന്നത് കാണാം.



നീലക്കുയിൽ മലയാള സിനിമാചരിത്രത്തിൽ തന്നെ മാറ്റം കൊണ്ടുവന്ന ഒരു സിനിമയാണ്. എന്നാൽ നവോത്ഥാനത്തിന്റെയും നവദേശീയതയുടെയും ഇടയിൽ സിനിമ മുന്നോട്ടുവെച്ച ജാതിചിന്തകൾ നഷ്ടപ്പെട്ടു. മാത്രമല്ല, ദളിത് നായികയായ നീലിയെ വഴിയരികിൽ നിസ്സഹായയായി മരിക്കാൻ അനുവദിക്കുകയാണ് സിനിമ. കള്ളിച്ചെല്ലമ്മ, ചെമ്മീൻ എന്നീ സിനിമകളിലും ദളിത് സ്ത്രീകളെ അവതരിപ്പിക്കുന്നത് ഇത്തരത്തിലാണ് 'പിഴച്ച വളയും', 'കള്ളിയായും', ദളിത് നായികമാർ കാമപൂർത്തീകരണത്തിനുള്ള ഉപാധികളായി മാറുന്നു.

ആദിവാസി വിഭാഗങ്ങളാകട്ടെ വെറും കോമാളിക്കൂട്ടങ്ങളായി അവതരിപ്പിക്കപ്പെടുന്നു. നാഗരിക സവർണ്ണ നായകന്റെ സാഹസികതകൾക്ക് വേദിയായ വനത്തിൽ യഥാർത്ഥ്യവുമായി ഒരു ബന്ധവുമില്ലാതെ നൃത്തമാടുന്ന സംഘങ്ങളായാണ് സിനിമയിൽ ഇടം കിട്ടാറുള്ളത്. ആന വളർത്തിയ വാനമ്പാടി, ബാംബൂ ബോയ്സ്, ചിത്രം എന്നീ സിനിമകൾ ഇതിനുദാഹരണങ്ങളാണ്.

ചിതറിയവർ (2205), മാൽജി, തകര, ചെണ്ട് (2007), മേൽവിലാസം (2011), പാപ്പിലിയോ ബുദ്ധ (2015), കമ്മട്ടിപ്പാടം (2016) എന്നീ സിനിമകൾ പുതിയ കാലത്തിന്റെ പ്രതീകങ്ങളാണ്. യാഥാർത്ഥ്യമായി ദളിത് ജീവിതങ്ങളെ അവതരിപ്പിക്കാൻ ഒരു പരിധിവരെ ഈ സിനിമകൾക്ക് സാധിച്ചു എന്നത് എടുത്തുപറയേണ്ടതാണ്. മലയാള സിനിമയുടെ ഈ മാറ്റത്തിന്റെ അലയൊലികൾ അരികുവത്കരിക്കപ്പെട്ട ഒരു സമൂഹത്തെതന്നെ മുഖ്യധാരയിലേക്ക് എത്തിക്കും എന്നത് സിനിമ എന്ന മാധ്യമത്തിന്റെ കലയുടെ വിജയമാണ്.

മൂന്ന് കഥകൾ

ഐശ്വര്യ പ്രദീപ്, S4 ബി.എ. ഇംഗ്ലീഷ് ലിറ്ററേച്ചർ

രാജാവ്

രാജാവ് സിംഹാസനത്തിൽ ഇരുന്നപ്പോൾ പുറത്തെവിടെയോ എന്തെല്ലാമോ പുകഞ്ഞുകൊണ്ടിരിക്കുകയായിരുന്നു. അയാൾ ചില്ലുകൂട്ടിൽ നിന്ന് വീണയെടുത്ത് മീട്ടി.[1] കുറെ ഉറുമ്പിൻ കുഞ്ഞുങ്ങൾ അയാളുടെ മേശമേലൂടെ അടിവെച്ചടിവെച്ച് വന്നു. കൊച്ചുമകന്റെ കളിപ്പാട്ട ടാങ്കർ രാജാവ് ഉറുമ്പ് സമൂഹത്തിന് മേലൂടെ ഓടിച്ചുവിട്ടു.[2] മേശമേൽ ചതഞ്ഞരഞ്ഞ ഉറുമ്പിൻകുഞ്ഞുങ്ങൾ നിരൊലിപ്പിച്ചു കിടന്നു. ശേഷിച്ചവ നഷ്ടപ്പെട്ട കാലുകൾ തപ്പി നടന്നു. അക്ഷരപക്ഷികൾ അയാളെ പൊതിഞ്ഞു. അവ അയാളുടെ ചുറ്റും പറന്നുകൊണ്ടിരുന്നു. ഒട്ടും മടിക്കാതെ രാജാവ് അവയെ വെടിവെച്ച് കൊല്ലാൻ ഉത്തരവിട്ടു. എല്ലാം ചോര തുപ്പി വീണു ചത്തു. രാജാവിന്റെ മീൻമേശയ്ക്കടുത്ത് മീൻമുള്ള് കൊതിച്ചുനിന്ന പൂച്ചയോട് മീൻമുള്ളില്ലെങ്കിൽ ഇറച്ചി കഷ്ണങ്ങളാകാം എന്ന് അയാൾ പുച്ഛിച്ചു.[3] അതിർത്തിയിൽ ഉറക്കമിളച്ച് വേട്ടനായ്ക്കളാൽ ശ്വാസംകിട്ടാതെ വീരമൃത്യുവരിച്ച ധീരനായകരുടെ നാക്ക് മുറിഞ്ഞ ശരീരങ്ങൾ മതിലിനുള്ളിൽ ഉറങ്ങി.[4] ഒടുവിൽ രാജാവിന് ഒട്ടും ഇഷ്ടമില്ലാതിരുന്ന കുറെ കുരങ്ങുകളുടെ തൊലി പറിച്ച് ലാംപ്ഷേഡുകളുമുണ്ടാക്കി.[5] അപ്പോൾ അയാളുടെ പിതാമഹന്മാർ കൈയടിച്ചു. രാജാവ് ചക്രവർത്തിയായി.

1) നീറോ ചക്രവർത്തി റോം കത്തിയെരിയുമ്പോൾ വീണമീട്ടി
2) ചൈനയിൽ ടിയാനിമിൻ സ്കയറിൽ വിദ്യാർത്ഥി പ്രക്ഷോഭത്തിനെതിരെ ഗവൺമെന്റ് സ്വീകരിച്ച നടപടി.
3) പട്ടിണിക്കാലത്ത് 'ഞങ്ങൾക്ക് അപ്പം തരൂ...' എന്ന് പറഞ്ഞ് കരഞ്ഞ ജനങ്ങളോട് 'അപ്പമില്ലെങ്കിൽ കേക്ക് കഴിക്കൂ' എന്ന് പറഞ്ഞ സോഫ്റ്റ്വാധിപതി.
4) ചൈനയിലെ വൻമേതിലിനുള്ളിൽ ഒട്ടേറെ ചൈനീകരെ അടക്കിയിട്ടുണ്ടത്രേ.
5) രണ്ടാംലോകമഹായുദ്ധകാലത്ത് ജൂതരുടെ തൊലികൊണ്ട് നാസികൾ ലാംപ്ഷേഡുകളുണ്ടാക്കിയെന്ന കേട്ടുകേൾവി.

ചത്ത കഥാകാരി

കഥാകാരി കഥ പറയാൻ തുടങ്ങി

"ഞാൻ ചത്താ ആരും അനുശോചിക്കരുത്... ക്വാമറയ്ക്ക് മുന്നിൽ കഷ്ടപ്പെട്ട് മുഖം വക്രിപ്പിച്ച് എന്റെ മരണമുണ്ടാക്കുന്ന വിടവുകളെക്കുറിച്ച് പുലമ്പരുത്... എനിക്കറിയാത്ത മറ്റേതോ എന്നെക്കുറിച്ച് പത്രത്താളുകൾ എഴുതി നിറയ്ക്കരുത്.... ഫൈസ് പെട്ടിയിൽ കിടക്കുന്ന എന്റെ ചിത്രങ്ങൾ പകർത്തരുത്. ദുഃഖം ഭേദ്യപ്പെടുത്തി പരലോകത്തെത്തിയ എന്നെ ബുദ്ധിമുട്ടിക്കരുത്. കാരണം, ഞാനെന്നേ മരിച്ചു. നിങ്ങളാരും അനുശോചിച്ചില്ല, കരഞ്ഞില്ല. ആചാരവെടി മുഴക്കിയില്ല. നിങ്ങൾ മാറിയിരുന്ന് കൈയടിച്ചു. നന്നായെന്ന് പറഞ്ഞു. ഞാൻ തനിച്ചു മരിച്ചു. ഇനി ചാകാനും കൂടിയുണ്ട്. അതും ഞാനൊറ്റയ്ക്ക് മതി". പിന്നെ കഥാകാരി ചത്തു.

ഇൻബോക്സ് പ്രണയം

കാറ്റും കിളിയും എന്നോട് പറഞ്ഞ് പ്രണയിക്കുവാനായിരുന്നു.... അങ്ങനെ ഞാൻ പ്രണയിക്കാൻ തീരുമാനിച്ചു. ഫേസ്ബുക്ക് ഫ്രണ്ട് ലിസ്റ്റിലെ ആദ്യത്തെ പെൺകുട്ടിയോട് ഞാനെന്റെ ഇഷ്ടം തുറന്നുപറഞ്ഞു. ചുവന്ന് തുടുത്ത് നാണം തുളുമ്പുന്ന രണ്ട് മഞ്ഞമുഖങ്ങൾ അവളെനിക്കായി തന്നു.

ഞാൻ പ്രണയപരവശനായി. ഇരുട്ടും മഴയും എന്നോട് പറഞ്ഞത് സംഗമിക്കാനായിരുന്നു. ഇൻബോക്സിന്റെ നാല് കട്ടിപ്പുതപ്പുകൾക്കുള്ളിലിരുന്ന് ഞാൻ അവളോട് എനിക്ക് ചൂട് പകരാൻ പറഞ്ഞു.

ഞാനൊരുക്കിയ നീലയും വെളുപ്പും ഇടകലർന്ന എന്റെ കിടക്കവിരിയിൽ അവളുടെ ഉടൽ വിരിഞ്ഞു.

ഞാൻ രതിമൂർച്ഛയിലാണ്ടു.

കാലം എന്നോട് പറഞ്ഞത് മറക്കാനായിരുന്നു.

ഞാനവളോട് ഇനി പിരിയാമെന്ന് പറഞ്ഞു, സുഹൃത്തുക്കളാകാമെന്ന് പറഞ്ഞു. ഇൻബോക്സ് ഗുഡ്ബൈ സ്റ്റിക്കറുകളാൽ നിറച്ചു...

അവൾ കരഞ്ഞു തളർന്ന മഞ്ഞ മുഖങ്ങൾ എനിക്ക് പകരം തന്നു.

* * * *

കാറ്റും കിളിയും വീണ്ടും എന്നോട് പ്രണയിക്കാൻ പറഞ്ഞു. ഫേയ്സ്ബുക്ക് പ്രണയത്തിന്റെ ചതിക്കുഴിയിൽപ്പെട്ട് ആത്മഹത്യ ചെയ്ത പെൺകുട്ടിയുടെ ചിത്രം ഷെയർ ചെയ്ത സംതൃപ്തിയോടെ ഫ്രണ്ട് ലിസ്റ്റിലെ രണ്ടാമത്തെ പെൺകുട്ടിയോട് എന്റെ പ്രണയം ഞാൻ തുറന്നു പറഞ്ഞു.

With Best Compliments from :

esa

Educational & Scientific Appliances

NEW AGRAHARAM
PUNKUNNU P.O., P.B. NO. 902, THRISSUR - 680 002

Phone : 0487 2382939

e-mail : rr_esa@rediffmail.com

Manufacturers & Dealers in Scientific Apparatus

GST Provisional ID Number
32AAAFE5917A1Z5

പരിസ്ഥിതിയുടെ വർത്തമാനകാലം

നീതു ആന്റണി
S4 ബി.എസ്.സി. ബോട്ടണി

1972 ലാണ് ഐക്യരാഷ്ട്രസംഘടന ആദ്യമായി ജൂൺ 5 പരിസ്ഥിതി ദിനമായി ആഘോഷിച്ചു തുടങ്ങിയത്. ഈ കഴിഞ്ഞ വർഷത്തിന്റെ സന്ദേശം വന്യജീവിതകളുടെ അനധികൃത വ്യാപനത്തിനെതിരേയുള്ള പോരാട്ടം എന്നതാണ്. (To fight against illegal trade in wild lif). രാജ്യാന്തരത്തിൽ 6500 കോടി രൂപയോളമാണ് മൃഗവേട്ടയിലൂടെ മനുഷ്യൻ സമ്പാദിച്ചുകൂട്ടുന്നത്. അതിനാൽതന്നെ ഈ സന്ദേശം വളരെയേറെ പ്രാധാന്യം അർഹിക്കുന്നു.

പ്രകൃതിയെ ആരാധിച്ചുപോരുന്ന ഒരു സംസ്കാരമായിരുന്നു ഭാരതീയർക്ക് സ്വന്തമായിട്ടുണ്ടായിരുന്നത്.

"യത്തേ ഭൂമേ വിഖനാമി
ക്ഷിപ്രം തദപ രോഹിതു
മാതേ മർമ്മ മിമശ്വരി
മാതേ ഹൃദയമർപ്പിപ്പം" - അഥർവവേദം

(അല്ലയോ ഭൂമി, കിളച്ചും കുഴിച്ചും നിന്നിൽനിന്നെടുത്തതെല്ലാം വേഗംതന്നെ തഴച്ചു വളരട്ടെ. ഞാൻ നിന്റെ മർമ്മത്തെ പിളർക്കാതിരിക്കട്ടെ, എന്ന് വേദങ്ങളിൽപോലും പരാമർശിക്കുന്നു. എന്നാൽ ഇന്നത്തെ യന്ത്രവത്കൃത ലോകത്ത് മനുഷ്യൻ പെറ്റമ്മയെ കൊല്ലുന്നതുപോലെ ഭൂമിയേയും നശിപ്പിക്കുന്നു. പ്രകൃതിയിൽ നിന്നെടുക്കുന്നത് പ്രകൃതിക്കുതന്നെ തിരിച്ചുനൽകണം എന്നതാണ് പ്രകൃതിനിയമം. അല്ലെങ്കിൽ പ്രകൃതി നമ്മോട് പ്രതികാരം ചെയ്യും. പ്രകൃതിയും മനുഷ്യരും പരസ്പരപൂരകങ്ങളാണ്. പ്രകൃതിയുടെ സന്തുലിതാവസ്ഥ നിലനിൽക്കണമെങ്കിൽ പരസ്പരാശ്രിതത്വം ആവശ്യമാണ്. കേരളത്തിന്റെ കാര്യം തന്നെയെടുക്കാം. വളരെ നല്ല കാലാവസ്ഥ ചാക്രികതയായിരുന്നു കേരളത്തിനുണ്ടായിരുന്നത്. കുംഭം, മീനം, മേടം മാസങ്ങളിൽ കത്തിജ്വലിക്കുന്ന സൂര്യൻ, കർക്കിടകം, തുലാം മാസങ്ങളിലെ മഴ, ധനുമാസത്തിലെ കുളിർ എന്നാൽ മനുഷ്യന്റെ നീചകൃത്യങ്ങൾവഴി കാലാവസ്ഥ പ്രവചനാതീതമായിരിക്കുന്നു. പണ്ട് പത്രങ്ങളിൽ പ്രത്യക്ഷപ്പെട്ടിരുന്നത് രാജസ്ഥാനി സ്ത്രീകൾ മൺപാത്രങ്ങൾ ഏന്തി നിൽക്കുന്നതായിരുന്നെങ്കിൽ ഇന്ന് അത് കേരളത്തിന്റെയും സ്ഥിരം കാഴ്ചയായി മാറി. മഹാരാഷ്ട്രയിലെ ലാത്തൂർ, സീഡ് ജില്ലകളിലെ വരൾച്ച നമുക്കൊരു ചൂണ്ടുപലകയാണ്.

ഉത്തരാധുനികതയുടെ കാർഷികദർശനം

യന്ത്രവത്കരണത്തിന്റെ കുഴുത്തറപ്പൻ മത്സരങ്ങൾ കർഷകരുടെ ചോരയും നീരും ഊറ്റിയെടുത്തപ്പോൾ അവർ വെറും ജീവച്ഛവങ്ങളായി. കൃഷിയെന്നത് വേതനത്തിനുള്ള ഒരു തൊഴിൽ മാത്രമായി മാറി. രണ്ടാം കാർഷിക വിപ്ലവത്തിന് ജി.എം. വിത്തുകൾ (ജനിതക വിത്തുകൾ) പരീക്ഷണശാലകളിൽ ഒരുങ്ങിക്കൊണ്ടിരിക്കുന്നു. ബയോടെക് കർഷകനെയാണ് ഇന്നത്തെ ലോകത്തിനാവശ്യം. ഇന്നത്തെ പുരോഗമനവാദികൾ മനുഷ്യരെ മാത്രം ലക്ഷ്യംവെയ്ക്കുന്നു. വ്യക്തിശുചിത്വത്തിൽ ശ്രദ്ധാലുക്കളെങ്കിലും പരിസരശുചിത്വത്തിൽ അവർ നിസംഗരായിത്തീരുന്നു.



"മഴപെയ്തുവീണ പുതുമണ്ണിന്റെ ഗന്ധമറിയാത്ത തലമുറകളാണ് വളർന്നുവന്നത്". വർഷബിന്ദുക്കളേറ്റുവാങ്ങി കുടിനീരമൃതം ചോരുന്ന മണ്ണിനെ വർണാഭമായ ഇഷ്ടികകൾ വിരിച്ച് മുറ്റത്തുനിന്നും നാം ഒഴുക്കിക്കളയുന്നു. ഭൂമിയിൽ എല്ലായിടത്തും ദൈവാത്മാവിന്റെ സാന്നിധ്യമുണ്ടെന്നാണ് ഉപനിഷത്തുക്കളുടെ സാരാംശം. എന്നാൽ തന്നിലെ ദൈവീകത മനസ്സിലാക്കാൻ കഴിയാത്ത നമുക്ക് എങ്ങനെയാണ് മറ്റുള്ളവയിൽ ദൈവികത കാണാൻ കഴിയുക? പണത്തിന്റെ പിൻബലത്തോടെ മാനുഷികതയ്ക്കും സ്വാഭാവികതയ്ക്കും വിപരീതമായവ ഉയർന്നുവരുമ്പോൾ അത് നമ്മെത്തന്നെയാണ് പ്രതികൂലമായി ബാധിക്കുന്നത്. പ്രകൃതിയിൽനിന്ന് ചോർത്തിയെടുത്ത് തിരിച്ച് പ്രകൃതിക്കുതന്നെ നൽകാതെ ബോധപൂർവ്വം പുന:സ്ഥാപനം മറന്നുകൊണ്ട് മനുഷ്യർ ഇന്നും ജീവിച്ചുകൊണ്ടേയിരിക്കുന്നു.

പ്രകൃതിക്ക് ഒരു നിയമമുണ്ട്. പ്രകൃതിയുടെ നിയമനുസരിച്ച് മുന്നോട്ടുപോയാലേ ഈശ്വരനിച്ഛിക്കുന്ന രീതിയിൽ പ്രകൃതിക്ക് നിലനിൽപ്പുള്ളൂ. പ്രകൃതിയുടെ നിയമം കാടിന്റെ നിയമമാണ്. കാനനത്തിലേക്ക് മടങ്ങുക എന്നത് ഒരു ഒളിച്ചോട്ടമല്ല. പല മഹത്തരമായ ആശയങ്ങളും ഉടലെടുക്കുന്നത് കാനനത്തിൽനിന്നാണ്. രത്നാകരൻ വാല്മീകി ആയത്, മഹർഷി മാ:നിഷാദ പാടിയത്, രാമ-ലക്ഷ്മണന്മാർ, ശ്രീബുദ്ധൻ ഇവർക്കെല്ലാം മഹത്തരമായ പരിവർത്തനത്തിന് പ്രകൃതിവേദിയായി മാറി. പണത്തിന്റെ ചുരൽ വടിയേന്തി നിൽക്കുന്ന മനുഷ്യന് പ്രകൃതിസൗന്ദര്യത്തിന്റെ മഴവില്ല് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. മനുഷ്യന് പ്രകൃതിയോടുള്ള സമീപനം എന്താണെന്ന് ഈയിടെ വന്ന ദിനപത്രത്തിലെ വാർത്ത പുണ്ടിക്കാട്ടുന്നു.

"2000 വൃക്ഷങ്ങൾ വെട്ടിമുറിക്കുന്നു". കാർഷിക സർവകലാശാലകളാണ് ഇതിന് നേതൃത്വം നൽകുന്നത്. സംരക്ഷണം നൽകേണ്ടവർതന്നെ അവയെ പിഴുതെറിയാൻ ശ്രമിക്കുകയാണ് ചെയ്യുന്നത്. കണ്ടൽ പാർക്ക് നിർമ്മാണത്തിന്റെ പേരിൽ കണ്ടൽക്കാടുകൾ, ഇക്കോ ടൂറിസത്തിന്റെ പേരിൽ വനമേഖലകൾ, വികസനത്തിന്റെ പേരിൽ മണൽവാരൽ ഇതെല്ലാം മനുഷ്യന്റെ കടന്നുകയറ്റംതന്നെ. നിരക്ഷരതയാണോ ഇവിടെ പ്രശ്നം? അല്ല; കീഴടക്കലാണ്.

എല്ലാത്തിനും പാശ്ചാത്യരാജ്യങ്ങളെ മാതൃകയാക്കുന്ന നമ്മൾ മാലിന്യ സംസ്കരണത്തിനും കൃഷി രീതികൾക്കും അവരെ ശ്രദ്ധിക്കുന്നില്ല. ഒന്ന് മറ്റൊന്നിന് വളമാകും എന്നു പറയുന്നതുപോലെ മാലിന്യ നിർമാർജ്ജനം ഇന്ധനലഭ്യതക്കുറവിനെ തരിതപ്പെടുത്തുന്നു (ബയോഗ്യാസ്). വികസന രാജ്യങ്ങളിൽ കണ്ടുവരുന്ന ഇൻഡോർ ഫാമിങ്ങ്, വിൻഡോ സൈഡ് ഫാമിങ്ങ്, വെർട്ടിക്കൽ ഫാമിങ്ങ് എല്ലാം നമുക്കും മാതൃകയാക്കാൻ സാധിക്കും. കൃഷിയെന്നത് 'കർഷകൻ' എന്ന ഒരു വിഭാഗത്തിന്റെ മാത്രം അവകാശമാണെന്ന മിഥ്യാധാരണ മാറ്റി 'കുടുംബകൃഷി' ഒരു കുടുംബത്തിലെ ഓരോ അംഗങ്ങളും കൃഷി ചെയ്തു തുടങ്ങിയാൽ നമ്മുടെ നാടിന്റെ ഹരിതാഭ നമുക്കു നിലനിർത്താൻ സാധിക്കും. മനുഷ്യന്റെ പരിണാമത്തിൽ ഏറ്റവും പ്രമുഖമായ സ്ഥാനം പിടിച്ച കൃഷിയെ എന്തിനാണ് നാം വെറുക്കുന്നത്.

വേഗതയുടെ ഈ ലോകത്ത് സമയമില്ലെന്ന് പറയുന്നവർക്ക് ഏറ്റവും നല്ല മാതൃകയാണ് കലക്ടർ മി. രതീശൻ സാറിന്റെ കൃഷിരീതികൾ. സ്ഥലംമാറിപ്പോകുന്ന എല്ലായിടത്തും കൃഷിയും കൊണ്ടുപോകാൻ അദ്ദേഹം ശ്രദ്ധിക്കുന്നു. വിഷവായു സ്വീകരിച്ച് പ്രാണവായു തരുന്ന വൃക്ഷങ്ങളെ എന്തിനാണ് നാം വെട്ടിനശിപ്പിക്കുന്നത്. വേദനസംഹാരികൾ നൽകാതെ മനുഷ്യശരീര ഭാഗങ്ങൾ വെട്ടിമുറിക്കുന്ന ഒരു വാർത്തയോ മറ്റോ കണ്ടാൽ എത്ര മൃഗീയം എന്നു നാം പറയും. എന്നാൽ അതുതന്നെയല്ലേ വന്യമൃഗങ്ങളുടെയും സസ്യങ്ങളുടെയും കാര്യത്തിൽ നാം ചെയ്യുന്നത്. പണ്ട് ഒരു മരത്തിന് കോടാലിവെക്കുന്നതിനു മുമ്പ് അവിടെ വാസമുറപ്പിച്ചിരിക്കുന്ന ജീവജാലങ്ങളോടെല്ലാം മാപ്പപേക്ഷിച്ചാണ് നാം മരം മുറിച്ചിരുന്നത്. "ഒരു മരം മുറിക്കുമ്പോൾ മറ്റൊന്ന് നടുക" എന്നതാണ് പണ്ടത്തെ രീതി. ജൂൺ 5 ഒരു വികാരപ്രകടനത്തിന്റെ, ഒരു ആഘോഷത്തിന്റെ ഭാഗം മാത്രമായി അവശേഷിക്കുന്നു. അടുത്ത സേവനവാരത്തിൽ നാംതന്നെ അത് പിഴുതെറിയുകയും ചെയ്യുന്നു. ചെന്നൈയിലുണ്ടായ പ്രളയം, കണ്ടൽക്കാടുകളുടെ പ്രശ്നങ്ങൾ തുടങ്ങിയവയെല്ലാം മനുഷ്യർ പ്രകൃതിയോടു ചെയ്ത ക്രൂരതകളുടെ പരിണിതഫലങ്ങൾതന്നെയാണ്. മരങ്ങൾ എന്നത് ജീവകങ്ങളുടെ കലവറയാണ്. ഒപ്പം ഔഷധങ്ങളുടെ നിലവറകൂടിയാണ്. പ്രകൃതിയിൽതന്നെ കള നശീകരണത്തിനും, കീടനിയന്ത്രണത്തിനും, പോഷകവർധനയ്ക്കുമുള്ള മാർഗ്ഗങ്ങളുണ്ട്. എന്നാൽ ഇന്ന് മനുഷ്യന് അതിനെയെല്ലാം തങ്ങളുടെ നിയന്ത്രണത്തിലേക്ക് മാറ്റുകയാണ് ലക്ഷ്യം. അതുവഴി സന്തുലിതമായ പ്രകൃതിയുടെ താളത്തിനും ഒപ്പം മനുഷ്യജീവിതതാളത്തിനും കോട്ടം സംഭവിക്കുന്നു. "കാടിന്റെ സംസ്കാരം ഭാരതീയ സംസ്കാരത്തിനെ സ്വാധീനിക്കുന്നു" എന്ന് ടാഗോർ പറയുന്നു. വെള്ളം വില കൊടുത്തു വാങ്ങുക എന്നത് 44 നദികൾ ഒഴുകിക്കൊണ്ടിരുന്ന കേരളത്തിന് കുറച്ചു നൂറ്റാണ്ടുകൾവരെ ഒരു വിരോധാഭാസമായി തോന്നിയിരുന്നു. എന്നാൽ ഇന്ന് നോക്കുക; ചുറ്റുമുള്ള കടകളിൽ എത്രത്തോളം വെള്ളക്കുപ്പികൾ നിറഞ്ഞിരിക്കുന്നു.

കൃഷിയെ, പ്രകൃതിയെ നാം വളരുന്നതിനൊപ്പം തന്നെ വളർത്തുവാൻ പ്രത്യേകം ശ്രദ്ധിക്കണം. സൂര്യതാപം, നിർജ്ജലീകരണം തുടങ്ങിയവ വരുംവർഷങ്ങളിൽ കൂടിക്കൊണ്ടേയിരിക്കും. പ്രശസ്ത പാശ്ചാത്യ എഴുത്തുകാരനായ ആന്ദ്രോഗോർക്ക് അദ്ദേഹത്തിന്റെ "Ecology and Politics" എന്ന കൃതിയിൽ പറയുന്നുണ്ട്. "മുതലാളിത്തത്തെ വലിച്ചെറിഞ്ഞ് വ്യക്തിയും സമൂഹവും പ്രകൃതിയും മനുഷ്യരും എന്ന തിരിച്ചറിവാണ് ഉണ്ടാവേണ്ടത്". ഈ ലോകത്തിന്റെ ശാസ്ത്രം ഇക്കോളജിയാണ്. പ്രകൃതിയിലെ ജൈവ, അജൈവ വസ്തുക്കളെ പരസ്പരം ബന്ധിപ്പിച്ചുകൊണ്ട് മുന്നോട്ടു സഞ്ചരിക്കുക. വികസനത്തിന്റെ പേരിൽ പ്രകൃതിയെ ഇഞ്ചിഞ്ചായി കൊല്ലുകയല്ല വേണ്ടത്, മറിച്ച് സുസ്ഥിരമായ ഒരു വികസനത്തെയാണ് പ്രോത്സാഹിപ്പിക്കേണ്ടത്. വൈവിധ്യമാണ് പ്രകൃതിയിൽ കാണാൻ കഴിയുക. അതിനാൽ ഏകവിളകൃഷിയെ പ്രോത്സാഹിപ്പിക്കാതെ വ്യത്യസ്ത രീതിയിലുള്ള മരങ്ങൾ വെച്ചുപിടിപ്പിക്കാൻ നാം ശ്രദ്ധിക്കണം. കടകളിലേക്കു പോകുമ്പോൾ വീട്ടിൽനിന്നു സഞ്ചി കൈപിടിക്കുക. പ്ലാസ്റ്റിക് കവറുകളുടെ എണ്ണം കുറയ്ക്കാൻ അത് ഉപകരിക്കും. നമ്മുടെ ഭാഗമായ പ്രകൃതിയെ അന്യയായി കാണാതിരിക്കാൻ ശ്രമിക്കണം. വസുധൈവ കുടുംബകം എന്നത് ഒരു പൗരാണിക ദർശനമാണ്. ലോകമേ തറവാട്. അതിനാൽതന്നെ പ്രകൃതിയിലെ ഓരോന്നും നമ്മുടെ സഹോദരി സഹോദരന്മാരാണ്. സാഹിത്യകാരന്മാർ ഇന്നത്തെ നമ്മുടെ അവസ്ഥയെപ്പറ്റി പണ്ടേ പറഞ്ഞിട്ടുണ്ട്.

എല്ലാവർക്കും അറിയാവുന്ന, എന്നാൽ പാലിക്കാൻ ശ്രമിക്കാത്ത അനേകം നിയമങ്ങളാൽ ബന്ധിതമാണ് ഈ ലോകം. പ്രകൃതിയുടെ നാശം പ്രകൃതിതന്നെ പല രൂപങ്ങളിൽ വിളിച്ചറിയിക്കുമ്പോൾ മനുഷ്യർ അതിനെതിരേ മുഖം തിരിക്കുന്നു. മനുഷ്യൻ ബുദ്ധിജീവികളോ? വിവേകശൂന്യരോ? പ്രകൃതിയെ സംരക്ഷിക്കുന്നതിന്റെ തുടക്കം ചിപ്പ്കോ പ്രസ്ഥാനത്തിലൂടെയാണ്. സ്വന്തം അമ്മയെപ്പോലെ, ഈശ്വരതുല്യം സ്നേഹിക്കുന്ന വൃക്ഷങ്ങളെ ആലിംഗനം ചെയ്തുകൊണ്ട്, അവ വെട്ടിമാറ്റുന്നതിനെ അവർ എതിർക്കുന്നു. വിദ്യാഭ്യാസ പാഠ്യപദ്ധതിയിലും മറ്റും വൃക്ഷ പരിപാലനത്തിനുതകുന്ന മാർഗ്ഗങ്ങൾ കൊണ്ടുവരേണ്ടിയിരിക്കുന്നു. നാമെല്ലാം പലതിന്റെ പേരിൽ സർക്കാരിന് നികുതി അടയ്ക്കുന്നവരാണ്. നിയമലംഘനത്തിലൂടെ പിഴയും അടയ്ക്കുന്നു. ഹരിതഭൂമി സ്വന്തമാക്കുന്നതിന് സ്വന്തമായി അടുക്കളത്തോട്ടമോ, മറ്റോ ഒരു വീട്ടിൽ നിർബന്ധമായും വേണം എന്നത് ഇത്തരത്തിൽ നിയമബന്ധിതമായാൽ ഒരു പക്ഷേ അത് പ്രകൃതിക്കുതന്നെ ഒരു മുതൽക്കൂട്ടായേക്കും. പ്രകൃതിവിഭവങ്ങളുടെ അനിയന്ത്രിതമായ വേട്ടയാടൽ നമ്മുടെ കാൽക്കീഴിൽനിന്ന് മണ്ണ് ഒലിച്ചുപോകുന്നതിനു തുല്യം എന്നത് അറിഞ്ഞിട്ടും അറിയാത്തതായി നടിക്കുന്ന സത്യം.

അവസാനമായി ഒന്നു പറയട്ടെ,

"എല്ലാ മരങ്ങളും
മുറിച്ചു കഴിയുമ്പോൾ
എല്ലാ മൃഗങ്ങളേയും
വേട്ടയാടിക്കഴിയുമ്പോൾ
മുഴുവൻ വെള്ളവും
മലിനമാക്കി കഴിയുമ്പോൾ
വായു ശ്വസിക്കാനാവാത്തതായി കഴിയുമ്പോൾ
അപ്പോൾ മാത്രം,
നിങ്ങൾക്കു മനസ്സിലാകും
പണം തിന്ന് ജീവിക്കാനാവില്ലെന്ന്"

(ജി. നിർമ്മല)



ഒന്നോർക്കാൻ

കൃഷ്ണപ്രിയ പി. സി.
S6 ബി.എ. ഇംഗ്ലീഷ് ലിറ്ററേച്ചർ

അവളുടെ മിഴികളിൽ വിഷാദം തളം കെട്ടി. പശ്ചാത്താപംകൊണ്ട് അവളുടെ ഹൃദയം തകർന്നിരുന്നു. എന്തു ചെയ്യണമെന്നറിയാതെ നേഹ തളർന്നു. മനസ്സിലെ അമർഷം അടക്കാനാവാതെ തന്റെ മൊബൈൽ നിലത്തെറിഞ്ഞു. അതുവരെ പകർത്തിയ ചിത്രങ്ങളും കാഴ്ചകളും ഒരു നിമിഷംകൊണ്ട് ഇല്ലാതായി. തന്റെ ജീവിതത്തിലെ ഒഴിച്ചു കൂടാനാവാത്ത ഒന്നായി അവൾ മൊബൈലിനെ കണ്ടു, സ്നേഹിച്ചു. കണ്ടതും കേട്ടതുമെല്ലാം പകർത്തി. അത് അവളുടെ ജീവിതത്തിന്റെ ഒരു ഭാഗമായിമാറി. നാട്ടിലേക്കു തിരികെ എത്തുമ്പോൾ അവളുടെ ഉള്ളിൽ ഒരു ലക്ഷ്യമുണ്ടായിരുന്നു. തന്റെ കളിക്കൂട്ടുകാരിയെ കണ്ടെത്തുക, തന്റെ വിവാഹത്തിനു ക്ഷണിക്കുക, എത്രയോ നാളായി പിരിഞ്ഞ ബന്ധമാണ്. പണ്ട് പേരാമംഗലം സ്കൂളിൽ അവർ ഒരുമിച്ച് 8-ാം ക്ലാസ് വരെ പഠിച്ചു. അന്നു തൊട്ട് ഇണപിരിയാത്ത കൂട്ടുകാരാണ് നേഹയും അനുവും. നേഹയ്ക്ക് അച്ഛന്റെ ജോലി സംബന്ധമായി ബോംബെയിലേക്കു പോകേണ്ടിവന്നു. അന്ന് അനു അവൾക്കൊരു മൗത്ത് ഓർഗൺ നൽകിയിരുന്നു. നേഹ ഇന്നും അതു നിധിപോലെ സൂക്ഷിക്കുന്നു. പിന്നീട് തമ്മിലുള്ള സൗഹൃദം പതുക്കെ നഷ്ടപ്പെട്ടു. നേഹക്കെല്ലാം പിന്നെ മൊബൈലായി അനുവും നേഹയും അച്ഛനമ്മമാരുടെ ഒറ്റ പുത്രികളായിരുന്നു. എന്നാൽ ആ സുഹൃത്തുക്കൾ പിരിഞ്ഞ് 11 വർഷം കഴിഞ്ഞ് നേഹ അനുവിനെ കാണാൻ പോകാൻ മനസിലുറപ്പിച്ചു. പഴയ അഡ്രസ്സ് ഓർത്തെടുത്ത് അവൾ കാറെടുത്തു യാത്രയായി. വഴിയിലൊരു ബ്ലോക്ക്, ഏതോ ആക്സിഡന്റായിരുന്നു.

നേഹ പതുക്കെ കാറിൽ നിന്നിറങ്ങി ആളുകളെ തള്ളിമാറ്റി. പച്ചയും വെള്ളയും ചുരിദാർ ധരിച്ച ഒരു പെൺകുട്ടി. ചോരയിൽ കുതിർന്ന് അവളുടെ വസ്ത്രങ്ങൾ ചുവപ്പായിരിക്കുന്നു. അവളോടുചേർന്ന് തരിപ്പണമായ ഒരു സ്കൂട്ടിയുമുണ്ട്. ആളുകളാരും തന്നെ രക്ഷിക്കാൻ ശ്രമിക്കുന്നില്ല. കേസും കോടതിയും ഓർത്താണോ എന്നറിയില്ല. എന്നാൽ കാണികൾ ഫോട്ടോ എടുത്തുകൊണ്ടിരിക്കുന്നു. നേഹയും തന്റെ ഫോണെടുത്തു നാലഞ്ചു ചിത്രങ്ങൾ പകർത്തി ഉടനെ എഫ്.ബിയിലും വാട്സാപ്പിലും ഇട്ടു. ബ്ലോക്കായതിനാൽ യാത്രമുടങ്ങി നേഹ വീട്ടിലെത്തി. പിറ്റേന്ന് യാത്ര തിരിച്ചു അഡ്രസ്സ് തപ്പിത്തിരഞ്ഞു കണ്ടെത്തി. ആ വീട്ടിലെത്തിയപ്പോൾ ആകെ ഒരു ജനക്കൂട്ടം. ആരുടെയോ കരച്ചിൽ ഉയർന്നു കേൾക്കാം. എല്ലാവരുടെയും മുഖത്ത് വിഷാദം. അവൾ അകത്തേക്ക് ഒത്തിരി നെഞ്ചിടിപ്പോടെ കയറി നേഹയ്ക്കാ കരച്ചിൽ കേൾക്കാം. "മോളെ അനു അമ്മേനെ ഇട്ടേച്ചുപോയല്ലോടി എന്റെ പൊന്നുമോളെ..."

നേഹയുടെ ഹൃദയം നുറുങ്ങി. അവൾ ആ മൃതദേഹത്തിനടുത്തെത്തി ആ മുഖത്തേക്ക് നോക്കി താൻ ആശിച്ചു കാണാൻ വന്ന സുഹൃത്തിനെ ഒന്നു നോക്കി അവൾ നടുങ്ങി. ഇന്നലെ താൻ കണ്ട ആ ചോരയിൽ കുതിർന്ന മുഖം. ധൃതിയിൽ ഫോണിൽ പകർത്തിയ മുഖം. തന്റെ എല്ലാ ബോധവും നഷ്ടമാവുന്നതുപോലെ നേഹയ്ക്കു തോന്നി. എങ്ങനെയാണ് വീട്ടിൽ എത്തിയതെന്നറിയില്ല. ഒന്നു ശ്രമിച്ചിരുന്നെങ്കിൽ അവളെ രക്ഷിക്കാമായിരുന്നു അതിനു പകരം അത് മൊബൈലിൽ പകർത്തിയ തന്നെതന്നെ അവൾ വെറുത്തു. ഇപ്പോൾ അവൾ തകർത്തത് ആ മൊബൈൽ മാത്രമല്ല തന്റെയൊരു ദുശ്ശീലവുമാണ്. മഴ തകർത്തു പെയ്യുകയാണ്. ആരോടോ ഉള്ള അരിശംപോലെ. ആ മഴയിൽ അവൾ സ്വയം മറന്നു. ഒപ്പമൊരു തീരുമാനവുമെടുത്തു. അനുവിന്റെ സ്ഥാനത്ത് ആ കുടുംബത്തിന് താങ്ങും തണലുമായി നിൽക്കും. ഒരു തണുത്ത കാറ്റ് അവളെ വലയം ചെയ്തു അത് അനുവാണെന്നവൾക്കുതോന്നി. ●

നീതു ആന്റണി
S4 ബി.എസ്.സി. ബോട്ടണി

സിനിമയും ധാർമ്മികതയും

ജനകീയ മാധ്യമമെന്ന നിലയിൽ സിനിമയ്ക്ക് സമൂഹത്തിൽ വമ്പിച്ച സ്വാധീനമാണ് ചെലുത്താൻ കഴിയുന്നത്. ദൃശ്യമാധ്യമങ്ങളുടെ കേന്ദ്രബിന്ദു ചലച്ചിത്രംതന്നെ. വസ്തുതകൾ ആയാസരഹിതമായും ചടുലമായും പ്രേക്ഷകരിലെത്തിക്കാൻ ചലച്ചിത്രത്തിനു കഴിയുന്നു. സാഹിത്യംപോലെയല്ല വിദ്യാസമ്പന്നർക്കും നിരക്ഷരർക്കും ഒരുപോലെ മനസ്സിലാക്കാം എന്നതിലാണ് സിനിമയുടെ പ്രസക്തി. പല ദൃശ്യമാധ്യമങ്ങളുടെയും സംഗമമാണ് ഇവിടെ നടക്കുന്നത്.

മാധ്യമങ്ങൾക്ക് പ്രധാനമായും മൂന്നു ധർമ്മങ്ങളാണുള്ളത്. വിജ്ഞാനം, വിദ്യാഭ്യാസം, വിനോദം. മാധ്യമെന്ന നിലയിൽ ചലച്ചിത്രത്തിന്റെ പ്രവർത്തനവും ബഹുമുഖമാണ്. വ്യത്യസ്തങ്ങളായ വിഷയങ്ങളെ വളരെ ലളിതമായിതന്നെ ജനങ്ങളോടടുപ്പിക്കുക എന്നത് സിനിമയെ സംബന്ധിച്ചിടത്തോളം ലഘുസാധ്യമാണ്. ചലച്ചിത്രം എന്ന കലാരൂപത്തിനും പൊതുവെ മൂന്നു ധർമ്മങ്ങളുണ്ട്.

1. കലാജന്യമായ അനുഭൂതി ഉളവാക്കുക.
2. കേവലം ഒരു വിനോദോപാധിയായി മാറുക
3. പ്രബോധനാംശം ഉൾക്കൊള്ളുക.

എന്നാൽ പലപ്പോഴും ചിത്രങ്ങളിൽ ഇവ ഏറിയും കുറഞ്ഞുമിരിക്കും. മറ്റൊരു തരത്തിൽ പറഞ്ഞാൽ പ്രേക്ഷകസമൂഹത്തിന് ഇവ തുല്യ അളവിൽ ഉൾക്കൊള്ളുവാൻ സാധിക്കാതെ വരുന്നു.

കാലഘട്ടങ്ങൾക്കനുസൃതം സിനിമയിൽ ചർച്ചചെയ്യുന്ന പ്രമേയങ്ങളും മാറിവരുന്നു. വ്യത്യസ്ത വിഷയങ്ങളെന്നപോലെ ഇതിന്റെയെല്ലാം ആസ്വാദനവൃന്ദവും വ്യത്യസ്തമാണ്. ഇന്നത്തെ സിനിമകൾ പ്രേക്ഷകർക്കൊപ്പമാണ് സഞ്ചരിച്ചുകൊണ്ടിരിക്കുന്നത്. പ്രശസ്ത ഇറ്റാലിയൻ ചിത്രകാരനായ ഫെല്ലിനി പറയുന്നു: "തനിക്കുവേണ്ടത് പ്രേക്ഷകൻ കലാകാരനോട് ആവശ്യപ്പെടുകയല്ല; മറിച്ച് താൻ നൽകുന്നത് സ്വീകരിക്കാൻ പ്രേക്ഷകനെ നിർബന്ധിക്കുകയാണ് വേണ്ടത്". എന്നാൽ ഇന്ന് അക്രമം, ലൈംഗികത, മദ്യം, ഹാസ്യം തുടങ്ങി ജനമനസ്സുകളെ വശീകരിക്കുന്ന ഘടകങ്ങൾ പരമാവധി ഉപയോഗിക്കാൻ ചലച്ചിത്ര നിർമ്മാതാക്കൾ വ്യഗ്രത കാട്ടുന്നു. ചലച്ചിത്രത്തെ വ്യവസായവത്കരിക്കുമ്പോൾ അതിനെ പിന്നണിക്കാർ ഈ ഒരവസ്ഥയെ ശരിക്കും മുതലെടുക്കുന്നു. ഇന്നത്തെ സിനിമകൾ 'സ്യൂ ജനറേഷൻ സിനിമ' എന്ന മേൽവിലാസത്തിലാണറിയപ്പെടുന്നത്. മാനുഷിക മൂല്യങ്ങൾ നഷ്ടപ്പെട്ട ഈ തലമുറക്കാരെപ്പോലെ തന്നെയാണ് ഈ സിനിമകളും. കുമ്പസാരം ഉള്ളതുകൊണ്ട് പാപം ചെയ്യാം എന്നു പറയുംപോലെ തിരശ്ശീലയിൽ മദ്യപിക്കുന്ന രംഗം അവതരിപ്പിക്കുമ്പോൾ അടിക്കുറിപ്പുപോലെ ആർക്കും വ്യക്തമല്ലാത്ത രീതിയിൽ 'മദ്യപാനം ആരോഗ്യത്തിനു ഹാനികരം' എന്നെഴുതി അവർ ചിത്രീകരണം തുടർന്നുകൊണ്ടേയിരിക്കുന്നു.

ചലച്ചിത്രം സാങ്കേതികവിദ്യയുടെ സന്തതിയാണ്. ചിത്രത്തിന്റെ മുലരൂപംതന്നെ സാങ്കേതിക വിദ്യയിലൂടെയാണ് ഉരുത്തിരിയുന്നത്. അങ്ങനെ വരുമ്പോൾ തിരശ്ശീലയിൽ കഥാനായകൻ അമാനുഷികമായ ജീവിതം ആടിത്തീർക്കുന്നു. ബുദ്ധിശൂന്യത നമ്മൾ അവർക്ക് ദിവ്യപരിവേഷം നൽകുന്നു. അങ്ങനെ അവരെ ഈശ്വരതുല്യം ആരാധിക്കുന്നു. നിത്യജീവിതവുമായി അവർ കൂട്ടിക്കൊളുത്തപ്പെടുന്നു. പ്രേക്ഷകർ കഥാനായകന്റെ വിജയോത്സവങ്ങളിൽ പങ്കാളിയായി അത് തന്റെതന്നെ വിജയമായി കാണുന്നു. അതുകൊണ്ട് ഇന്ന് യാഥാർത്ഥ്യത്തേക്കാൾ സ്വപ്നസന്നിഭമായ ഒരു ജീവിതമാണ് യുവത്വം ലക്ഷ്യംവെക്കുന്നത്. 'എല്ലാം അനു

കരിക്കുക' എന്നതാണ് ഇന്നത്തെ യുവത്വത്തിന്റെ നിയമം. ചലച്ചിത്രങ്ങൾ യുവത്വത്തെ വല്ലാതെ സ്വാധീനിക്കുന്നു. ധാർമ്മികബോധവും സാമൂഹികാവബോധവും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. വിദ്യാഭ്യാസം ഏറിയെങ്കിലും വിവേചനശക്തി കൈമോശം വന്നിരിക്കുന്നു.

ഇത്തരത്തിലുള്ള വികലമായ ഒരാസ്വാദന ബോധത്തെ വളർത്തിയെടുക്കാനാണ് ഇന്നത്തെ കമ്പോള സിനിമകൾ ശ്രമിക്കുന്നത്. ഏറെ ചർച്ചചെയ്യപ്പെട്ട ഒരു സിനിമയായിരുന്നു 'പ്രേമം'. കാര്യമായ കഥാതന്തു ഇല്ലെങ്കിൽകൂടി ആ സിനിമ വൻ വിജയമായിരുന്നു. എന്നാൽ ഇതിനെ തുടർന്ന് അനേകം സംഭവങ്ങൾ പല വിദ്യാഭ്യാസ സ്ഥാപനങ്ങളിലും അരങ്ങേറി. കഥാനായകന്റെ വീരപ്രകടനങ്ങളും വേഷപ്പകർച്ചയും ശരിക്കും യുവാക്കളെ കീഴടക്കി. എന്നാൽ സത്യത്തിൽ അഭിനേതാക്കൾ വില്പനവസ്തുക്കൾ മാത്രമാണ്. കമ്പോളത്തിൽ സിനിമയുടെ നിലവാരം ഉയർത്താനുള്ള വെറുമൊരുപാധി. ചലച്ചിത്രത്തിന്റെ യഥാർത്ഥ പ്രേഷകൻ സംവിധായകൻ മാത്രമാണ്. അദ്ദേഹത്തിന്റെ നിർദ്ദേശങ്ങൾക്കനുസൃതം പ്രവർത്തിക്കാനേ അവർക്ക് കഴിയൂ. അതിനൊപ്പം സാങ്കേതികയും കൂടി ചേരുമ്പോൾ അമാനുഷിക ജീവിയായി അവൻ പരിണമിക്കുന്നു.

അര നൂറ്റാണ്ടു കാലത്തോളം മലയാള സിനിമയിൽ തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ച ആളായിരുന്നു മധു. അദ്ദേഹം പറയുകയുണ്ടായി: "കത്തി പോലെയാണ് സിനിമ. പഴം മുറിക്കാനും ഉപയോഗിക്കാം, ആളെ കൊല്ലാനും ഉപയോഗിക്കാം. അതിനെ നാം ഉപയോഗിക്കുന്നതുപോലെയിരിക്കും". ശരിയാണ്. സിനിമയാണ് ഇന്നത്തെ തലമുറയെ വഴിതെറ്റിക്കുന്നത് എന്ന് പറയാനാകില്ല. വിവേചനബുദ്ധിയോടെ നോക്കിക്കാണേണ്ടത് നാം ഓരോരുത്തരുടെയും ഉത്തരവാദിത്തമാണ്. അല്ലെങ്കിൽ അവ നമുക്കുതന്നെ വിനയായി മാറും.

മലയാള സിനിമയ്ക്ക് അനേകം ചരിത്രം പറയാനുണ്ട്. കാലത്തെ അതിജീവിച്ച് ഇന്നും നാം ഓരോരുത്തരുടെയും മനസ്സുകളിൽ ജീവിച്ചിരിക്കുന്ന അനേകം സംവിധായകരുണ്ട്. അവർ സിനിമയ്ക്കുവേണ്ടിയായിരുന്നു ജീവിച്ചിരുന്നത്. എന്നാൽ ഇപ്പോഴത്തെ 'ന്യൂജനറേഷൻ സംവിധായകർ' ജീവിക്കാൻവേണ്ടി, ആർഭാടത്തിനുവേണ്ടി സിനിമ പിടിക്കുന്നു. ഭരതൻ സ്മൃതിവേദിയിൽ പ്രശസ്ത സംവിധായകൻ ലാൽജോസ് പറഞ്ഞതുപോലെ - 'സിനിമകളാണ് സംവിധായകന്റെ സ്മാരകം'. നേരത്തെ സൂചിപ്പിച്ചതുപോലെ സിനിമകളിലൂടെയാണ് ഓരോ സംവിധായകനും അറിയപ്പെടുന്നതും ആദരിക്കപ്പെടുന്നതും. പണ്ട് സിനിമകൾ നാടകത്തിന്റെയോ സാഹിത്യത്തിന്റെയോ പിന്തുടർച്ചയായിരുന്നു. പ്രശസ്തമായ പല നോവലുകളും കഥകളും സിനിമയായി വെള്ളിത്തിരയിൽ എത്തിയിട്ടുണ്ട്.

ഉദാ: ചെമ്മീൻ, ഓടയിൽനിന്ന്, മതിലുകൾ. അതെല്ലാം സാഹിത്യകാരന്റെ ഉള്ളിൽ നിന്നും വരുന്നവയായിരുന്നു. എന്നാൽ ഇന്ന് സിനിമയ്ക്കുവേണ്ടി കഥ എഴുതപ്പെടുകയാണ് ചെയ്യുന്നത്. 'പ്രേക്ഷകർക്ക് ഹരം പകരുക' എന്നതിലുപരി ഒന്നുംതന്നെ ഇന്നത്തെ വാണിജ്യ സിനിമകളിലില്ല.


2014 ലെ സംസ്ഥാന ചലച്ചിത്ര അവാർഡുകൾ വിലയിരുത്തിയ സംസ്ഥാന നിർണയ സമിതിയുടെ ജനറൽ സെക്രട്ടറിയായിരുന്ന ജോൺ പോൾ പറയുകയുണ്ടായി; "സിനിമകളിൽ 75 ശതമാനവും നിലവാരം ഇല്ലാത്തവയായിരുന്നു. മിക്കവാറും അവാർഡുകൾക്ക് അർഹമാകുന്നത് പ്രശസ്ത താരങ്ങളോ മറ്റോ ഉള്ളവയല്ല, മറിച്ച് പച്ചയായ മനുഷ്യജീവിതത്തെ മായം ചേർക്കാതെ അവതരിപ്പിക്കുന്നവയ്ക്കാണ്. അത്തരം ചിത്രങ്ങൾക്ക് നമ്മോട് പറയാൻ എന്തെങ്കിലും സന്ദേശം ഉണ്ടാകും.

ഇന്ന് ചിത്രങ്ങൾ മികച്ചതാവുന്നതും പ്രശസ്തി നേടുന്നതും മുതൽമുടക്കിന്റെ, കോടികളുടെ കണക്കുകൾ വെളിപ്പെടുത്തുന്നതിലൂടെയാണ്. എന്നാൽ ആ സിനിമയുടെ ആയുസ്സോ അടുത്ത വെള്ളിയാഴ്ച മറ്റൊരു സിനിമ ഏറ്റുവാങ്ങിക്കാണും. പ്രേക്ഷക മനസ്സുകളിൽ എക്കാലവും മറക്കാതെ നിലനിൽക്കാൻപോന്ന ചലച്ചിത്രങ്ങൾ ഇന്ന് വളരെ ദുർബലമാണ്. ചലച്ചിത്രത്തെ വാണിജ്യവത്കരിച്ചതിന്റെ പരിണിതഫലമായിട്ടാണ് ഇന്ന് പല തിയ്യറ്ററുകൾക്കും താഴുവീണത്. മനുഷ്യമൂല്യങ്ങൾക്ക് ഒട്ടും വിലയില്ലാത്ത ഈ കാലഘട്ടത്തിൽ ലാഭം മാത്രമാണ് ഓരോ മേഖലകളിൽ പ്രവർത്തിക്കുന്നവരും ലക്ഷ്യംവെക്കുന്നത്.

സിനിമയെ വില്പനവസ്തുവായി കാണാതെ ഒരു കലാരൂപമായി കാണാൻ ശ്രമിക്കണം. ജീവിതബന്ധിയായ വിഷയമായിരിക്കണം സിനിമ. മനുഷ്യനന്മയിൽ വളരാൻ സഹായിക്കുന്ന ഹൃദയസ്പർശിയായ കഥകൾ സിനിമയിലുണ്ടാകണം. എങ്കിലേ അതിന് മനുഷ്യനെ ധാർമ്മികമൂല്യത്തിൽ വളർത്താൻ കഴിയൂ. കേവലം വിനോദമൂല്യം മാത്രം പുലർത്തുന്ന ചിത്രങ്ങളുടെ ആധിക്യം മൂലം ചലച്ചിത്രം തന്റെ ധർമ്മം എന്താണെന്ന് മറന്നുപോകുന്നു.

സത്യത്തിൽ പ്രേക്ഷകന്റെ മാനസിക വ്യഗ്രതയെ തൃപ്തിപ്പെടുത്തുന്നതിനുള്ള ഒരു ഉപാധിയല്ല സിനിമ. ചിന്തയുടെയും അനുഭൂതിയുടെയും ലോകത്തിലൂടെയുള്ള ഒരു തീർത്ഥയാത്രയാണ്. ധാർമ്മികമൂല്യത്തിലധിഷ്ഠിതമായ തലമുറയെ വാർത്തെടുക്കേണ്ടത് ഇന്നത്തെ ലോകത്തിനാവശ്യമാണ്.

മനുഷ്യന് ധാർമ്മികമൂല്യങ്ങൾ സ്വായത്തമാക്കുന്നതിനുള്ള ഒരു പ്രചോദനമായി ഓരോ സിനിമയും മാറട്ടെ എന്ന് നമുക്ക് പ്രത്യാശിക്കാം. ●



VIMAL... ACC.NO. JAAS LIBRARY FOR B.

Babin Joseph Kalathiparambil
Sales Manager
Mob: 8086 42 4444
Email: salesmanager@johnshondacars.in

HONDA



Johns Honda cars

Johns Automotives Pvt. Ltd.
Near Viyyur Church, Shornur Road, Viyyur, Thrissur - 680 010, Kerala
Contact : 0487- 2700700, Website : www.johnshondacars.in

4 HOMES

SILK ALAPAT

മനംമയക്കും
ഡിസൈനുകളുടെ
വൈവിധ്യ
വസ്ത്ര
ശേഖരം

otto · JOCKEY · VSTAR · crusoe men's innerwear · Roshini · MCR · Vismay · LACOSTE

സൂചിർമ്മണം 21:1 : കർണ്ണാവാണ് എന്റെ ഇടയൻ, എനിക്കൊന്നിനും കുറവുണ്ടാവുകയില്ല.

SWARNA ALAPPATT
GOLD - DIAMOND - PLATINUM - SILVER
THANK YOU JESUS

Sparkling Bridal Collections

Our Sister Concern: 4 HOME ALAPPATT , ANURANJANA KURIES (P) LTD.


केनरा बैंक
(भारत सरकार का उपक्रम)

Canara Bank
(A Government of India Undertaking)
Together We Can

Canara Savings Bank

gen Y


- Initial balance & minimum balance is not required
- Free Platinum Debit card with photo
- SMS alerts / Interbank Mobile Payment System
- Net banking / RTGS/ NEFT free
- Transfer of Funds from Parents Accounts to students accounts (provided parents have accounts with us) anywhere in India by DD/RTGS/NEFT
- Specially designed free cheque books



Toll Free: 1800 425 0018

Save Trees. Save Water. Save Environment

www.canarabank.com



INCREASING RATE OF INTERNETACCESS IN THE PRESENT GENERATION

The role of **INTERNET** in a fast moving modern world is not acute. We are depending on internet in one way or another for our daily needs. Especially young generation is now a days living in a complete global world. Internet isa large resource for assisting studies and helps a lot in the professional life. Internet provides a vast world of knowledge and hence the use of internet wisely and moderately improves the academic level of students. Social media,which can be considered as a part of the internet,helps in maintaining friendship between those whom we do not see. As a coin with two sides, internet has also certain side effects.

Due to the over use of internet, our young generation is livng in a complete alien world. They are unaware of what is gong around them. Relationships too are affected due to the overuse of internet. Now, no one spares time to communicate with dear and near ones but only like to have conversations with an unseen friend in some other country through internet. We are now hardly giving importance to our reading habits. No one is interested in reading good-message providing books from library but is only fond of enjoying the whatsapp text messages. So it is our duty to understand the negative effects of internet and use it wisely. Otherwise it would prove to be another kind of drug that will enslave us without even a chance to redeem ourselves. We are to decide whether we want to get drugged or shrug its overriding influence and return to the natural colours of the world than the digital cacophony.

Akshaya

നീറുന്നോൾ

മകനേ.... നിന്നെയോർത്ത് വിലപിക്കുമാ
കോടിയമ്മമാരിൽ ഒരുവൾ ഞാൻ
ഉള്ളിലെരിയും കനൽ 'തീപ്പൊരിയായ്
ജ്വാലയായ്... തീപ്പന്തമായ്... ആളിപ്പടരുമഗ്നിയായ്

നിന്നിലേക്ക് നീണ്ടൊരാ കരാളഹസ്തത്തെ
ചുട്ടെരിക്കാൻ കെൽപ്പുള്ളവൾ
പേറ്റുനോവറിയാത്ത കാപാലികരേ
മോചനമില്ല നിങ്ങൾക്കീ ശാപശരങ്ങളിൽനിന്ന്

മകനേ നിന്നെ ഞാനറിയുന്നു
എന്നിലെ അമ്മയറിയുന്നു

പൊൻതാരകമേ നിന്നെ നെഞ്ചിലേറ്റുന്നു ഞാൻ

നിന്നിലാഴ്ന്നിറങ്ങിയ കുന്തമുനകളെ
നിന്നിലെ നാമ്പുകൾ തല്ലിക്കെടുത്തിയ
കിരാതകരങ്ങളെ
കർമ്മബന്ധങ്ങൾ വിസ്മൃതിയിലാഴ്ത്തി
പിടഞ്ഞൊടുങ്ങുവാൻ വിധിക്കപ്പെട്ടൊരാ
ബാലിശ നിമിഷങ്ങളെ
നിശബ്ദം കേഴിടുന്നീയമ്മ
മകനേ നിനക്കു ശാന്തി..



അഞ്ജുകൃഷ്ണ കെ.
S2 ബി.എസ്.സി. മാത്തമാറ്റിക്സ്

Adarsh. K.R
Ph: 9847665026



SOUTHERN
SPORTS

Opp. Basalica Church, High Road, Thrissur - 1
E-mail: southernsportstcr@gmail.com

Dealers of: NIVIA | COSCO | BDM | SG | SS | YONEX | LI-NING & TROPIES

ജീവിതത്തിനായ് ഒരു മുതൽക്കൂട്ട്

അൽഫോ മരിയ സെബാസ്റ്റ്യൻ
S4 എം.എ. ഇംഗ്ലീഷ് ലിറ്ററേച്ചർ

ഭാരതത്തിന്റെ മുൻ രാഷ്ട്രപതി ഡോ. എ.പി.ജെ. അബ്ദുൾകലാം ചുണ്ടിക്കാണിക്കുന്ന ഒരു സത്യമാണ്; "ദൈവീകമായ ഒരു തീപ്പൊരിയുമായിട്ടാണ് നാം ഓരോരുത്തരും ജനിക്കുന്നത്. ഈ തീപ്പൊരിയെ ഒരു ജ്വാലയാക്കുകയും അതിന്റെ പ്രകാശം ലോകമെങ്ങും പരത്തുകയുമാണ് നാം ചെയ്യേണ്ടത്". ലോകമെമ്പാടുമുള്ള ഓരോരുത്തരുടെയും കടമയാണ് മറ്റുള്ളവർക്ക് പ്രകാശമായി കടന്നുപോവുക എന്നുള്ളത്. ജീവിതമാകുന്ന പാഠപുസ്തകത്തിലെ ഒരു വരിയും അർത്ഥപൂർണ്ണമാകണമെങ്കിൽ നമ്മളിലുള്ള തീപ്പൊരിയെ ഊതി ഊതി ജ്വലിപ്പിക്കുകയും ആ ജ്വാലയെ ലോകത്തിന് പരിചയപ്പെടുത്തിക്കൊടുക്കുകയും വേണം. അതിനാൽ നമുക്ക് വേണ്ടത് നല്ല ജീവിത ദർശനമാണ്.

എല്ലാവർക്കും വേണ്ട, അല്ലെങ്കിൽ മനസ്സിന്റെ കോണിൽ സൂക്ഷിക്കേണ്ട രണ്ട് ജീവിതലക്ഷ്യങ്ങളാണ്

1. നല്ല ഓർമ്മകൾ സമ്പാദിക്കുക
2. നല്ല ഓർമ്മകൾ സമ്മാനിക്കുക

I. നല്ല ഓർമ്മകൾ

ജീവിതയാഥാർത്ഥ്യങ്ങൾക്ക് പിന്നിലെ ഓർമ്മകളിലാണ് നാം ഓരോരുത്തരും നിലകൊള്ളുന്നത്. അനുഭവങ്ങളുടെ ക്യാൻവാസുകളിൽ തെളിയുന്ന ചിത്രങ്ങൾക്ക് സപ്തവർണങ്ങളുടെ ശോഭയുണ്ടാകണം. ഓർമ്മകളാണ് എല്ലാവരെയും നയിക്കുന്നത്, ഓരോ ദിനവും പിന്നിടുന്നതുപോലും ഓർമ്മകളിലാണ്.

II. നല്ല അനുഭവങ്ങൾ

അനുഭവങ്ങളുടെ ഉരുക്കുശാലയിൽനിന്നുമാണ് ജീവിതം രൂപപ്പെടുക. അനുഭവത്തിന്റെ പാഠങ്ങൾ മറവിയുടെ മായാലോകത്തിലേക്ക് പോവാറില്ല. ഫ്രാൻക്ലിൻ പറയുന്നതുപോലെ "അനുഭവം എന്ന് പറയുന്നത് പ്രിയപ്പെട്ട വിദ്യാലയമാണ്. എന്നിട്ടും വിഡ്ഢികൾ അവയിൽനിന്നും പഠിക്കുന്നില്ല". നല്ല അനുഭവങ്ങളിലൂടെ നല്ല ഓർമ്മകൾ ഉണ്ടാകും. അനുഭവമാണ് ഓരോ മനുഷ്യനെയും നിയന്ത്രിക്കുന്നതും നയിക്കുന്നതും. നല്ല അനുഭവങ്ങൾ മറ്റുള്ളവർക്ക് നൽകിയാലേ അത് തിരിച്ചുകിട്ടുകയുള്ളൂ.

III. നല്ല പ്രവർത്തനങ്ങൾ

ഈ ലോകത്തിൽ ജനിച്ചു എന്ന പേരിൽ ഉറങ്ങിയും ഭക്ഷിച്ചും ജീവിക്കേണ്ടവരല്ല മനുഷ്യൻ, മറിച്ച് തന്റെ മേഖലയെ മനസ്സിലാക്കി പ്രവർത്തിക്കണം. ഷെക്സ്പിയർ പറയുന്നതുപോലെ ലോകമാകുന്ന അരങ്ങിൽ നമുക്കെല്ലാം ആടിത്തീർക്കാൻ നിശ്ചിത ഭാഗമുണ്ട്.

'ഒരുവന്റെ മുഖത്ത് ആനന്ദത്തിന്റെ പൂഞ്ചിരി വിടർത്താൻ ആകുന്നതാണ് ഒരു നല്ല പ്രവർത്തി' - നബി

IV. നല്ല വാക്കുകൾ

റഷ്യൻ പഴഞ്ചൊല്ലിങ്ങനെയാണ്: "വാക്ക് ഒരു അസ്ത്രമല്ല, പക്ഷേ അത് വളരെ ശ്രദ്ധിച്ചേ ഉപയോഗിക്കാവൂ. കാരണം അസ്ത്രത്തേക്കാൾ ആഴത്തിൽ അത് ഹൃദയത്തെ മുറിക്കും". ലോകത്തിലെ ഏറ്റവും മൂർച്ചയേറിയ ആയുധം നാവാണ്. നമ്മുടെ ഓരോ വാക്കും ലോകത്തെ നിയന്ത്രിക്കും. ഓരോ നല്ല വാക്കിലൂടെയും ഒരുവന് സന്തോഷം നൽകാൻ കഴിഞ്ഞാൽ അതാണ് നമുക്ക് നൽകാവുന്ന സമ്മാനങ്ങളിൽ വലുത്.

V. നല്ല ചിന്തകൾ

നല്ല സ്വപ്നങ്ങൾ, നല്ല ചിന്തയിലേക്കും നല്ല ചിന്ത അതിന്റെ ഉത്തമശ്രേണിയിലും എത്തിക്കും. മനസ്സ് ഒരു സാഗരമാണ്. ചിലപ്പോൾ അത് ബഹളമുണ്ടാക്കും. മറ്റു ചിലപ്പോൾ ശാന്തമാകും. ചിലപ്പോൾ ഭാവനയുടെ ലോകത്തിലേക്ക് പല ചോദ്യങ്ങൾക്കും ഉത്തരം തേടിപ്പോകും. പലപ്പോഴും ഉള്ളറകളിലെ നിധിശേഖരം കണ്ടെത്താനാവാതെ ലോകത്തോട് വിടവാങ്ങുന്നവരും വിരളമല്ല. ചിന്തിക്കുക, ചിന്തകൾ നന്മയുള്ളതാകും.

V. നല്ല മനസ്സ്

നമ്മുടെ ജീവിതത്തിന്റെ അണിയറയാണ് മനസ്സ്. ലോകത്തെ മുഴുവൻ ഉൾക്കൊള്ളാൻ മനസ്സിനു കഴിവുണ്ട്. എല്ലാവർക്കും മനസ്സുണ്ട്. എങ്കിലും പലപ്പോഴും

നമുക്കുണ്ടാവുന്ന സംശയമാണ് Where it is? എങ്കിലും നാമോരോരുത്തരും മനസ്സിന്റെ നിർദ്ദേശമനുസരിച്ച് ലോകവേദിയിൽ നൃത്തം ചവിട്ടുന്നവരാണ്.

രാമകൃഷ്ണ പരമഹംസൻ പറയുന്നതുപോലെ "അലക്കിക്കൊണ്ടുവന്ന വെള്ളമുണ്ട് പോലെയാണ് മനസ്സ്. ചുവന്ന പായത്തിൽ മുക്കിയാൽ അത് ചുവന്നിരിക്കും. നീലത്തിൽ മുക്കിയാൽ നീലച്ചിരിക്കും. ഏതു പായത്തിൽ മുക്കുന്നുവോ ആ പായം പിടിക്കും". അപ്പോൾ ജീവിതത്തിന്റെ അണിയറയായ മനസ്സിനെ നിയന്ത്രിക്കാനും അതിനെ നല്ല വഴിയിലൂടെ നടത്താനുമുള്ള ഉത്തരവാദിത്വം നമ്മുടേതാണ്.

VI. പഞ്ചേന്ദ്രിയങ്ങൾ

മനസ്സാകുന്ന കലവറയിലേക്ക് ഉൽപാദക വസ്തുക്കൾ എത്തുന്ന അഞ്ച് വഴികളാണ് കണ്ണും മൂക്കും നാക്കും ത്വക്കും, പെരിയും. വിവേങ്ങൾ യുക്തികരമാണെങ്കിൽ ഈ അഞ്ച് വഴികളിലൂടെ വരുന്ന വസ്തുക്കളും നല്ലതാവണം. എല്ലാത്തിനും അതിന്റേതായ ഉത്തരവാദിത്വവും കടമകളും ഉണ്ട്. ഒന്ന് മറ്റൊന്നിൽനിന്നും വ്യത്യസ്തമാണ്.

VIII. നല്ല മനോഭാവം

കാവൽക്കാരന്റെ ജാഗ്രതയും അധ്യാപകന്റെ പ്രോത്സാഹന വാക്കുകളും വൈദ്യന്റെ വിവേചനബുദ്ധിയും ഒരുമിച്ച് പ്രവർത്തിക്കുന്നത് മനോഭാവത്തിലാണ്. തള്ളേണ്ടതിനെ തള്ളാനും വേണ്ടതിനെ സ്വീകരിക്കാനും മനസ്സിനെ പ്രേരിപ്പിക്കുന്നത് മനോഭാവമാണ്.

IX. നല്ല ദർശനങ്ങൾ

മനോഭാവങ്ങൾക്ക് നന്മതിന്മകളെക്കുറിച്ചുള്ള അറിവ് നൽകി, മനസ്സിനെ നന്മ-വഴിയിലൂടെ നയിക്കാൻ പ്രേരിപ്പിക്കുന്ന ഘടകം ദർശനങ്ങളാണ്. "മനസ്സിലുള്ള ആലോചന അഗാധമായ ജലംപോലെയാണ്. ഉൾക്കാഴ്ചയുള്ളവന് അത് കോരിയെടുക്കാം" (സുഭാ. 20: 5).

ഇങ്ങനെ നോക്കുമ്പോൾ ജീവിതത്തെ നിർണ്ണയിക്കുന്നതും നിയന്ത്രിക്കുന്നതും ദർശനങ്ങളാണ്.

അതിനാൽ നല്ല ദർശനങ്ങൾ സ്വായത്തമാക്കിയെങ്കിൽ മാത്രമേ ജീവിതനൗക ജീവിതതീർത്ഥത്തിലേക്ക് അടുക്കുകയുള്ളൂ.

ജീവിതം എന്നു പറയുന്നത് ഓർമ്മയുടെയും മറവിയുടെയും ആകെ തുകയാണ്. ജീവിതത്തിൽ പലരേയും കണ്ടുമുട്ടുന്നു, പിരിയുന്നു. ഈ ജീവിതവീഥിയിൽ നല്ല കാഴ്ചപ്പാടിലൂടെ, മനോഭാവങ്ങൾക്ക് അറിവ് നൽകി, പഞ്ചേന്ദ്രിയങ്ങളെ മനസ്സാകുന്ന കലവറയിലേക്ക്, നല്ല ചിന്തകൾ, വാക്കുകൾ നൽകി, മറ്റുള്ളവർക്ക് നല്ല പ്രവർത്തനങ്ങളിലൂടെ, നല്ല അനുഭവവും, നല്ല ഓർമ്മകളും സമ്മാനിക്കാം. അങ്ങനെ ലോകത്തിനു മുഴുവൻ പ്രകാശമായ്, പുതിയൊരു ലോകത്തെ സൃഷ്ടിക്കാം.

"When thee is righteousness in the heart
there is beauty in character;
When there is beauty in the character
there is harmoney in the home
When the is harmony in the home
there is orders in the nation and
when the is order is the nation
there is peace in the world" (APJ Abdul Kalam)

With best compliments from :

"Bhavani"



मानव जीवन में चलचित्र का प्रभाव

समाचार पत्र, सिनेमा और दूरदर्शन जैसे जनसंपर्क माध्यम लोगों के विचारों और अनुभूतियों को करोडों लोगों तक पहूँचने वाले स्वास वाहक के रूप में परिणत हो चुके हैं। शायद आजकल सिनेमा और दूरदर्शन ने जवान और बूटे, अमीर और गरीब, स्त्री और पुरुष सब पर अपना अधिकार जमा रखा है । आराम कुरसी पर विश्राम करते हुए वयोवृद्ध सोफे पर बैठे हुए युवक, हरेभरे घास भरे मैदान में लेटने हुए दर्शक, टी. वी पर होनेवाले कार्यकर्मों का आनंद लूटना - आजकल एक सामान्य दृश्य सा हो गया है । फिर भी हम सिनेमा की लोकप्रियता को कम नहीं कर सका है ।

तकनीकी दृष्टि से और मनोरंजन की दृष्टि से सिनेमा बहुत उन्नति कर चुके हैं । सिनेमा बनावट की दृष्टि से कथानक की दृष्टि से, और तकनीकि दृष्टि से एक अलग माध्यम होते हैं । अगर यह माध्यम सावधानी से काम में लायें जाये तो युवक और युवतियों के बीच ज्ञान के प्रसार का सशक्त साधन बन जाएगा ।

फिल्म के निर्माता फिलम के माध्यम से करोडों लोगों तक अपने विचार पहूँचा सकता है । इसलिए अगर कोई निर्माता कोई फिलम बनाता है तो उनके चाहे चा न चाहे फिलम लंबी हो या छोटी, विज्ञान संबंधी हो या ज्ञानवर्धक बच्चों में किसी बात को जानने की इच्छा पैदा करें । पर्यटन संबधी विषय, वैज्ञानिक, सारकृतिक विषय ऐसी सामाजिक आर्थिक विषयों पर फिलम दिखाने की आयोजन भी हो जिससे देश के नवयुवकों की भलाई जया यादा होंगे ।

असल में सिनेमा एक मुनाफोखोरी धंधा बन चुकी है । हर एक नागरिक का यह कर्तव्य है कि वे फिलमी निर्मिताओं पर प्रभाव डाले कि ने ऐसी फिलम ही बनाएँ जो समाज की सखाओं को प्रकट करता है और दिखाएँ जो बच्चे, युवक था युवतियों तक आ पाए और उनके ज्ञान के विकास में सहायक रहें और मानव को मानव की तरह रहने या जीने के लिए बाध्य करें ।

Manasi Balagangadharan
S2 B. Com. (Regular)



Best Compliments from :

Since 1971

Tel : 0487 2421221
2423221
9400289985

P.M. STORES

High Road, Thrissur, Kerala - 680 001
p.mstores@yahoo.in

Dealers in :
all kinds of office stationary items

FEJI AGENCIES
Mathews Tower, South Bazar
Thrissur - 1
Ph : 0487 2445039

WORKERS FANCY
Mathew Tower, South Bazar
Thrissur - 1
Ph : 0487 2445038, 9400289986

VARGHESE CORNER
South Bazar, Thrissur - 1
Ph : 0487 2444985

VARGHESE & CO
South Bazar, Thrissur - 1
Ph : 0487 2445039

കൈരളി ഒളിപ്പിച്ച്

മൊബൈൽ ഇന്റർനെറ്റ്

ബിൻസി ബെന്നി
S2 ബി.എസ്.സി. കെമിസ്ട്രി

വിവരവും വിജ്ഞാനവും വിനോദവും പ്രദാനം ചെയ്യുന്ന മാധ്യമങ്ങളുടെ വളർച്ച പല തലങ്ങളിൽ നവ ലോകത്തെ സ്വാധീനിച്ചിട്ടുണ്ട്. സാങ്കേതിക ആശയ വിനിമയ സംവിധാനങ്ങളുടെ വികാസത്തിൽ മൊബൈൽ ഇന്റർനെറ്റ് സാധ്യത ഏറെ ഉപയോഗപ്രദമാണ്. ഒപ്പം ദുരുപയോഗം നിറഞ്ഞതും.

ഇന്റർനെറ്റ് ആപ്ലിക്കേഷനുകൾ, സോഷ്യൽ നെറ്റ്വർക്ക് സെറ്റുകൾ, ഇ-മെയിൽ വിവരശേഖരണത്തിനായുള്ള വെബ്സൈറ്റുകൾ, വാർത്താമാധ്യമങ്ങൾ, ഗൂഗിൾ മാപ്പ് ഉപയോഗിച്ചുള്ള നാവിഗേഷൻ സംവിധാനങ്ങൾ, ഓൺലൈൻ ഷോപ്പിങ്, ഓൺലൈൻ ബാങ്കിങ്, ഓൺലൈൻ ടിക്കറ്റ് ബുക്കിങ്, യൂട്യൂബ് സന്ദർശനങ്ങൾ, ഓൺലൈൻ ഗെയിമുകൾ.... തുടങ്ങിയ നിരവധി തലങ്ങളിൽ മൊബൈൽ - ഇന്റർനെറ്റ് സാധ്യതകൾ പ്രയോജനപ്പെടുത്തുന്നുണ്ട്. വെളിച്ചത്തിന് ഇരുളെന്നപോലെ നാണയത്തിന്റെ മറുവശമായി നന്മയുടെ ഈ മാധ്യമങ്ങൾക്ക് വിപരീത ഉപയോഗങ്ങളും കൂടുതലാണ്. പഠനങ്ങളനുസരിച്ച്, മൊബൈൽ ഇന്റർനെറ്റ് ഉപയോഗിക്കുന്നവരിൽ 62% ദുരുപയോഗസാധ്യത നിലനിൽക്കുന്നുവെന്ന് തെളിയുന്നു.

ദുരുപയോഗത്തിന്റെ തലങ്ങളിൽ ലൈംഗികമേഖലകളിലാണ് കൂടുതൽ വിപരീത ഫലങ്ങൾ നിലനിൽക്കുന്നത്. വിവരത്തിനും വിവേകത്തിനും അപ്പുറം വികാരങ്ങൾ ഉത്തേജിക്കപ്പെടുമ്പോൾ കുടുംബസാമൂഹിക മൂല്യബോധങ്ങളിൽ പ്രത്യക്ഷമായ ഒരു അപചയം തെളിഞ്ഞുകാണുന്നു. എട്ടാം ക്ലാസുകാരൻ സ്വന്തം അമ്മയുടെ നഗ്നചിത്രങ്ങൾ വാട്സാപ്പിലൂടെ പ്രചരിപ്പിക്കുകയും ഭർത്താവ് ഭാര്യയുമായുള്ള 'സ്കൈപ്പ്' ചിത്രങ്ങൾ അപ്ലോഡ് ചെയ്യുകയും അനുജത്തിയുമായി ജ്യേഷ്ഠൻ ലൈംഗിക ചുവയുള്ള ചാറ്റിംങ് നടത്തുകയും ചെയ്യുന്നതുവരെ കാര്യങ്ങൾ എത്തിയിരിക്കുന്നു. ലൈവ് സ്ട്രീമിങ്ങിനുള്ള വേഗത കൂടിയ ഇന്റർനെറ്റ് സേവനങ്ങൾ മൊബൈലിൽ ലഭ്യമായതോടെ രഹസ്യ ക്യാമറകൾ ഉപയോഗിച്ച് നഗ്നത പ്രദർശിപ്പിക്കാനുള്ള പ്രവണതയും വർദ്ധിച്ചുവരുന്നു. വിവേകപൂർവ്വമായ ഉപയോഗവും പക്വതയോടുകൂടിയ സമീപനവും ഉത്തരവാദിത്തപൂർവ്വമായ ഉപയോഗവും നിയന്ത്രണവും നിതാന്തജാഗ്രതയുമാണ് ഇവിടെ പ്രധാനം.

സമയത്തെക്കുറിച്ചുള്ള അവബോധം നഷ്ടപ്പെടുന്നു എന്നതാണ് മറ്റൊരു വെല്ലുവിളി. മാൺലൈൻ ചാറ്റിങ്ങിനും വീഡിയോ അന്വേഷണങ്ങൾക്കും ഗെയിമുകൾക്കുമായി ചെലവഴിക്കുന്ന സമയത്തെക്കുറിച്ച് പലർക്കും ശ്രദ്ധയില്ലാതാകുന്നു. മൊബൈൽ ഇന്റർനെറ്റ് ഉപഭോക്താക്കളിൽ ദൈനംദിന ജീവിത സാഹചര്യങ്ങളിൽ പ്രതികരണശേഷി നഷ്ടപ്പെടുന്ന ഒരടിമത്താവസ്ഥ പ്രകടമായി കണ്ടുവരുന്നു. സാഹചര്യം അനുസരിച്ച് പ്രതികരിക്കാനുള്ള ആർജവം നേടിയെടുക്കലാണ് പ്രധാനം.

സൗഹൃദങ്ങൾ സ്ഥാപിക്കാനുള്ള തീക്ഷ്ണതയാണ് ആധുനിക കാലഘട്ടത്തിന്റെ ഒരു പ്രത്യേകത. അരികിലുള്ളവരേക്കാൾ 'വെർച്വൽ' സൗഹൃത്തുക്കളുമായി തീവ്രബന്ധങ്ങൾക്കാണ് പലരും പ്രാധാന്യം നൽകുന്നത്. കൗമാരക്കാരിൽ മാത്രമല്ല ഭാര്യാഭർത്താക്കന്മാർക്കിടയിൽ പോലും അനുവദനീയമല്ലാത്ത, ധാർമികതയ്ക്ക് നിരക്കാത്ത സൗഹൃത്ബന്ധങ്ങൾ വിപുലപ്പെടാനും ആഴപ്പെടാനും ഒടുവിൽ അപകടകരമാകാനും കാരണം മൊബൈൽ - ഇന്റർനെറ്റ് സാങ്കേതികവിദ്യയുടെ അതിപ്രസരമാണ്. ഇന്റർനെറ്റിലെ സൗഹൃദങ്ങളെ തേടിപ്പോകുമ്പോൾ കൺമുന്നിലുള്ള സ്നേഹങ്ങളെ കാണാതെ പോകുന്ന ഒരു 'ഐടി അന്ധത' ഇന്നിന്റെ ശാപമായി മാറുകയാണ്.

'ഇമേജ്, വീഡിയോ' തൽസമയവിതരണത്തിനും സ്വീകരണത്തിനും സാധ്യതകൾ ഏറ്റവും കൂടുതലുള്ള ഒരു സംവിധാനമാണ് മൊബൈലുകൾ. 'സെൽഫി സിൻഡ്രം' വ്യാപകമായിരിക്കുന്ന ഈ കാലഘട്ടത്തിൽ മൊബൈലിലൂടെ കൈമാറ്റം ചെയ്യപ്പെടുന്നത് പലതരങ്ങളിലും തലങ്ങളിലുമുള്ള വീഡിയോകളാണ്. വാട്സ്ആപ്പിലെ ഡിസ്പ്ലേ ചിത്രങ്ങളും വീഡിയോകളും സ്കൈപ്പിലെ ചിത്രങ്ങളും ചാറ്റിങ് വീഡിയോക്കും പൊതുസ്വത്താണ്. ഒരിക്കൽ അപ്ലോഡ് ചെയ്താൽ പിന്നീടൊരിക്കലും ഡിലീറ്റ് ചെയ്യാനാകി

ല്ലെന്നും ആർക്കുവേണമെങ്കിലും ഇതുപയോഗിക്കാമെന്നുമുള്ള സത്യം പലരും അറിയുന്നില്ല. അറിഞ്ഞാൽതന്നെ ആരും ഗൗനിക്കുന്നില്ല. സ്വകാര്യതകളെ പരസ്യമാക്കുന്ന ഇത്തരം പ്രവണതകൾ ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ പലപ്പോഴും അപ്രതീക്ഷിതമാണ്. ഓൺലൈൻ ബാങ്കിങ്ങിലും വ്യത്യസ്ത ടിക്കറ്റ് ബുക്കിങ്ങുകളിലും ഷോപ്പിംഗിലും പാലിക്കേണ്ട ചില



മുൻകരുതലുകൾ മൊബൈൽ സംവിധാനങ്ങളിൽ ശ്രദ്ധിക്കാത്തതുമൂലം ചതിക്കപ്പെടുന്നവർ നിരവധിയാണ്. ഇതറിഞ്ഞുതന്നെ ചൂഷണം ചെയ്യാനും തട്ടിപ്പുനടത്താനും ശ്രമിക്കുന്ന സംഘങ്ങൾ നിരവധിയാണിന്ന്. ഓൺലൈൻ ഷോപ്പിങ്ങിനും സിനിമാ ടിക്കറ്റ് ബുക്കിങ്ങിനും വേണ്ടി വ്യക്തിവിവരങ്ങളും ബാങ്കു വിവരങ്ങളും കൈമാറുമ്പോൾ സൂക്ഷ്മപരിശോധന അനിവാര്യമാണ്. എളുപ്പമെന്നു കരുതി പരിശ്രമിക്കുന്നവയിൽ വേണ്ടത്ര പരിജ്ഞാനമില്ലെങ്കിൽ അപകടങ്ങൾ പലവിധമാകും.

ശരീരിക - മാനസിക - വൈകാരിക തലങ്ങളിൽ ഇന്റർനെറ്റ് മൊബൈൽ ഉപയോഗം കൃത്യമായ പ്രത്യാഘാതങ്ങൾ ഉണ്ടാകുന്നുണ്ട്. ഇരുന്നും കിടന്നും നടന്നും, ശ്രദ്ധയില്ലാതെ, ഭക്ഷണക്രമമില്ലാതെ, ശീലങ്ങളില്ലാതെ ഉപയോഗിക്കുന്നതുമൂലം പലതരം ശാരീരികരോഗങ്ങളും വൈകാരിക അസ്വസ്ഥതകളും മാനസികസംഘർഷങ്ങളും കൂടപ്പിറപ്പുകളായി കടന്നുവരുന്നുണ്ട്. എളുപ്പത്തിൽ കൂടെകൊണ്ടുനടക്കാവുന്നതും എപ്പോഴും ഉപയോഗിക്കാവുന്നതുമായ മൊബൈലുകൾക്ക് സ്ഥലത്തിനും സമയത്തിനും ഒരു പരിധിയും ഇല്ലെന്നതാണ് ഇത്തരത്തിലുള്ള ദുരുപയോഗത്തിന് പ്രധാനകാരണം. തെറ്റായ വിലാസങ്ങളുമായി ചാറ്റിങ്ങിൽ കയറിവന്ന് ജീവിതത്തെ തന്നെ തകർക്കുന്ന വ്യാജസുഹൃത്തുക്കളുടെ നീണ്ട നിരകൾ പത്രമാധ്യമങ്ങളിലെ സ്ഥിരം കാഴ്ചയാണ്. നീണ്ടു നിൽക്കുന്ന ചില ഓൺലൈൻ വീഡിയോഗെയിമുകൾ മാനുഷികപ്രതികരണശേഷികളെതന്നെ ബാധിക്കുന്നുണ്ട്. സാമൂഹിക ജീവിയായ മനുഷ്യന്റെ ആശയവിനിമയ സംവിധാനങ്ങൾ മാനുഷിക വളർച്ചയുടെ വഴികളിൽ വിഘാതങ്ങളായി മാറാതിരിക്കാൻ ശ്രദ്ധിക്കേണ്ടത് ബുദ്ധിയും യുക്തിയുമുള്ള മനുഷ്യൻ തന്നെയാണ്.

കൗതുകക്കാഴ്ചകളിൽ അടിമകളാകാതെ, കെണികളിൽ ചിറകരിയാതെ, ഇന്റർനെറ്റ് ബ്രൗസിങ്ങിൽ ജീവിതം ഹോമിക്കാതെ, സോഷ്യൽ മീഡിയായിൽ ആത്മാവ് നഷ്ടപ്പെടാതെ ഒരു നവ മാധ്യമസംസ്കാരത്തിന് ക്രിയാത്മക സംഭാവനകൾ ഒരുക്കാൻ അക്കണ്ണുകൾ തുറന്ന് വിമർശനാത്മക ബോധ്യങ്ങളോടെ ഉപഭോക്താക്കൾ തയ്യാറാകണം. ●

Best Compliments from :-

JOS STUDIO

HIGH ROAD, THRISSUR - 1.

Ph : 2420529, Resi : 2423218



प्यार का देवदूत : महात्मा गांधी

गौतम बुद्ध के समान गाँधी को भारत के सबसे महत्वपूर्ण व्यक्तित्व माने जाते हैं । दक्षिण आफ्रिका से लौट आने के बाद उन्होंने, देशीय सत्याग्रह को 1 अगस्त सन् 1920 में आरम्भ कर दिया । अंग्रेज़ों से छुटकारा पाने केलिए उन्होंने हज़ारों अनपढ़ किसानों और प्रतिभाशाली व्यक्तियों को अपने रास्ते में लाने केलिए और बिना डर लडने केलिए प्रेरणा देते रहे । यह काम आसान नहीं था । गाँधीजी ने अपने विश्वास, वैदिक सत्य और बौधिक अहिंसा को कभी नहीं छोड़ा । उनके लिए यह तत्व ईश्वर और प्यार के समान थे और अनको यकीन कि इस तत्व में सारी दुनिया को बदलने की ताकत है । यह असल में सम्भव हो गया - दो दशकों बाद - उस अर्ध नगन महात्मा ने अपनी आखरी लड़ाई शुरू की और सारे अंग्रेज़ों को भारत से वापस जाने का आदेश दे दिया । उनका मंत्र था

"करेंगे या मनेंगे" और इस मंत्र की ताकत से इस संसार के सबसे शक्तिशाली साम्राज्य को दक्षिण एशिया से निकाला ।

मात्र महात्मा गाँधी थे जिन्होंने देश के विभाजन न करने की बात पर रहकर इनकार किया था । जब पंजाब और बंगाल का विभाजन हुआ तो उनको पता था कि इसका परिणाम खून की नदियाँ बनकर बहेंगे । यह क्रान्ति भारत के इतिहास की सबसे दबनीय और घराब पभा था । इस क्रान्ति ने दक्षिण भारत पर बहुत बुरा प्रभाव डाला । सिख लोगों की खून से भीखे रेलगाड़ियाँ अमृतसर स्टेशन पहूँचा तो दूसरी और गाड़ियाँ मुसलमानों को मारकर लाहोर वापस लौटा दिया गया ।

"क्या हम लोग आज़ादी से पागल हो चुके हैं ?" गाँधीजी ने ज़ोर - ज़ोर से चिल्लाया । गाँधी ने इस हिंसा को रोकने की उम्मीद कभी नहीं छोड़ा और नी दिल्ली को उस आजादी की पूर्व की संध्या को छोड़कर वे हत्यारों को रोकने केलिए कलकत्ता चले गये और ब्रिटीश भारत की राजधानी उस भयानक रात में कब्रस्तान बन गये ।

Navami Govind

S2 BA Functional English



ഓർമ്മപ്പെടുത്താൻ

അമ്മയാം ഭൂമി! നിൻ തേങ്ങൽ ഞാൻ കേൾക്കുന്നു
നിൻ മടിത്തട്ടിലെ തെളിനീരുറവകൾ,
നാദം മുഴക്കും കാട്ടുപുഞ്ചോലകൾ
എല്ലാം ഇനി ഓർമ്മകളിൽ മാത്രം!
പച്ചപ്പട്ടണിഞ്ഞ വയലേലകൾ,
സ്വർണ്ണക്കതിരണിഞ്ഞ നെൽക്കതിരുകൾ
സൂര്യദേവനെ നമിക്കുമ്പോൾ
ആർത്തുലഞ്ഞ നിൻ പുഞ്ചിരിനാദം
എങ്ങോ മാഞ്ഞുപോയ്
കാലമാം കുത്തൊഴുക്കിൽ വരണ്ട-
നിൻ പുഞ്ചോലകൾ,
അമ്മയാം ഭൂമി, നിൻ തേങ്ങൽ ഞാൻ കേൾക്കുന്നു
അല്ലയോ മനുഷ്യാ നിൻ-
ക്രൂരമാം ചെയ്തികൾ
അമ്മയാം ഭൂമിയെ
അഗ്നിയായെരിച്ച നിൻ ചെയ്തികൾ
ഒന്നുമാത്രം ഓർമ്മപ്പെടുത്തുക നാം
പ്രകൃതിയാം വരദാനം
നിലനിൽക്കും കാലമേ
മനുഷ്യനും നിലനിൽപ്പു സാധ്യമേ!
അമ്മയാം ഭൂമി! നിൻ തേങ്ങൽ ഞാൻ കേൾക്കുന്നു

ആതിര കെ. ആർ.
S4 എം.എസ്.സി. ബോട്ടണി

रोशनी

Sreelakshmi T
S2, B.Sc Physics

अंधेरे की काली लहरों में
न जाने कुछ अनजान देखी मैंने
अंधेरा भरी इस कमरे में,
अनजान है यह रोशनी भी हमारे लिए

डूबा हुआ है यह दुनिया
मानव के पापों के कालेपन में
पापों की निशानी छोड़ने के अलावा
जानते क्या है, यह आज के मानव?

निकली मैं इस अनजान चीज़ की तलाश में
देखा मैंने एक रोशनी की किरण
हर किसी की दिल के कोने में
रो-रोकर पड़ा है वह

कोने में है, वह रोशनी... मेरे दिल में भी
रो रहा है वह भी मुझसे डरकर
है मानव! संभालो उस रोशनी को
समाओ इसे अपने दिल में



'गंगा' एक प्रार्थना

Jayalakshmi K
S2 M.Sc. Physics

पानी पी रहे है सब मिलके
लेकिन न कुछ सोचते
प्रदूषित कर रहे हैं सब मिलके
लेकिन न कुछ देखते
अन्या तो नही हैं वे
फिर भी अन्यों के जैसा
कभी भी देखा नही अपने माता को
परखा है उस बहती बदन को
कई बार देखा है उस निर्मल तन को
कई सालों पहले....
लेकिन अब पहचानना मुशकिल हो गया है
समझ वही पाते कि ये भी हमारे माता है
करोड़ों के प्यास बुझानेवाली प्यारी माता
लूटते हैं हम एक नही कई हाथों से
नमन कर रहे है हम उसी हाथों से
कचरा फेंकते है हम एक नही कई हाथों से
पूजा कर रहे है हम उसी हाथों से

फिर भी वह रही है गंगा माता
आने वाले पीढ़ियों के प्यास बुझावे के लिए
फिर भी वह रही है गंगा माता
हमारे पालन पोषण के लिए
न कोई शिकायत, न कोई हिचक
केवल प्रेम, और कुछ नहीं



सदियों से करोड़ों भारतवासियों के प्यास बुझाने वाली गंगा नदि को प्रदूषण से मुक्त करना हमारा कर्तव्य है, इस कर्तव्य सही तरह निभाना अब अनिवार्य हो गया है।

அம்மா

என்னை பத்து மாதம் சுமந்து பெற்றவள்
என்னை நடக்குவதற்கு பயிற்சி தந்தவள்
என் தேவைகள் எல்லாம் நிறைவேற்றிருபவள்
என் அசைவுகளை கவனிப்பவள்
என் வளர்ச்சியில் இன்பம் காண்பவள்
என் தளர்ச்சியில் சக்தி தருபவள்
என் துன்பநேரம் என்னை தேற்றுபவள்
எனக்காக தியாகம் செய்பவள்
என் அன்பு நிறைந்த தோழியாவாள்
என் நன்மைக்கு வேண்டி உழைப்பவள்
எனக்காக அனுதினம் ஜெபம் செய்பவள்
எல்லா உறவுகளிலும் தியாகான உறவு -
அது அம்மா என்ற உறவு.

Delphina M.
S2 BA English Liturature

The real Love affair to pamper with...



South India's No.1 Water Park

ഡ്രീം വേൾഡിലെ
കിടിലൻ വാട്ടർ റൈഡുകൾ നിങ്ങൾക്ക്
തരും ഏറ്റവും കുളിരുള്ള വെക്കേഷൻ !

Dream World Water Park

CHALAKKUDY, THRISSUR. PH: 0480-2746935, 2746965
MOBILE: 9447066866



Athirappally Road, Kanjirappilly P.O., Chalakudy,
Thrissur - 680 721.Tel/Fax: 0480-2746955, 2746935.
Customer Care: 94470 12345, 94470 66866
E-mail: dreamworldwaterpark@gmail.com
www.facebook.com/dreamworldwaterpark

YouTube ATM Centre TÜV ARC KAN

Certified Waterparks





Chemind

THE ONE STOP SHOP FOR LABORATORY PRODUCTS

Certificate of Registration
This is to certify that the Quality Management System of
CHEMIND
ISO 9001:2008



MERCK SPECIALITIES PVT. LIMITED

BOROSIL R GLASSWARES

BANGALORE GENEI

SRL FINE CHEMICALS

NICE FINE CHEMICALS

AGAPPE DIAGNOSTICS

ELICO INSTRUMENTS

ROTEK INSTRUMENTS

TARSONS PLASTIC WARES

JOHNSON & JOHNSON

REMI INSTRUMENTS

BIO-RAD

SPAN DIAGNOSTICS

THERMO FISHER SCIENTIFIC

ARKRAY PIRAMAL MEDICAL PVT. LTD.

TARSONS AGAPPE DIAGNOSTICS OLYMPUS ARKRAY SRL NICE


TC-35-4984, CHEMIND HOUSE, M.G ROAD, MACHINGAL LANE, THRISSUR-680 001
PHONE : (OF) 0487 2335173, 2336641, (RESI) 2429843, FAX : 0487 2336641
e-mail : mail@chemindonline.com Website : www.chemindonline.com
(Approved Govt. Contractors)

Glits of Golden Jubilee



Celebrating 50 Years of glory





അമ്മിണിച്ചേച്ചിയുടെയും മൈനുത്താന്റെയും വീടുകളെ
വേർതിരിക്കുന്ന അരമതിലിലെ ഉറുമ്പിൻകൊട്ടയിൽ
കലാപം പൊട്ടിപ്പുറപ്പെട്ടിട്ടുണ്ടത്രേ. കുഞ്ഞുറുമ്പുകൾ
നെല്ലുറുമ്പുകളെ ബലാത്സംഗം ചെയ്യുന്നുണ്ടത്രേ.
അരിമണികളെ ഓർമ്മിപ്പിക്കുന്ന കരുപാട് ഉറുമ്പിൻ മുട്ടകൾ താഴെ
വീണ് പൊട്ടിത്തകരുന്നുണ്ടത്രേ. കടിച്ചുനുറുമ്പുകളുടെ മൈനും
കണ്ണിൽക്കാണുന്നവരെയെല്ലാം കടിച്ചുകൊല്ലുന്നുണ്ടത്രേ.
കൂട്ടത്തിൽ സ്വപ്നജീവികളായ ചില നീറുകൾ
തൊട്ടപ്പുറത്തെ പൂച്ചട്ടി സമുദ്രത്തിൽ വീണുമരിച്ച്,
ആരെയൊക്കെയോ ഓർമ്മിപ്പിച്ചുകൊണ്ട്. തീരത്തെ
ചരൽക്കൂട്ടുകളിൽ കമിഴ്ന്നടിഞ്ഞിട്ടുണ്ടത്രേ. പെല്ലറ്റുകൊണ്ടു
മരിച്ച ചോണനുറുമ്പുകളുടെ വീട്ടുകാർ,
പാർലമെന്റിനുമുൻപിൽ നഷ്ടപരിഹാരത്തിനായി
സത്യാഗ്രഹമിരിക്കുന്നുണ്ടത്രേ.
അതിർത്തി മാത്രം ശാന്തമല്ലത്രേ.



മേരാ കാശ്മീർ

ഐറിൻ ജോർജ്ജ്
S4 ബി.എ. എക്കണോമിക്സ്

ഗ്രാമങ്ങളും നഗരങ്ങളും നദികളുംകൊണ്ട് സമ്പുഷ്ടമായ ഇന്ത്യയുടെ തലപ്പത്തുതന്നെയാണ് ഭൂമിയിലെ സ്വർഗ്ഗമെന്ന് പുകൾപെറ്റ കാശ്മീരിന്റെ സ്ഥാനം. പാക്കിസ്ഥാന്റെയും ചൈനയുടെയും ടിബറ്റിന്റെയും അതിരുകൾ ഉരുമ്മി നിൽക്കുന്ന ജമ്മു-കാശ്മീർ ഇന്ത്യക്ക് വിലപ്പെട്ടതാണ്. 1947 ഒക്ടോബർ 26 നാണ് ഈ സംസ്ഥാനം ഇന്ത്യയോടു ചേർന്നത്. ജമ്മു-കാശ്മീരിന് ഭരണഘടനാ പ്രകാരം ചില പ്രത്യേക അവകാശങ്ങളുണ്ട്. ഗവർണർ ഭരണമാണവിടെ നിലനിൽക്കുന്നത്. ഈ സംസ്ഥാനത്തിനു പുറത്തുനിന്നുള്ളവർക്കാർക്കും ഭൂമി വാങ്ങാൻ കഴിയുകയില്ല.

കാശ്മീരിലെ 80 ശതമാനം ജനങ്ങളും കൃഷിയെ ആശ്രയിച്ചാണ് കഴിയുന്നത്. ഫ്യൂഡൽ വ്യവസ്ഥിതി അപ്പാടെ നിരോധിച്ചുകൊണ്ട് രാജ്യത്ത് ആദ്യമായി അടിസ്ഥാനപരമായ കാർഷിക പരിഷ്കരണം നടപ്പിലാക്കിയത് (1948-50) ഈ സംസ്ഥാനമാണ്.

വിനോദസഞ്ചാരികളുടെ പറുദീസയാണ് കാശ്മീർ താഴ്വര. സംസ്ഥാനത്തിന്റെ പ്രധാന വ്യവസായം തന്നെ ടൂറിസമാണ്.

എന്നാൽ ഇന്ന് കാശ്മീർ തോക്കുകളുടെ ഗർജ്ജനങ്ങളും പെല്ലറ്റുകളുടെ മുളിപ്പറക്കലുകളുംകൊണ്ടും മുഖരിതമായിരിക്കുന്നു. സ്വതന്ത്ര ഇന്ത്യയുടെ അത്രതന്നെ പ്രായമുള്ള കാശ്മീർ പ്രശ്നം ഇന്ത്യക്കും പാക്കിസ്ഥാനും സൃഷ്ടിച്ചിട്ടുള്ളത് കനത്ത ബാധ്യതകളും നഷ്ടങ്ങളും മാത്രമാണ്. ഇന്ത്യ-പാക് സംഘർഷത്തിന്റെ പ്രധാന കാരണം കാശ്മീർതന്നെയെന്നത് ഒരു വസ്തുതയാണ്. കാശ്മീർ ജനത അന്നു തൊട്ട് ഇന്നോളം സ്വസ്ഥമായൊരു ജീവിതം നയിച്ചിട്ടില്ല, നയിക്കാൻ കഴിഞ്ഞിട്ടില്ല. പ്രശാന്തിയുടെ നാട്ടിൽ അശാന്തി വിതയ്ക്കപ്പെടുന്നു.

ചരിത്രപശ്ചാത്തലം

1931 ലെയും 1941 ലെയും കാനേഷുമാരി കണക്കെടുപ്പിൽ കോൺഗ്രസ് സഹകരിക്കേണ്ടതില്ലെന്നു തീരുമാനിച്ചതിനാൽ ഭൂരിപക്ഷം ഹിന്ദുക്കളും സഹകരിച്ചില്ല. എന്നാൽ ഇന്ത്യൻ മുസ്ലീംലീഗ് സ്ഥാപിച്ച ആഗാഖാന്റെയും മുഹമ്മദലി ജിന്നയുടെയും സഹകരണത്തോടെ മുസ്ലീംങ്ങളെ ജനസംഖ്യ കണക്കെടുപ്പിൽ പങ്കെടുപ്പിച്ചു. 1942 ലെ ക്രിപ്സ് പദ്ധതിയിൽ മുസ്ലീം നാട്ടുരാജ്യങ്ങൾക്ക് ഫെഡറേഷനും മുസ്ലീം പ്രവിശ്യയുമാകാമെന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ഗാന്ധിജി ഇതിനെ എതിർത്ത് "തകരുന്ന ബാങ്കിന്റെ അവധി ചെക്ക്" എന്ന് പ്രസ്താവനയിറക്കി. "ക്വിറ്റ് ഇന്ത്യ" പ്രമേയം പാസാക്കി. എന്നാൽ "ഡിവൈഡ് ആൻഡ് ക്വിറ്റ്" (വിഭജിച്ച് വിടുക) എന്ന് ജിന്ന എതിർമുദ്രാവാക്യം മുഴക്കി.

ഈ എതിർമുദ്രാവാക്യത്തിന്റെ ഫലമായി മുസ്ലീംങ്ങൾ സംഘടിക്കുകയും ഹിന്ദുക്കളുമായി സംഘട്ടനമുണ്ടാകുകയും ബ്രിട്ടീഷ് അധികാരികൾ ജിന്നക്കും കൂട്ടർക്കും രഹസ്യമായി ഒത്താശകൾ ചെയ്തുകൊണ്ടുമിരുന്നു. 1947 മാർച്ചിൽ മൗണ്ട് ബാറ്റൺ ഗവർണർ ജനറലായി അധികാരമേറ്റു. കുടിലതന്ത്രക്കാരനും തന്ത്രശാലിയും അതേസമയം ഒരു അംബാസിഡറുടെ നയചാതുര്യം ഉള്ള ഭരണാധികാരിയുമായിരുന്നു അദ്ദേഹം.



വിഭജനം നടത്താൻ നിയുക്തനായ 'റാഡ്ക്ലിഫ്' എന്ന ബ്രിട്ടീഷുകാരനായ ജഡ്ജി മൂന്ന് ജിന്നയോടൊപ്പം ലണ്ടനിൽ പ്രാക്ടീസ് ചെയ്തയാളായിരുന്നു. അതിനാൽ അദ്ദേഹത്തിന്റെ നിയമനം ജിന്ന സ്വാഗതംചെയ്തു. ഇതിനിടെ നാട്ടുരാജ്യങ്ങൾക്ക് ഇഷ്ടമുണ്ടെങ്കിൽ ചേരുകയോ സ്വതന്ത്രമായി നിൽക്കുകയോ ചെയ്യണമെന്ന മൗണ്ട് ബാറ്റന്റെ അഭിപ്രായം നിലനിന്നിരുന്നതിനാൽ കാശ്മീരിലെ ഹിതിസിംഗ് രാജാവ് ഹൈദരാബാദിലെ നൈസാമിനെപ്പോലെ വിഘടിച്ചു നിന്നു. വിഭജനരേഖ മൗണ്ട്ബാറ്റൺ രഹസ്യമാക്കിവെച്ചിരുന്നു. കോൺഗ്രസ് നിസ്സഹകരിച്ച കാലത്തെ ജനസംഖ്യയനുസരിച്ച് വിഭജനം നടത്തിയതിനാൽ പഞ്ചാബിന്റെ ഫലഭൂയിഷ്ഠമായ സ്ഥലങ്ങളെല്ലാം പാക്കിസ്ഥാനിലായി.



സർദാർ വല്ലഭായ് പട്ടേലിന്റെ ധീരമായ നടപടിമൂലം രാജാവ് ഉടമ്പടിയിൽ ഒപ്പുവെക്കാൻ തയ്യാറായി. മാത്രവുമല്ല, കാശ്മീരിലെ ജനങ്ങൾ പാക്കിസ്ഥാനോടു ചേരുവാൻ ഒരുക്കവുമല്ലായിരുന്നു. ഇന്ത്യൻ നേതാക്കളുടെ കീഴിൽ തങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടുമെന്നും ബലപ്രയോഗത്തിലൂടെ പാക്കിസ്ഥാനോടു ചേർക്കാൻ ശ്രമിക്കുന്നത് അനീതിയാണെന്നും അവർ കരുതി. ഇതിനിടെ ബലപ്രയോഗത്തിലൂടെ കാശ്മീരിനെ തങ്ങളുടെ ഭാഗമാക്കാൻ പാക്കിസ്ഥാൻ ശ്രമിക്കുന്നുണ്ടായിരുന്നു. പാക്കിസ്ഥാനെതിരേ ഇന്ത്യയുടെ സഹായം തേടാൻ ജനങ്ങൾ രാജാവിനെ നിർബന്ധിച്ചു.

എന്നാൽ കാശ്മീർ ഇന്ത്യൻ യൂണിയനോടു ചേരുന്നതിടത്തോളം കാശ്മീരിന്റെ ആഭ്യന്തരകാര്യങ്ങളിൽ ഇടപ്പെടുവാൻ ഇന്ത്യ ഒരുക്കമല്ലായിരുന്നു. വ്യക്തമായ കരാറുടമ്പടിയുണ്ടാക്കാതെ ഇന്ത്യ കാശ്മീരിലിടപ്പെടുകയില്ലെന്ന് ഇന്ത്യൻ ഗവൺമെന്റ് വ്യക്തമാക്കി. അങ്ങനെ മൂസ് സൂചിപ്പിച്ചതുപോലെ ഇന്ത്യൻ യൂണിയനിൽ ചേരുവാൻ മഹാരാജാവ് സമ്മതിച്ചു. പീപ്പിൾസ് കോൺഫറൻസിന്റെയും ഷേക്ക് അബ്ദുള്ളയുടെയും നേതൃത്വത്തിൽ പ്രസ്തുത സമ്മേളനം ഉടമ്പടിയെ നിയമപരമായും ഭരണഘടനാപരവുമെന്നുമാണ് വിശേഷിപ്പിച്ചത്.

ഇതോടെ കാശ്മീർ ഔദ്യോഗികമായി ഇന്ത്യയുടെ ഭാഗമായി. നയതന്ത്രത്തിലൂടെ പ്രശ്നം പരിഹരിക്കാനാണ് ഇന്ത്യ ശ്രമിച്ചത്. ഇന്ത്യ യു.എൻ. സെക്യൂരിറ്റി കൗൺസിലിൽ പരാതിപ്പെട്ടു. സെക്യൂരിറ്റി കൗൺസിൽ പ്രശ്നപരിഹാരത്തിനായി ഒരു കമ്മീഷനെ നിയോഗിച്ചു. 1948 ആഗസ്റ്റ് 13-ന് കമ്മീഷൻ ഇരു ഗവൺമെന്റുകളുടെയും മുമ്പിൽ ചില നിർദ്ദേശങ്ങൾവെച്ചു. വെടി നിർത്തലോടെ പരസ്പര യുദ്ധം അവസാനിപ്പിക്കുക. കാശ്മീരിൽനിന്ന് ഇരുകൂട്ടരും സൈന്യത്തെ പിൻവലിക്കുക. പിന്നീട് ഒരു ഹിതപരിശോധനയുടെ അടിസ്ഥാനത്തിൽ കാശ്മീരിന്റെ ഭാവി നിശ്ചയിക്കുക എന്നിവയായിരുന്നു കമ്മീഷന്റെ നിർദ്ദേശങ്ങൾ.

ഇന്ത്യയും പാക്കിസ്ഥാനും പ്രസ്തുത നിർദ്ദേശങ്ങൾ സ്വീകരിച്ചതോടെ 1949 ജനുവരി ഒന്നിന് വെടിനിർത്തൽ കരാർ പ്രാബല്യത്തിൽവന്നു. എന്നാൽ ഹിതപരിശോധന നടത്തുവാൻ വേണ്ട സാഹചര്യം ഒരുക്കുന്നതിനോ വ്യവസ്ഥകൾ രൂപീകരിക്കുന്നതിനോ യു.എൻ. അതിനായി നിയോഗിച്ച അഡ്മിനിസ്ട്രേറ്റർക്ക് കഴിഞ്ഞിട്ടില്ല. പിന്നീട് വന്ന കമ്മീഷനുകളും പരാജയമായിരുന്നു. വിഘടനവാദം വളർത്തി കാശ്മീരിനെ തങ്ങളുടെ ഭാഗത്താക്കാനുള്ള പാക്കിസ്ഥാന്റെ ശ്രമം ഒന്നിലേറെ യുദ്ധങ്ങൾക്കും കാരണമായി.

കാശ്മീർ ഇന്ന്

ഹിതപരിശോധനയെക്കുറിച്ച് ഇന്ത്യയും പാക്കിസ്ഥാനും ഇപ്പോൾ മൗനം പാലിക്കുകയാണ്. കാരണം പ്രശ്നങ്ങൾ അത്രയേറെ സങ്കീർണ്ണമായിരിക്കുന്നു. കാശ്മീരിന്റെ നല്ലൊരുഭാഗം കൈയടക്കിവെച്ചിരിക്കുന്ന പാക്കിസ്ഥാൻ കുതന്ത്രങ്ങളിലൂടെ ഇന്ത്യയെ വിഭജിക്കുന്നതിനും കാശ്മീർ സ്വന്തമാക്കുന്നതിനുമാണ് എന്നും ശ്രമിച്ചിട്ടുള്ളത്. ഇരുരാജ്യങ്ങളും കാശ്മീരിനെ, കാശ്മീരിലെ ജനങ്ങളുടെ വികാരത്തെ മറന്നുകളഞ്ഞു. നെഹ്റുവും ഗാന്ധിജിയും കാശ്മീർ ജനതയോട് അനുഭാവമുള്ളവരായിരുന്നു. പിന്നീട് മാറിമാറിവന്ന ഭരണപക്ഷങ്ങൾ കാശ്മീരിന്റെ സ്വയംഭരണം നിയന്ത്രിക്കുന്നതിനും പ്രത്യേക അവകാശ

ങ്ങൾ റദ്ദാക്കുന്നതിലും ശ്രദ്ധിച്ചു. ഇതുമൂലം കാശ്മീർ ജനതക്ക് ഇന്ത്യയോടും പാക്കിസ്ഥാനോടും ഒരു പോലെ മാനസികമായ അകലം സംഭവിച്ചു. കാശ്മീർ സ്വന്തമാക്കുന്നതിന് പാക്കിസ്ഥാൻ തീവ്രവാദവും വർഗ്ഗീയതയും കൂട്ടുപിടിച്ചു. ഇത് കാശ്മീരിന്റെ സൗഹാർദ്ദാന്തരീക്ഷത്തിനു പൊള്ളലേല്പിച്ചു. ഫലമോ കാശ്മീരിന്റെ അതിർത്തിയും കാശ്മീരിന്റെ ഉൾവശവും ഇന്നും പുകഞ്ഞുകൊണ്ടിരിക്കുന്നു. തങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ ഒപ്പം നിൽക്കാത്ത ഗവൺമെന്റിനെ തങ്ങൾക്ക് ആവശ്യമില്ല എന്നു പ്രഖ്യാപിച്ചുകൊണ്ട് കാശ്മീർ ജനത പ്രക്ഷോഭവുമായി തെരുവിലിറങ്ങിയിരിക്കുന്നു. ഇപ്പോഴുള്ള പ്രക്ഷോഭങ്ങൾക്കു തിരികൊളുത്തിയത്, ഹിസ്ബുൾ മുജാഹിദ്ദീനിൽപ്പെട്ട ബുർഹാൻ വാണി എന്ന യുവാവിനെ അർദ്ധ സൈനിക വിഭാഗങ്ങൾ കൊലപ്പെടുത്തിയ സംഭവത്തോടെയാണ്. പൊട്ടിപ്പുറപ്പെട്ട അമർഷവും പ്രതിഷേധവും ആറു മാസം കഴിഞ്ഞിട്ടും കെട്ടടങ്ങാതെ നിൽക്കുകയാണ് കാശ്മീരിൽ. മുമ്പ് വിഘടനവാദികളും ഭീകരവാദികളുമൊക്കെയാണ് പ്രതിഷേധവും അക്രമവും നടത്തിയിരുന്നതെങ്കിൽ ഇന്ന് അത് മാറി - വിദ്യാർത്ഥികളും യുവാക്കളും പെൺകുട്ടികളും വരെ പ്രക്ഷോഭത്തിലുണ്ട്. ഈ പ്രക്ഷോഭങ്ങൾക്കെല്ലാം പിന്നിൽ പാക്കിസ്ഥാനാണ് എന്ന് പറയാനാവില്ല.



എന്നാൽ ഇക്കഴിഞ്ഞ ദിവസം അധിനിവേശ കാശ്മീരിൽ ഇന്ത്യൻ അതിർത്തിക്കടുത്ത് സന്ദർശനം പാക്ക് സൈനിക മേധാവി ഖമർ ജാവേദ് പറഞ്ഞത് കാശ്മീരിലെ കലാപങ്ങൾക്കു പിന്തുണ തുടരുമെന്നാണ്. പാക്കിസ്ഥാൻ സമാധാനമല്ല ആഗ്രഹിക്കുന്നത് എന്നതിന്റെ തെളിവാണ്, നിയന്ത്രണരേഖക്കു സമീപം രണ്ട് ഇന്ത്യൻ ജവാന്മാരെ കൊലപ്പെടുത്തി മൃതദേഹം വികൃതമാക്കിയ പാക് സൈനിക നടപടി. ഇത്തരം ഭീരുത്വം നിറഞ്ഞ ഒളിപ്പോരാട്ടമാണ് പാക്കിസ്ഥാൻ കാലങ്ങളായി നടത്തിവരുന്നത്. എന്നിട്ട് ലോകത്തിന്റെ മുൻപിൽ നല്ലപിള്ള ചമയാൻ കാശ്മീർ പ്രശ്നം എടുത്തിടുകയും ചെയ്യും. പാക്കിസ്ഥാൻ നടത്തുന്ന ആക്രമണങ്ങൾക്കു ശക്തമായ തിരിച്ചടി ഇന്ത്യ നൽകുന്നുണ്ടെങ്കിലും ഇത്തരം ആക്രമണ പ്രത്യാക്രമണങ്ങൾ നിയന്ത്രണം വിട്ടുപോകുമോ എന്ന ആശങ്കയിലാണ് ലോക രാഷ്ട്രങ്ങൾ.

സെപ്തംബർ 18ന് ജമ്മു കാശ്മീരിലെ ഉറിയിൽ പാക് സൈന്യം നടത്തിയ ആക്രമണത്തിനു തിരിച്ചടിയായി സർജിക്കൽ സ്ട്രൈക്ക് നടത്തിയെന്ന് നരേന്ദ്രമോദി സർക്കാർ അവകാശപ്പെട്ടു. എന്നാൽ ലോകം ഉന്നയിച്ച ചില സംശയങ്ങൾ ദൂരീകരിക്കാനോ ഉയർന്നുവന്ന ചോദ്യങ്ങൾക്ക് മറുപടി നൽകാനോ മോദിസർക്കാരിന് കഴിഞ്ഞിട്ടില്ല. പാക്കിസ്ഥാനാകട്ടെ ഒന്നും സംഭവിച്ചിട്ടില്ല എന്ന മട്ടിലാണ് പ്രതികരിച്ചത്.

ജമ്മു-കാശ്മീരിന്റെ കാര്യത്തിൽ കൂടുതൽ അപകടകരമായ പാതയിലൂടെയാണ് മോദി സർക്കാർ സഞ്ചരിക്കുന്നത്. ജമ്മു കാശ്മീരിലെ ജനങ്ങളെ വിശ്വാസത്തിലെടുത്ത് അവരെ ഒപ്പം നിർത്തി പാക്കിസ്ഥാനെ ഒറ്റപ്പെടുത്തുന്നതിനു പകരം ജനങ്ങളെ ശത്രുക്കളായി കണ്ട് സൈനികശക്തി ഉപയോഗിച്ച് അവരെ ഒറ്റപ്പെടുത്താനാണ് മോദി ശ്രമിക്കുന്നത്. പരിഹരിക്കാൻ ഏറെ ബുദ്ധിമുട്ടുള്ള അവസ്ഥയിലേക്ക് കാശ്മീർ വിഷയത്തെ കൊണ്ടുപോകാനാണ് മോദി സർക്കാർ ശ്രമിക്കുന്നത്.



ഇതിന്റെ ഫലമായി കൊച്ചു കുട്ടികൾ പോലും തെരുവിലിറങ്ങി സൈന്യത്തിനുനേരെ കല്ലെറിയുന്നു. കല്ലുകളുമായി ആക്രോശിച്ചെത്തുന്ന പ്രക്ഷോഭകർക്കു മുന്നിൽ ജീവൻ പണയംവെച്ചാണ് സി.ആർ.പി.എഫ്. സേനാംഗങ്ങൾ പ്രതിരോധം തീർക്കുന്നത്.

ശ്രീനഗറിലെ ഒരു വിഭാഗം യുവാക്കൾക്കിടയിൽ ഭയം എന്ന വികാരമില്ലാതായിരിക്കുന്നു. 'ആസാദിക്കു (സ്വാതന്ത്ര്യം) വേണ്ടി ജീവൻ നൽകാൻപോലും ഞങ്ങൾ തയ്യാർ" എന്ന് അലറിവിളിക്കുന്ന തോക്കിനെ പേടിയില്ലാത്ത യുവത. ഇവിടുത്തെ യുവത്വത്തിന് അറിയാത്തതല്ല ഇത്തരം കല്ലേറുകൊണ്ട് പ്രശ്നപരിഹാരമുണ്ടാകില്ല എന്ന്. എങ്കിലും ഗവൺമെന്റ് തങ്ങളോടു സ്വീകരിക്കുന്ന അടിച്ചമർത്തൽ നയങ്ങൾക്കെതിരെ അവർക്കു പ്രതികരിക്കാൻ കഴിയുന്ന ഏക മാർഗ്ഗമാണ് ഇത്. ഇന്ത്യൻ പെൺ ഫുട്ബോളിലെ പുലിക്കുട്ടിയായ അഫ്ഷാൻ അഷിക്കും, ഗാന്ധിസ്മാരക കോളജിലെ ആമിറും ഇന്ത്യാ വിരുദ്ധ വിദ്വേഷത്തിലെ ജ്വലിക്കുന്ന മുഖങ്ങളായി വാർത്തകളിൽ ഇടംപിടിച്ചു. പെല്ലറ്റാക്രമണത്തിൽ ഒരുപാട് പേർക്ക് കാഴ്ച നഷ്ടപ്പെടുകയും ഗുരുതരമായി പരുക്കേൽക്കുകയും ചെയ്തു. അഞ്ഞൂറിലധികം മെറ്റൽ ബോളുകളായി ചിതറി തെറിച്ചു വരുന്ന പെല്ലറ്റുകളുടെ ആക്രമണത്തിനിരയായവരിൽ സ്വദേശികൾ മാത്രമല്ല മാധ്യമപ്രവർത്തകരും ഉൾപ്പെടുന്നു.

കാശ്മീരിൽ അനുദിനം നില വഷളാകുന്നു എന്നാണ് ഗവർണർ എൻ. എൻവോറ ഡൽഹിയിൽ വന്നു കേന്ദ്ര സർക്കാരിനെ അറിയിച്ചിരിക്കുന്നത്. മുഖ്യമന്ത്രി മെഹ്ബൂബ മുഫ്തി ഡൽഹിയിലെത്തി പ്രധാനമന്ത്രി നരേന്ദ്രമോദിയോടു പറഞ്ഞു: ജമ്മു കാശ്മീരിൽ എല്ലാ വിഭാഗങ്ങളുമായും ചർച്ച ആരംഭിച്ചില്ലെങ്കിൽ സ്ഥിതിഗതികൾ കൈവിട്ടുപോകും എന്ന്. പി.ഡി.പി.-ബി.ജെ.പി. സർക്കാരാണ് അവിടെ ഭരണത്തിൽ.

പ്രധാനമന്ത്രി നരേന്ദ്രമോദി 80000 കോടി രൂപയുടെ പാക്കേജ് അനുവദിച്ചെങ്കിലും ഇനിയും പണം സംസ്ഥാനത്ത് എത്തിയിട്ടില്ല. വികസന പ്രവർത്തനങ്ങൾ നടക്കാത്തതിൽ ജനങ്ങളും അസംതൃപ്തരാണ്. സുരക്ഷിതമായ തൊഴിലില്ലായ്മ യുവാക്കളെ സമരമുഖത്തേക്ക് തള്ളിവിടുന്നു. കഴിഞ്ഞ ആറുമാസത്തിനിടെ 80 യുവാക്കളാണ് പ്രക്ഷോഭത്തിനിടെ കൊല്ലപ്പെട്ടത്.

കാശ്മീരിലെ തെരുവ് പ്രക്ഷോഭങ്ങൾ വർദ്ധിക്കുന്നതിനു പിന്നിൽ പാക്കിസ്ഥാന്റെ കൈയുണ്ടെന്നാണ് ആഭ്യന്തരമന്ത്രി രാജ്നാഥ്സിങ് സംശയിക്കുന്നത്. എന്നാൽകൂടിയും കാശ്മീരിന്റെ നേരെ വർഷങ്ങളായി തങ്ങൾ സ്വീകരിക്കുന്ന നയം തിരുത്താൻ ഡൽഹി ഭരണകൂടം തയ്യാറാകുന്നില്ല.

കാശ്മീരിനു ഭീഷണിയുയർത്തി പാക്കിസ്ഥാൻ മാത്രമല്ല ചൈനയും നേർക്കുനേർ വരുന്നു എന്നത് ഇന്ത്യയുടെ ആശങ്ക ഉണർത്തുന്നു. ഒ.ബി.ഒ.ആർ. എന്ന സാമ്പത്തിക പദ്ധതിയിലൂടെ കാശ്മീരിനു സംയുക്ത ഭീഷണിയുയർത്തുകയാണ് ചൈനയും പാക്കിസ്ഥാനും. പാക്കിസ്ഥാൻ കൈയടക്കിയ ഗിൽഗിത്-ബാൽടിസ്ഥാൻ മേഖലയിലൂടെയാണ് ഈ വൺ



ബെൽറ്റ് വൺ റോഡ് കടന്നുപോകുന്നത് എന്നതു തീർച്ചയായും ആശങ്കയുയർത്തുന്ന കാര്യമാണ്. ഇതിലൂടെ ഇവിടുത്തെ സൈനിക സുരക്ഷാ കാര്യങ്ങളിൽ താല്പര്യമുണ്ടെന്ന് ചൈന തെളിയിച്ചിരിക്കുന്നു. കാശ്മീരിന്റെ കിഴക്കും വടക്കുംനിന്ന് ചൈനീസ് സൈന്യവും, പടിഞ്ഞാറുനിന്ന് പാക്ക് സൈന്യവും സംയുക്തമായി ഒരു നീക്കം നടത്തിയാൽ ഇന്ത്യൻ സൈന്യത്തിനു പിടിച്ചുനിൽക്കാനാവുമോ?

ഇനി ഇന്ത്യയുടെ രണ്ടാമത്തെ ആശങ്കയാണ്, അവിഭാജ്യ ഘടകമെന്ന് ഇന്ത്യ കരുതുന്നതും ഇപ്പോൾ പാക്കിസ്ഥാന്റെ നിയന്ത്രണത്തിലുള്ളതുമായ വിൽഗിത് - ബാൾട്ടിസ്ഥാൻ പ്രദേശത്തെ പാക്കിസ്ഥാൻ അവരുടെ അഞ്ചാമത്തെ പ്രവിശ്യയായി പ്രഖ്യാപിക്കാൻ തയ്യാറെടുക്കുന്നു. ഇതിന്റെ പ്രത്യാഘാതങ്ങൾ പലതാണ്. പ്രവിശ്യാ പ്രഖ്യാപനം പൂർണ്ണമായും അസ്വീകാര്യമായ നടപടിയാണെന്ന് ഇന്ത്യയുടെ വിദേശകാര്യ വക്താവ് ഗോപാൽ ബാഗ്ലെ പ്രതികരിച്ചു. "ഇന്ത്യയും പാക്കിസ്ഥാനും ഉഭയകക്ഷി ചർച്ചകളിലൂടെ പ്രശ്നത്തിന് ശാശ്വത പരിഹാരം കാണണമെന്നാണ് ചൈനയുടെ നയം" എന്ന് ചൈനയുടെ വിദേശകാര്യ വക്താവ് ഹുവചുയിങ്ങ് പറയുകയുണ്ടായി.

വളരെ സങ്കീർണ്ണമായ ഒരു പ്രശ്നമാണ് കാശ്മീർ. ഓരോ ചുവടും സൂക്ഷിച്ചുവേണം വെയ്ക്കാൻ. വിദ്വേഷവും അസഹിഷ്ണുതയുംകൊണ്ട് കാശ്മീർ പ്രശ്നം പരിഹരിക്കാനാവില്ല. ഇവിടുത്തെ ജനങ്ങൾ തീവ്രവാദികളാണ് എന്നു കരുതുന്ന മറ്റു സംസ്ഥാനങ്ങളിലെ ജനങ്ങളുടെ മനസ്സിലെ തെറ്റിദ്ധാരണയാണ് ആദ്യം മാറ്റേണ്ടത്. കാശ്മീരിൽ ഉള്ളവർ നമ്മുടെ സഹോദരങ്ങളാണ്, നമ്മളെപ്പോലെതന്നെ ജീവിക്കാൻ അവർക്കും അവകാശമുണ്ട്. സൈന്യം അവിടെ അനുഭവിക്കുന്ന യാതനകളെക്കുറിച്ച് നമ്മൾ പറയുമ്പോൾ, പണ്ട് സൈന്യം അവിടെ നടത്തിയ മനു

ഷ്യത്വത്തിന് എതിരായ പ്രവൃത്തികളെക്കുറിച്ച് നാമെല്ലാം മൗനം അവലംബിക്കുന്നു.



ARTICLE 370: J&K ISSUE

ഇന്ത്യയും പാക്കിസ്ഥാനും തമ്മിലുള്ള അസ്വാരസ്യങ്ങൾ ഇല്ലാതാക്കാതെ കാശ്മീർ പ്രശ്നം ഒരിക്കലും അവസാനിക്കില്ല. കാശ്മീരി ദേശീയവാദികളിൽ ഇപ്പോൾ, ഒരു വിഭാഗം സ്വതന്ത്ര കാശ്മീർ വാദമാണ് ഉയർത്തുന്നത്. ഇക്കൂട്ടർ ഇന്ത്യയെയും പാക്കിസ്ഥാനെയും ഒരുപോലെ ശത്രുപക്ഷത്ത് പ്രതിഷ്ഠിച്ചിരിക്കുന്നു.

കാശ്മീരിലെ ഹുറിയത്ത് കോൺഫറൻസ് നേതാവ് മിർവായിസ് ഉമർ ഫാറൂഖ് പറയുന്നത്, "രണ്ട് വഴികളാണ് കേന്ദ്രസർക്കാരിനു മുന്നിലുള്ളത്. ഒന്ന്, രാജ്യാന്തര വ്യവസ്ഥകൾക്കനുസൃതമായി കാശ്മീരിൽ ഹിതപരിശോധന നടത്തുക. രണ്ട്, പ്രശ്നപരിഹാരത്തിന് ഇന്ത്യയും പാക്കിസ്ഥാനും കാശ്മീരികളും ഒന്നിച്ചിരുന്നു ചർച്ച ചെയ്യുക. ഇതു രണ്ടു സാധ്യമല്ലെന്നാണ് സർക്കാർ നിലപാട്. കാശ്മീരികളെ ഒഴിവാക്കി പ്രശ്നം പരിഹരിക്കുക അസാധ്യമാണ്. ഇവിടുത്തെ ജനങ്ങളാണ് അവരുടെ ഭാവി നിശ്ചയിക്കേണ്ടത്."

വിഘടനവാദികളുമായി ചർച്ചയില്ല എന്നു പ്രഖ്യാപിച്ച കേന്ദ്ര സർക്കാർ ആരുമായും ചർച്ച നടത്താൻ തുനിയാത്തതാണ് പ്രശ്നം കൂടുതൽ വഷളാക്കുന്നത്. ഈ നില ചൂഷണം ചെയ്യാൻ പാക്കിസ്ഥാൻ ഐ.എസ്.ഐ. യെയും ലഷ്കറെ തയിബെയും മുജാഹിദിനെയും ഉപയോഗിക്കുന്നുമുണ്ട്. ഗവർണർ എൻ. എൻ. വോറയുടെ കാലത്തുതന്നെ മൂന്നുതവണ കേന്ദ്ര ഭരണം ഏർപ്പെടുത്തിയതാണ്. എന്നാൽ ഇപ്പോൾ വോറപോലും ഗവർണർ ഭരണം ഏർപ്പെടുത്തരുത് എന്നാണ് വാദിക്കുന്നത്. "J & K യുടെ ആദ്യ വനിതയായ മെഹ്ബൂബ മുഫ്തിക്ക് എല്ലാ സഹായവും നൽകി ചർച്ചകൾ പുനരാരംഭിച്ചു സമാധാനം പുനസ്ഥാപിക്കു" എന്നാണ് വോറയും നിർദ്ദേശിക്കുന്നത്.

കാശ്മീർ കാര്യത്തിൽ പ്രധാനമന്ത്രി എ.ബി. വാജ്പേയിയുടെ ഉപദേഷ്ടാവായിരുന്നു എ.എസ്. ദുലത്. കാശ്മീരിനുനേരെയുള്ള മോദി നയത്തെ വിമർശിക്കുന്നതിനൊപ്പംതന്നെ എത്രയുംവേഗം തക്കതായ നടപടികൾ സ്വീകരിച്ച് കാശ്മീരിനെ പഴയ ക്രമസമാധാനത്തിലേക്ക് കൊണ്ടുവരണം എന്ന മുന്നറിയിപ്പ് നൽകുകയും ചെയ്യുന്നു.

തുറന്ന മനസ്സോടെയുള്ള ചർച്ചയാണ് കാശ്മീർ പ്രശ്നത്തിൽ ആവശ്യം. പാക് പ്രകോപനങ്ങൾക്കു മറുപടിയായി ഇന്ത്യ ഒരിക്കലും സാഹസത്തിനു മുതിരരുത്. എന്നാൽ പാക്കിസ്ഥാന്റെ നിഴൽയുദ്ധവും ഒളിപ്പോരാട്ടവും പെറുക്കുകയും വേണം. തികഞ്ഞ രാജ്യതന്ത്രജ്ഞതയും ജനാധിപത്യ മര്യാദകളും ഏറ്റവും അഭികാമ്യമായ അളവിൽ സമന്വയിപ്പിച്ചാൽ മാത്രമേ ഈ കലുഷിതമായ അന്തരീക്ഷം അനുകൂലമായി മാറ്റുവാൻ സാധിക്കുകയുള്ളു. ഇതിനു സാധിച്ചില്ലെങ്കിൽ വേദനാജനകമായ രംഗങ്ങൾക്ക് നമ്മൾ സാക്ഷികളാകേണ്ടിവരും. മാത്രവുമല്ല നമ്മുടെ രാഷ്ട്രീയ നേതൃത്വത്തിന് ചരിത്രം മാപ്പുനൽകുകയുമില്ല.

With best compliments from :

VIJAY SCIENTIFIC INSTRUMENTS

MILL ROAD, P.O. PUNKUNNU, THRISSUR - 680 002

Ph : 0487 2382057

Dealers in Scientific Equipements, Glass Wares etc.
for SCHOOLS, COLLEGES, LABORATORIES & INDUSTRIES

45 years in Service



ഹാ, വിജിഗീഷു...

കാലത്തിന്റെ കണ്ണുകളെല്ലാം ചോരക്കുട്ടിൽ ബന്ധിതമായ്
കോമാളികളായ് കണ്ണുംപൂട്ടി തിമിർത്താടുന്ന പേക്കോലങ്ങൾ
കയറിൽ തൂങ്ങി പ്രതിഷേധിക്കും, നരബലികൾ
കൈയിൽ കിട്ടിയതെല്ലാം കണ്ണിൽ മായക്കാഴ്ചകളായ്
കണ്ണുതുറക്കിൻ മാളോരേ, കൈയിൽ കരുതിൻ തീപ്പൊരികൾ
ബന്ധനമെല്ലാം പൊട്ടിച്ചെറിയാൻ ചങ്ങലയെല്ലാം തുരുമ്പെറിയിൻ
കീറിമുറിക്കും ജീവനുകൾക്കായ് കൈകളുയർത്തിൻ ധീരതയായ്
ബോധംകെട്ടാടിടുന്നോരെ ഉയർത്തെണീക്കിൻ ചങ്കിൽ പൊൻതിരിയായ്
കാട്ടാളജന്മം പുകിയോരെ തുകിലേറ്റിൻ മടിക്കാതെ
അഴിമതികളുള്ള കൈകളിലെല്ലാം വീണിടട്ടെ വിലങ്ങുകൾ
കർമ്മബോധം ഉണരട്ടെ, ഉയരട്ടെ ചോരവീഴാ പ്രതിഷേധം
അമർത്യമായ് ഉയരട്ടെ മനുഷ്യഹൃത്തിൽ നീതിതൻ പൊൻ തൂവൽ.

റിയ ജെസ്റ്റിൻ
S3 ബി.എ, മലയാളം

SYRIA

Mirfa Sikkendar
S4 BA Functional English



I bleed!
Every pore of my body aches...
Every time my heart beats,a bomb blasts.
Every day I watch my sons die
in my arms.
And half of them, refugees and exiles.
"Kill the adults, Leave the children",
I hear the parents cry!
And finally my children learnt to sleep
peacefully, warplanes circling around.
It's been years and years ...
And I wonder when it stops!
Every day, a Sadako is born,
an Aylan dies!
And for us Anne Frank
is no more a memory...
Yes, I'm Syria.
The one who has lot of children,
so little childhood.
The one who has forgotten happiness
and longs for a day of peace…



വരൂ, നമുക്ക് യുദ്ധം ചെയ്യാം

മാളവിക പി. ഇ.
S6 ബി.കോം, റഗുലർ

മനുഷ്യർ സഹവസിക്കാൻ തുടങ്ങിയ കാലംമുതൽക്കേ യുദ്ധങ്ങളെപ്പറ്റി നാം കേൾക്കുന്നു. ജയിച്ചവന്റെ സ്വന്തമായി എഴുതപ്പെട്ട ചരിത്രം പലപ്പോഴും ജയിച്ചവന്റേതു മാത്രമായിരുന്നു. ജയിച്ചവൻ കുറിച്ച ചരിത്രം പഠിച്ച്, അവരെ നാം മഹാന്മാരെന്നു വാഴ്ത്തി ദിഗന്തങ്ങൾ കീഴടക്കിയ വീരശൂരപരാക്രമികളുടെ മേന്മ യുഗങ്ങൾക്കിപ്പുറവും നാം വാഴ്ത്തുന്നു; മഹാന്മാരെന്നു വിളിക്കുന്നു.

കൃഷിചെയ്യാൻ വേണ്ടിയിരുന്ന മണ്ണിനുവേണ്ടിയും, വളർത്തുമൃഗങ്ങൾക്കും അവയ്ക്ക് മേയാനുള്ള ഇടങ്ങൾക്കുവേണ്ടിയും തുടങ്ങിയ കുലങ്ങൾ തമ്മിൽ തുടങ്ങിയ യുദ്ധങ്ങൾ, മനുഷ്യന്റെ സാംസ്കാരിക വളർച്ചയ്ക്കൊപ്പം തന്നെ, എല്ലാം കീഴടക്കി സ്വന്തം അധികാരത്തിൻ കീഴിലാക്കാനുള്ള തരയും കൂടിവന്നു. കത്തിയും, വാളും, അമ്പും, വില്ലും, പീരങ്കിയും യുദ്ധങ്ങളിൽ അവന്റെ തോളോടുതോളുരുമ്മി നിന്നു. കൊന്നുതള്ളിയ മനുഷ്യരുടെ എണ്ണവും, നശിപ്പിച്ച നഗരങ്ങളുടെ കണക്കും, ശരീരത്തിലെ മുറിവുകളുടെ എണ്ണവും ഒരുവന്റെ ധീരതയുടെ കൊടിയടയാളങ്ങളായി കാലം മാറി, കുലങ്ങൾ മാറി, രാജ്യങ്ങളായി, സാമ്രാജ്യങ്ങളായി, പിന്നെയും പിന്നെയും എന്തൊക്കെയോ നേടാനുള്ള മനുഷ്യന്റെ വ്യഗ്രതയിൽ കെട്ടിപ്പടുത്തുയർത്തിയതിനെ നശിപ്പിക്കാനും തീയിലിട്ടാനും ഉടപ്പിറന്നവന്റെ തലയരിയാനും അവന്റെ കൈകൾ അറച്ചില്ല.

യുദ്ധത്തിൽ വിജയംനേടി വന്നവനെ വാഴ്ത്തിയും പൂജിച്ചും സാമ്രാജ്യങ്ങൾ പെരുമ പറഞ്ഞു. കാലം മാറി, അമ്പും വില്ലും ഉപയോഗിച്ചിരുന്നിടത്ത് തോക്കും, പീരങ്കിയും മറ്റും വന്നു. യുദ്ധങ്ങൾ തുടർന്നുകൊണ്ടേയിരുന്നു. യുദ്ധങ്ങൾ പഴയ അതിർത്തികളെ ഇല്ലാതാക്കി പുതിയ അതിർത്തികൾ രൂപപ്പെടുത്തി. ആളും കോപ്പും കൂടിയാലും യുദ്ധം ജയിക്കില്ല എന്നായി. യുദ്ധരീതികളും യുദ്ധനിയമങ്ങളും മാറി. ലോകത്തെ രണ്ടായി വിഭജിക്കാൻമാത്രം രണ്ട് ലോകമഹായുദ്ധങ്ങൾ നടന്നു. ആണവയുദ്ധങ്ങൾ.... സമയവും ദൂരവും കാലവും ഒന്നും തടസ്സമാകാതെ ആശയങ്ങൾക്കും അധികാരങ്ങൾക്കും കുത്തകകൾക്കും വേണ്ടി യുദ്ധം നടന്നുകൊണ്ടേയിരിക്കുന്നു. യുദ്ധം മാറി, യുദ്ധരീതികൾ മാറി, പക്ഷേ യുദ്ധങ്ങൾ ഇന്നും തുടർന്നുകൊണ്ടിയിരിക്കുന്നു.

ഓരോ നൂറ്റാണ്ടിലെയും യുദ്ധങ്ങളുടെ കണക്കെടുത്താൽ വളരുന്ന പട്ടികകൾ ചിലപ്പോൾ കണ്ടില്ലെന്നുവരാം. എന്നാൽ നഷ്ടങ്ങളുടെ കണക്ക് പെരുകിക്കൊണ്ടേയിരിക്കുന്നു. യുദ്ധത്തിന്റെ സവിശേഷമായ നാമവും ജയിച്ച ചേരിയുടെ പേരും കളങ്ങളിൽ നിറഞ്ഞുനിൽക്കുമ്പോൾ, അവ എഴുതപ്പെട്ടത് നഷ്ടങ്ങളുടെ കണക്കുപുസ്തകത്തിലെ ചോരത്തുള്ളികളാലാണെന്ന് നാം മറക്കുന്നു. ഒരു കലിംഗയിൽ വീണ കബന്ധങ്ങൾ കണ്ട് ബുദ്ധമതവിശ്വാസിയായി മാറിയ അശോകനെ നാം മഹാനെന്ന് വിളിച്ച്, പിന്നീട് മറ്റൊരു

അശോകനെയും മഹാനാക്കാൻ മറ്റൊരു കലിംഗയ്ക്കും ആയില്ല. കച്ചവടത്തിനുവേണ്ടി വന്ന് നാട് ഭരിച്ചു മുടിച്ച കിരാതന്മാരെ നാം വെറുത്തു. അവരെ പുറത്താക്കാൻവേണ്ടി, നമ്മുടെ രാജ്യത്തെ നാം കീറിമുറിച്ചു. അവരിലാരോ ഒരാൾ വരച്ച ഒരു വരയ്ക്കപ്പുറവും ഇപ്പുറവും നിന്നും നമ്മൾ പോരാടി. ഇന്നും നമ്മൾ പോരാടിക്കൊണ്ടേയിരിക്കുന്നു. കാലാകാലങ്ങളോളം ഒന്നായിക്കഴിഞ്ഞ അർദ്ധഭാഗം ഇന്ന് നമുക്ക് ഏറ്റവും വലിയ വെല്ലുവിളി ഉയർത്തുന്നു. നാട് മുടിപ്പിച്ച കിരാതന്മാർ നമുക്കിടയിൽ സന്ധി സംഭാഷണങ്ങൾ നടത്തുന്നു. പ്രശ്നം പരിഹരിക്കാൻ പൊതുസഭയിൽ നാം ഹർജി സമർപ്പിക്കുന്നു.

തീവ്രമായ ആശയങ്ങൾ നടപ്പിലാക്കാൻ, ഉത്തമ രാജ്യം പണിയാൻ, സാധാരണക്കാരനു ജീവിക്കാനും ജീവിതം തീർക്കാനുമുള്ള അവസരം നിഷേധിക്കപ്പെടുന്നു. 'നിന്റെ അയൽക്കാരന്റെ പ്രാണന് നീ കാവൽക്കാരനായിരിക്കുക' എന്നു പറഞ്ഞ ദൈവത്തിനുവേണ്ടി ലക്ഷക്കണക്കിനു ജീവിതങ്ങൾ വേട്ടയാടപ്പെടുന്നു. ക്രൂരത മുഖംമൂടിയണിഞ്ഞ് പച്ചമാംസം കൊത്തിക്കീറുന്നു, അമ്മപെങ്ങന്മാരുടെ അഭിമാനവും ജീവനും കൊത്തി വലിച്ചുകീറപ്പെടുന്നു.

രാജ്യങ്ങളുടെ മേൽക്കോയ്മ തെളിയിക്കാൻ ഭൂമി മൊത്തമായി തകർക്കാൻ ശേഷിയുള്ള ആയുധങ്ങൾ നിർമ്മിക്കപ്പെടുന്നു. അവയെ പ്രതിരോധിക്കാൻ ലോകം നശിപ്പിക്കാൻ ശേഷിയുള്ള മറ്റനേകം ആയുധങ്ങൾ നിർമ്മിക്കപ്പെടുന്നു. ഒന്നുറപ്പ് - ഒടുക്കം തീർച്ച - പ്രഹരം അസഹനീയമായിരിക്കും.

ഇതൊന്നും പോരാതെ, പാരമ്പര്യത്തിന്റെയും കുലത്തിന്റെയും പേരുപറഞ്ഞുള്ള യുദ്ധങ്ങൾ. നേതാക്കന്മാരുടെ തെറ്റിദ്ധാരണകൾക്കുമേലുള്ള യുദ്ധങ്ങൾ, ശക്തി തെളിയിക്കാനുള്ള യുദ്ധങ്ങൾ.

ഒരു യുദ്ധവും ഒറ്റ ദിവസംകൊണ്ടവസാനിക്കുന്നില്ല. ഹിരോഷിമയും നാഗസാക്കിയും ദശകങ്ങൾക്കു മുമ്പു വീണ അണുബോംബിൽ ഇന്നും കത്തിക്കൊണ്ടിരിക്കുകയാണ്. അഭയാർത്ഥികൾ, പലായനങ്ങൾ, കബന്ധങ്ങൾ എവിടെയും.

വിശപ്പടക്കാൻ ഭക്ഷണവും, ശ്വസിക്കാൻ ശുദ്ധവായുവും, ദാഹമകറ്റാൻ കുടിവെള്ളവും, നാണം മറയ്ക്കാൻ വസ്ത്രവും, താങ്ങാൻ ഒരിടവുമാണ് മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങൾ.... ഇവയ്ക്കുവേണ്ടി ഇന്നു യുദ്ധങ്ങളില്ല. എന്നാൽ നാളെ ഇവയ്ക്കുവേണ്ടിയും യുദ്ധങ്ങളുണ്ടാവും. മനുഷ്യന്റെ ദുഷ്ടത പ്രകൃതിയിൽ ആവോളം നാശം വിതയ്ക്കുമ്പോൾ, ഇനിയുള്ള യുദ്ധങ്ങൾ ഇതിനുവേണ്ടിയാകും.

ഒരു മൂന്നാംലോകമഹായുദ്ധംകൂടി താങ്ങാൻ ഇനി നമുക്ക് കെൽപ്പില്ല. അണ്വായുധങ്ങളാൽ സമ്പന്നമായ പല രാജ്യങ്ങളും, യുദ്ധസന്നദ്ധരായി നിലകൊള്ളുമ്പോൾ, ഇനിയുള്ള ഒരു മണിക്കൂറിനുശേഷംപോലും ഇവിടം ഇങ്ങനെത്തന്നെ ആയിരിക്കുമോ എന്നു നാം ഭയപ്പെടേണ്ടിയിരിക്കുന്നു.



With best compliments from :

Ollukkaran's

LADIES BEAUTY

High Road Jn., Thrissur

Ph : 2421292, 2253783



21st Century Gold Covering Ornaments Cosmetics

ബിൻഷ കെ.


S2 ബി.എസ്.സി. കെമിസ്ട്രി



ഇരുട്ടിനെ തളർത്തിയ വെളിച്ചം

ഇരുട്ടിനെ വെളിച്ചം തളർത്തുന്നുവെന്നത് പരമമായ സത്യം മാത്രം. ജനാലപ്പഴുതിലൂടെ അവൾ പുറത്തേക്ക് നോക്കിയിരുന്നു. സമയം പോകുന്നതുപോലെ മാനവും ഇരുണ്ടുതുടങ്ങി. മാനം എത്ര ഇരുട്ടിയാലും നിലാവ് എന്ന വെളിച്ചം അതിനെ എതിർത്തുനിൽക്കുന്നു. അന്ധകാരത്തിന്റെ പഴുതിലൂടെ ചുഴ്ന്നിറങ്ങി നിലാവ് വെളിച്ചം പരത്തിക്കൊണ്ടിരിക്കുന്നു. നിലാവ് എന്ന വെളിച്ചം മാത്രമല്ല, സൂര്യൻ, ചന്ദ്രൻ, നക്ഷത്രം തുടങ്ങി പ്രകൃതി വരദാനങ്ങളായ പലതും അന്ധകാരത്തിന്റെ പ്രതീകമായ ഇരുട്ടിനെ തുടച്ചുനീക്കുന്നു. പണക്കാരനെ പാവപ്പെട്ടവൻ സ്നേഹംകൊണ്ടും, നന്മകൊണ്ടും തോല്പിക്കുന്നതുപോലെയാണ് മരണത്തിന്റെയും ശൂന്യതയുടെയും പ്രതീകമായ ഇരുട്ടിനെ സമാധാനത്തിന്റെയും ശാന്തിയുടെയും പ്രതീകമായ വെളിച്ചം കീഴടക്കി തോല്പിക്കുന്നത്. കാരണം, പ്രകൃതിയുടെ പരാജയഭാവമാണ് ഇരുട്ട്. എന്നാൽ, പ്രകൃതിയുടെ തന്നെ ഉദയഭാവമാണ് വെളിച്ചം. ജനൽക്കമ്പിയുടെ അഴികളിലൂടെ നോക്കിയ അവൾ കണ്ടത് സന്ധ്യമയങ്ങിയ തിന്റെ സൂചന ആയ ഇരുട്ടിനെയാണ്. എന്നാൽ, ആ ഇരുട്ടിനെപ്പോലും എതിർക്കാൻ കഴിവുള്ള നക്ഷത്രത്തെയും അവൾക്ക് കാണാനായി. പരന്നു നീണ്ടു കിടക്കുന്ന ആ മാനത്തിലെ വെളിച്ചമായി ഉദിച്ചത് ഒരു ഭാഗ്യനക്ഷത്രമായിരുന്നു. സുന്ദരമായ ഭൂമിയുടെ പെറുതിലകമായി അത് പൂർണ്ണവെളിച്ചത്തോടുംകൂടി ഉദിച്ചു നിൽക്കുന്നു: അതീവ സുന്ദരമായ ഒരു കാഴ്ചതന്നെ. ഓരോ മനുഷ്യനും എത്ര വലിയ സങ്കടങ്ങൾ ഉണ്ടായാലും ഒളിച്ചിരിക്കുന്ന സന്തോഷങ്ങളും പിന്നാലെ ഉണ്ടാകുമെന്ന് തലമുറകളായി വിശ്വസിച്ചിരുന്ന ഒരു രീതിയാണ്. അതുപോലെതന്നെ എത്ര വലിയ ഇരുട്ടായാലും അതിനു പിന്നിൽ തീർച്ചയായും വെളിച്ചം ഉണ്ടായിരിക്കും. മഴ കാരണമാണെന്നു തോന്നുന്നു, നക്ഷത്രം മങ്ങി തുടങ്ങിയിരിക്കുന്നു. വെളിച്ചത്തെ മറച്ചുകളയാൻ ഇരുട്ട് ശ്രമിച്ചാലും അതിന് സാധിക്കുന്നില്ല. മഴക്കാറ് നക്ഷത്രത്തെ മറച്ച് ഇരുട്ടാക്കാൻ ശ്രമിച്ചാലും നിലാവ് അതിന് സമ്മതിക്കുന്നില്ല. ഇരുട്ടിന്റെ ശക്തിയേക്കാൾ ഏറ്റവും കൂടുതൽ ശക്തിയിലാണ് നിലാവ് വെളിച്ചം പരത്തുന്നത്.

ആകാശത്തിന്റെ ആ മനോഹാരിതയിൽ അവൾ കുറച്ചു നേരംകൂടി നോക്കിയിരുന്നു. പെട്ടെന്നാണ് അവൾ മറ്റൊരു വെളിച്ചത്തെ കണ്ടത്. സൂര്യനെപ്പോലെ അതിമനോഹരമായി ഓറഞ്ചും മഞ്ഞയും കലർന്ന നിറത്തിൽ ചന്ദ്രൻ. സൂര്യന്റെ അസ്തമയത്തിന്റെയും ഉദയത്തിന്റെയും നിറംചാലിച്ച ചന്ദ്രൻ. വളരെയധികം വലുതായി വെളിച്ചം പരത്തി ചന്ദ്രൻ അവളെയും നോക്കി പുഞ്ചിരിച്ചുകൊണ്ടിരിക്കുന്നു. എവിടെയും ഇരുട്ടിന് ശരിയായ സ്ഥാനം ലഭിക്കുന്നില്ല. ഇരുട്ടറയിൽ ഒരു ചെറിയ മെഴുകുതിരി വെട്ടം മതി അറ വെളിച്ചപൂരിതമാകാൻ. എല്ലായിടത്തും ഇരുട്ട് വെളിച്ചത്തിനാൽ തോല്പിക്കപ്പെടുന്നു. അതുകൊണ്ടുതന്നെ വെളിച്ചത്തെ തോല്പിച്ചു വിജയിക്കാൻ ഇരുട്ടിന് കഴിയുന്നില്ല. അഥവാ ഇരുട്ടിനെ തളർത്താൻ വെളിച്ചത്തിന് കഴിയുന്നു. എങ്കിലും ഇരുട്ടിന്റെ കൂടെ എന്നും ഒരുമിച്ചിരിക്കാൻ വെളിച്ചം ആഗ്രഹിക്കുന്നു. അതുകൊണ്ടാണല്ലോ ഇരുട്ടിള്ളിടത്തൊക്കെ വെളിച്ചവും ഉണ്ടാകുന്നത്. പരസ്പരം സ്നേഹിച്ചും തോല്പിച്ചും ഇരുട്ടും വെളിച്ചവും ജീവിച്ചുകൊണ്ടേയിരിക്കുന്നു.





The End of the Edge

Malavika Jayakrishnan, S4 B.Com (Regular)

India has been a wonderland that the whole world have ever looked into with awe and respect. From the vast riches to the mystic traditions, everything about India made the world curious. India not only opened to the world a land of immense wealth and spices (another road to wealth) but it meant so much that controlling India was the way to richness for the world. But more than all these economical elements,what gained attention is the great diversity of India. When countries in the world are unified by factors like language,race,religion or tradition, here is a nation whose motto itself is "unity in diversity". It is diversity that's unite us and we unite in diversity. This diversity had not been planted in the Indian soil over a period of time or over certain conditions or factors, the course of time had inculcated within the society of Indian population that ability to tolerate diversity. No wonder the land that believed in the principle of 'vasudevakudumbakam' was mentioned by Mark Twain as the cradle of the human race, the birthplace of human speech, the mother of history, the grandmother of legend, and the great grandmother of tradition.

What is Indians diversity? India is diverse from the geography of the territory to the people, their customes, traditions, beliefs, styles, habits, crops, products and languages. Anything and everything about India is diverse justifying its status as the 'Indian subcontinent'. What has made India so diverse? In the earlier history we see that Indian society had been open to ideas, science and philosophies. A society encouraging and welcoming new ideas, helped much in the spread of new beliefs practices which later became new religions. We find that contrary to the world's history, we had kings who welcomed people from all religions and promoted secularism in their reign. This was a society which initially judged and categorized man by his abilities rather that by virtue of his birth. But later when society has been bracketed by the extremist ideas of many, we moved on to a strictly hierarchical society. This is not only our story, but of many civilizations that had flourished. When the rules made for man's wellbeing changes to control man's right for a dignified life, the basic purpose of the rules get violated. And as extremism in the execution of rules dominated, what it lead to, was is the disintegration of values.

On becoming a free nation, the great leaders of our nation, the makers of our existing systems decided that our country shall be a democracy and took long time formulating rules and regulations for the citizens of free India. Even today India is the world's largest democracy, with the longest

constitution with 444 articles in 22 parts, 12 schedules and 118 amendments with 1,46,385 words in English language version. And one of the major elements of the constitution, is a list of fundamental rights, every citizen of this nation has the right to exercise. Why had our leaders included this list as it is today and emphasized it, to this significance. For in any society, the liberty to live without fear with once own ideals and morals is important. Only in a society in which self has got the freedom to believe in his ideals and express it freely and thereby leading to the formation of new ideologies and improvement in current thought could move further. Even in history, when the freedom of thought and new ideas where discouraged by the conservatism or extremism in the society, the disintegration of their indigenous culture had been the result.

And today after more than a half century of an independent nation status and the execution of the plans put forward by the great missionaries, where are we moving on to?The heterogenousness society would have within it people who believe in different ideologies, beliefs and opinions. And in case of India, in a country of diversity the difference in ideas, beliefs and opinions vary to a greater level. And to world's largest democracy, the expression of their opinions and thoughts is a right. How could we, as part of a cultured society offer to kill a person who beliefs in some principles and who dares to stand up against what he/she feels is not right. How could we afford to kill someone, just for a reason that we think that they are not right. The murder of thinkers, philosophers, and scientists is not new to the world. Socrates was killed, Protagoras was killed, Hypatia was killed, Senecan was killed, Thomas More was killed, Leon Trotsky was killed and much many more. Death of philosophers or thinkers had resulted in nothing but shame. When conservatism and fascism rules a society, it is not ideal, not cultured. And are we moving on from society of tolerance to intolerance where people are denied their right to live freely with dignity and honour is questioned and denied in name of religion, ideas, culture, beliefs and morals. Are we moving from a society of diversity to a society of uniformity by eliminating all those who differ from our ways. Was this the great leaders fought for? Our forefathers had preserved the legacy of not attacking outside countries. Now are we trying to attack our own citizens and imposing the subjective rights and wrongs of some into all who differ.

The recent developments in our society are to be looked into seriously and acted upon immediately. The freedom that we enjoyed today is not the mercy of 'some' extremist groups or ideology but that we gained with unity and tolerance. We are people who fought with the principle of truth and nonviolence even when we were oppressed. And now, if we try to oppress those with a different ideology- what is the meaning of this freedom that we had gained and then what is the freedom, what we have gained for?

Where the mind is without fear and the head is held high

Where knowledge is fire

Where the world has not been broken up into fragments

By narrow domestic walls

Where words come out from the depth of truth.

Where tireless striving stretches its arms towards perfection

where the clear streams of reason has not lost its way,

Into the dreary desert sand of dead habit

Where the mind's lead forward by thee

Into ever widening thought and action

Into that heaven of freedom, my father, let my country awake!



With Love from China

Aiswarya Pradeep
S4 BA English Literature

It was one month before reading and wondering about Chinna-kribalas – the half Malayali half Chinese community of Calicut, that I laid my hands on that green saree with maroon and off white rectangles. When the loose threads which connected Calicut with china tangled my brain folds, the green saree hid deep inside my memory.

It was my regular vacation visit to Ammamma's and my maternal ancestral home, 'Triveni'. Nobody stays at Triveni anymore, it is either rented or locked forever (only to open during our vacation visits or Ammachan's shradham). Once surrounded by cacophony of our laughter and sounds, now Triveni sucks the silence of world only to puke them over us, each time we visited...

Every first night in Triveni is spent in search of fresh bedsheets, blankets and pillow covers. Despite the resolutions of previous visit I always forget to pack my blankets and bedsheets and spend the night searching through old almiras. Then there would be my grandma's wooden Almira(as always) with a mirror burned by ages and a door creaking each time you touched it.

This grandfather cupboard holds those old fashioned blouses, churidhars and shawls which were so dear to my mom and her sisters. I always loved diving into that ancient pool of curtains, sarees, bedsheets and several other strange garments. I pull them out to just wonder about the texture or snigger at the print or shade. And it is when I ponder more into that giant folds I come across the real treasures-those old photographs- moth eaten and damaged. It is always tough to find which of your family members feature the particular photograph. I remember pulling out my mother's first standard class photo once. I gaped at several tiny curious eyes brimmed with excitement, curiosity and doubt. I really tried my best to find that little girl who grew up to give birth to me. Too disappointed by several failed attempts I quit the quiz without caring that triumphant smile on my mother's face. She pointed at that mousy little girl, with oily curls and big nose, sitting cross legged on the floor, at the foot of some important looking lady, holding a black slate announcing the class to be 1st B. Gawking, I thought of someday in my future when my little girl or boy would gape at my class photo and little me. Official photos were not much trouble. Filled with several grim looking men staring at camera, they would be either some sent off a retirement party. It was not at all difficult to spot my Ammachan, who, unlike my mother, was fully grown and had some similarities with the man I adored so much in my childhood.

It was during one such exploration of my grandma's old almira, full of black and white photographs and old blankets, I came across this green saree, several off-

white and maroon rectangles scattered on it. It was so smooth, that you will always love to rub it on your cheeks. It smelled oldness... yet I loved it at first sight. It was then my Amma came in and saw me holding the saree. She just stared at it and I could see in her eyes, how she was untightening the thread of her memory pack. "I wore this saree to college" she said, her eyes welling up with excitement of memory.

Amma, super jumpy with happiness rushed to Ammamma with the saree, I really hoped that she wouldn't steel the credit of my discovery. From the way my mom treated it, I know saree was of no little importance. It had much history, I didn't want to give up all those praises of my Ammamma, Valyamma and Chitta for fishing out that precious saree from bottom of the garment sea my Ammamma owned. But no praise came from Ammamma, she just stared at it and vaguely remembered how she used to wear that saree. Amma, without letting go the excitement started to recite the history of the saree, how Ammamma used to wear it in 1960's and 1970's, how she and Valyamma wore it in 1980's and how Chitta used to wear it in 1990's. "My God!" I thought. "The saree has got a history. It has been used from 1960's. After 4 decades of use it has rested for another decade in my Ammamma's Almira. It hasn't fade, hasn't torn, hasn't damaged, it hasn't joined the long queue of sarees that has been cruelly shaped into churidhars. The saree is phenomenal. I will wear that saree and take it to next generation" I decided. An excitement bubbled inside me at the thought of wearing that saree, saree that saw two generation, "I will give it down to my daughter or daughter-in-law. I will make that saree live for another 100 years" I decided with a tint of family pride. It was wonderful to have such a thing, a family heirloom to pass on, to boast of. I suddenly felt all more important and saw myself as an important link of an important chain. I was unaware that there is a lot more thing about the saree, things that were really historical, that would really take me by surprise. It was when valyamma and amma talked about the saree I came to know about it. The story of the green garment which liberated inside my ammamma's Almira.

My Ammachan, a humble police man of Kerala police, took part in Indo-China war before he joined Kerala police. This information was too astonishing for a beginner like me. I had goosebumps when I thought about my ancestor fighting in a war, that too in a war of national importance. I was too excited about the patriotism in my blood that I would've challenged even Mr. Goswami. Anyway the war was too tiresome and life at border was unbearable. They fought all day to retreat to their barricades at night. The army men had to bear the violence of nature too. It was almost unable to bear the coldness and Indian soldiers were granted with a ration of beverages. It was what kept them in freezing temperature at north-east. But this privileges enjoyed by Indian soldiers were not given to Chinese soldiers. They had to spend the night at darkness and coldness. So inorder to save their lives from freezing temperature, helpless Chinese armymen used to approach Indian soldiers. Indian soldiers with a mutual understanding, exchanged a portion of their liquor for some precious Chinese goods like silk, china dishes etc... That saree which I got out from the Almira was such a reward from an unknown Chinese armyman, a reward for providing him with a little liquid that could retain a little temperature and life in him. The saree took its birth somewhere in china. It travelled all the way from China to Calicut to be a present to my Ammamma, to be passed on to her daughter, to be fished out by her granddaughter... Fate and time!!!

But as I heard the story, several images rushed into my mind. Images of several men who sacrificed their lives for their countries, men who had to leave their families and places to come to this unknown borders full of sounds, men who fought each other till sunset- only to help each other at night, the men who knew the real war grounds, the men who know the stupidity of war, the men who contemplated the meaninglessness of human existence.


The fabric told me about a man's struggle, his plea,and his survival. Did he survive the war? Who knows? Ammachan passed away. Even Ammamma dumbed the story and saree into the ocean of oblivion. Now the story has been passed on... it casted a spell that bound me with the saree, the unknown Chinese man and the history-I've read vaguely in the text book...

I don't know whether this experience is extra-ordinary or not. Yet the saree rest peacefully in my wardrobe accompanied by my other costumes... once in a while I take it out, just to smell it and only I can sense it, mixed with the scent of oldness, a strange aroma which fill me with the images of great wall, dragons and noodles...

Where is Nooran?

Amalendu V. Joseph., S4 B.Sc. Mathematics

Everytime a thought is given on the book *A Train to Pakistan* by the great writer Khushwant Singh, this is the first question that occupies my mind. Where would have Nooran disappeared? What would have happened to her, to Jugga's child inside her? Is she alive or dead? Would she also be subjected to some form of atrocity by some other communal idiots on her way, somewhere? Even after safely reaching Pakisthan, what exactly did happen to her, was she tortured for conceiving a Sikh man's child? No answers are expected, but sometimes imagination spreads its wings to travel miles searching for Nooran, her child and her grandchildren. But who was Nooran? Was she a single person? No! She represented a thousand people or exactly tens of millions of people-- people those who were forced to leave their homeland--the land where they and their forefathers were born,the land they cherished in their dreams of handing over to their children, the land wet with their sweat and blood— they had to leave it because they followed a different faith. They were going to a land where people molested, tortured and killed their own brothers (they were brothers till the previous day) leaving their own land behind, scared of the fate that shall befall them by the hands of the people with whom till recently they shared space, food, belongings, happiness and even sorrow. They are leaving behind everything they had— holding on to their breath and life— to a life of uncertainity, strangeness and emptiness. Everything around them changed so suddenly that the people whom they called brothers till yesterday, with whom they spent every phase of their life— dreams, hardwork



and energy stamped them as enemies because they wore a cap and some strange guy with a cap in some other part of the divided country killed someone whom they haven't ever met but was worshipping the same god. So then the childhood that was spent together or the number of years lived together did not matter, but religion did! He was ready to kill his childhood friend, his partner in everything to take revenge on the death of some Tom, Dick or Harry whom he never knew but was said to belong to his own religion! This was their independence!

For many, independence made neighbours enemies, independence meant forcing people out of their lands, their memories and their pasts. Independence gave many a life of uncertainity, of division, of nostalgia and of pain. **INDIA WAS NOT MERELY DIVIDED BY THE RADCLIFF LINE. INDIA WAS DIVIDED BY THE COMMUNALISM WITHIN THE MINDS OF INDIANS AND THAT WAS WHY THE BRITISH SUCCEEDED IN USING THE 'GREAT' DIVIDE AND RULE POLICY IN INDIA.** The British gained much using communalism, but what did india gain (here I mean the undivided india)? The quest for power and the silly complexes and egos of some people in the higher strata of hierarchy has cost india the blood and honour of about a million Indians. It still costs; everyday, every year, thousands of innocent lives from both sides protecting 'their' homelands, which if history at an earlier time had taken a different turn, would have been both their homeland. Indeed there are certain 'non innocent lives' taken because of their constant attempt to destroy this nation using the inhuman weapon of terrorism.

People who have migrated (from here to there and there to here) would not have done it because of their ardent desire, but because they were forced to- for the sake of their life and honour. When communalism stood on it's long, strong legs; brothers became strangers, homeland induced fear, people were burnt alive, women were tortured and raped, men also were raped and castrated, crowded trains were burnt, massacres and gang rapes were committed— division occurred not across the land, but the wall was built in the hearts of the people!

Today, even after seventy years of independence, still communalism is a boiling topic in India— still it divides Indians. Dr. Ambedkar reminded us to uphold our identity as Indians above our religious, caste and creed identities. The Britishers after failing to shatter the united Indians during the independence movement used communalism as a tool to make a sharp cut wounding the communal emotions of Indians. India may not be divided by calamities, political parties, pain or hatred, but religion indeed com still divide Indian, it could bleed India and it could burn it! We love each other as Indians, but much more than that inourselves his the fear of an unkonwn, the seeds of which was planted in our minds that makes us blind towards our unity as the 5 one of India.

With best compliments from :

Ph : 0487 - 2338638
2321221

R.M.R. ഫ്ളവേഴ്സ്

WHOLESALERS & RETAILERS

Dharmodhayam Building, Palace Road, THRISSUR.
E-mail : rmrflowers@thrissurlocation.com

DAY & NIGHT SERVICE

മാല, ബൊക്കെ, കാർ ഡെക്കറേഷൻ, വിവിധ തരം സ്റ്റേജ് ഡെക്കറേഷനുകൾ എന്നിവയ്ക്ക് സമീപിക്കുക



Worlds Apart

You and I live worlds apart,
memories bridge our worlds.
I wish I could create a bubble around
the past which beats inside my heart...
And relive those beats with you once again...
to tell u something that I have forgotten...
And then I could bring back
the parts of "me",
which I lend to the people all those years ago!
And then I would remember
to take a sword with me,
to crash the walls of caste and creed
which torn us apart...
Perhaps then would come
the time to say...
What I have forgotten,
that I loved you...

Mirfa Sikkendar
S4 BA Functional English

Best Compliments from :



ITzone

ITzone Infocom Pvt .Ltd
Tc-25/669/2 ,Sreekrishna
Oppo K .Karunakaran Sapthathi Mandiram
Marath Lane,M.G.Road , Thrissur-680001
Ph:0487 2322208,6538281
e-mail: tcr@itzoneindia.com

url:www.itzoneindia.com

ഒരിടത്തൊരിടത്ത് ഒരു കുഴലൂത്തുകാരനുണ്ടായിരുന്നു. അയാൾ കുഴലൂതിക്കൊൽ നാട്ടിലെ ഉറുമ്പുകളെല്ലാം പുറകേ പോകുമായിരുന്നു. അങ്ങനെ അയാൾ വിചാരിച്ച സ്ഥലത്ത്, അയാൾ വിചാരിച്ച സമയത്ത്, അയാൾ വിചാരിച്ച പ്രകാരം ഉറുമ്പുകൾ വന്നുനിന്നു. വലിയ കുറേ കയറുകളെടുത്ത് അയാൾ അവയുടെ മൈക്കാലുകൾ ബന്ധിച്ചു. പിന്നെ അയാൾക്കുവേണ്ടുന്ന കഥകളെല്ലാം ആടിച്ചു. ആടിയാടി ഉറുമ്പുകളൊക്കെയും ക്ഷീണിച്ചു. പിന്നെയും പിന്നെയും ആടിച്ചു. ഒടുവിൽ അവരെല്ലാം ചോരതുപ്പി ചത്തു. അങ്ങനെ, നാട്ടിലെ ഉറുമ്പുകളെല്ലാം അപ്രത്യക്ഷരായി. അടുക്കളയിലെ പഞ്ചസാരപാത്രത്തിന്റെ വക്കത്തു നിന്നൊന്നിനോക്കാൻ ആരുമില്ലാതായി. വഴിവക്കിൽ കിടന്നുചീഞ്ഞ ശവങ്ങളിൽ ചാലിടാൻ പിന്നീടാരും വന്നില്ല. കുഴലൂത്തുകാരന് സന്തോഷമായി. നാട്ടുകാർക്കും സന്തോഷമായി. അയാളെ അവർ രാജാവാക്കി. പക്ഷേ എന്താണെന്നറിയില്ല. ഇന്നലെ വീണ്ടും അയാൾ കുഴലൂതുന്നുണ്ടായിരുന്നു. നാട്ടിൽ ഉറുമ്പുകളൊന്നും ബാക്കിയില്ലാത്തതുകൊണ്ടാണെന്നു തോന്നുന്നു. എന്റെ അച്ഛനുമമ്മയും വാതിൽതുറന്ന് അയാൾക്കു പുറകേ പോകുന്നുണ്ടായിരുന്നു. പഴകിയ ആ കയറുകൾ എലി കരണ്ടുപോയിരുന്നുവെങ്കിൽ എത്ര നന്നായിരുന്നു.





CONSCIENCE AWAKENED

Nahna Kamarudheen, S2 M.A. English Literature

Free me out of this concrete prison
For believe me- my faults are uncontainable.
Let me burn at will,
Ate by the fire of my deeds.
Change me; but not at your expense
because I will zoom in an express.
Mark me as your alibi,
but be ready to be wrong.
Dance with me all you want.
Yes it was I who tripped.
Cheer me to fatten up your morals
but back to seclusion- that will be my motto.
Pour praises all over me,
Chugging them out has been my style.
Emotional wrecks shouldn't be let loose—
They lash out,
They crash things,
and ultimately;
they break.
The cloud of uncertainty looms over
Moving forward- yes forward!
Colours assault my vision;
hues of rebirth, hope and clarity.
Blue, yellow, orange-
every shade of desperation;
Are they mocking me
For what a grey person I am?
Adhering to the comfort zone,
Not daring to indulge
in colorful adventures.

MONSOON'S SLY COMPANION

Mariya George, S2 BA Eng.Literature.

The monsoons have arrived, and so have our dear mosquitoes. I know I can write long poems on rain. Even a six year old child can do that. The pitter patter of rain drops, those puddles that we love to jump into and the fragrance of wet mud. The child in me is dying to be poetic. But no, I won't! An eighteen year old, with all the practical knowledge she has gained over the years, whose text books have taught her that rain is caused due to the evaporation and condensation of air cannot cling to her childhood fantasies. Hence, she graduallyshifts her focus to something very ubiquitous, but extremely important. It's nearly six in the evening and the sun is still reluctant to go away. Meanwhile, our unwelcome guests have arrived and the whole neighborhood is all prepared to shut the doors on them even before they come knocking on the door. '*Athithi devo bhava*' doesn't apply much here. But who cares? Some don't need a special invitation, do they?



One small yet exasperating bite inspires us to wage a war against them. Even if we are not so into badminton, mosquitoes encourage us to indulge in this sport. Most often they end up sacrificing their lives. Sleepless nights would have been unheard of if it weren't for them. A doctor is needed only so long as there are patients to tend to. You are foolish enough to barge into rooms filled with the odour of mosquito repellants and vaporizers. The ones that make us feel drowsy enough so that we lapse peacefully into deep slumber. Thus they come to our rescue so that we are not poisoned to death.

Yet, mosquitoes awaken us to harsh realities! My mother woke up a few minutes ago to see me writing euology for an insignificant creature. If you hadn't bit me, I wouldn't have dug out my lost creativity. Thanks buddy for being such an inspiration.

ഫെബ്രുവരി 12, എബ്രഹാം ലിങ്കന്റെ ജന്മദിനം

തകരാതിരിക്കാൻ തളരാതിരിക്കുക

തെരേസ
S2 ബി.എസ്.സി. കെമിസ്ട്രി



അപ്പിലേഷ്യൻ മലനിരകളുടെ താഴ്വരകളിൽ പഴുത്തുണങ്ങികിടന്ന ചെറിപ്പഴങ്ങൾക്കുപോലും നാണംവന്നു, ഹാർഡിൽ കൗഡിയിൽ സിങ്കിംഗ് സ്പ്രിംഗ് ഫാമിലെ തോമസ് ലിങ്കന്റെ മകനായ എബ്രഹാം ലിങ്കന്റെ ഇടിഞ്ഞുപതിഞ്ഞ മുഖം കണ്ടപ്പോൾ! 1809 ഫെബ്രുവരി 12ന് അമേരിക്കയിലെ കെന്റക്കി സംസ്ഥാനത്ത് പിറന്ന ആ സാധു ബാലൻ തന്റെ മുഖഭാവത്തിലെ വൈരൂപ്യം മനുഷ്യത്വത്തിന്റെ സൗന്ദര്യമാണെന്ന, ജീവിതംകൊണ്ട് എഴുതിവെച്ച കഥയാണ് നാമിവിടെ പുന:സ്മരിക്കുന്നത്.

ദാരിദ്ര്യത്തിന്റെ നഖമുനകൾ ഉഴുതുമറിച്ച ആ ബാല്യത്തിന്റെ മണ്ണിൽ അതിജീവനത്തിന്റെ അപാര ധൈര്യം ഒരു മഹാഗണിപോലെ മുളച്ചു വളർന്നത് ലോകമറിഞ്ഞത് പിന്നീടാണ്. ഇന്ത്യാന സംസ്ഥാനത്തെ സ്പെൻസർ കൗണ്ടിയിലെ വഴിയോര വിളക്കുകൾക്ക് ചുവട്ടിൽ, കടംവാങ്ങിയ പാഠപുസ്തകം കൊണ്ട് പുച്ചികളെ വീശിയോടിച്ചും അരണ്ട വെളിച്ചത്തിൽ അറിവുപുരണ്ട അക്ഷരങ്ങളെ ആത്മാവിൽ എഴുതിവെച്ചും ചുരുണ്ടുകൂടിയിരുന്ന ആ ഇരുണ്ട നിറക്കാരൻ പയ്യനെ ലോകത്തിന്റെ, നെഞ്ചിൽ കിടത്തി കാലം താലോലിച്ച് വളർത്തിയ കഥ വളരുന്ന ബാല്യങ്ങൾക്ക് വിളയാനുള്ള വളമാണ്. ഒടുക്കം 22-ാമത്തെ വയസ്സിൽ സ്വന്തമായൊരു ജീവിതത്തിനായി ഒരുപിടി സ്വപ്നങ്ങളും മനസ്സിൽ നിറച്ച് താങ്കമൺ പുഴ കടന്ന് നടത്തിയ ആ യാത്ര മനുഷ്യസ്വാതന്ത്ര്യത്തിന്റെ മഹദ്ചരിത്രമെഴുതി നിന്നത് ലോകത്തെ മാറ്റിമറിച്ച വിശ്വപുരുഷൻ എന്ന അഭിമാനത്തിലാണ്.

"മറ്റുള്ളവരുടെ സ്വാതന്ത്ര്യം നിഷേധിക്കുന്നവർ സ്വാതന്ത്ര്യം അനുഭവിക്കാൻ അർഹരല്ല" എന്നു പറഞ്ഞുകൊണ്ട് പൊതുജീവിതത്തിലേക്ക് പ്രവേശിച്ച ലിങ്കൻ അനിതരസാധാരണമായ ആത്മവിശ്വാസത്തിന്റെയും അവിശ്രാന്തമായ സ്ഥിരോത്സാഹത്തിന്റെയും അടയാളവാക്യമായി.

1832-ൽ 23-ാമത്തെ വയസ്സിൽ തെരഞ്ഞെടുപ്പിൽ മത്സരിച്ച് ഭംഗിയായി പരാജയപ്പെട്ട ലിങ്കന്റെ ജീവിതം തുടർപരാജയങ്ങളുടെ കഥ പറഞ്ഞു. എന്നാൽ, പരാജയങ്ങളെ വിജയകരമായി ഏറ്റുവാങ്ങി വ്യക്തമായ ജീവിതദർശനം ആവിഷ്കരിച്ച് ലോകചരിത്രത്തിൽ ജീവിതവിജയത്തിന്റെ ചിഹ്നമായി മാറി അദ്ദേഹം. 1846-ൽ അമേരിക്കൻ പ്രതിനിധി സഭാംഗമായതോടെ ദേശീയ രാഷ്ട്രീയത്തിൽ ശ്രദ്ധിക്കപ്പെട്ട വ്യക്തിത്വമായി ലിങ്കൻ. പരാജയങ്ങളെ പരിഹസിച്ചുകൊണ്ട് വിജയംവരെ പൊരുതിയ ലിങ്കൻ 1860-ൽ അമേരിക്കയുടെ 16-ാമത് പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടതോടെ അദ്ദേഹം അമേരിക്കയുടെ മുഖമായി മാറി. ആഭ്യന്തര യുദ്ധത്തിന്റെ ദുരന്തങ്ങളിൽ പതറാതെ വിഘടനവാതിലൊരുക്കിയ അപകടങ്ങളിൽനിന്ന് രാജ്യത്തെ രക്ഷിച്ച ലിങ്കന്റെ 1863 ലെ വിമോചന വിളംബരം ചരിത്രമായി.

കറുത്ത വർഗ്ഗക്കാരെ അടിമകളായി മാത്രം പരിഗണിച്ച അമേരിക്കൻ മനസ്സിന്റെ കല്ലിച്ച സൂപ്പർ ഈഗോയെ ഇടിച്ചുനിരത്തിയ ഇമാൻസിപ്പേഷൻ പ്രൊക്ലമേഷൻ അമേരിക്കൻ ഐക്യനാടുകളിലെ അടിമത്ത നിരോധനത്തിന്റെ നാന്ദിയായി. 1865 ഏപ്രിൽ 14ന് ജോൺ വിൽക്സ് ബൂത്ത് എന്നയാളുടെ വെടിയേറ്റു മരിച്ച ലിങ്കൻ മനുഷ്യസമത്വത്തിന്റെ മഴവില്ലുപോലെ കാലത്തിന്റെ മിഴികളിൽ വിരിയുകയാണ്. ഒന്നിനു പുറകെ മറ്റൊന്നായി പരാജയങ്ങൾ വന്നുഭവിച്ചപ്പോഴും തളരാതെ സ്വയം പ്രചോദിപ്പിച്ച് പ്രതിസന്ധികളെ അതിജീവിച്ച ലിങ്കന്റെ ജീവിതപാഠം നമുക്ക് ഇങ്ങനെ വിവർത്തനം ചെയ്യാം. 'തകരാതിരിക്കാൻ തളരാതിരിക്കുക'.

മഴനൂൽ കനവ്

ശില്പ സി. എസ്.
S2 ബി.എസ്.സി. ബോട്ടണി

ഇനി ഞാനാ ജാലകം തുറക്കട്ടെ. ഓർമ്മകളുടെ ഒരു മഹാ സാഗരം എന്നിലേക്കാവഹിച്ചുകൊണ്ട്, തകർത്തു പെയ്യുന്ന ഈ തുലാവർഷ സന്ധ്യയിൽ തെക്കിനിത്തിണ്ണയിലെ കുളിരിലലിഞ്ഞ് ഞാനിരിക്കുകയാണ്.

ഓർമ്മകളുടെ മഴക്കാലമിങ്ങനെ ഒരുപാട് പെയ്ത് കഴിഞ്ഞിരിക്കുന്നു. ബാല്യത്തിലെ കൗതുകങ്ങളിലൊന്നാണെനിക്ക് മഴ. മേടത്തിലെ കൊടുംചൂടിൽ കർണ്ണികാര പുഷ്പങ്ങൾ വിരിഞ്ഞുനിൽക്കുന്ന ഇടവഴികളിലൂടെ കൂട്ടുകാരുമൊത്ത് മഞ്ചാടി പെറുക്കി നടക്കുമ്പോഴാണ് എന്നെ നനച്ചുകൊണ്ട് വേനൽമഴ വിരുന്നുകാരനെപ്പോലെ വന്നത്. പുതുമണ്ണിന്റെ ഗന്ധം ശ്വസിച്ച്, മഴയിലലിഞ്ഞ് ഞാൻ നിൽക്കവെയാണ് എന്നെ തൊട്ടിച്ചുകൊണ്ട് അമ്മയുടെ ശകാരം ഉയർന്നത്. കൂടെ ഈർക്കിൽ പ്രയോഗവും... "മഴ നനഞ്ഞ് പനി പിടിപ്പിക്കാതെ കേറിപ്പോടീ... പുതുമഴയാ.... പനിച്ച് കിടക്കാനാ..." ആ നൊമ്പരത്തിലും മഴയുടെ കുളിരെനിയ്ക്കാശ്വാസമായിരുന്നു.

ത്രിസന്ധ്യക്കുള്ള അച്ഛമ്മയുടെ നാമജപത്തിനൊപ്പമിരിക്കുമ്പോൾ, നിലവിളക്കിനരികിൽ വന്നെത്തിയ ഈയാംപാറ്റകളെ ഞാൻ കണ്ടു. ഒന്നല്ല... ഒരുപാടൊരുപാട്... അവയുടെ ഉറവിടം തേടി ഞാൻ കുറെ നടന്നു. ഒരുപാട് നാളുകൾ മണ്ണിലൊളിച്ചിരുന്ന് മഴയുടെ കുളിർതെന്നലിൽ ഭൂമി തണുക്കുമ്പോൾ അരനാഴിക നേരത്തേക്കു മാത്രമായി പറന്നുയരുന്ന അവയോടെനിയ്ക്ക് ഒരുപാട് ഇഷ്ടംതോന്നി, ഒപ്പം സഹതാപവും! മഴയോടുള്ള ഇഷ്ടംകൊണ്ടല്ലേ അവരിങ്ങനെ അൽപ്പായുസ്സായിപ്പോയത്!

കൗമാരത്തിലെ എന്റെ സ്വപ്നങ്ങളിൽ മഴയൊരു ഗന്ധർവ്വനായിരുന്നു. ദാഹിച്ചു വലയുന്ന ഭൂമിദേവിയുടെ ആത്മാവിലേക്ക്, ഇടവപ്പാതിക്കാറിൽ ആകാശച്ചെരുവിലൂടെ കുറിമാനവുമായി എത്തുന്നവൻ. ആരും കാണാതെ മഴയെ നോക്കി ഞാൻ ഒരുപാടു നേരം ഇരിക്കാറുണ്ട്. 'മഴത്തുള്ളിയേക്കാൾ ഭംഗിയുണ്ട് നിനക്കെന്ന്' എന്നോട് പറഞ്ഞത് ആരാണ് ?

കുന്നിൻചെരിവിലൂടെ ചിതറിയെത്തുന്ന കുളിർമഴ എന്നിലേക്ക് അണയാൻ വെമ്പിയ ഒരു സായംസന്ധ്യ... കൂട്ടുകാരികളോടൊത്ത് കളിപറഞ്ഞിരുന്ന ആ സന്ധ്യയിൽ എന്നെ നോക്കി കൊതിപ്പിച്ച ഒരു മാരിവില്ലിന്റെ ഓർമ്മ....

മഴയിറങ്ങുന്ന എന്റെ മനസ്സിന്റെ താഴ്വരയിൽ എനിക്കെല്ലാം കാണാം. അവിടെ ഞാൻ തനിച്ചാണ്. ഓർമ്മകളുടെ ഒരു മഹാസാഗരം എന്നെ നോക്കി അടക്കിപിരിക്കുന്നു. പൂർണ്ണതയിലെത്തുമോ എന്നറിയാത്ത ഒരുപാട് മോഹങ്ങൾ എന്നിൽ പൂത്തുലഞ്ഞു നിൽക്കുന്നുണ്ട്. മനസ്സിന്റെ കിളിക്കൂട്ടിലെന്റെ മഴപ്പക്ഷികൾ ചിറകിട്ടടിക്കുകയാണ്. പറക്കാൻ.... ഉയരങ്ങളിലേക്ക് പറന്നുയരാൻ....

ഇവിടെ ഇപ്പോൾ മഴ പെയ്തിറങ്ങുകയാണ്. മഴ പെയ്തു തോർന്ന തുലാവർഷ സന്ധ്യപോലെ എന്റെ മനവും ഈ തെക്കിനിത്തിണ്ണയിൽ പെയ്തിറങ്ങട്ടെ.... ഒരു മഴനൂൽക്കനവുപോലെ.....



Best Compliments from :

98470 30107
ram@chemik.in

Chemik
Chemicals
Laboratory Solutuions

XXV/776/2, T.M.K. Complex
Mannath Lane, M.G. Road
THRISSUR -1
Phone : 0487 2339011, 2321347

www.chemik.in
email : info@chemik.in

Branch Office :
Bright Tower, Dr. AR Menon Road, Thrissur-1

स्वदेश प्रेम

"जननी जन्म भूमिश्च स्वर्गादापि गरीयसी"- अर्थात जननी एवं जन्म भूमि स्वर्ग के समान हैं। हमें मातृभूमि की रक्षा के लिए तत्पर रहना चाहिए। मातृभूमि की रक्षा करते हुए जिन लोगों ने वीरगति प्राप्त किया है, हम उनकी गाथाएँ गाते हैं। चन्द्रशेखर आज़ाद, सुभाषचंद्र बोस, भगत सिंह जैसे महापुरूषों ने देश के आन मान के लिए अपने प्राण तक न्योछावर कर दिए।

"जो भरा नहीं है भावों से,
बहती जिसमें रस धार नहीं
वह हृदय नहीं है पत्थर है
जिसमें स्वदेश का प्यार नहीं"

स्वदेश प्रेम पुनीत कर्तव्य है। हमें स्वतः के गौरव एवं अपने देश की मर्यादा का सदा ध्यान होना चाहिए। हम जिस देश में पैदा हुए उस देश की मिट्टी में महापूरूषों को पैदा करने की असीम शक्ति है। जब व्यक्ति में देश भक्ति का भाव जागृत हो जाते हैं, तो वह देश के उत्थान एवं विकास केलिए सर्वस्व न्यौछावर कर देता है।

स्वदेश प्रेम क्यों आवश्यक है? यह एक अत्यन्त महत्वपूर्ण बिन्दु है जिस पर विचार करना परम आवश्यक है। स्वदेश प्रेम से ही हम अपना कल्याण करेंगे। हमारा अभ्युत्थान तभी होगा जबकि हम कष्ट में भी रहकर देश की सेवा करते रहेंगे। हर देश में देश भक्त हुआ करते हैं और अपने देश की आन केलिए मर- मिटने केलिए भी तत्पर रहते हैं। उनका यही कर्तव्य स्वदेश प्रेम है। जिस समय हमारे यहां स्वतंत्रता आन्दोलन चल रहा था सब लोगों में उस समय उत्साह था। लोग असीम श्रद्धा की भावना से प्रेरित होकर अपना कर्तव्य कार्य कर रहे थे।

देशभक्ति की भावना अत्यन्त पवित्र भाव है। देश के प्रति तन-मन एवं धन से जुड़ना ही देश भक्ति है। आदर्श देश भक्त जन-देश की मर्यादा के लिए स्वप्राण गंवाने में विलंब नहीं करते हैं।

उपरोक्त विवेचन से भली प्रकार स्पष्ट है कि स्वदेश भक्ति अथवा स्वदेश प्रेम एक भावना है जो अत्यन्त दृढ़ एवं बलवती है। देश के लोग समय- समय पर अपने देश के प्रति आस्थावान होने का परिचय देते रहे हैं। हमारे देश में भक्तों की कमी नहीं है। उन भक्तों ने समय-समय पर स्वदेश के प्रति अपने प्रेम का परिचय अपने प्राणों को न्यौछावर करके दिया है। कारगिल इसका जीता जागता उदाहरण है। जहाँ सैकडों वीरों ने स्वदेश रक्षार्थ शौर्य का परिचय देते हुए वीरगति को प्राप्त किया।

भारत माता की जय





भारत

जब दुनिया आगे बढ़ रहे थे
तब वे चुप रहे थे
जब दुनिया पीछे मुड़कर देखा
तब वे दौड़ शुरू कर चुके थे।
जब दुनिया संग्राम की ओर चल रहे थे
तब वे शांन्ति का संदेश लेकर आये थे
जब सब निढाल हो सोते थे
तब वे तन तोड़ मेहनत कर रहे थे
जब समय बाँट रहे थे
तब वे विज्ञान प्राप्त कर रहे थे
जब सब कठिन कोशिश कर रहे थे
तब वे अपने मंजिल तक पहूँच गये थे
जब सब पढ़ते थे मंगल के बारे में
तब वे पहूँच गये मंगल के सामने
सुन ल जरा, यह जीत उस का है
यह जीत सिर्फ उस भूमि की है
जिसकी ममता ने थी जन्म अनेक महानों को

हम भारतवासियों के लिए 24-09-2014 एक महत्वपूर्ण दिन है। इस दिन मंगलयान हमारे वैज्ञानिकों की प्रार्थना आत्मविश्वास और कठिन मेहनत के प्रतीक के रूप में मंगल ग्रह के पास पहूँच गया था।



ALMONARD

Trusted for Excellence in Air Technology for Over 45 Years

TCert IAF S 3124

Celling Fan

Air Curtains



Dealer

Kerala Sales Corporation

Post Office Road, Thrissur, Ph: 2420894, 2424608

Mob : 94470 27894 E-mail: febsonpeterksc@gmail.com

Retiring Staff



Dr. Sr. Maries V.L
Principal



Dr. Sr. Ritty J Nedumpara
Vice Principal



Dr. Sherly M.D
HOD Dept. of English



Smt. Annama Thachil
HOD Dept. of Statistics



Sr. Litty Raphael
Senior Superintendent



Sr. Alwin
UD Typist IIGR

Remembering with Gratitude



LEADING THE SUCCESS IN BANKING EXAM

"Achievers of IBPS PO / CLERK / SO - 2017"



PACE INSTITUTE OF BANKING

An Entrance to Your Career

AN EXCLUSIVE BANK EXAM COACHING CENTRE


133 PLACEMENTS IN 2016-17

MAIN OFFICE: Brothers Complex, Naikanal Jn. Shornur Road, Thrissur- 1,

Ph: 0487-23 23 895, 98 95 365 345, 96 333 900 95

www.pacetrichur.com, info@pacetrichur.com

Welcoming Our New Principal



With Best Compliments from

Builders & Contractors
TekTon
TRANSCENDING TIMES

Head Office

Beta Plaza Building
Door No. 41/591
Krishnaswami Road
Kochi- 682035
Phone: 9562033122

Branch Office

TMC 34/927, Kannamkulangara Road, Manakal Lane, Koorkenchery P.O. Thrissur - 680 007
Phone: 0487 - 2421252, 9847033133, 9847733133
E mail: tektonbuilders@gmail.com

Our RMC Division

RMC Yard Cum Plant
New Market Road, Near Bhavana Theatre
Kunnamkulam - 680 503, Phone: 7034033133
E mail: tektonrmcplant@gmail.com

Our sister's concern


Tekton Infra India Private Ltd.
7th Floor, New Jyothi Towers
S.S. Kovil Road, Thampanoor
Near Housing Board Junction
Trivandrum - 695001





Thanks and regards,
TekTon Builders & Contractors
Thrissur.

Prayer Day



ഉറുമ്പുലോകത്തെ പെണ്ണുങ്ങൾ പർവ്വതാരോഹണം നടത്തുന്നത് എവറസ്റ്റിൽ കൊടിനാട്ടാൻ വേണ്ടിയല്ല.

ഉറുമ്പുലോകത്തെ ആണുങ്ങൾ ആരിമണിക്കും, മചറുമുട്ടകളും താങ്ങിക്കൊടുന്നത് ഒളിംമ്പിക്സിൽ മെഡൽ നോടാനുമല്ല.

ഉറുമ്പുലോകത്തെ പെണ്ണുങ്ങൾ തീണ്ടാരിയാകുന്നത് ഗർഭം ധരിക്കാൻവേണ്ടി മാത്രമല്ല.

ഉറുമ്പുലോകത്തെ ആണുങ്ങൾ ദീർഘായുസ്സിനുവേണ്ടി പ്രാർത്ഥിക്കുന്നതും, മുണ്ട് മടക്കുന്നതും ഫാൻസ് അസോസിയേഷനുകൾക്ക് കഞ്ഞിവെക്കാനല്ല.

ഉറുമ്പുലോകത്തെ പെണ്ണുങ്ങൾ രാത്രിബസ്സുകളിൽ കുഞ്ഞനുറുമ്പുകളാൽ ഒരിക്കലും മചക്കപ്പെടാറില്ല.

ഉറുമ്പുലോകത്തെ ആൺകുഞ്ഞുങ്ങൾ പ്രകൃതിവിരുദ്ധമെന്ന വാക്കു കേട്ടിട്ടുകൂടിയില്ല.

ഉറുമ്പുലോകത്തെ പെണ്ണുങ്ങൾ വീട്ടമ്മമാരാകുന്നത് കുടുംബ സമാധാനം ഉറപ്പാക്കാനല്ല.

ഉറുമ്പുലോകത്തെ ആണുങ്ങൾ വേണ്ടപ്പെട്ടവരുടെ ശവവുമേന്തി ഹർലോങ്ങുകൾ നടക്കാറില്ല.

ഉറുമ്പുലോകത്തെ പെണ്ണുങ്ങൾ കവിതയെഴുതുന്നത് അടുപ്പിൽ തീപൂട്ടാനല്ല.

ഉറുമ്പു ലോകത്തെ ആണുങ്ങൾ പെണ്ണുടലുകൾ വർണ്ണിക്കുന്നത് പുസ്തകം വിറ്റുപോകാനുമല്ല.

ഉറുമ്പുലോകത്തെ ഭിന്നലൈംഗികർക്ക് സ്വന്തം പേരുകൾ നഷ്ടപ്പെടാറില്ല. അവർക്ക് ഇരുട്ടിൽ അവരവരെ വിൽക്കേണ്ടി വരാറില്ല. ആളില്ലാത്തനേരത്ത് അവരുടെ മനനേന്ദ്രിയത്തിന് ക്ഷതമേൽപ്പിക്കാൻ സദാചാരപ്പോലീസ് അവതരിക്കാറുമില്ല.

സർവ്വോപരി ആണ്, പെണ്ണ്, ഭിന്നലിംഗമെന്ന് അവർ തമ്മിലുള്ള വസ്ത്രങ്ങൾ വിലങ്ങുകെടുത്ത് വിളിച്ചുകൂവാറില്ല. അവർക്ക് എല്ലാവരും ഉറുമ്പുകളാണ്. ഉറക്കമില്ലാത്ത ഉറുമ്പുകൾ.

ELITE SUPERMARKET

www.elitesupermarket.in

ONLY ERP ELITE RETAIL PRICE

ELITE
SUPERMARKET
I THRISSUR I KUNNAMKULAM I ANGAMALI

SRI VADAKKUMNATHAN SHOPPING COMPLEX
THRISSUR, PH: 0487 2331275

SELEX MALL, EAST FORT
THRISSUR, PH: 0487 2422433

ISO 9001 : 2015 CERTIFIED

നിശ്ശൂർ റൗണ്ട്

ഈ വട്ടത്തിൽ നടന്നിങ്ങനെ മടുത്തു തുടങ്ങുമ്പോൾ
ആദ്യവും അനന്യയും അനന്തുവും കൃതയും
നിശ്ചയിക്കാനാകാത്ത ഈ വൃത്തം ഇന്നു
വെയ്ക്കുന്നത് മറ്റൊരു ലോകമാണ്...
ഇവിടെയെന്തും വാങ്ങാൻ കിട്ടും..
ഇവിടെയാരെയും കാണാൻ
പറ്റും

ഇനി....

എല്ലാവരെയും കണ്ട് ആരും
കാണാതെ ഇരിക്കണോ?...

വരൂ....

ചില മുളിടങ്ങളുണ്ട്
ചില പച്ചപ്പട്ടുപരവതാനികളും
ചില പച്ചപ്പട്ടുപരവതാനികളും
ചില്ലുകളും ഉണ്ട്... കാഴ്ചയെ
മറയ്ക്കുമൊന്നും തന്നെ നീങ്ങുന്ന
പുതിയ ലോകത്തെ അതിന്റെ വേഗത്തിൽ
മൈതാനമാക്കി മാറിയ പഴയ കുട്ടിക്കാലം
കാണാം... നഗരത്തിന്റെ ചൂടും വേഗവും

ഈ നേരിനിടയിൽ

നനുത്തിലും ചുകന്താരകത്തിലും
അറിയാം

ചെറുത്

കനത്ത പാറയാണ്... നല്ല കനം
കനത്ത പാറ, കുറെ പാറകൾ...
പക്ഷേ, നീ നിയാകുന്നത്, നിന്നിൽ
പെണ്ണ് "വേലിച്ചാടി" ഉറങ്ങു
കൂവുന്നതും
ഇവിടെവച്ചാണ്...

പുലർ

കാടും മേടും താണ്ടി,
കല്ലും മുള്ളും കൊള്ളാതെ....
ഓടുവിലിവിടെ പാറപ്പുറത്ത്
മലർന്നുകിടന്ന് സൂര്യനെ
പുണരുന്നതിനെ പ്രണയിക്കാം

Pattathipara

The cascade waterfalls
which bears the soul of a
Pattathi girl... She talks
us... smiles... sitting on the
Pattathipara & tells her legend.
Want to take a road not taken
Pattathi para awaits..

ചിത്രമഗുരു

ഈ വഴികളിൽ നടക്കണം... കോടമഞ്ഞിൽ
പുതച്ചു നനുത്ത കാറ്റിന്റെ കുസൃതി മേടിച്ച്,
പ്രണയിച്ച് ഇങ്ങനെ നടക്കണം... കുളിരെടുക്കുമ്പോൾ
ഒന്നുനിലരോമങ്ങൾ നാം നടക്കുമ്പോൾ മേലെഞ്ഞെടുക്കുന്ന
ഉണരിയാൻ എത്തിനോക്കണം... മരച്ചുവട്ടിൽ
തണുത്തുറങ്ങാൻ കിനിവീഴുന്ന വെളുപ്പുടുക്കുന്നതിന് ഉച്ചിയൊരു
ഈ തണുപ്പിൽ ഒരു നിമിഷം
സമയമെന്ന
മരച്ചില്ലുനിറഞ്ഞാം..

Keenly & eagerly they went... a clique of female enthusiasts to witness the world of words..... look there..., its Shashi Tharoor, the king of words, Adaar, Paissa Shahraz, on the wings of the intelligence of imagination...

Forever & far indeed its... elated on these girls girls who strolled with the legends of letters...

Kerala Literary Festival.. Calicut

വളഞ്ഞും പുളഞ്ഞും മയങ്ങിക്കിടക്കുന്ന ഒരു ഭീമൻ സർപ്പം—
മനുഷ്യൻ നിരുക്കിനടക്കുന്ന നിശബ്ദമായ ഈ കാടിന്റെ വഴികൾ
പക്ഷേ ആദ്യം ഒരു പുഞ്ചിരിയോടെ സ്വാഗതം ചെയ്തു കുതിരവട്ടം
പഞ്ചുവിനെ... അതെ

നാമരശ്ശേരി ചുരം.....

The Chirapunji of South, twilight soaked in rain and mist, a band of girls in the rain, just dancing and singing...

Agumbe — you are the love potion & were just addicted

She had places that she has a desire to visit
She's the prices of quotes that are spattered in ink in her favourite books,
She's the road trips she hopes to go on...
She's the beautiful character that mesmerised her in her favourite books
She's full of dreams
& I hope they one day come true.

Alexa Evangelista

പെണ്ണ്
പാവാടയിൽ
പറ്റിപിടിച്ച
'ചോന്ന' കറ

സുനിത പി.
S4 എം.എ. സോഷ്യോളജി

സ്വപ്നം
നെറുകയിൽ
വിരലുരുമ്മി
തുടച്ചെടുത്തത്

സ്വാതന്ത്ര്യം
താലിച്ചരടിൽ
ചേർത്ത്
ബന്ധിച്ചത്

ഇഷ്ടങ്ങൾ
കരിമഷി നീട്ടി
വരച്ച് മായ്ച്ച്
കളഞ്ഞത്

ബുദ്ധി
കറിയിലെ
ഉപ്പ് കുറഞ്ഞപ്പോൾ
മകൻ ഇല്ലെന്ന്
പറഞ്ഞത്


ചിന്ത
പാലുതിളച്ചു
മറിഞ്ഞപ്പോൾ
അറ്റു (മുറിഞ്ഞ്)
പോയത്

അഭിപ്രായം
ഉള്ളിൽ
കലഹിച്ച്
ഇറങ്ങിപ്പോയത്



ദിനരാത്രങ്ങൾ

ആതിര രുദ്രൻ
S6 ബി.എസ്.സി. എഫ്.സി.എസ്.



ഇന്നീ വേദനയ്ക്കൊരു സുഖമുണ്ട്..... ആരോടെന്നില്ലാതെ അവർ പറഞ്ഞു.... ഋതുമതിയായ വേളയിൽ, എല്ലുനുറുങ്ങുന്ന വേദനയിൽ, താൻ പണ്ട് പഴിച്ച ദൈവത്തോട് അവളിന്ന് മാപ്പ് പറഞ്ഞു....

കഴിഞ്ഞുപോയ ഏഴ് രാവുകളും; കൊഴിയുന്ന ഈ പകലും തനിക്ക് മാത്രമുള്ളതാണെന്നവൾക്ക് തോന്നി... ഇതിനു മുമ്പുള്ള; ഇഴഞ്ഞുനീങ്ങിയിരുന്ന പകലുകളിൽനിന്നും; ആരോ ഒരുത്തന്റെ കരവലയത്തിലൊതുങ്ങുന്ന രാത്രികളിൽനിന്നും, അവളുടെ മാത്രം ചിന്തകളുടെയും സ്വപ്നങ്ങളുടെയും ആയ കുറച്ച് ദിനരാത്രങ്ങൾ.... തന്നിലെ ആർത്തവത്തെ അന്ന് മുതലാണവൾ പ്രണയിച്ചു തുടങ്ങിയത്.. അവൾ ഒന്നുകൂടി ചുരുണ്ടുകൂടി; പാതി മയങ്ങിയ കണ്ണുകളിൽ ആരോടൊക്കെയോ ഉള്ള പക, സ്നേഹം, കാത്തിരിപ്പ്; എല്ലാം മിന്നിമാഞ്ഞു. പതിയെ എഴുന്നേറ്റു... കുറച്ചു മുന്നേ ആരോ കൊണ്ടുവെച്ച ഒരു ഗ്ലാസ് പൂടുവെള്ളം.... അതവൾ തന്റെ നാഭിയോടടുപ്പിച്ചു... ഇതുവരെ ആരാലും തനിക്ക് നല്കാൻ കഴിയാതിരുന്നൊരനുഭൂതി.

അവൾ കണ്ണാടിയിലേക്ക് നോക്കി... നിവർന്നു നിൽക്കാൻ വയ്യ... താനിത്ര വേഗം കിളവിയായോ!!! എന്തോ ഓർത്ത് അവളൊന്ന് പൊട്ടിച്ചിരിച്ചു.... പിന്നെ തന്റെ തണുത്ത കൈകളാൽ കരിയെഴുതി കറുത്ത കൺപോളകൾക്ക് താഴെ ഒന്നു തടവി... ഇല്ല; കണ്ണീരിന്റെ തിരുശേഷിപ്പുകൾ മാഞ്ഞിരിക്കുന്നു.... നിറഭേദങ്ങളില്ലാത്ത ആ മുറിയിൽ; പായക്കൂട്ടുകളില്ലാത്ത തന്റെ വിളറിയ സൗന്ദര്യം. അവൾ ഇത്തിരിനേരം ആസ്വദിച്ചു. അവസാന രാത്രി വന്നയാൾ സമ്മാനിച്ച മുറിപ്പാടിലിന്നും ചോര കട്ടപിടിച്ചിരിപ്പുണ്ട്.... അവളതിലൊന്ന് തൊട്ടു; അതിപ്പോഴും ഉണങ്ങാത്തതുപോലെ... ആ മുറിയിലെങ്ങും തന്റെ ചോരയുടെ മണമാണെന്നവൾക്ക് തോന്നി.... ഇനിയിന്നീ പകൽകൂടി മാത്രം.... ഇനിയും കൊതി തീർന്നില്ല.... തന്റെ വേദനയെ ആസ്വദിച്ച്!!

അവൾ തിരിഞ്ഞ് നടന്നു... മുല്ലപ്പൂവിതറാത്ത, പട്ടു തൂണി വിരിക്കാത്ത, തന്റെ മുഷിഞ്ഞ കട്ടിലിലേക്ക്.... വേച്ചുവേച്ച് അവൾ അതിൽ വീണു.... ഇതാദ്യമായാണ് നീണ്ടുനിന്ന ഈ വേദന.... താൻ ഒരു യഥാർത്ഥ സ്ത്രീയാണെന്നവൾക്ക് തോന്നി.. അന്നാദ്യമായി, ഒരു കുഞ്ഞിന് ജന്മം നൽകാൻ അവൾ കൊതിച്ചു... ആരോ പറഞ്ഞുമാത്രം കേട്ട പേറ്റുനോവാണ് താൻ അനുഭവിക്കുന്നതെന്നവൾ വിശ്വസിച്ചു.... പതിയെ ആ കണ്ണുകൾ അടഞ്ഞു.... മയങ്ങവേ അവളുടെ സ്വപ്നത്തിൽ ഒരു ഭ്രൂണം ജനിച്ചു. പൊടുന്നനെ തുറന്നിട്ട ജനവാതിലുകളെ തകർത്ത് കാറ്റും മഴയും വന്നു.... കാർമേഘങ്ങൾ ഇരുണ്ടുമൂടി... സന്ധ്യയുടെ ഏഴാം യാമത്തിൽ ഒരിക്കലും ജനിക്കാത്ത അവളുടെ ഭ്രൂണത്തിനേയും വിഴുങ്ങി.. പകരം അലസമായി കിടന്ന മുടി വാരിക്കെട്ടിയ, ചുവന്ന വളപ്പൊട്ടുകുത്തിയ, മുറുക്കി ചുവപ്പിച്ച ചുണ്ടിൽ വശ്യമായ പുഞ്ചിരിയുള്ള ഒരുവൾ പ്രത്യക്ഷപ്പെട്ടു... പലനിറങ്ങളിൽ നീണ്ട തോരണങ്ങളാൽ അവളുടെ മുറിയുടെ വാതിൽ അലങ്കരിക്കപ്പെട്ടു... അതിനു വെളിയിൽ വീണ്ടും ഒഴിയാത്ത കാൽപ്പെരുമാറ്റങ്ങൾ മുഴങ്ങി തുടങ്ങി.

വീട്ടിലെ സ്ത്രീരൂപങ്ങൾ

വിനിജ കെ. വി.
S6 ബി.എ. മലയാളം

വീട്ടിൽ നിറഞ്ഞുനിന്നിരു-
ന്നതെപ്പോഴും സ്ത്രീരൂപങ്ങളാണ്
അമ്മ, ചേച്ചി, അനിയത്തി ഇവരെല്ലാം
വീട്ടിൽ കാണുന്ന സ്ഥിരം രൂപങ്ങൾ

വിരിയാൻ മറന്ന പൂവായും
ശില്പി കാണാൻ മറന്ന ശില്പമായും
കാറ്റ് തഴുകാൻ മറന്ന പുൽക്കൊടിയായും
ഒഴുകാൻ മറന്ന പുഴയായുമവർ
പുതുലോകത്തിനടിമകളായ്....

അമ്മ-അടുപ്പിലെ വിറകുകൊള്ളിപോലെ
മറ്റുള്ളവരുടെ വിശപ്പിൻ തീയിൽ
എരിഞ്ഞെരിഞ്ഞ് നീറിനീറി
വെറുമൊരു ചാരമായ്....


പിന്നെ ഓണത്തിനും വിഷുവിനും
ആണ്ടറുതിക്കും പഴയപത്തായത്തിലെ
കടുമാങ്ങാരേണിയുടെ വാസനയായ്
മാത്രം വരുന്ന ഒരോർമ്മമാത്രം.

ചേച്ചി-സ്വപ്നങ്ങളെ വെറുതെ
വെളുത്ത കടലാസിൽ കറുത്ത
അക്ഷരങ്ങളായും അക്കങ്ങളായും
എഴുതിയും മാച്ചും വീണ്ടുമെഴുതിയും
മാച്ചും കടലാസിനെ മാത്രം ഒറ്റയ്ക്കുവിട്ട്
തേഞ്ഞുപോയൊരു പെൻസിൽ....

അനിയത്തി-ഇന്നലെ നട്ട വാഴപോലെ
കണ്ണടച്ചു തുറക്കുംപോലെ വലുതായി,
ഒരു നനപോലും തെറ്റാതെ
തടം ഒന്നൂടയാതെ, കാറ്റത്തൊന്നു മറയാതെ
പ്രാണികൾ കൂമ്പിലകൾ കടിക്കാതെ
നോക്കി ഉണ്ടാക്കി, കുലച്ചാൽ നന്ന്
എങ്കിൽ മാത്രം മാർക്കറ്റിൽ നല്ല വില!!
ഒടുവിലാരുടെയെങ്കിലും ഇലയറ്റത്ത്
ഒരു പഴം നൂറുക്കായോ, ഉപ്പേരിയായോ
പരിണമിക്കുന്ന ജീവിതചക്രം.

ഇതെല്ലാം അറിഞ്ഞിട്ടും ഒരു വിറകും
കത്തിച്ചാരമാകാതിരിക്കുന്നില്ല
ഒരു പെൻസിലും കറുത്തക്ഷരങ്ങളെ
കടലാസിൽ പകർത്താതെ തേയുന്നില്ല
ഒരു വാഴയും കുലയ്ക്കാതെയിരിക്കുന്നില്ല
അതാണ് വീട്ടിൽ നിറഞ്ഞുനിൽക്കുന്ന
സ്ത്രീ രൂപങ്ങൾ....

എങ്കിലുമവർ വീടുകളിൽ
പുതിയൊരു സംസ്കാരം കെട്ടിപ്പടർത്തുന്നു
മരവിപ്പിന്റെ നിഴൽപാടുകളെ അകറ്റുന്നു
ഒന്നുമില്ലായ്മയിൽനിന്ന് എല്ലാം ഉണ്ടാക്കുന്നു
ഒന്നും മിണ്ടാതെ അടിമയായ് സ്വയം
നിലനിൽക്കുന്നു; വീടിനുള്ളിലെ
'വെറും' സ്ത്രീ രൂപങ്ങളായി....



ഇതോ സ്ത്രീ സുരക്ഷ ?

ലൈംഗികാതിക്രമങ്ങളെക്കുറിച്ചുള്ള വാർത്തകളില്ലാതെ ഒരു ദിവസവും പുലരുകയില്ലെന്നായിരിക്കുന്നു ഭാരതത്തിൽ. പൊതുസ്ഥലങ്ങളും സായാഹ്നവും സ്ത്രീക്ക് അവകാശപ്പെട്ടതല്ലെന്ന് വിശ്വസിക്കുന്നവർ ഈ 21-ാം നൂറ്റാണ്ടിലും നമ്മുടെ നാട്ടിലുണ്ടെന്ന നാണംകെടുത്തുന്ന ഓർമ്മപ്പെടുത്തലാണ് അത്തരത്തിലുള്ള ഓരോ വാർത്തയും നമുക്ക് സമ്മാനിക്കുന്നത്. ഒരു സ്ത്രീ ആക്രമിക്കപ്പെടുമ്പോൾ നിസ്സംഗമായി കണ്ടുനിൽക്കാൻ മാത്രം രോഗാതുരമായി പോയിരിക്കുന്നു നമ്മുടെ മനസ്സ്. ഇതേ മനസ്സുതന്നെയാണ് സൗമ്യയുടെയും നിർഭയയുടെയും ജിഷയുടെയും, പിന്നെ അനേകായിരം പെൺകുട്ടികളുടെയും ജീവനും മാനവും സ്വപ്നങ്ങളും നഷ്ടപ്പെടുത്തിയത്. ഡൽഹിയിൽ ഓടുന്ന ബസിൽ കൂട്ടബലാത്സംഗത്തിനിരയായി വലിച്ചെറിയപ്പെട്ട് വേദനതിന്ന് മരിച്ച ജ്യോതിയും മുംബൈയിലെ ശക്തിമിൽ പരിസരത്ത് കൂട്ടബലാത്സംഗം ചെയ്യപ്പെട്ട മാധ്യമപ്രവർത്തകയും അസമയത്ത് സഞ്ചരിച്ചതെന്തിനാണ് എന്നാണ് പലരും ചോദിച്ചത്. മാറിയ ലോകത്തെക്കുറിച്ചും തൊഴിൽ സ്ഥാപനങ്ങളെക്കുറിച്ചും അറിവില്ലാത്തവരാണോ ഇവർ! സമയാസമയങ്ങൾ നോക്കാതെ സഞ്ചരിക്കേണ്ടി വരുന്നവരാണ് ഇന്നത്തെ സ്ത്രീകളിൽ പലരുമെന്ന് മനസ്സിലാക്കാനുള്ള പ്രാപ്തി അവർക്കില്ലേ? സ്വന്തം വീടിന്റെ നാലു ചുമരുകൾക്കുള്ളിൽനിന്നും സ്വപ്നങ്ങളുടെ പുതിയ ആകാശത്തിലേക്ക് സ്ത്രീകൾ പറയുന്നുയരുന്നത് അവർ കാണുന്നില്ലേ? 'അസമയ'ങ്ങളിൽ വിവേകമില്ലാതെ 'പുരുഷ'ന്മാർ സഞ്ചരിക്കുന്നുണ്ടെന്നു കരുതി സ്ത്രീകൾ അടങ്ങിയിരിക്കണമെന്നു പറയുന്നതിലെ യുക്തിയെന്താണ്? ഇത്തരം യുക്തിയുടെ പ്രയോക്താക്കളും പ്രചാരകരുമാണ് പെണ്ണിന് ഒരു ലോകമില്ല എന്ന് വിശ്വസിക്കുന്നത്, ഈ യുക്തിയാണ്, എന്തുകൊണ്ട് ഇന്ത്യയിൽ ദിവസം ശരാശരി 92 സ്ത്രീകൾ ബലാത്സംഗം ചെയ്യപ്പെടുന്നു എന്ന ചോദ്യത്തിനുള്ള ഉത്തരം.

10 കൊല്ലത്തിനിടെ ഏറ്റവും കൂടുതൽ കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ട വർഷമാണ് കടന്നുപോയത്. ഇക്കാലത്തിനിടെ നിയമങ്ങൾ പലതും വന്നു. നീതിനിർവ്വഹണം കർക്കശമാക്കണമെന്ന് പരമോന്നത കോടതി പലവട്ടം നിർദ്ദേശിച്ചു. എന്നിട്ടും സ്ത്രീ സുരക്ഷിതയല്ല. എന്നാൽ അനേകം അനേകം ഗോവിന്ദച്ചാമികൾ ഇന്നും സുരക്ഷിതരാണ്. സ്ത്രീകൾക്കെതിരേയുള്ള കുറ്റകൃത്യങ്ങളിൽ അടിയന്തിര നടപടിയാണ് ആവശ്യം. നീതിനിർവ്വഹണം വൈകുംതോറും അത് അക്രമികൾക്ക് ചൂട്ടുപിടിക്കലാകും. ജാതി-മത-രാഷ്ട്രീയ ചിന്തകൾക്കതീതമായി നമ്മുടെ രാജ്യത്തെ ഇത്തരം രീതികൾ മാറ്റാൻ നാം കൈകോർക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. സ്ത്രീ രണ്ടാംതരക്കാരിയല്ലെന്നും പൊതുസ്ഥലങ്ങൾ അവളുടെകൂടി ഇടങ്ങളാണെന്നുമുള്ള തിരിച്ചറിവിലേക്ക് നാം ഉണരണം.





MY PREGNANCY IS NOT A HANDICAP

Keerthana Krishna, S4 B.Sc Physics

It was sometimes back, surfing the net,I came across an advertisement of the fashion brand **ANOUK.** Featuring Radhika Apte, it took a stand against the discrimination pregnant women faced at workplaces.

We no longer live in a society that restricts a woman inside the four walls of the household, having the sole responsibility of delivering babies, doing household chores, managing her husband's income and the household. We live in a society that is open to everyone- irrespective of their gender! We have both our parents working- having a regular income, sharing spaces-social and economical. Even though gender inequality still prevails, todays society is more open to women than it was a few decades back. But still there are certain areas which we leave unnoticed just by thinking that this is how it is, It will be and it should be and the prejudices against pregnant women lies somewhere here. Safeguarding a little life in the womb, providing it all the nourishment from the food, air and water that the mother intakes and delivering the baby suffering the worst pain anyone could suffer-is indeed a sacred process.

Today after understanding the significant role of Y chromosome in the determination of the sex of the baby, we laugh at the old "belief" that women are to be blamed for the birth of a baby girl. Even though now we call it superstitious, we still have certain prejudices and superstitions that we do not recognize as it is, but consider that this is way it should and will be!

As said earlier, today we have many women who have proved themselves equally competent to men –socially, economically, emotionally and many a times even physically. We have women who, different from old times, go to school, graduate with good marks, and is into a job (not reserved for women but gained from necessary qualifications). Her dedication and hard work secures her promotions and she is wholly into it because her profession is her passion rather than a livelihood. She is respected for her wonderful performance and is in tight competitions. But once she is pregnant ,her option of getting a promotion sooner is given a second thought, and then her promotion is given to some him/her not because our lady is not competent or qualified but because she is, for a few months, **"handicapped"** because she is pregnant. The earlier mentioned ad of ANOUK shows the brave decision of a woman (featured by Radhika Apte) to walk out and start a new firm of her own.

Pregnancy is not a disease, it is a condition, and what pregnant women require from the society is support, not sympathy. We often hear from our grandparents about the women of older generations, who used to do household or agricultural tasks till the minute before delivering baby, but today for many, seeing a lady who is in the advanced stage of pregnancy going to work is a matter of great awe and discomfort. Rather than genuine comfort and care, they are subjected to false sentiments.

"You cannot be at work for at least six months, so I think you should back out from your project even though it may hinder your promotion." - was said to a woman who had arranged to manage both work and baby together and decided to be back to the office sooner. "I know you are pregnant, so it is better you resign because the company cannot have this post of yours voluntarily suspended for even three weeks."- was said to a woman who stayed in the town alone for the sake of her profession.

Everybody in the bus glanced at the lady's large bum; but none had the common sense to offer her a seat; they complained her of getting into the crowded bus in this advanced stage of pregnancy.

What she wanted was not advice, but rather a support to nurture a life in her.

The Company agreement held the clause that stated that women cannot conceive for at least fifteen years from joining, instead the Company offered facilities to store her ovum!

All her team members looked at her bum with sympathy; but her powerful presentation went unnoticed!

When the teacher bent down to take the fallen papers supporting her large bum, each student's eyes grew wide, heart beat gotfaster, and held a thought; "Couldn't she take a leave, why should she give us a heart attack?" But nobody helped her in picking up the papers. What the teacher required wasn't a hapless comment or advise, but a support to fulfill her passion for teaching.

In the crowded train, people pushed and pulled, many turned back while others threw a hated look at the pregnant lady for occupying the space of two people, but nobody cared about the life within her.

The wife worked day and night; struggling in the office to reach the target, at home she had two children to take care of- -her husband after his busy day took rest, her mother in law took rest owing to old age; she, with her unborn baby, ran from pillar to post- forgot food, forgot sleep, forgot herself!

In a street of Mumbai, when she was left alone with a life within, she was raped. Unable to fertilise the sperm, her womb broke its walls! Whose loss is it? Who is to be "blamed?"

The fact needs to be reiterated that pregnancy is not a handicap, to be sympathized. It is a boon and every expecting mother deserves to be treated with dignity, respect and support.

ഫ്രെയിം ചെയ്ത ഓർമ്മകൾ

ഐശ്വര്യ പ്രേംരാജ് വി
S4 ബി.എ. ഇംഗ്ലീഷ് ലിറ്ററേച്ചർ

മഴ ശക്തിയായി പെയ്യുന്നുണ്ട്. ഈ വർഷം ഇതാദ്യത്തെ മഴയാണ്. പുതുമണ്ണിന്റെ ഗന്ധം വരുന്നു. എന്നാൽ പഴയതുപോലെ മഴ വരുമ്പോൾ മേൽക്കൂര ചോരുന്നില്ല. ചുവരിടിഞ്ഞു വീഴുമോ എന്ന ഭയവുമില്ല. മഴവെള്ളം നിലത്തുവീഴാതിരിക്കാൻ പാത്രങ്ങളും വെയ്ക്കേണ്ടതില്ല. മഴ വരുമ്പോൾ കൂടണയുന്ന തള്ള ക്കോഴിയും കുഞ്ഞുങ്ങളുമില്ല. എല്ലാം മാറിയല്ലോ.....! കഴിഞ്ഞ 3 വർഷത്തിനുള്ളിൽ ഓട് വീട് പൊളിച്ച് ടെറസ്സാക്കി. അച്ഛനും അമ്മയ്ക്കും അനിയത്തിക്കുമെല്ലാം, വെവ്വേറെ മുറികളുള്ള സാമാന്യം വലുപ്പമുള്ള ഒരു വീട്. ഇത്തരമൊരു വീട് എന്റെ എന്റെ സ്വപ്നങ്ങളിൽ ഒന്നായിരുന്നു. അതു നിറവേറി.



എല്ലാവരും ഇന്ന് നേരത്തെ എഴുന്നേറ്റു. അമ്മ പുറത്തേക്കു പോകാൻ നിൽക്കുകയാണ്. കണ്ണാടിക്കുമുന്നിൽ കുറേ നേരമായി, തൃപ്തിവരാതെ വീണ്ടും വീണ്ടും മുഖം മിനുക്കുന്നു. അമ്മയുടെ കണ്ണുകൾ മുൻപത്തേതിലും കുഴിഞ്ഞിട്ടുണ്ട്. അത് മറയ്ക്കാൻ നീളത്തിൽ കൺമഷി എഴുതിയിട്ടുണ്ട്. എനിക്കു വേണ്ടി സംഘടിപ്പിക്കുന്ന ഒരു പരിപാടിയിൽ പങ്കെടുക്കാൻ പോകുന്നതിന്റെ ഒരുക്കമാണ്. എനിക്കു പിന്നെ പണ്ടും വലിയ ഒരുക്കങ്ങളൊന്നും ശീലമില്ല. നാലാള് കാണുന്ന പരിപാടിയാണ്. മുഖത്തിന് ഒരു ഷൈനിങ്ങ് കിട്ടണമെങ്കിൽ കുറച്ചുകൂടി പൗഡർ ഇടണമെന്ന് അനിയത്തി അമ്മയെ ഉപദേശിക്കുന്നു. അമ്മ അവളെ തറപ്പിച്ചൊന്ന് നോക്കി, ശേഷം പൗഡർ മുഖത്ത് പൂശി.


അവൾ പണ്ടും ഇങ്ങനെയാണ് എത്ര കാശില്ലെങ്കിലും അണിഞ്ഞൊരുങ്ങിയേ നടക്കൂ. അവൾ നല്ല മോടിയിൽ നടക്കുവാനും, പഠിക്കുവാനും വേണ്ടിയാണ് പഠനം പാതിവഴിയിൽ ഉപേക്ഷിച്ച് ഞാൻ ജോലിക്കുപോയിതുടങ്ങിയത്. എല്ലാ ആഗ്രഹങ്ങളും നടന്നു. ഓർക്കുമ്പോൾ ഒത്തിരി സന്തോഷം.

അച്ഛൻ ഉമ്മറത്തെ ചാരുകസേരയിൽ, മഴ പെയ്യുന്നത് നോക്കി കിടപ്പാണ്. പണ്ടും അച്ഛൻ കിടന്ന് മാത്രമേ ശീലമുള്ളു. മറ്റൊന്നും അറിയേണ്ട. മഴയുടെ മരവിപ്പിക്കുന്ന തണുപ്പും, വെയിലിന്റെ കാഠിന്യവും... ഒന്നും അച്ഛൻ അറിഞ്ഞിട്ടില്ല. ഒന്നും അറിയിച്ചിട്ടുമില്ല. അച്ഛന്റെ പുകവലിച്ച് കറുത്ത ചുണ്ടുകൾ ഇടയ്ക്കിടെ വിറയ്ക്കുന്നു.

അമ്മ പുറത്തേയ്ക്കിറങ്ങാൻ തുടങ്ങുന്നു. ഇപ്പോൾ ഇറങ്ങിയില്ലെങ്കിൽ വൈകും. പുറത്ത് അമ്മയ്ക്കു പോകാൻ ഒരു കാർവന്ന് നിൽപ്പുണ്ട്. സംഘാടകരുടേതാണ്. പോകുന്നതിനു മുമ്പ് അമ്മ എന്റെ ഫോട്ടോയുടെ അരികിൽ ഒന്നുനിന്നു നോക്കി....

4 വർഷം മുമ്പ് വോട്ടേഴ്സ് ഐഡി കിട്ടാനെടുത്ത അതേ ഫോട്ടോയാണ്. ഒരു മാലയിട്ട് ഭംഗിയായി ഫ്രെയിം ചെയ്തു വെച്ചിരിക്കുന്നു എന്ന് മാത്രം. ഒരു നിമിഷനേരത്തേക്ക് അമ്മയുടെ കണ്ണുനിറഞ്ഞോ? അറിയില്ല...

ജോലി ചെയ്ത് അരവയർ നിറയ്ക്കാൻ പാടുപെട്ടിരുന്ന കാലം. ഊണും ഉറക്കവും മറന്ന് അദ്ധ്വാനിച്ചിരുന്ന കാലം. കുത്തുവാക്കുകൾ ഒരുപാട് കേട്ടു. തളരില്ലെന്ന് തീരുമാനിച്ചിരുന്നു. തോറ്റു കൊടുക്കില്ലെന്ന് ഉറപ്പിച്ചിരുന്നു. തളർന്നപ്പോൾ ഹൃദയത്തിൽ ആഴത്തിൽ പതിഞ്ഞിരുന്ന, നിറവേറ്റണമെന്നു റപ്പിച്ചിരുന്ന ഒരായിരം സ്വപ്നങ്ങൾ... അത് പൂവണിയുമെന്ന പ്രതീക്ഷ, മുന്നോട്ടു പോകാൻ കരുത്തുപകർന്നു, പിന്നീടായിരുന്നു അത് സംഭവിച്ചത്. ബലാത്സംഗത്തിനിരയായി കൊല്ലപ്പെട്ട നിർധന യുവതികളുടെ കഥയും അവളുടെ കുടുംബവും പത്രങ്ങളിൽ



നിറഞ്ഞുനിന്നു. കേസ് ഒരു വഴിയുമായില്ലെങ്കിലും നാടിന്റെ പല കോണുകളിൽനിന്നും സഹായമെത്തി. നഷ്ടപരിഹാരമെത്തി..... നഷ്ടം നികത്തി! ചുവരുകൾക്കിപ്പോൾ നല്ല ഉറപ്പുണ്ട്. മേൽക്കൂര ശക്തമാണ്, പഴയ ഓർമ്മകൾ പേറുന്നത് ഫ്രെയിം ചെയ്തു വെച്ച ആ ഒരു ഫോട്ടോ മാത്രം. ഫ്രെയിം ചെയ്ത മരവിച്ച ഓർമ്മകൾ... അമ്മ കാറിൽ കയറി, യാത്രയായി.

ആശംസകൾ...
SECURE
ELECTRICAL TRADING CO. PVT. LTD.
THRISSUR - 1
☎ 0487 - 2440882 | 2443882 | 2446882
L&T SWITCHGEAR
SAFE & SURE

Integrated
since 1974
Investments Simplified

Do you have a
Big Dream?




We'll tell you
how to afford them! MAKE IT POSSIBLE WITH SIP

Integrated
since 1974
Investments Simplified

INTEGRATED ENTERPRISES (INDIA) PRIVATE LTD.
1st Floor, B Inland Arcade, Mannath Lane, Thrissur - 680 001. Ph: 2320191 / 2320192
email: thrissur@integratedndia.in website: www.integratedindia.in

പഴുപ്പ്

ശ്രീലക്ഷ്മി എം.
S4 ബി.എ. മലയാളം




കടലോകത്തിലെ മുങ്ങാത്തുരുത്തല്ല, സൂര്യനെല്ലി
പാപത്തിന്റെ ഉറവയെന്നും,
കളങ്കത്തിന്റെ നെടുമ്പുരയെന്നും
നിങ്ങൾ പ്രസംഗിച്ചു.
ആത്മാവിനെ വേശ്യയെന്നും
വേദനയെ കാമവെറിയെന്നും മുദ്രവെച്ചു.
കടന്നിട്ടില്ലാത്ത പ്രായത്തെയും,
ഉറയ്ക്കാത്ത ബുദ്ധിയെയും
നിങ്ങൾ സൗകര്യപൂർവ്വം മറന്നുകളഞ്ഞു.
പക്ഷേ, ലോകത്തിന്റെ ഗതി നിയന്ത്രിക്കുന്ന മാന്ത്രികരേ,
നിങ്ങളോർക്കാതെപോയ ഒരു കഥയുണ്ട്.
പതിനാലു വയസ്സിൽ ഗന്ധമറ്റ
ഒരു പനിനീർപ്പൂവിന്റെ കഥ.
എത്താത്ത പകലയിൽ, അവളിറങ്ങിച്ചെന്ന ഇരുട്ടിന്റെ
പുളിച്ചുനാറുന്ന കഥ.
അറിയാത്ത കൈകളിൽ ഞെരുങ്ങിയമർന്ന ഭീഷണിയുടെ,
നിസ്സഹായതയുടെ കഥ.
ചെറുക്കാനാഞ്ഞപ്പോൾ തലയിൽക്കുടഞ്ഞ,
കുളിച്ചാൽപ്പോവാത്ത തെറിയുടെ കഥ.
പേരറിയാത്ത മയക്കുപൊടിച്ചുവയുടെ,
പുളിച്ച കള്ളിന്റെ കഥ.
അർദ്ധപ്രജ്ഞയിൽ,
വലിച്ചിഴച്ച ദൂരങ്ങളുടെ കഥ.
തൊണ്ടയൊട്ടി, വയറുകാളി
പിന്നെയും പിന്നെയും ചീന്തിയെറിയപ്പെട്ട വേദനയുടെ കഥ.
നീറുന്ന കുഞ്ഞുടൽ കടിച്ചു കണ്ടിച്ച
നായ്ജന്മങ്ങളുടെ കഥ.
എന്നിട്ടും, വേശ്യയുടെ സദാചാരമെന്ന് നിങ്ങൾ പുച്ഛിച്ച
അവിടെയും നിങ്ങളോർക്കാതെ പോയ
ഒരു സാധ്യതയുടെ കഥയുണ്ട്.
ആ നെറികേടിനു പതിന്നാലാണ്ടുമുമ്പ്,
സൂര്യനെല്ലിയിൽ,
പേരില്ലാത്തൊരു പെൺകിടാവിനെപ്പെറ്റിട്ട അമ്മ,
നിങ്ങളായിരുന്നെങ്കിൽ...
അവളെ വാരിയെടുത്ത്, കുഞ്ഞിക്കവിളിൽ ഉമ്മവച്ച,
ഹതഭാഗ്യനായ അപ്പൻ, മനുഷ്യാ-
നീയായിരുന്നെങ്കിൽ....

The Help that Never Came

Ruchi Mehta, S2 MCom

She had slipped into pitch darkness,
Pulled and dragged by few people's madness.
Teary, her youthful eyes, had become
Invariably, pale and cold turned her heart
Jailed behind some bloody grills,
Yet cried for survival.
But the cruel fate tore her all apart
As fell the curtains of death with its perfect frills.
That day the country doomed in tears,
Leaving every girl with some unknown fears.
Years have already passed by,
Yet a girl thinks twice before she chooses to buy
A ticket for a bus to travel forth
As that act laid a black mark on our tricolor cloth.
Many more news we hear day after day,
But are shamefully quiet even today.
The flame she lit is almost dying,
Don't you think we are to ourselves lying?
The mission once begun is not yet accomplished.
Every girl should walk with pride, undaunted,
Every hand should be cut off that is monstrous,
Then shall we mark her fight victorious!
JAI HIND!

(A TRIBUTE TO THE VICTIM OF DELHI RAPE CASE 2012)



The Mindset
[That still dates back to the B.C's...]
Has the society changed?

Tesma Joby
S2 MA English Literature

It was noon time. I had to go alone to Thrissur town. I don't remember exactly where, maybe to catch up with my old friends.

I walked to the junction and not much people were there except for the usual 'union chettanmar', whom I see every day. Some of them are really helpful, they sometimes get an auto for me. But there are some others among them, a bit younger ones, who like to stare at me or maybe my body, and that day to my bad luck only two young union members were there. I started getting a bit nervous and uncomfortable but I kept reminding me that "I will be fine".

I would also like to mention what I wore. I was wearing a lengthy kurta without any slit, actually the top was too lengthy that I couldn't even walk properly.

I reached the junction; these two guys were standing at a distance behind me.

Well, of course, "despite my dress" they commented on my body.

Let me not mention that filthy comment here.

Ok well, I shouldn't be angry for that, right? Because India is the largest democratic country in the world and it gives all the citizens a few fundamental rights including the right to express, but deep inside I was getting terribly angry and badly waited for an auto.

An auto came. Thank God and I got into it.

I had my head down, pestered by the negative vibes those guys gave me and I started feeling all bad about the society and men.

It was only then I saw a pink poster behind the driver's seat. It read:

"Women's safety is my obligation.

This is a women friendly auto"

Suddenly, all the bad thoughts I accumulated vanished and I felt so good.

Since I don't know to keep my mouth shut, I narrated the incident to the auto chettan, he listened to me because he had no choice, he felt sorry for me and he talked to me for a few minutes. I also told him how relieved I got when I saw the poster.

While getting down and paying the money, I looked into his eyes, said a heartfelt thank you and he smiled at me.

That assuring smile he gave .. I shall not forget, for he helped me to regain my faith in men and humanity.

We say that the world has changed.

We are the 'new generation'!

Oh? Really?

All kinds of advancements are taking place in all fields.

But what about our mindset?

Has it changed?

Or

Will it ever change?

Gandhi once said,

"You must be the change that you wish to see in this world."

I feel that people belong to two extremes—

Amazing people at the one end and people with worst thoughts at the other end

So, YOU decide which team you want to play with.

RESERVED FOR MEN

Saro Jos Ollukkaran, S2 B.A. Sociology

From time immemorial, the word MAN has been considered as the most essential element that helps in the creation of a society. Even the dictionary is filled with words that highlight the importance of that gender like 'Foremen', 'Mankind' etc. Women have been looked down upon as second sex almost all over the world. Infinite unrequited needs of women are overruled by the unlimited wants of men. In the present scenario which sounds siren of danger for women, we have to look into our everyday life, just to discover the roots of the real sexism or that unwritten predilection showered on men. In the childhood page of a boy, there is a well worked out thought process by which he is equipped to grow in the mould of a man more than being human. People give toys that are more likely to be educational, to develop a range of skills, and to let him imagine career possibilities, while toys which have been considered as 'girl's toys' are limited to beauty, house work and childcare. He is raised to consider the opposite gender inherently more delicate or weak with phrases like "you throw like a girl". Each memory and lesson taught during the early years of his life is moulding him to think how he could make use of his gender as a weapon to establish the norm for the coming generations. His esteem building is active from the moment he is called on for answering a question over a turn of a girl in the class!

In every phase of a woman's life, these privileges exclusively for men have turned down her capabilities. If a girl starts participating in the so-called masculine hobbies like sports, it tends to be judged as her way of impressing men. Men secretly revel over the number of their girlfriends, while a woman in the same position is simply a 'slut'. She is treated as a slut even for things unrelated to her sex life, like the way she dresses or how unconventionally attractive she presents herself! A man is never judged as 'prude' for making his own choices about when it comes to sex. People don't assume something is wrong with a man if he decides that he does not want to get married but when it comes to a woman, it can be an alarming emergency for the family and even the society! In a relationship, a man is not at all expected to put in more 'emotional labour' while, for a girl, it should be quite 'natural!'

Even an attempt of a girl to motivate herself by wearing what she feels comfortable is weighed down by societal norms. The existing institutions are in a kind of competition to showcase womanhood as a total monopoly of society while exalting its saviour; Man. After marriage, a girl leaves everything behind, from her name to at times her dreams and aspirations. Studies showthat husbands add an average of seven extra hours of housework, per week. She does not even have a say in her marriage life, where marital rape is one of the happening terms in our society! Various studies show that ten to fourteen percent of every married woman has experienced at least one forced sexual assault by her husband!

A girl is easily 'judged' if she interacts with a stranger. It is considered as a 'sexual invitation'. Woman who is alone in the street is assumed to be 'available' for men to harass. Sometimes a widow

getting remarried goes viral whereas it is the privilege and the 'need' of a man to practice polygamy, accorded by his gender!Ironically, when a woman does that, it is yet another form of our previously discussed nomenclature, 'slut'. Women are submerged by many thick, slack layers of prejudice, convention and ignorance. Diseases like Fibromyalgia and chronic fatigue pulls a kind of scepticism over the abilities of a woman.

While men could showcase their broad chest and manly physique in the street, a mother breast feeding in public is 'inappropriate'! She is not meant to travel alone. A sixteen year old girl is accompanied by a three-year old boy to a grocery shop just to safeguard her!

Media is the most influential catalyst in imprinting a particular image about women. Advertisements are the pioneers of branding and they set a limit for the potential of women right from childhood by making them believe that their gender is not smart enough or that they are in need of husbands. In films, women are objectified as sex symbols and in romantic films they are portrayed as something to be desired and suggest impractical solutions so as to 'attain' them. In top hundred grossing films all over the world, only 12% of women are protagonists, only 30% speaking characters and 29% major characters.

In professional arena, the candidature of a man never gets penalized by the concern that he cannot balance both family and work life. His abilities will not be 'negatively affected' by his bodily functions. He is not meant to do 'Pink collar jobs' or domestic labour, having less stability, security and pay. Those high paying adventurous jobs are meant for him. If he gets upset at work, it will not be blamed on his emotions, hormonal changes or being ever sensitive.

A man never gets trailed for having a drink or whole of a bottle in a party and it will be considered as a signature of his manliness. But at the same time if a girl does the same, it is because she is addictive to drugs or one ready to be 'laid'. If a piece of flesh is seen out, then it is proved that she is ready for whatever the need a man has to explore! A man never gets judged for his natural body hair. It is asign of his masculinity and if a girl accidently shows it, she is a whore.It is almost like she is targeted for her existenceas a girl.

These little neural reactions in the brain are the stepping stones to major violence against women. The rapist in the 'Nirbhaya Case' had said, "A girl is far more responsible for rape than a boy. When being raped she shouldn't fight back. She should just be silent and allow the rape. Then we would have dropped her off after 'using her' and only hit the boy". Each word of this response by the brutal killer reinstates the authority that the society has 'reserved' for men. These crimes can only be mended by isolating the root cause of the problem. The ideologies and thoughts transmitted to the little brains should be more humane than 'mannish'. What we need is not a society where men stump down women but rather a place where human beings are encouraged to progress not just materially but mentally too.

After all it is better to mould children with right perceptions than to repair broken adults.

With Malice Towards One and all...

സ്മൃതി കെ.
S4 ബി.എ. ഇക്കണോമിക്സ്



ഓടിയുലയുന്ന ചേലയും വാരിപ്പിടിച്ച്, കുത്തഴിഞ്ഞ മുടിക്കെട്ടും, കരഞ്ഞുകലങ്ങിയ കണ്ണുകളുമായ് നിൽക്കുന്ന ദ്രൗപതിയുടെ ചിത്രം നോക്കിനിൽക്കെ പലതും അവളുടെ മനസ്സിലൂടെ കടന്നുപോയി. അഴിച്ചിട്ട മുടിക്കെട്ട് സ്ത്രീയുടെ സ്വാതന്ത്ര്യത്തെയാണ് കാണിക്കുന്നതെങ്കിൽ എത്ര നന്നായേനെ എന്ന് അവൾ ആലോചിച്ചു. ഇത് പക്ഷെ അങ്ങനെയല്ലല്ലോ. മറ്റാരുടെയൊക്കെയോ സുഖത്തിന് വേണ്ടി മാത്രം അഴിഞ്ഞുപോയ മുടിക്കെട്ട്..

വീട്ടിലേക്കുള്ള തിരിച്ചുനടത്തത്തിലും മനസ്സിൽ തങ്ങിനിന്നിരുന്ന ചിത്രം അതായിരുന്നു. അഴകൊത്ത സ്ത്രീ രൂപം. വടിവൊത്ത ശരീരം, വിടർന്നു നിൽക്കുന്ന കൺപീലികൾ, ഇടതൂർന്ന മുടികെട്ട്. പ്രതികാരദാഹമില്ലാത്ത ദ്രൗപതിയായ് അവളെ അവൾക്കുതന്നെ തോന്നി. അല്ല. അങ്ങനെയല്ല. പ്രതികാരം കെട്ടടങ്ങിയ ദ്രൗപതി. ഉമ്മറപ്പടിയിൽ അവളുടെ ഭർത്താവ് വായിച്ചുകൊണ്ടിരിക്കുന്ന ആർട്ടിക്കിളിന്റെ തലക്കെട്ട് നോക്കി അവളൊന്നു ചിരിക്കുക മാത്രം ചെയ്തു. "With Malice Towards One and all...." മുറിയിലെ ചില്ലുകണ്ണാടിയിൽ നോക്കുന്ന നേരത്ത് അവൾ ശ്രദ്ധിച്ചു, അതേ വിടർന്ന കൺപീലികൾ, ഇടതൂർന്ന മുടിക്കെട്ട്, വടിവൊത്ത ശരീം... ദ്രൗപതി, ദ്രൗപതി, ദ്രൗപതി... വഞ്ചിക്കപ്പെട്ടവൾ, പരിഹസിക്കപ്പെട്ടവൾ, "With malice towards one and all...."

വെറുപ്പ്, വെറുപ്പ്, വെറുപ്പ്....!

ശരീരത്തിനെ മാത്രം പ്രണയിക്കുന്ന ദുശ്ശാസനന്മാർ. ഭർത്താവുൾപ്പെടെയുള്ള ദുശ്ശാസനന്മാർ. സമൂഹത്തിലെ ദ്രൗപതിമാരുടെ കണക്ക് വെറുതെയെങ്കിലും ഓർത്തുനിന്നുപോയ് അവൾ. പുറകേ നിന്നു തന്നെ ഇറുക്കിയ കൈകളുടെ ചൂട് അവളുടെ ചിന്തകളെ ചവിട്ടിതേയ്ച്ചു കളഞ്ഞു. മറ്റൊരു കാമക്കണ്ണ്, അതിന് കീഴടങ്ങാതെ അപ്പോൾ അവൾക്ക് മാറാൻ കഴിഞ്ഞു. അതങ്ങനെയെല്ലെങ്കിൽ പോലും എല്ലാത്തിലും അവൾ സ്വയം ദുശ്ശാസനന്മാരെ കണ്ടെത്താൻ ശ്രമിച്ചു. കറുത്ത ജനൽപ്പാളിയിൽ കാണുന്ന പ്രതിബിംബത്തെ നോക്കി ആയിരം തവണ അവൾ പറഞ്ഞു, 'ഞാൻ വെറുക്കുന്നു.' ഈ നിമിഷം അവൾ പറഞ്ഞത് അവൾക്ക് വേണ്ടിയായിരുന്നില്ല. മറിച്ച് അവളെ അങ്ങനെയാക്കിതീർത്ത സാഹചര്യങ്ങളോട്. ചുറ്റുപാടിനോടും.

കാണുന്ന ദു:ഖങ്ങളോടും, കേൾക്കുന്ന വാക്കു കളോടും, അങ്ങനെ.... അങ്ങനെ പലതിനോടും.

ഇരുട്ടിൽ നൂറായിരം കറുത്ത രൂപങ്ങൾ പറന്നു മുന്നോട്ട് വന്നു. ഇരുട്ടിന്റെ പിശാചുകൾ, ചുവന്നു. കത്തുന്ന, നിറുന്ന കാമകണ്ണുകളും, കൂർത്ത നഖങ്ങളും. ഈയാംപാറ്റകളെപോലെ ഏതോ ഒരു അടിവാരത്തിൽനിന്നും അത് പറന്ന് പൊന്തിക്കൊണ്ടേയിരുന്നു. അവളെ മാത്രം ലക്ഷ്യമാക്കിക്കൊണ്ട്. ആണിന്റെ കണ്ണ്. "അവൾ ദേവിയല്ല, അവൾ ദേഹമല്ല, അവളൊരു പച്ചമനുഷ്യജന്മം." ആണിന്റെ കണ്ണാണ് അവൾക്ക് ശാപം. വഞ്ചിക്കപ്പെട്ടവൾ. സ്വയവും, അല്ലാതെയും. വഞ്ചന. നീചമായ കറുത്ത കൈകൾ അവളെ കെട്ടി വലിഞ്ഞുമുറുക്കുന്നു. കറുത്ത ചോരപ്പാടുകളുള്ള കൂർത്തനഖങ്ങൾ വലിച്ചുകീറുന്നു. മുടിക്ക് കുത്തനെ പിടിച്ച് വെളുത്ത ഭിത്തിക്ക് മേൽ ആഞ്ഞാഞ്ഞ് ഇടിയ്ക്കുന്നു. മുള്ളുകൾ തറച്ച ചാട്ടവാറുകൊണ്ട് അവളുടെ ശരീരത്തിൽ, നഗ്ന ശരീരത്തിൽ വീശി വീശി അടിയ്ക്കുന്നു. മുള്ളുകൾ തറച്ച ഷൂസുകൾകൊണ്ട് അവളുടെ കൈവിരലുകൾ ചവിട്ടി അരയ്ക്കപ്പെടുന്നു. ക്രൂശിക്കപ്പെട്ടവൾ എന്ന് മുദ്ര കുത്തുന്നു. ലോകത്തെതന്നെ ഏറ്റവും കഠിനമായി ശിക്ഷിക്കപ്പെട്ടവൾ അവളായ് മാറുന്നു. ശിക്ഷിക്കപ്പെട്ടവൾ മാത്രം. വഞ്ചിക്കപ്പെട്ടവളും. ദ്രൗപതി.

ചുംബനത്തിന്റെ ദൃഢത അപ്പോഴാണവളറിഞ്ഞത്. കൈകൾ ഇറുക്കിപ്പുട്ടികൊണ്ട് വീണ്ടും വീണ്ടും പിശാചിനെ നോക്കി കൊണ്ടേയിരുന്നു. തന്നെ പിടിച്ച് ഞെരുക്കുന്നു. മുലകൾ പിടിച്ച് ഞെരുക്കുന്നു. ചുണ്ടുകൾ കടിച്ചമർത്തുന്നു. വേദന മാത്രം. വേദന മരവിപ്പ്. അല്ല ഒരു തരം മടുപ്പ്. വിരക്തി. ചാട്ടവാറുകൊണ്ട് പുറത്ത് വീഴുന്ന അടികൾ, കാതുകളിൽ ഈയം ഉരുക്കി ഒഴിക്കുന്നു. കണ്ണുകളിൽ തീക്കനൽ കോരിയിടുന്നു.

ജിന്നിന്റെ രാജകുമാരനെയും കാത്ത് കടലോരത്ത് മത്സ്യകന്യകയെ പോലെ ഒരു പുലരിയിൽ കിടക്കുന്നതും സ്വപ്നം കണ്ട് കിടന്നു. മാറ്റാരുടെയോ സുഖം താനായ് മാറുന്നു. വെറും സുഖം...



JISHA, *India's Daughter*

Tesma Joby, S2 MA English Literature

Jisha! One among the many of India's daughters. Or have you already forgotten her name?

#JusticeFor Jisha! Oh how can you forget those hash tags that screamed from everyone's wall in the month of May, 2016.

It was the peak of elections.

I remember.

There were posts urging everyone not to vote as a protest against the injustice that takes place on a daily basis towards women.

I do not know how many obeyed or stood up for that post.

But I can say I did not vote that day.

It was not because of that mere post but because I had a very bad nightmare previous to the day of elections.

I usually don't read newspaper daily. When I read, I imbibe almost everything and sometimes allow myself to get tensed over the news of terrorists, rapes, murders, drugs and what not.

But when I get interested in a particular news, I wait for the next day eagerly to read the follow up.

Jisha's case was one among them that caught my attention.

I couldn't just believe the fact that it happened in the so called 'God's own country'.

Reading the setbacks that she had to undergo throughout her life disturbed my mind.

Let me now describe the nightmare that left me sleepless—.

It seemed to be some hartal day. My cousin and I were walking. It was getting dark and so our walking pace increased.

Suddenly there is this guy, a non – malayali, who comes from nowhere and gets hold of my cousin's posterior.

Furious and agitated, I turn to act upon him and I don't know from where, all of a sudden nearly 5 to 6 non- malayalis appear and surround us. We try to run.

The rest is probably another version of what happened to Jisha.

It is quite too easy to write it in words. But that nightmare. It was dreadful.

The image is still crystal clear in my memory!

It was only then I thought of Jisha, how she must have felt while experiencing it for real.

I woke up. It was early morning and I started crying.

I was in my cousin's house. They asked me what happened. I couldn't easily narrate it. I kept on crying for a few minutes. My cousin asked me to stop crying. He consoled me, after all it's only a nightmare.

I thanked god that it was just that, a nightmare so dreadful.

For the rest of the day I lost my peace. I took my pen and scribbled a few things and decided something.

Quoting those lines that I scribbled:

"Yes, You are temporary—

For the world. For the society.

Then why not for me?

You are ephemeral.

But 'Today'— I give it to you.

Just today!

What else can I do?

I very well know that this is not going to make a single change.

My fingers won't be stained today. I promise. This is all I can do.

This is my duty, ain't it?

The list is getting bigger...Aruna Shaunbagh, Soumya, Jyothi Singh, and now – you...and I have worser fears!

For you, this place was worse than Somalia.

Right Jisha?

For You Jisha."

And I ended my write up, but her name— and that nightmare continue to haunt me…

And thus I did not vote that day.

For Jisha.

For she— is one among us.

One among the many women who face assaults ranging from marital rape to child rape.

After the elections, with much drama, we heard that Ameer-ul-islam, a 24 year old migrant laborer was arrested alleging as the main accused.

Later we also came to know that the accused might be just another person fixed by the authorities and probably the main culprit in order to silence the media and the people.

A compensation of 10 lakhs was given to Jisha's parents and the promise of building a new house.

10 lakhs! The price of a female body.

Jisha, did you believe in the world's largest democratic country?

If yes, sorry!

If No, well you knew the country you were living much better, for I hear that you were a law student.

#JusticeForJisha has not yet taken place.

Will it ever? I don't think so.

For the real culprits could be enjoying all the benefits out there.

I see another of India's daughter rising…

It could be me, you or your beloved.





What's in a Name?

Nahna Kamarudheen V.
S2 M.A English Literature

The use of pen names was common among authors in the past and continues even now. In certain cases these pseudonyms become more known than the author's real name. Charles Lutwidge Dodgson wrote under the pen name Lewis Carroll, Jozef Korzeniowski used the name Joseph Conrad and the list continues. Some authors use pen names to hide their heritage and some their gender. The use of male pseudonyms by female writers was prevalent in the 18th century due to the social conditions that existed then. But this tendency to use androcentric pen names can be seen among female writers of today too. Even with the much developed scenario relating to the freedom of women, this attitude still exists in all its glory.

Historically, female writers had to conceal their identities to get entrance into the patriarchic world of literature, the gate of which was flanked on both sides by muscle and moustache. When a twenty year old Charlotte Bronte sent her collection of poetry to England's Poet Laureate Robert Southey, the response was "Literature cannot be the business of a woman's life". Later along with her sisters Emily and Anne Bronte, she assumed a male pen name. Charlotte became Currer Bell, Emily became Ellis Bell and Anne became Acton Bell. When it comes to Jane Austen, she too used a pen name but not a male one. She used the pseudonym "A Lady" boldly, thus asserting her female identity. She thus became the one who broke new ground by revealing the female identity as a writer.

The prominent 19th century writer Louisa May Alcott wrote under the male pen name A. M. Barnard, in a period in American history when female writers were taken less seriously than their male counterparts. But later she became a revolutionary and won in the realm of gender equality. The name Mary Ann Evans is not known to most of the readers unlike her pseudonym George Eliot. She came out to the literary world with her essay "Silly Novels by Lady Novelists". She used the pseudonym to distance herself from the female romantic writers. Alice Bradley Sheldon used the name James Tiptree, Karen



Bixen became Isak Dinesen and Amantine Lucile Aurore Dupin wrote under the name George Sand.

It is possible that most readers took Harper Lee as a male writer. But it is the pen name of Nelle Harper Lee. Her pen name made her authorship androgynous. Her Pulitzer Prize awarded novel, *To Kill a Mockingbird*, took her to the zenith of the literary world. Nora Roberts, the popular bestselling author of romantic novels is also known by her male pen name J.D Robb. She used it to try her hand in the world of detective fiction. It is an acknowledged fact that the realm of detective literature is dominated by male authors. This might be the reason why she opted for a male pseudonym. J.K Rowling, the name which is synonymous with the popular series *Harry Potter* is a woman whose real name is Joanne Rowling. It is due to the pressure from the publishers that she used her initials for a pen name because they thought young boys might not read something written by a woman!

Eventhough this is the case with most writers, there is also this rare occurrence of male writers with a female pen name. The French poet Stephane Mellarme provides such an example by using the female pen name Mademoiselle Satin among other male pseudonyms. But this is only a grain of sand among sand dunes. Even in this contemporary age of equality, authors like E.L James (Erika Leonard) provides an exception to the very consideration of the society being gender neutral. This plurality in name is all due to the cold shoulder treatment given to female writers by various publishing houses. Indeed it is high time this bias is corrected. The attitude of the readers also needs a thorough revision in this regard. "What's in a name? That which we call a rose, by another name would smell as sweet" said William Shakespeare in 'Romeo and Juliet'. Similarly do today's readers enjoy reading despite the gender of the writer? Apparently this is what the writers and publishers of today need to seriously contemplate.





Mx; ആശങ്കകൾ, പ്രതീക്ഷകൾ

ശ്രീലക്ഷ്മി എം.
S4 ബി.എ. മലയാളം

മനക്കേടിന്റെ മുറിവ്, ഒളിച്ചോട്ടത്തിന്റെ ഇരുട്ട്, ചോരത്തുള്ളികളുടെ തണുപ്പ്.... മരവിപ്പിക്കുന്ന ഇത്തരം ഓർമ്മകളുടെ സഹയാത്രികരായ ഒരുപറ്റം സഹജീവികളുണ്ട് നമുക്ക്. ഹിജഡയെന്നും, പോയിന്റ് ഫൈവെന്നും അസാണിയെന്നുമൊക്കെ, നാവിനറപ്പില്ലാതെ നാം വിളിച്ചുതള്ളുന്ന മൂന്നാമിടക്കാർ. ആണും പെണ്ണുമല്ലാത്ത ഉഭയജീവിയായി ചെലവഴിച്ചുതീർത്ത ദിനങ്ങളുടെ കാഠിന്യമാണ് ഇപ്പോഴവരെ വെളിച്ചത്തിലേക്കു കൊണ്ടുവന്നത്. അനുഭവിച്ചുതീർത്ത യാതനകളുടെ നീറലാണ്, അവരുടെ വാ തുറപ്പിച്ചത്.

അപനിർമ്മാണത്തിന്റെയും സൃഷ്ടുനുഖതയുടെയും ലോകത്ത്, ഭിന്നലിംഗത്തിന്റെ മേൽവിലാസമുള്ളവർ എങ്ങനെ സ്വീകരിക്കപ്പെടുന്നു എന്നത്, ചോദ്യ, എന്നാൽ - വളരെ വലിയ ഒരു ചോദ്യമാണ്. ചോദ്യാവലികളിൽനിന്ന് ചോദ്യാവലികളിലേക്കുള്ള യാത്രയാണ് ജീവിതം എന്ന് സ്വയം തെളിയിച്ചുകൊണ്ടിരിക്കുന്ന നമ്മൾ, നിഷേധിക്കപ്പെടുന്ന ഒരു ന്യൂന പക്ഷത്തിന്റെ ചോദ്യങ്ങൾ മന:പൂർവ്വം കേൾക്കാതിരിക്കുന്നു. അഭ്യസ്തവിദ്യരായ ഒരു ജനത 'അയ്യേ' എന്ന ഒറ്റ ശബ്ദത്തിൽ വെറുപ്പിന്റെ വിഴുപ്പലക്കുന്നു.

ഇനിയും നമ്മളെന്താണ് അവരുടെ ഉണ്മയെ തിരിച്ചറിയാത്തത്? ആണിന്റെ അടയാളചിഹ്നങ്ങൾ പേറി, ഉള്ളിലെ പെണ്ണിനെ അടക്കാനാവാതെ വിങ്ങുന്ന സംഘർഷം നാം തിരിച്ചറിയാത്തതെന്താണ്? വിദ്യ കൊണ്ടും സാമൂഹികാവബോധംകൊണ്ടും തുടച്ചുനീക്കാൻ കഴിയാത്ത അതിർവരമ്പുകളിൽ, ഇനിയും അവശേഷിക്കുന്ന വിഭാഗീയത, എന്താണ് സൂചിപ്പിക്കുന്നത്?

ഭ്രൂണാവസ്ഥയിലെ സങ്കീർണ്ണമായ ജൈവപ്രക്രിയയിൽ, ലിംഗസ്ഥത്വവും, ലൈംഗികാവയവങ്ങളും ഒത്തുചേരാതെ വരികയും സ്വത്വനിർണ്ണയം പ്രതിസന്ധിയിലാവുകയും ചെയ്തവരാണ് ഭിന്നലിംഗക്കാർ. ആൺശരീരമുള്ള പെണ്ണും, പെൺശരീരമുള്ള ആണും, ഉഭയലൈംഗികരും, സ്വവർഗ്ഗരതിക്കാരും ഒക്കെയടങ്ങുന്ന ഈ സമൂഹം നമ്മുടെ കൺമുന്നിൽ നിരന്തരം അപമാനിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്.

പുംസത്വവും സ്ത്രീത്വവും പോലെ തികച്ചും സ്വാഭാവികമായ ഒരവസ്ഥയാണ് നപുംസകത്വവും എന്ന തിരിച്ചറിവാണ് നമുക്ക് വേണ്ടത്. ഇന്നും ഇന്നലെയും ഭൂമിയിൽ മുളച്ചതല്ല ഭിന്നലിംഗം എന്ന ബോധോദയമാണ് വേണ്ടത്. ചെക്ക് റിപ്പബ്ലിക്കിലെ ഒരു ഗുഹയിൽനിന്ന് പുരാവസ്തു ഗവേഷകർ 5000

വർഷം പഴക്കമുള്ള ഒരു ഉഭയലിംഗ (Bisexual) മനുഷ്യന്റെ ശരീരാവശിഷ്ടങ്ങൾ കണ്ടെത്തിയിട്ടുണ്ട്. പുരുഷനുമായി സാമ്യമുള്ള ഈ ശരീരത്തെ അവർ സംസ്കരിച്ചിരുന്നത്, സ്ത്രീയുടെ ആടയാഭരണങ്ങൾ അണിയിച്ചാണ്. ആണും പെണ്ണുമല്ലാത്ത ഒരാളെ സ്ത്രീയായി കാണാനായിരുന്നു പുരാതന സമൂഹങ്ങൾക്ക് താല്പര്യം എന്ന് ഗവേഷകർ പറയുന്നു.

ലിംഗസ്വത്വം പ്രതിസന്ധിയിലായ ഈ ഉഭയലിംഗ മനുഷ്യർ, ലോകത്തെ, ഏറ്റവും തീക്ഷ്ണമായ തിരസ്കാരം ഏറ്റുവാങ്ങിയവരാണ്. ജനിതക വ്യതിയാനം കാരണം ഒരേസമയം മുലകളും ലിംഗവും വൃഷ്ണങ്ങളും വളരുന്ന ഒരു പുരുഷനെയും പുരുഷാവയവങ്ങൾ ഇല്ലാതിരുന്നിട്ടും മുഖത്തും മാറിലും രോമം വളർന്ന് പൗരുഷം പ്രകടിപ്പിക്കുന്ന സ്ത്രീയെയും സങ്കല്പിക്കാൻ നമുക്കിന്നും ബുദ്ധിമുട്ടാണ്. കാലാന്തരത്തിലെ ആ വിഹ്വലതകളാണ് ഭിന്നലിംഗക്കാരെ മന:പൂർവ്വം മറന്നു കളയാൻ നമ്മളെ പ്രേരിപ്പിച്ചത്.

മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച്, ഭിന്നലിംഗക്കാർക്ക് ജീവനസാധ്യതകൾ കുറഞ്ഞ സംസ്ഥാനമാണ് കേരളം. അതിനർത്ഥം കേരളത്തിൽ ഭിന്നലിംഗക്കാർ ഉണ്ടാവുന്നില്ല എന്നല്ല. നമ്മുടെ കപടസദാചാരത്തിന്റെ മൂർച്ചയിൽനിന്നും രക്ഷപ്പെടാനായി അവർ മറ്റിടങ്ങളിലേക്ക് പലായനം ചെയ്യുന്നു. കൊച്ചിയിൽ, ലിംഗമാറ്റ ശസ്ത്രക്രിയ ചെയ്ത് ഒരു മാസം പോലും തികയാത്ത ട്രാൻസ്ജെൻഡറിനെ സദാചാര പോലീസ് കൈകാര്യം ചെയ്തിട്ട് ഒരു വർഷംപോലുമായിട്ടില്ല. ആക്രമണത്തിനിരയായ അയിഷയും പൂർണ്ണയും തങ്ങൾക്ക് സംഭവിച്ചത് ലോകത്തിനോട് തുറന്നു പറയാനുള്ള ആർജ്ജവം കാണിച്ചതുകൊണ്ടു മാത്രമാണ്, ഈ വാർത്ത നാം അറിഞ്ഞത്. ഞാനൊരു ട്രാൻസ്ജെൻഡറാണ് എന്ന് വിളിച്ചുപറയാനാഗ്രഹിക്കുന്ന അവരുടെ നാവിനെ ഉദ്ബുദ്ധ കേരളത്തിന്റെ ലിംഗബോധം അറിഞ്ഞിട്ടു എന്നതാണ് സത്യം.



പെൺമനസ്സും ആൺശരീരവുമായി ജനിക്കുന്ന M to F (male to female) ട്രാൻസ്ജെൻഡറുകളാണ് ഇവരിലേറെയും. ആൺകുട്ടിയായി ജനിക്കുകയും വളരുകയും ചെയ്യുന്ന അവരിൽ പലരും കൗമാരത്തോടെയാണ് തങ്ങളിൽ ഒളിച്ചിരിക്കുന്ന സ്ത്രൈണത കണ്ടുപിടിക്കുന്നത്. സ്ത്രീത്വത്തിനോടുള്ള അഭിനിവേശവും, അബോധപൂർവ്വമായ ശരീരചേഷ്ടകളും, ആണിന്റെ ശരീരവും, അകവും പുറവും നിന്ന് അവരെ ആക്രമിക്കുന്നു. കൗമാരത്തിന്റെ പൊള്ളുന്ന ചൂടിൽ 'ആരാണ് ഞാൻ?' എന്ന് തിരിച്ചറിയാനാകാതെ അവർ പൊറുതിമുട്ടുന്നു. ഒടുവിൽ, പെണ്ണായിട്ടല്ലാതെ ഭൂമിയിൽ ജീവിതം സാധ്യമല്ല എന്ന് തിരിച്ചറിഞ്ഞത്, മാതാപിതാക്കളാലും ബന്ധുക്കളാലും ആട്ടിയിറക്കപ്പെട്ടോ, അല്ലെങ്കിൽ, സങ്കടങ്ങളിൽനിന്ന് ഒളിച്ചോടിയോ അവർ അന്യ സംസ്ഥാനങ്ങളിൽ അഭയംപ്രാപിക്കുന്നു.

തമിഴ്നാട്ടിലും കർണ്ണാടകയിലുമൊക്കെ സ്ഥിതിഗതികൾ കേരളത്തിനേക്കാൾ ഭേദമാണ്. ചുരുങ്ങിയ പക്ഷം ആണും പെണ്ണും കൂടാതെ ലോകത്ത് മറ്റൊരു ലിംഗാവസ്ഥയുണ്ടെന്ന് സമ്മതിച്ചുകൊടുക്കാനെങ്കിലും അവിടുത്തുകാർ തയ്യാറാണ്. ഒന്നും കൈയിലില്ലാതെ ഇവിടങ്ങളിൽ എത്തിപ്പെടുന്ന ഭിന്നലൈംഗികർ ജീവിതമാർഗ്ഗത്തിനായി ജോലി തേടാനാരംഭിക്കുന്നു. സവിശേഷമായ ലിംഗസ്വത്വം അവർക്ക് അവിടെയും ഒരു വിലങ്ങുതടിയാണ്. ഒടുവിൽ ഹിജഡ സമൂഹത്തിലേയ്ക്കുള്ള രക്ഷപ്പെടലിന്റെ വാതിൽ അവർക്ക് തുറന്നുകിട്ടുന്നു. പക്ഷേ, ദുരിതങ്ങൾ അവിടംകൊണ്ട് തീരുന്നില്ല. ഹിജഡകളുടെ ഹമാമിലെത്തിപ്പെടുന്ന നവാതിഥി ഏതെങ്കിലുമൊരു ഹിജഡയുടെ ചേലയായി സ്വീകരിക്കപ്പെടുന്നു. അതിനുശേഷം കുറെക്കാലം അവർ കർശനമായി നിരീക്ഷിക്കപ്പെടുന്നു. ഹിജഡയാവാനുള്ള കടമ്പകളെപ്പറ്റി, ചടങ്ങുകളെപ്പറ്റി ന്യൂസ് ഫോട്ടോഗ്രാഫറായ പി. അഭിജിത്ത്, ഇങ്ങനെ പറയുന്നു:

"ഒരാൾക്ക്, ഈ സമൂഹത്തിൽ അംഗമാകണമെങ്കിൽ, ഏതെങ്കിലുമൊരു ഗുരു (അമ്മ), ചേല (മകൾ) ആയി സ്വീകരിക്കണം. തങ്ങളുടെ സമൂഹത്തിൽ ഉൾപ്പെടുത്താൻ പറ്റിയ ആളാണെന്ന് തെളിഞ്ഞാൽ അയാളെ 'നിർവ്വാൺ' ന് (ലിംഗ ശസ്ത്രക്രിയ) വിധേയമാക്കും. അതിനുശേഷം നാല്പത് നാൾ നീളുന്ന ചടങ്ങാണ് ഹിൽദി മെഹന്തി. ഈ നാല്പത് ദിവസവും സാധാരണ ഭക്ഷണവും പാലും കഴിക്കരുത് എന്നാണ് നിയമം. ചപ്പാത്തി, മട്ടൻസൂപ്പ്, പാകംചെയ്ത ആട്ടിൻതല എന്നിവയാണ് ക്ഷേണം. ഈ നാല്പത് ദിവസവും കണ്ണാടിയിൽ മുഖം കാണാൻ പാടില്ല. ഇരുപതാം ദിവസം അയൽപ്പക്കത്തെ ഹിജഡകൾ

മഞ്ഞൾ, നെയ്യ്, ചായപ്പൊടി എന്നിവയുമായി കാണാൻ വരും. 40-ാം ദിവസം അർദ്ധരാത്രി 'ജൽസ' എന്ന ചടങ്ങ് ആരംഭിക്കും. നൃത്താഘോഷങ്ങളോടെയാണ് ചടങ്ങുകൾ ആരംഭിക്കുന്നത്. വിവാഹത്തിന് പങ്കെടുക്കാൻ വരുന്നതുപോലെ സമീപപ്രദേശത്തുള്ള ഹിജഡകളെല്ലാം ഈ ചടങ്ങിന് എത്തിച്ചേരും. വരുന്നവരെല്ലാം വസ്ത്രങ്ങളും സൗന്ദര്യസംവർദ്ധകവസ്തുക്കളും സമ്മാനിക്കും. അതിനുശേഷം ശസ്ത്രക്രിയക്കു വിധേയയായ ചേലയെ ഗുരുവും മറ്റു ചിലരും മുറ്റത്തെ പന്തലിലേയ്ക്കു കൊണ്ടുവരും. തുടർന്ന് മുറ്റത്തിരുത്തി മഞ്ഞൾ തേച്ച് കുളിപ്പിക്കും. അതിനുശേഷം മുറിക്കുള്ളിൽ കൊണ്ടുപോയി പച്ച നിറത്തിലുള്ള വസ്ത്രം ധരിപ്പിക്കും. മുഖമാസകലം മൂടി തലയിൽ പാൽനിറച്ച കുംഭവുമേന്തി ചേലയെ പുറത്തേക്കാനയിക്കും. ഈ പാൽ സമീപത്തുള്ള പുഴയിലോ കിണറ്റിലോ ഒഴുക്കും. അതിനുശേഷം ചേലതന്റെ നഗ്നത ഒരു പച്ചമരത്തിനു മുന്നിൽ പ്രദർശിപ്പിക്കും. തിരിച്ചുവന്നതിനുശേഷം ഗുരു ചേലയുടെ മുഖത്തെ തുണി മാറ്റി കണ്ണാടി കാണിക്കും. കുലദേവതയായ സന്തോഷിമാതയുടെ ചിത്രം സാക്ഷിയാക്കിയാണ് ഈ ചടങ്ങ് നടത്തുന്നത്. കോഴിപ്പുറത്തെ റിയ സന്തോഷിമാതയുടെ ചിത്രത്തിന് ദുർഗ്ഗാദേവിയുടെ ചിത്രത്തോട് സാദൃശ്യമുണ്ട്. തുടർന്ന് ചേലദേവിയുടെ അനുഗ്രഹം തേടും. പഴവർഗ്ഗങ്ങൾ കഴിക്കും. പൂലർച്ച നാലുമണിയോടെയാണ് ഈ ചടങ്ങുകൾ അവസാനിക്കുക".

ശാസ്ത്രീയമായല്ലാതെ തായമ്മ നിർവ്വാൺ (ഹമാമിൽത്തന്നെവെച്ച് നടത്തുന്ന ലിംഗഛേദനം) നടത്തുന്ന ഹിജഡകൾ മരണപ്പെടാനുള്ള സാധ്യത വളരെക്കൂടുതലാണ്. ഹിജഡ സമൂഹത്തിൽപ്പെട്ട ഒരാൾതന്നെയാണ് പാലിൽ മുക്കിത്തിളപ്പിച്ച കത്തികൊണ്ട് ലിംഗഛേദം നടത്തുന്നത്. മുറിവായ ഭാഗം പച്ചിലമരുന്നുകൾകൊണ്ട് പൊതിയുന്നു. ഇരുപത് ദിവസം കഴിയുമ്പോഴേയ്ക്കും മുറിവുകൾ ഉണങ്ങിത്തുടങ്ങും. മറിച്ച് ഹമാമിൽ നടക്കുന്ന ഈ പ്രാകൃത ശസ്ത്രക്രിയ പരാജയമാവാനും സാധ്യതയുണ്ട്. നിർവ്വാണിനുശേഷം രണ്ടാം ജന്മം ആരംഭിക്കുന്ന ട്രാൻസ്ജെൻഡറുകൾക്കു മുന്നിൽ ജീവിതം പിന്നെയും ഒരു വലിയ ചോദ്യചിഹ്നമാണ്.

അറവാണിയായ അവളെ പൊതുസമൂഹത്തിന് അംഗീകരിക്കാൻ വയ്യ. ടി.ടി.സി. യും ബിരുദവും ബിരുദാന്തര ബിരുദവും ഒക്കെ കൈയിലുള്ള വിദ്യാസമ്പന്നരായ ഹിജഡകൾപോലും നാണക്കേടിന്റെ കുപ്പായമഴിച്ചുവെച്ച് കുലത്തൊഴിലായ ഭിക്ഷാടനത്തിലേക്കും ലൈംഗികത്തൊഴിലിലേക്കും ഇറങ്ങുന്നു.

സൗന്ദര്യവർധകമരുന്നുകളും, ചിട്ടയല്ലാത്ത ജീവിതവും ഹോർമോൺ വ്യതിയാനങ്ങളും അവരെ എയ്ഡ്സ്, കിഡ്നി രോഗങ്ങൾ, പ്രമേഹം തുടങ്ങിയ ഭീകരാവസ്ഥകളിലേക്ക് തള്ളിയിടുന്നു. വാർധക്യകാലം ഹിജഡകൾക്ക് നരകയാതനകളുടെ കാലമാണ്. ഗുരുവിന്റെ ശുശ്രൂഷ ചേലയുടെ ധർമ്മമാണ്. എങ്കിലും പലരും മറ്റുള്ളവർക്ക് ബുദ്ധിമുട്ടാവാതിരിക്കാൻ ആത്മഹത്യയിൽ അഭയം തേടുന്നു.

വിവാഹിതരാകുന്ന ഹിജഡകളുടെ എണ്ണവും ഏറുകയാണ്. എന്നാൽ വളരെ കുറച്ചുപേർ മാത്രമാണ് സന്തോഷകരമായ ജീവിതം നയിക്കുന്നത്. ഏറിയകൂറിനും ട്രാൻസ്ജെൻഡറുകൾ, പണത്തിനും കാമപൂർത്തിക്കുമുള്ള ഉപകരണങ്ങൾ മാത്രമാണ്.

പുതിയകാലത്ത് ട്രാൻസ്ജെൻഡറുകളെ കൂടെക്കൂടി അംഗീകരിക്കാനുള്ള മനസ്ഥിതി ഉണ്ടാവുന്നുണ്ട് എന്നത് ആശ്വാസകരമാണ്. നമ്മുടെ നാട്ടിൽ മെട്രോ പോലുള്ള ഒരു നവീന സംരംഭം അവരെ പരിഗണിക്കുന്നു എന്നത് അഭിനന്ദനാർഹമാണ്. കൂടാതെ ലിവിങ് സ്മൈൽ വിദ്യയെയും എയ്ഞ്ചൽ ഗ്ലാഡിയെയുംപോലെ നാടകവും ടൃഷ്നെടുപ്പും ഒക്കെ ജീവിതമാർഗ്ഗമായി സ്വീകരിച്ചവർ, ശീതൾ ശ്യാമിനെപ്പോലെ സ്വന്തം സ്വരം ലോകത്തിനോട് തുറന്നുപറഞ്ഞ്, സ്വന്തം ഇടം തേടിയെടുത്തവർ. സൂര്യയെപ്പോലെ സമൂഹത്തിനു മുന്നിൽ പങ്കുറപ്പോടെ പ്രത്യക്ഷപ്പെടുകയും അവരുടെ സ്നേഹം നേടുകയും ചെയ്തവർ, അക്കായിയെപ്പോലെ മറ്റുള്ളവർക്ക് മാതൃകയായിത്തീർന്നവർ, അഞ്ജലിയെപ്പോലുള്ള അഭിനേതാക്കൾ, ലൈസൻസ് നേടിയവർ, വോട്ടവകാശം നേടിയവർ.... പ്രതീക്ഷകൾ ഏറുകയാണ്. ഇപ്പറഞ്ഞതൊന്നും അവർക്ക് പെറിയ കാര്യങ്ങളല്ല. അവഗണനയുടെയും അപമാനത്തിന്റെയും നൊമ്പരങ്ങളുടെയും ഇരുണ്ടകാലത്തിനോട് ചോരകൊടുത്ത് പടപൊരുതി, അവർ നേടിയെടുത്തതാണ് ഈ നുൽവെളിച്ചം. ഇനിയും അതിനെ തല്ലിക്കെടുത്താൻ ശ്രമിക്കരുത്. അവർ, നമ്മുടെ സഹോദരങ്ങളാണ്, നമ്മുടെ



വീട്ടിലെ കുട്ടികളാണവർ. അവർ ദൈവത്തിന്റെ വികൃതികളല്ല. സമ്മാനങ്ങളാണ് എന്ന് തിരിച്ചറിയണം നമ്മൾ.

'ദ് ട്രൂത്ത് എബൗട്ട് മി' എന്ന ആത്മകഥയിലൂടെ പ്രശസ്തയായ ട്രാൻസ്ജെൻഡർ രേവതി പറയുന്നു: "ട്രെയിനിലും മറ്റും വന്ന് യാത്രക്കാരെ ശല്യംചെയ്ത്, പണം അപഹരിക്കുന്നവരാണ് ഹിജഡകൾ എന്ന് പരാതി പറയുന്നവർ, അവരുടെ വീട്ടിൽ ഞങ്ങളെപ്പോലെയൊരാളെ താമസിപ്പിക്കുമോ? ഞങ്ങളിലൊരാൾക്ക് ജോലി വാങ്ങിക്കൊടുക്കുമോ? ആണും പെണ്ണുമല്ല എന്ന കാരണം പറഞ്ഞ് ഞങ്ങളിൽ പലർക്കും ജോലി കിട്ടാതെ പോകുന്നു. ഞങ്ങൾക്ക് സർക്കാർ ജോലി ലഭിക്കുന്നില്ല. ജീവിക്കാനുള്ള ഉപാധി എന്ന നിലയിലാണ് പലരും പരമ്പരാഗത തൊഴിലായ ഭിക്ഷാടനത്തിലേക്കും സെക്സ്വർക്കിലേക്കും തിരിയുന്നത്.

ഇനി ഒരു ജന്മമുണ്ടെങ്കിൽ എനിക്ക് രേവതിയായി ജനിക്കാൻതന്നെയാണഗ്രഹം. ആണിനും പെണ്ണിനും കഴിയുന്നതിലധികം കാര്യങ്ങൾ എനിക്ക് ചെയ്യാൻ കഴിയുന്നുണ്ട്. മുംബൈ, ഡൽഹി, ബംഗളൂരു തുടങ്ങി ഇന്ത്യയിലെ വിവിധ സ്ഥലങ്ങളിലെ ജീവിതംതന്നെ അനുഭവങ്ങളാണ് എന്നെ നിങ്ങളുടെ മുന്നിൽ നിൽക്കുന്ന രേവതിയാക്കിയത്. പോരായ്മകളും ദുഃഖങ്ങളും വേദനകളുമെല്ലാം എല്ലാവർക്കുമുണ്ട്. അതിനോടെല്ലാം പോരാടി ജീവിക്കുന്നതിലാണ് ഞാൻ ആനന്ദം കണ്ടെത്തുന്നത്".

ഈ സത്യങ്ങളെ ഇനിയും കല്ലെന്നു നടിക്കരുത്. യുവതലമുറയ്ക്ക് ഇക്കാര്യങ്ങളിൽ പലതും ചെയ്യാനുണ്ട്. നമ്മൾ ഉണ്ടാക്കുന്ന മാറ്റമാണ് നാളെയെ സ്ഫുടംചെയ്യാൻ പോകുന്നത്. ഇനിയെങ്കിലും ആ ഉൾമയെ നമുക്ക് തിരിച്ചറിയാം. അവരെ നമ്മോടു ചേർത്തുപിടിക്കാം. വരിക, ഇനിയൊരുമിച്ചു നടക്കാം എന്നവരോടു പറയാനുള്ള സ്നേഹത്തിന്റെ ശബ്ദം സംഭരിക്കുക.

P.G. Centre

CENTRE FOR POSTGRADUATE STUDIES

North Bus Stand, THRISSUR

Ph: 0487-2338983, 9645012057 email: pgcentre.tsr@gmail.com

Morning Batches for (7.15 am to 9.15 am)

B.Com, M.Com & MBA

Regular Batches for

BBA, B.Com, BA, B.Sc, BCA, MBA, M.Com, MA, M.Sc

Sunday Batches for

B.Com, BA Eng., M.Com, MBA, MA Eng., M.Sc. Maths

CALICUT UNIVERSITY & BHARATHIAR UNIVERSITY



Arts & science conclave























Legacy of Legends















JAI GURU
TOURS & TRAVELS

All Kinds of Tourist
Vehicles Available

9496000555





ആ പെൺകുട്ടി

ജിസ്മി ജോയ്
S2 ബി.എ. മലയാളം



ഇരുൾ വീണു മങ്ങിയ വഴിയിലൂടെ ഞാൻ നടന്നുനീങ്ങി. കണ്ണിന്റെ കാഴ്ചശക്തി ഇരുട്ടിൽ എവിടെയൊക്കെയോ പരതുന്നുണ്ടായിരുന്നു. കാലുകൾ കൂടുതൽ വേഗത്തിൽ മുന്നോട്ടു പാഞ്ഞപ്പോൾ ശരീരം പിന്നിലേക്കു വലിയാനാഗ്രഹിക്കുന്നതുപോലെ. മനസ്സിലെ ഭയമായിരിക്കുമോ തന്നെ പുറകിലേക്കു വലിക്കുന്നത്. ഞാൻ തിരഞ്ഞുകൊണ്ടേയിരുന്നു. പരതുന്ന മുഖം മാത്രം എവിടെയും കണ്ടില്ല. മനസ്സും ശരീരവും പെട്ടെന്നു തളർന്നപോലെ. ഒരു സ്ത്രീയായതിന്റെ പേരിൽ രാത്രി പുറത്തിറങ്ങാൻ പാടില്ലെന്നാണല്ലോ വ്യവസ്ഥാണം. രാത്രി ഞാനടങ്ങുന്ന ഒരോ സ്ത്രീയ്ക്കും ഓരോ ചോദ്യചിഹ്നങ്ങളാണ്. ഇരുട്ടിൽ ആകാശം നോക്കി നടക്കാനുള്ള ഭാഗ്യമോ, പാതിരാക്കാറ്റേറ്റു കുളിർക്കൊള്ളുവാനുള്ള ഭാഗ്യമോ ഇല്ല. ആർക്ക്? ഹാ...! നമുക്കുതന്നെ, നമ്മൾ സ്ത്രീകളല്ലേ. പുറത്തിറങ്ങി പരന്ന റോഡിലൂടെ നടന്ന് സ്വന്തം നിഴൽനോക്കി ചിരിക്കാനോ, മാനത്തെ നക്ഷത്രങ്ങളുടെ എണ്ണംനോക്കി കണക്കുതെറ്റിയ ആശാനെപ്പോലെ മണ്ടിയാവാനോ, മരങ്ങളുടെ നിഴൽഛായ നോക്കാനോ നമുക്കു അധികാരമില്ല. ജന്മം സ്ത്രീയുടേതാണല്ലോ. ചിന്തകൾ എന്നെ ഒരു വിമർശകയുടെ രൂപം അണിയിക്കുന്നുണ്ടോ, അറിയില്ല. പക്ഷെ, ഒന്നറിയാം. സ്ത്രീ എന്നും പേടിച്ചു കഴിയാൻ വിധിക്കപ്പെട്ടവളാണ്. അല്ലെങ്കിൽ പിന്നെ രാവിലെ താൻ കണ്ട ആ പെൺകുട്ടി എന്തിനു ഭയന്ന കണ്ണുകളോടെ തന്നെ നോക്കി. അവൾ ഭിക്ഷയാചിക്കുന്ന ഒരു ബാലികയായിരിക്കും. എങ്കിലും തന്നിൽനിന്ന് അവൾ ഒരു കാരുണ്യം, ഒരു കൈത്താങ്ങ് പ്രതീക്ഷിച്ചിരിക്കില്ലേ? തീർച്ചയായിട്ടും അവൾ പ്രതീക്ഷിച്ചിരിക്കും. എന്നിട്ടും ഞാനവളുടെ കണ്ണിലേക്കു നോക്കാൻ ധൈര്യപ്പെട്ടില്ല. ഞാനും സ്വാർത്ഥയായിപ്പോയി? അല്ല, ലോകം എന്നെ അങ്ങനെയാക്കി. വീടെത്തിയിട്ടും അവളുടെ കുഞ്ഞു കണ്ണുകൾ എന്നിൽനിന്ന് മാഞ്ഞില്ല. രാത്രി ആ പെൺകുട്ടി ഏൽക്കേണ്ടിവരുന്ന വേദനകൾ എന്റെ ഹൃദയത്തെ മുറിപ്പെടുത്തി. മനഃസാക്ഷി എന്നെ ശല്യം ചെയ്തുകൊണ്ടിരുന്നു. എന്നോടുതന്നെ എനിക്ക് ഉത്തരം പറയാൻ കഴിയണം. അതിനായിരുന്നു ഈ രാത്രി അവളെയും അന്വേഷിച്ചിറങ്ങാൻ എന്നെ പ്രേരിപ്പിച്ചത്. പക്ഷേ നിഷ്ഫലമായിപ്പോയി എന്റെ പ്രശ്നം. രാത്രി ഉറങ്ങാൻ തുടങ്ങി. വീടെത്തിയിട്ടും ഞാനുറങ്ങാതിരുന്നു. അവളെവിടെയാണ്? രാവിലെ വീണ്ടും അവളെയന്വേഷിച്ച് ഇറങ്ങണം എന്ന് എന്റെ മനസ്സിൽ തീരുമാനപ്പെടുത്തി അസ്വസ്ഥമായി ഞാൻ കിടന്നു.

ദുഃഖം മാറി സന്തോഷം വന്നതുപോലെ ചന്ദ്രൻ മാഞ്ഞ് സൂര്യൻ വന്നു. തലേന്ന് ഉറങ്ങാൻ കഴിയാത്തതിനാൽ ഉറക്കച്ചടവോടുകൂടിത്തന്നെയാണ് ഞാനെണീറ്റത്. എങ്കിലും ഒരു സന്തോഷം ഉണ്ടായിരുന്നു. ഇന്നവളെ തീർച്ചയായും കണ്ടെത്താനെനിക്ക് കഴിയും! ഡ്രസ് മാറി ആദ്യത്തെ കർമ്മം അവളെ തിരയുക എന്ന് തീരുമാനിച്ച് പുറത്തിറങ്ങാൻ നേരത്ത് പത്രം കണ്ടു. പത്രമെടുത്ത് വായിക്കാൻ പ്രേരിപ്പിച്ചത് ഏത് ശക്തിയായിരുന്നു! പത്രം നടുങ്ങി ഞാൻ നിന്നുപോയി. "നഗരമധ്യത്തിൽ ഒരു ബാലിക ക്രൂരമായ പീഡനത്താൽ കൊലചെയ്യപ്പെട്ടു".

എന്റെ കാലുകൾ താഴേക്ക് ചോർന്നുവീഴുംപോലെ തോന്നി. വാതിലടച്ച് ഞാൻ മുറിയ്ക്കുള്ളിൽ കയറി. ആ പെൺകുട്ടിയുടെ കണ്ണുകൾ എന്നെതന്നെ തുറിച്ചു നോക്കുന്നതുപോലെ. ഞാൻ കണ്ണാടിക്കു മുന്നിലെത്തി. എന്നെത്തന്നെ സൂക്ഷ്മമായി നോക്കി. ആ പെൺകുട്ടിയുടെ മുഖം ഞാനാ കണ്ണാടിയിൽ കണ്ടു. എന്റെ മുഖവും അവളുടെ മുഖവും ഒരുപോലെയായിരിക്കുന്നു. മനസ്സ് പൊട്ടുന്നതുപോലെ. താൻ ചവിട്ടിനിൽക്കുന്നത് മുള്ളുകളിലാണോ. അറിയാതെ എന്റെ കണ്ണിൽനിന്ന് കണ്ണുനീർ ഉതിർന്നുവീണു. നിലത്തുവീണ ആ കണ്ണുനീർതുള്ളികൾ എന്റെ ഹൃദയത്തെ പൊള്ളിച്ചു. ഭ്രാന്തമായി ഞാനുറക്കെ ചിരിച്ചു. പിന്നെ പൊട്ടിക്കരഞ്ഞു. പുലമ്പിക്കൊണ്ടിരുന്നു. ഞാൻതന്നെയായിരുന്നില്ലേ അവളും.... 'സ്ത്രീ... സ്ത്രീ....."

സ്ത്രീരോദനം



സോദരീ നീയിനി ശാന്തമായുറങ്ങൂ...
ഈ കല്ലറയ്ക്കുള്ളിൽ നീ എന്നും
സുരക്ഷിതയാണ്, ഈ കല്ലറയ്ക്കുള്ളിൽ
മഴയും വെയിലുമേൽക്കാതെ
സുരക്ഷിതയായ് മണ്ണിൻ ഗന്ധവും
അറിഞ്ഞ് ഭയാശങ്കകളില്ലാതെ
ഈ നശിച്ച ലോകത്തിനിയൊരു
പെണ്ണായ് പിറക്കാതിരിക്കാൻ
പ്രാർത്ഥിച്ചുറങ്ങു നീ...
ഇനിയൊരിക്കലുമുണരാത്ത ഗാഢനിദ്രയിലാഴൂ....

അന്ന് നിനക്കുനേരെ നീണ്ട
കാമവെറിയുടെ കൈകൾ
ഇന്നും ഒരർത്ഥത്തിൽ
സ്വതന്ത്രമാണ്; കാരണം
ഞാനടങ്ങുന്ന ഈ സമൂഹം
നിനക്കായ് ഘോരഘോരം
ശബ്ദങ്ങൾ ഉയർത്തുമ്പോഴും
അത് വെറും ബാഹ്യപ്രകടനമെന്ന്
നീയറിയുക; ആന്തരികമായ്
ഞങ്ങളെല്ലാം മൗനത്തിലാണ്
എന്തെന്നാൽ, നീ ഞങ്ങൾക്കൊരു
'പെൺകുട്ടി' മാത്രം!

സോദരീ നീയറിയുന്നുവോ
ഇന്നും നിന്നെ നിയമം
കോടതിക്കുള്ളിലും മാധ്യമങ്ങൾക്കിടയിലും
പിച്ചിച്ചീന്തി വലിച്ചിഴയ്ക്കുകയാണെന്ന്?
നേരുപറയാം സോദരീ,
ഇന്നിതെല്ലാം നോക്കിക്കണ്ട് നിൽക്കുന്ന
എന്നെപ്പോലുള്ള 'പെൺകുട്ടികൾ'
ഒന്നേ ആഗ്രഹിക്കൂ;
നീ അന്നേ മരിച്ചത് നന്നായി !!!
കാരണം, എന്നെപ്പോലെ
മരിക്കാതെ കിടക്കുന്ന പാഴ്-
ജന്മങ്ങൾ അറിയപ്പെടുന്നു
ഞങ്ങളുടെ ജന്മസ്ഥലനാമങ്ങളിലൂടെ....

നീ കിടക്കുന്ന സ്ഥലം എന്തുകൊണ്ടും
സുരക്ഷിതമാണ്; കാരണമിനി
നിനക്കൊരിക്കലും നിനക്കു നിന്റെ
മാനം നശിക്കില്ല
എന്നാൽ ജീവച്ഛവമായ ഞങ്ങളിൽ ചിലർ
ഇന്നും സുരക്ഷക്കായ് ഉറങ്ങാതെ
ഇരിക്കുന്നു; തലയണക്കടിയിലെ
പിശാൻകത്തി രാകി മിനുക്കി...

തീ പൊള്ളിക്കുമെന്ന് നാമെല്ലാം
തീ തൊടാതെതന്നെ ബാല്യത്തിലറിഞ്ഞു
കത്തി കൃത്യതയോടെ ഉപയോഗിച്ചില്ലെങ്കിൽ
അത് ചോരകാണിക്കാണിക്കുമെന്ന
നാം കൗമാരത്തിലറിഞ്ഞു;
എന്നിട്ടുമെന്തേ സോദരീ നീയ-
ടങ്ങുന്ന പെൺസമൂഹം
ആണിന്റെ മനസ്സിലിരിപ്പ് അറിയാതെപ്പോയ്....

വിനിജ കെ. വി.
S2 ബി.എ. മലയാളം

സോദരീ നിനക്കായ്...

ശില്പ തോംസൻ പി.
S6 ബി.എ. മലയാളം



ഞാൻ സമർപ്പിക്കുന്നൊരു-
കുന്നോളം ആദരാഞ്ജലികൾ
എൻ പ്രിയ സോദരിക്കായ്
എവിടെയോ എരിവേറ്റി പിടയുന്ന ഹൃത്തിൽ
വേദന മാത്രമാക്കിയവളകന്നു ഒരുപാട്
അകലേയ്ക്കായ് പോയ് മറഞ്ഞു

ദുഷ്ടന്മാർ വാണിടും ഇന്നീ ലോകത്തിൽ
സൗമ്യയും ജിഷയും നാളെ ഞാനുമാകാം
ദയാദാക്ഷിണ്യം തൊട്ടുതീണ്ടാത്താ-
കാട്ടാളന്മാർ പിച്ചിച്ചീന്തുകയാണ്
ഓരോ മാതൃത്വത്തിനും നീറ്റലായ്

നിൻ കുന്നോളം കിനാവുകൾ പൊലിഞ്ഞുപോയ്
ഇരുട്ടിൽ മൂക സന്ധ്യയിൽ
നിൻ നിലവിളി നിശബ്ദമായ്
തളർന്നുപോയ് നീ ഏകയായ്
ഇന്നു നീ നിദ്രയിൽ ആഴപ്പെടുമ്പോഴും
ഓരോ അരണ്ടവെളിച്ചവും പെൺ-
മനസ്സുകളിൽ ഭീതിയായ്
നീറിപ്പുകയുന്നു

നീറി എൻ ചിത്തത്തിലന്തിയുറങ്ങുന്ന
തിരിനാളമായ് നീയിന്നുമുണ്ട്
സമർപ്പു സോദരി, നിൻ സമക്ഷം
നിയതേറ്റുകൊൾക.

നാളെ ഞാൻ മറ്റൊരു സൗമ്യയാകാം
എൻ ഘാതകൻ ആർത്തുല്ലസിക്കാം
അന്നെനിക്കായ് തൂലിക ചലിപ്പിക്കാൻ....

വീട്ടിലേയ്ക്ക്.....

അഖില എം. സി.
S4 ബി.എ. ഇംഗ്ലീഷ് ലിറ്ററേച്ചർ


ഓരോ യാത്രയും ഓരോ അനുഭവങ്ങളാണ്. പുതിയ പുതിയ കാഴ്ചകൾ, പുതിയതരം ഭാഷകൾ, പല സ്വഭാവത്തിലുള്ള മനുഷ്യർ, അങ്ങനെ നീണ്ടുപോകുന്നു. യാത്ര വലുതായാലും ചെറുതുരമായാലും അതാസ്വദിക്കാൻ കഴിവുള്ളവന് ആ യാത്ര വളരെ പ്രിയപ്പെട്ടതാകും. ഞാൻ ഏറ്റവും കൂടുതൽ ഇഷ്ടപ്പെടുന്ന ഒരു യാത്ര യാണ് തൃശൂരിൽനിന്ന് വയനാട്ടിലേക്ക്. വെറും അഞ്ചാറു മണിക്കൂറുകൾകൊണ്ട് ഓർമ്മയിലേക്ക് കുത്തി നിറയ്ക്കാൻ പുതിയ കുറച്ചനുഭവങ്ങൾ. തൃശൂരിന്റെ ചൂടിൽനിന്ന് വയനാട്ടിലെ തണുപ്പിലേക്കിറങ്ങി ചെല്ലുമ്പോൾ ശരീരത്തിന് മാത്ര മല്ല മനസ്സിനും കുളിർമ്മയേകും. ബസിൽ ഒറ്റപ്പെടുമ്പോഴുള്ള അസ്വസ്ഥതയും, പല തരം അപകടങ്ങളും പുതിയതരം അനുഭവങ്ങളായിരുന്നു. റോഡിനിരുവശത്തുള്ള കാഴ്ചയിലൊന്നായ നെൽപാടങ്ങൾ കേരളം അത്രയങ്ങ് നശിച്ചുപോയിട്ടില്ല എന്ന തിനൊരുദാഹരണമാണ്. പക്ഷേ ഭാരതപ്പുഴയുടെ കണ്ണുനീർതുള്ളികൾ കാണു മ്പോൾ ആ ഒരു ചിന്തതന്നെ പെട്ടെന്ന് മനസ്സിന്ന് മാഞ്ഞുപോകും. മലപ്പുറവും, കോഴിക്കോടും കഴിഞ്ഞാൽ തന്നെ കാലാവസ്ഥ മാറ്റം തിരിച്ചറിയാൻ കഴിയും. വീർപ്പുമുട്ടിക്കുന്ന ചൂടുകാട്ടിൽനിന്ന് നേരിയ തണുത്ത കാറ്റ് വരുമ്പോൾ വയനാട് കൈയെത്തും ദൂരത്താണെന്നതന്നെ കണ്ടെത്താം. തീവണ്ടി കേറാത്ത നാടാണ് വയനാട്, അതുകൊണ്ടുതന്നെ ചുരത്തിലൂടെയുള്ള യാത്ര ഒരിക്കലും മറക്കാൻ പറ്റാത്ത ഒരനുഭവമാണ്. കുരങ്ങുകളും ടൂറിസ്റ്റുകളും നിറഞ്ഞുനിൽക്കുന്ന ആ കാഴ്ച കാണേണ്ട ഒന്നുതന്നെയാണ്. മഴക്കാലം തുടങ്ങിയാൽ കോടമഞ്ഞ് വഴി നിറയെ നിറഞ്ഞുകവിഞ്ഞു നിൽക്കും. ഒപ്പം മലമുകളിൽ നിന്നൊഴുകി വരുന്ന വെള്ളച്ചാട്ട വും. തൃശൂരിൽനിന്ന് വയനാട്ടിലേക്കുള്ള യാത്രയിൽ ഞാൻ ഏറ്റവും കൂടുതൽ ആസ്വദിക്കുന്നതും കാണാൻ ഇഷ്ടപ്പെടുന്നതുമായ കാഴ്ചയാണിത്. ഇതുപോലെ മനോഹരമായ ഈ ഒരു യാത്രക്ക് ഇനി എത്രനാൾ കാത്തിരിക്കണമെന്നറിയില്ല. എന്റെ മനസ്സിനെ അത്രയും കൂടുതൽ ആകർഷിച്ച, ഞാൻ ഇഷ്ടപ്പെടുന്ന യാത്രക ളിൽ ഒന്നാണിത്.

Escape


Uma Namboothiripad
S2 BA Eng. Literature

It is time to escape,
Now that your true colours are to hate—
From flying flamingos to an eternal bell,
And your fading mist is a broken shell.
I saw you in a dream where I rest.
I know my words are unheard wounds
To calm down such a flaring frown.
Suddenly I see no road to find you,
Faded it seemed, that fairy land, to view.
I was born, but you never saw me
Was your perpetual whine,
When I could see you in my fantasy so divine.
Why don't you try to be free as me?

It is time to escape,
Now that everything is back to fake.
I shall no more shy away
From your twirling lie to sway.
The wooden brick will be my tray
To feed your empty soul and stray,
And be in a wonderland forever to try
To be free from a limiting river's bank,
To an eternal sea of rising rank,
Like others no more I will rue in your vacation,
As a pencil needs its tip in any occasion,
But when it is broken,
Another will be there to smoothen.







കാമ്പസ്സിലെത്തിക്കുതു മുതൽ ഞാനെന്തെല്ലാമോ തിരയുകയായിരുന്നു. മെഞ്ചിൻ കാലിന്നടിയിൽ, ചോക്കുപെട്ടിയുടെ വക്കത്ത്, ഇടനാഴിയുടെ അറ്റത്ത്, ലൈബ്രറിയുടെ നിശബ്ദതയിൽ, കാന്റീനിലെ എച്ചിൽക്കൂമ്പാരത്തിൽ, ഗുൽമോഹറിന്റെ ചുവപ്പിൽ, വേദികളുടെ അണിയറയിൽ...
എല്ലായിടത്തും എല്ലാക്കപ്പോഴും...
ഒടുവിൽ, ഏറ്റവും ഒടുവിൽ റഫറൻസ് പുസ്തകത്തിനുള്ളിൽപെട്ട് ചതഞ്ഞുചത്ത ഉറുമ്പിൻ കുഞ്ഞിലാണ് ഞാനത് കണ്ടെത്തിയത്.

എന്താണെന്നല്ലേ... എന്നെത്തന്നെ....

പുരോഗമനം

ആതിര കെ.
S6 ബി.എ. ഇംഗ്ലീഷ് ലിറ്ററേച്ചർ



ഒരിത് വിദ്യാർത്ഥി ആത്മഹത്യ ചെയ്തു
കോളേജ് പൂട്ടാൻ നിർദേശം
എഞ്ചിനീയറിങ് വിദ്യാർത്ഥി ആത്മഹത്യ ചെയ്തു
കോളേജ് അടച്ചിട്ടു.
നിയമവിദ്യാർത്ഥി ആത്മഹത്യ ചെയ്തു
കോളേജ് അനശ്ചിതകാലത്തേക്ക് അടച്ചിട്ടു.
എങ്കും പ്രക്ഷോഭം
അന്വേഷണത്തിന് ഉത്തരവ്
പ്രക്ഷോഭം തുടരുന്നു
അന്വേഷണം പുരോഗമിക്കുന്നു.
പുരോഗമിക്കുന്നു
പുരോഗമിക്കു
പുരോഗമി
പുരോഗ
പുരോ
പു
.
.
.

ഒന്നും കേൾക്കുന്നില്ലല്ലോ.... പുരോഗമിച്ചോ?
പിന്നല്ല!
ഒരുപാട് പുരോഗമിച്ചു - 'വിദ്യാഭ്യാസം'
അധ്യാപനം - ജീവിതമാർഗം
ക്ലാസ് - ഇക്കണോമിക്
നോട്ട് - ഗാന്ധിത്തലകൾ
വിദ്യാഭ്യാസം?
വിപണിയിൽ പണ്ടെക്കു പണ്ടേ
തുങ്ങിച്ചത്തത്!

വിദ്യാർത്ഥി രാഷ്ട്രീയം ഒരു സാധാരണ വിദ്യാർത്ഥിയുടെ കാഴ്ചപ്പാട്

ആതിര ജയൻ
S2 ബി.എസ്.സി. ഫിസിക്സ്

വ്യക്തിത്വ വികസനത്തിൽ ഒഴിച്ചു കൂടാനാവാത്ത ഒരു പങ്ക് വഹിക്കുന്ന കാലഘട്ടമാണ് കലാലയ ജീവിതം. മനുഷ്യന്റെ വിവിധ കഴിവുകൾ പൊതു സമൂഹത്തിനും അവന്റെ അതേ കാലഘട്ടത്തിലുള്ള ഒരു പറ്റം യുവജനങ്ങളുടേയും മുൻപിൽ പ്രകടിപ്പിക്കാൻ അവന് കലാലയ ജീവിതത്തിൽ അവസരം ലഭിക്കാറുണ്ട്. സാമൂഹ്യ-സാംസ്ക്കാരിക-രാഷ്ട്രീയ മേഖലകളിൽ ഉണ്ടാകുന്ന മാറ്റങ്ങളെയും മാറ്റമില്ലായ്മയേയും എതിർക്കുവാൻ യുവജനങ്ങൾക്ക് കരുത്ത് പകരുന്നതും കലാലയ ജീവിതത്തിൽനിന്നും അവർ ആർജ്ജിക്കുന്ന ചില പാഠങ്ങളാണ്. സംഘടിക്കാനും മാറ്റങ്ങൾ സൃഷ്ടിക്കാനും യാഥാസ്ഥിതിക ചിന്താഗതികൾ വച്ചുപുലർത്തുന്ന സമൂഹത്തിനെതിരെ പ്രവർത്തിക്കാനും അവരെ പ്രാപ്തരാക്കുന്നതും ഈ പാഠങ്ങളിലെ ചില താളുകളാണ്. സമൂഹത്തിലെ അനീതിക്കും അക്രമത്തിനും എതിരെ പ്രവർത്തിക്കാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുക എന്ന ഉദ്ദേശ്യത്തോടെ കോളേജുകളിൽ ഉടലെടുത്തവയാണ് വിദ്യാർത്ഥി രാഷ്ട്രീയം.

വിദ്യാർത്ഥി രാഷ്ട്രീയം എന്നത് ചർച്ച ചെയ്യപെടേണ്ട ഒരു വിഷയം തന്നെയാണ്. സാമൂഹിക ജീവിതത്തിന്റെ ഭാഗം തന്നെയാണ് രാഷ്ട്രീയ മേഖലയും. കോളേജുകളിൽ കലയോടൊപ്പം പഠനത്തോടൊപ്പം രാഷ്ട്രീയത്തിനും പ്രാധാന്യം നൽകണമെന്ന് തന്നെയാണ് ഇന്ത്യയിലെ ഭൂരിഭാഗം വരുന്ന യുവജനങ്ങളുടേയും അഭിപ്രായം. അതുകൊണ്ടുതന്നെയാണ് ഇന്ത്യയിലെ കോടിക്കണക്കിന് വരുന്ന യുവജനങ്ങൾ വിവിധ രാഷ്ട്രീയ സംഘടനകളിൽ പ്രവർത്തിക്കുന്നത്. ആ പ്രവർത്തനങ്ങളുടെ പാർശ്വഫലങ്ങൾ സമൂഹനന്മയായും തിന്മയായും വന്ന് ഭവിക്കാറുണ്ട്. ഒരു വിഷയത്തെക്കുറിച്ച് എഴുതുകയോ സംസാരിക്കുകയോ ചെയ്യുമ്പോൾ അതിന്റെ ഗുണത്തെക്കുറിച്ചും ദോഷത്തെക്കുറിച്ചും പ്രതിപാദിക്കേണ്ടതുണ്ട്.

വിദ്യാർത്ഥിരാഷ്ട്രീയം പണ്ടു മുതൽക്കേ കോളേജുകളിൽ നിലയുറപ്പിച്ചിരുന്നു. തൊഴിലാളിസംഘടനകൾ തൊഴിലാളികൾക്കുവേണ്ടി പ്രവർത്തിക്കുന്നതുപോലെ വിദ്യാർത്ഥിസംഘടനകൾ വിദ്യാർത്ഥികളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി പ്രവർത്തിച്ചു. കലാലയത്തിലെ പുമരങ്ങളും ചുമരുകളും അതിന് സാക്ഷ്യം വഹിക്കുകയും ചെയ്തു. ഫീസ് വർധനവ്, കോളേജുകളിലെ പ്രവേശനം സംബന്ധിച്ച പ്രശ്നങ്ങൾ എന്നിവയിൽ കൈകടത്തുകയും തങ്ങളെ കൊണ്ടാകുന്ന മാറ്റങ്ങൾ ഉണ്ടാക്കുകയും ചെയ്തവരാണ് ഓരോ വിദ്യാർത്ഥി രാഷ്ട്രീയ സംഘടനകളും. കലാലയത്തിലെ വിദ്യാർത്ഥികളുടെ പ്രശ്നങ്ങൾക്കെതിരെ മാത്രമല്ലായിരുന്നു ഇത്തരം സംഘടനകളുടെ ഓരോ ചുവടും. അവർ സമൂഹത്തിന്റെയും രാജ്യത്തിന്റെയും സന്തുലിതാവസ്ഥയെ മാറ്റിമറിക്കുന്ന, നിയമങ്ങൾക്കും വ്യക്തികൾക്കുമെതിരെയും ശബ്ദമുയർത്തി. അതുകൊണ്ട് തന്നെയാണ് ബീഫ് നിരോധനം പോലുള്ള നിയമങ്ങൾക്കെതിരെ വിവിധ കോളേജുകളിൽ വ്യത്യസ്തതരത്തിലുള്ള സമരങ്ങൾ സംഘടിപ്പിച്ചതും. വിദ്യാർത്ഥികൾ സമൂഹത്തിലെ നീതിക്ക് വേണ്ടി സമൂഹത്തിന്റെ അനാസ്ഥയ്ക്കെതിരെ എന്തെങ്കിലും ചെയ്തിട്ടുണ്ടെങ്കിൽ അത് എതെങ്കിലും ഒരു വിദ്യാർത്ഥി രാഷ്ട്രീയ സംഘടനയുടെ ഭാഗമായി കൊണ്ടുതന്നെയാണ്. വിദ്യാർത്ഥികൾക്ക് യാഥാസ്ഥിതിക സമൂഹത്തിനെതിരെ പ്രവർത്തിക്കാൻ വിദ്യാർത്ഥി രാഷ്ട്രീയത്തിന്റെ പാതയിൽ സഞ്ചരിക്കുണമെന്നില്ല. എന്നിരുന്നാൽതന്നെയും വിദ്യാർത്ഥികളുടെ സംഘടിതശക്തി അതിന്റെ പാരമ്യത്തിലെത്തുന്നത് ഇത്തരം സംഘടനകളിലുടെയാണ്. പഠനം മാത്രമല്ലല്ലോ ജീവിതം. മനുഷ്യൻ സാമൂഹിക ജീവിയായതുകൊണ്ടുതന്നെ സമൂഹത്തിലെ നിരവധി പ്രശ്നങ്ങളെ നേരിടേണ്ടിവരാം. അതിൽ പ്രധാനപ്പെട്ടത് രാഷ്ട്രീയ മേഖലയിലെ പ്രശ്നങ്ങളാണ്. ജനാധിപത്യത്തിലധിഷ്ഠിതമായ ഭരണ സംവിധാനം നിലനിൽക്കുന്ന രാജ്യത്ത് രാഷ്ട്രീയ പാർട്ടികൾ ഒഴിച്ചുകൂടാനാവാത്ത ഒന്നാണ്. കോളേജുകളിൽ സമൂഹമാധ്യമങ്ങൾ, കല, സാഹിത്യം, കായികം എന്നിവയെക്കുറിച്ചെല്ലാം സംസാരിക്കുകയും അനുബന്ധ പ്രവർത്തനങ്ങൾ നടത്തിപ്പോരുകയും ചെയ്യുന്നുണ്ട്. അപ്പോൾ പിന്നെ രാജ്യത്തിന്റെ ഭരണസംവിധാനത്തിനടിത്തറയായ രാഷ്ട്രീയവും രാഷ്ട്രീയ പാർട്ടികളേയുംക്കുറിച്ച് സംസാരിക്കുന്നതിൽ എന്താണ് തെറ്റ്? "ഒരമ്മ അവരുടെ മകനെ രാജ്യത്തിന്റെ പ്രധാനമന്ത്രിയായി കാണാൻ ആഗ്രഹിക്കാം... എന്നാൽ അതിന്റെ ആദ്യ പടിയായി അവനെ ഒരു രാഷ്ട്രീയക്കാരനാക്കാൻ അവർ തയ്യാറാകുന്നുമില്ല." ഇതിലെന്ത് ന്യായമാണുള്ളത് 'വിദ്യാർത്ഥികളെ, നിങ്ങളാണ് നാളെയുടെ പൗരന്മാർ, നിങ്ങളിലാരെങ്കിലുമാകാം നാളത്തെ പ്രധാനമന്ത്രിമാർ", എന്ന് പറയുന്ന കലാലയത്തിൽ രാഷ്ട്രീയം പറയരുത് എന്ന് പറയുന്നത് വിരോധാഭാസമാണ്.

വിദ്യാർത്ഥിരാഷ്ട്രീയത്തിന്റെ ഭാഗമായി നടക്കുന്ന പല പഠിപ്പ് മുടക്ക് സമരങ്ങളേയും ചില സന്ദർഭങ്ങളിൽ ന്യായീകരിക്കേണ്ടി വരും. കാരണം മറ്റൊന്നുമല്ല ഇതിലൊന്നും ഭാഗമാകാത്ത ഒരുകൂട്ടം വിദ്യാർത്ഥികളുണ്ട്. ഇടനാഴികളിൽ നിന്ന് കേട്ട മുദ്രാവാക്യങ്ങളും സമരങ്ങളും അവർക്കും കൂടി വേണ്ടിയായിരുന്നുവെന്ന് അവർ തിരിച്ചറിയും. ആ സന്ദർഭത്തിൽ ഒന്ന് തിരിഞ്ഞ് ചിന്തിക്കേണ്ടിവന്നേക്കാം. ഇവയെല്ലാം കണക്കിലെടുത്താൽ വിദ്യാർത്ഥി രാഷ്ട്രീയം എന്നതിനെ കുറ്റം പറയാനാകില്ല. തങ്ങൾ ജീവിക്കാൻ പോകുന്ന സമൂഹത്തെക്കുറിച്ചുള്ള ഒരു ധാരണകൂടി വിദ്യാർത്ഥി രാഷ്ട്രീയം വിദ്യാർത്ഥികളിൽ സൃഷ്ടിക്കുന്നു.

വിദ്യാർത്ഥികൾ കലാലയങ്ങളിൽ പഠനത്തിനു മാത്രം പ്രാധാന്യം കൊടുക്കണം എന്ന നിലയിൽ കോളേജുകളിൽ വിദ്യാർത്ഥിരാഷ്ട്രീയം ഒരധികപറ്റാണ്, ഈ വികാരം വിവിധ വിദ്യാർത്ഥി രാഷ്ട്രീയ സംഘടനകളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ചർച്ച ചെയ്യേണ്ടിവരും. പലപ്പോഴും വിദ്യാർത്ഥിരാഷ്ട്രീയം അക്രമ രാഷ്ട്രീയത്തിലേക്ക് പ്രവേശിക്കുന്ന അവസ്ഥ വരാറുണ്ട്. സ്വന്തം സമരരീതികളിലൂടെ സ്വന്തം തത്വശാസ്ത്രങ്ങൾ ഉയർത്തിപ്പിടിക്കുമ്പോൾ ഇത്തരം സംഘടനകൾ വെറും കയ്യാങ്കളിക്കാർ മാത്രമാകുന്നു. മൂല്യങ്ങളെ വെടിഞ്ഞ് സ്വന്തം സഹപാഠികളേയും അധ്യാപകരേയും താൻ വിശ്വസിക്കുന്ന രാഷ്ട്രീയ പാർട്ടിയുടെ പിൻബലത്തിൽ വിദ്യാർത്ഥികൾ ചേരിതിരിഞ്ഞ് ആക്രമിക്കുന്നു. ഇത്തരത്തിലുള്ള പ്രവർത്തനങ്ങളും അക്രമങ്ങളും കലാലയജീവിതം തകർക്കുകയും ഒരു പരിധിക്കപ്പുറമുള്ള ഇത്തരം വിദ്യാർത്ഥിരാഷ്ട്രീയ സംഘടനകളുടെ പ്രക്ഷോഭങ്ങളും സമരങ്ങളും കോളേജുകളിൽ പഠനത്തിന്റെ പ്രാധാന്യത്തിനപ്പുറം വിദ്യാർത്ഥികൾക്കിടയിലുള്ള ചേരിതിരിവുകൾക്ക് കാരണമാകുകയും ചെയ്യുന്നു. ഇത്തരം ചേരിതിരിവുകൾ പിന്നീട് പകപോക്കലുകളും മറ്റുമായി തീരുന്നു. മുതിർന്ന നേതാക്കളുടെ ഉപദേശപ്രകാരമോ അല്ലാതെയോ രാഷ്ട്രീയ ചുവടുവെയ്പിനൊരുങ്ങുന്ന വിദ്യാർത്ഥിനേതാക്കൾ വിദ്യാർത്ഥികളോട് പഠിപ്പ് മുടക്കി സമരം നടത്താൻ ആഹ്വാനം ചെയ്യാറുണ്ട്. ഇത്തരം നീണ്ട സമരങ്ങൾ പാഠങ്ങൾ വേണ്ടവിധത്തിൽ അധ്യാപകർക്ക് എടുത്ത് നൽകാനാവാത്ത അവസ്ഥ ഉണ്ടാക്കുകയും പരീക്ഷകളേയും വിദ്യാർത്ഥികളുടെ ഭാവി ജീവിതത്തെതന്നെയും ബാധിക്കുകയും ചെയ്യുന്നു.

വിദ്യാർത്ഥിരാഷ്ട്രീയം കോളേജുകളിൽ എന്ന വിഷയം എല്ലാ വിദ്യാർത്ഥികളും അറിഞ്ഞിരിക്കേണ്ടതും ചർച്ച ചെയ്യപ്പെടേണ്ടതുമായ വിഷയമാണ്. ഉദാഹരണത്തിന് ഒരു കിലോ അരിക്കെന്താണ് വില? എന്നാരെങ്കിലും ചോദിച്ചാൽ ഞാൻ മൂന്ന് നേരവും ചപ്പാത്തിയാണ് കഴിക്കുന്നതെന്ന് പറഞ്ഞ് ഒഴിഞ്ഞ് മാറുന്നത് ഒരു രക്ഷപ്പെടൽ മാത്രമാണ്. നമുക്ക് ചുറ്റും നടക്കുന്ന ലോകകാര്യങ്ങൾ അറിയേണ്ടത് നമ്മുടെ ആവശ്യമാണ്. അതുപോലെ തന്നെയാണ് കോളേജുകളിലെ വിദ്യാർത്ഥിരാഷ്ട്രീയവും സംഘടനകളും. അതിനെപ്പറ്റി എല്ലാ വിദ്യാർത്ഥികളും അറിയേണ്ടതുണ്ട്. അതിന്റെ ഗുണവും ദോഷവും മനസ്സിലാക്കേണ്ടതുമുണ്ട്.



"വിമലചരിതം"
യൂണിവേഴ്സിറ്റി ഖണ്ഡം

ചേറുരെന്ന അതിമനോഹരമായ ഗ്രാമം.... ടും ടു ടും ടു ടു ടു (2) .... അതാ അങ്ങോട്ടു നോക്കൂ. അയ്യോ, അത് GEC യാ.... കൊറച്ച് ലെഫ്റ്റ് ഒടിച്ചേ, ലെഫ്റ്റ് ഒടിച്ചേ. ആ, അതുമതി, അതുമതി. അതാണ് നമ്മുടെ കലാലയം 'വിമല കോളജ്'. ബ്രാക്കറ്റിൽ ഓട്ടോണോമസ്... ടിങ്... (സിംബലിന്റെ ഒച്ച).

എത്രയോ സുന്ദരിമാരുടെ കാല്പാദങ്ങൾ പതിഞ്ഞ പുണ്യപുരാതന പാവനഭൂമി. ഇവിടെ ആരംഭിക്കുകയായി സുഹൃത്തുക്കളേ... ഇവിടെ ആരംഭിക്കുകയായി. ആ മലർക്കെ തുറന്നുകിടക്കുന്നതാണ് നമ്മുടെ Entrance. Entrance എഴുതി Entrance കിട്ടിയവരുടെ Entrance അല്ല ഈ എൻട്രൻസ്. University help centre-കൾക്കു മുന്നിലും Internet cafe കൾക്കു മുന്നിലും പന്തലുകെട്ടി ചത്തുകുത്തിയിരുന്ന്, പുലർച്ചെ മൂന്നും നാലും മണിക്ക് അലാറം വെച്ചെഴുന്നേറ്റ്, ജാമായ സൈറ്റിൽ എവിടെ, എവിടെയാണെന്റെ അലോട്ട്മെന്റ് എന്ന് തേടിയ യൂണിവേഴ്സിറ്റി കുട്ടികളുടെ എൻട്രൻസ്, ബസും ട്രെയിനും കാറും ഓട്ടോർഷോ ബൈക്കും സൈക്കിളും, ലേഡിസ് ഓൺലീം, നടരാജസർവീസും, ഫ്ളൈറ്റും, എന്തിന് കപ്പല്വരെ കയറി വന്നവരുടെ എൻട്രൻസ്, ക്യാമറ കണ്ണുകളുടെയും വാച്ചില്ലാത്ത വാച്ച്മാൻ ചേട്ടന്റെയും എൻട്രൻസ്. ഇതൊക്കെ അറിയാൻ വിമലയെ അറിയണം, വിമലയുടെ പൾസറിയണം, യൂണിവേഴ്സിറ്റി ബാച്ചിനെ അറിയണം.

അതിഥികളെ പുഞ്ചിരിയോടെ വരവേൽക്കുന്ന വിമല മാതയെ തൊട്ടുതൊഴുത് നമുക്കാരംഭിക്കാം:

"വിമലചരിതം യൂണിവേഴ്സിറ്റിഖണ്ഡം"

(ടിങ്...)

ആ ഇടതുവശത്ത് വിജ്രംഭിച്ചു കിടക്കുന്ന ഭൂമികയാണ് ഞങ്ങടെ ബാസ്കറ്റ്ബോൾ കോർട്ട്. പ്രസ്തുത കോർട്ട് മനുഷ്യജീവികളുടെ പാദസ്പർശമേറ്റ് പുളകിതയാകുന്നത് താഴെ പറയുന്ന അവസരങ്ങളിലാണ്.

1) എൻ.സി.സി. പിള്ളേർക്ക് പണിഷ്മെന്റ് കിട്ടുമ്പോൾ

2) ഓണത്തിന് സന്തോഷ് സാറിന്റെ നേതൃത്വത്തിൽ, വാഴക്കുലയ്ക്കുവേണ്ടിയുള്ള ആവേശമേറിയ വടംവലി പോരാട്ടം നടക്കുമ്പോൾ.

3) ഇലക്ഷന്റെ കൊട്ടിക്കലാശം നടക്കുമ്പോൾ.

4) Poet Artist Day യുടെ ആർപ്പുവിളിയും ആഘോഷവും നടക്കുമ്പോൾ,

N.B. ഇതുകൂടാതെ, തലേദിവസം നോട്ടീസ്ബോർഡിലൂടെയും കാലേകൂട്ടി അനൗൺസ് ഇടുകയും ചെയ്യുന്ന വിശേഷാൽ ഫ്ളാഷ്മോബുകൾ അരങ്ങേറുമ്പോൾ.

ഇനി ഇവിടെങ്ങാനും നല്ല ബാസ്കറ്റ്ബോൾ കളിയും നടന്നിട്ടുണ്ടോന്ന് ചോദിച്ചാൽ, കുട്ടികൾ കളിച്ചിട്ടുണ്ടത്രേ, ടീച്ചേഴ്സ് കണ്ടിട്ടുണ്ടത്രേ, ഗപ്പടിച്ചിട്ടുണ്ടത്രേ. അങ്ങനെ ആകെ മൊത്തം total ഒരു ഉണ്ടത്രേ.

ഒരേ ഒരു ചോദ്യം മതി, ജീവിതം മാറിമറിയാൻ. ചോദ്യങ്ങളെ പുഷ്പംപോലെ അമ്മാനമാടുന്ന ഒരു Enquiry ഉണ്ട് ഞങ്ങൾക്ക്. വിമലയിൽ സദാ മുഴങ്ങുന്ന, സ്പീക്കറുപോലും മനപാഠമാക്കിയ ആ അനൗൺസ്മെന്റ് കാലങ്ങളായി Enquiry-ക്ക് ഡെഡിക്കേറ്റ് ചെയ്തതാണ്.



"ടപ്പ്, ടപ്പ്... Sorry for the interruption, all NSS volunteers NCC cadets and class representatives should assemble in front of the enquiry right after this bell..." അനന്തരം ബെല്ലിന്റെ ഒച്ച (ക്ണിം...)

ഒ, ദിപ്പം പറഞ്ഞ ആ Enquiry ആണ് ഈ Enquiry. Enquiry യിലേക്ക് വിമലക്കാര് വരുന്നത് പ്രധാനമായും മൂന്ന് കാര്യങ്ങൾക്കാണ്. അതിന്റെ ഇരുവശത്തും പതിച്ച Exam room allotment കണ്ണുതള്ളിനോക്കാൻ... ഹാൾടിക്കറ്റ്, പശ, സ്റ്റാപ്ലർ, എ ഫോർ, പാഡ് തുടങ്ങിയവ സ്ഥാപക ജംഗമ വസ്തുക്കൾ വാങ്ങിത്ത് കൈപ്പറ്റി ബോധിക്കുന്നതിന്, ബിവറേജിന്റെ ക്യൂ പോലെ നീണ്ട ക്യൂ നിന്ന് കോയിൻബോക്സിൽ ഫോൺ ചെയ്യാൻ. മൊബൈൽ നല്ല കട്ടയ്ക്ക് നിരോധിച്ച ഞങ്ങടെ കാമ്പസ്സിലെ സ്മാർട്ട് ഫോണും ഐ ഫോണും ഗ്രാമഫോണും ഒക്കെ ഈ ചോന്ന കടപ്പെട്ടിയാണ്.

അടുത്തതായി ഉള്ളിലേക്ക് കടക്കുമ്പോൾ വിമലയുടെ സാമൂഹ്യ സാംസ്കാരിക സാമ്പത്തിക വികാസത്തിൽ പ്രധാന പങ്കുവഹിക്കുന്ന മൂന്നുതരം ബോർഡുകളാണ് നമ്മൾ കടന്നുപോകുന്നത്. ഒരു വഴി മോഡല് ബ്ലാക്ക് ബോർഡ്, ഒരിടത്തരം മോഡൽ നോട്ടീസ് ബോർഡ്, പിന്നെ ഒരു പുത്തേ മോഡല് എൽ.ഇ.ഡി. ബോർഡ്. അതാണ് ഞങ്ങടെ സിൽമാ കൊട്ടക. സിസ്റ്റർ പ്രിൻസിപ്പൽ നിർമ്മിച്ച്, ആൻസൻ ചേട്ടൻ സംവിധാനംചെയ്ത്, Vimalites അഭിനയിച്ച്, Vimalites തന്നെ കണ്ട്, Vimalites തന്നെ കൈയടിക്കുന്ന ഞങ്ങളെ സ്വന്തം സിൽമാ ബോർഡ് അഥവാ സിൽമാ കൊട്ടക.

ഇനി മുള്ള് പോകുന്നത് Beautiparlour of the Vimala of the India യിലേക്കാണ്. മൂന്നുമണിക്ക് ബെല്ലടിക്കുന്നതിന് തൊട്ടുമുമ്പ് ലേശം ലിഫ്റ്റിക്കും പൗണ്ടറും ട്ട് touch up ചെയ്യാൻ vimalites അലതല്ലിയെത്തുന്ന സങ്കേതമാണിത്. (BGM: അഞ്ജനകണ്ണെഴുതി...) സ്വയം ഒരുങ്ങുന്ന സമയത്ത് കണ്ണാടിയെയും കണ്ണെഴുതി പൊട്ടുതൊട്ടിക്കാൻ Vimalites മറക്കാറില്ലെന്ന് പ്രത്യേകം പരാമർശിക്കേണ്ടതില്ലല്ലോ.

തൊട്ടടുത്ത്, കാർമ്മൽ ബ്ലോക്കിന്റെ താഴെ നെഹ്റു സ്റ്റഡിയത്തിന്റെ ഗ്യാലറിപോലെ വിജ്രംഭിച്ചു കിടക്കുന്ന ഈ പടികളാണ് ഞങ്ങളുടെ സ്വന്തം പോസ്റ്റുംപടി. ബാത്ത്റൂമിൽ പോയ കൂട്ടുകാരിയെ കാത്തിരുന്ന്, കാത്തുകാത്തിരുന്ന്, കാത്തുകാത്തു കാത്തിരുന്ന് പോസ്റ്റായിപ്പോയ ഒരുപാടു പോസ്റ്റത്തികളുടെ ഗദനകഥ പറയും ഈ പടികൾ.

പിച്ചി ഡാം തുറക്കുമ്പോ മാത്രം ഓൺലൈനാവുന്ന ഞങ്ങളുടെ കാമ്പസ് കനാൽ. വെള്ളമില്ലാത്തപ്പോൾ എൻ.എസ്.എസ്. കാർ തൈവെച്ച് തൈവെച്ച് തൈക്കാടാക്കിയ ഈ കനാലിന് കുറുകെയാണ് സ്ലാബിട്ടു വാർത്ത ബ്രിഡ്ജ്... ഞങ്ങടെ 'തൈ'ക്കുടം ബ്രിഡ്ജ്.

കോലൈസ് നുണയാനും ചുടുചായ ഊതിയുതിക്കുടിക്കാനും പരിപ്പ്/ഉള്ളി/ഉഴുന്ന് വട ഓസാനും, കിസ്സ പറയാനും കാന്റീനിന്റെ അകത്തെക്കാൾ നല്ലത് പുറമാണ്. താളോം തോളോം വെടികെട്ടും ഒക്കേള്ള മിനി തൃശൂർ പൂരങ്ങൾ കൊടികയറുന്ന ഇലഞ്ഞിമരച്ചോട്, ഞങ്ങളെ ഇല ഞ്ഞിത്തറ. നൊണകേട്ട് നൊണകേട്ട് കിളിപോയ ഈ ഇലഞ്ഞിമരത്തിന് കൂട്ട് ഒരു തേൻമാവും ഒരു പുമരവും (N.B. കാളിദാസൻ ഹിറ്റാക്കിയ ആ പുമരല്ല ഈ പുമരം).

ആദിയിൽ ദൈവം പറഞ്ഞു, ഓരോ നുണയ്ക്കും ഈ പുമരം ഓരോ പൂ പൊഴിക്കട്ടെ, സുഗന്ധം വിരിയട്ടെ. നന്ന് പ്പൊന്തായി? പൂ വീണ് പൂ വീണ് പൂമഴയായി.

"ഈ കാട് മൊത്തം ഫോറസ്റ്റാണല്ലോ അമ്മച്ചീ" എന്ന് വിമലൈറ്റ്സിനെക്കൊണ്ട് പറയിപ്പിച്ച മ്മ്ടെ നക്ഷത്രവനം. പുറത്തിറങ്ങാൻ വഴികാണാതെ നക്ഷത്രവനത്തിന്റെ ബെഞ്ചുകളിൽ നക്ഷത്രമെണ്ണിക്കിടന്നവർക്ക്, ഒരു വെളിപാടുണ്ടായി. എന്താ....? നേരെ ഓഡിറ്റോറിയത്തിലേക്ക് വെച്ചുപിടിക്കാൻ. എന്തിനാ? കൂവിപ്പഠിക്കാൻ. കൂവിത്തെളിയണമെന്ന







മോഹവുമായി ചെന്നുപെട്ടത് യൂണിയൻകാരുടെ മുന്നിൽ....

ID കാർഡ് കാണിക്കാൻ പറഞ്ഞു. എട്ടേകാലിനെഴുന്നേറ്റ് എട്ടരക്ക് ക്ലാസിലേക്കോടുന്ന ഊരുതെണ്ടിയുടെ ഓട്ടക്കീശയിൽ എന്തുണ്ട് ബാക്കി? പണ്ഡിറ്റേട്ടന്റെ സിനിമക്ക് കേറിയ മുറിടിക്കറ്റ് കാണിച്ചുകൊടുത്തു. സപ്നോം കി സിന്ദഗി കഭി നഹി കഥം ഹോ ഗയാ... ജിബ്രലക്കാ, എന്റെ പൊന്നു തടിയാ....

ഓഡിറ്റോറിയം.... വിമല പഴേ വിമലയല്ലായിരിക്കും. പക്ഷേ, ഓഡിറ്റോറിയം പഴേ ഓഡിറ്റോറിയംതന്നാ.... ഓറിയന്റേഷൻ വരുമ്പോ ഓടിച്ചിട്ട് കേറ്റാനും, Celebrities വരുമ്പോ തനിയെ ഓടിക്കയറാനും Poet Artist day ക്ക് തീവച്ച് അലമ്പാനും സീനിയേഴ്സിന് അഹങ്കാരം കാണിക്കാനും, കസേര ചവിട്ടിത്തെറിപ്പിച്ച് രണ്ട് സ്റ്റെപ്പിടാനും, ക്ലാസ് മുറി തികയാതെ വരുമ്പോ കേറിയിരുന്ന് പരുഷയെഴുതാനും വർഷത്തിലൊരിക്കൽ യൂണിയൻകാർക്ക് സിനിമയിട്ട് ഫണ്ട് പിരിക്കാനും, ഞങ്ങൾക്കൊരു ഓഡിറ്റോറിയം വേണം. Will you be our auditorium?

Auditorium is a place. Leisure tower is an emotion എന്നുറക്കെ പ്രഖ്യാപിച്ചുകൊണ്ട് തലയുയർത്തി നിൽക്കുകയാണ് വിമലയുടെ ബഡായി ബംഗ്ലാവ്. Leisure tower. ഇവിടെ മൂകേഷില്ല, പിഷാരടിയില്ല, ധർമ്മജനില്ല, അമ്മായിയില്ല. പക്ഷേ അപ്രത്തെ വീട്ടിലെ അമ്മാവൻ മുതൽ ഡൊണാൾഡ് ട്രംപ് വരെ ഈ ബംഗ്ലാവിൽ നിറഞ്ഞുനിൽക്കാറുണ്ട്. ചിരി, ഒരുടവർ നിറയെ ഇസ്തിരിയിടാത്ത ചിരി. പിന്നെ കുട്ടികൾ പോയാലും കാവൽ നിൽക്കുന്ന കുറേ പട്ടികൾ.

ഇവിടെ വള്ളമില്ല, വലയില്ല, അരയനില്ല, മണലില്ല, എന്തിന് കടലുതന്നെയില്ല. പക്ഷേ ഒന്നുണ്ട്, കാറ്റ്... ആയിഷയുടെ തട്ടത്തിൽ തട്ടിപ്പോകുന്ന, വടക്കൻകേരളത്തിൽ മാത്രം കണ്ടുവരുന്ന കാറ്റല്ല, ഈ കാറ്റ്. ഇവിടത്തെ കാറ്റാണ്, കാറ്റ്. എവടത്തെ? Vimala Beach ലെ.

ഉയരം കൂടുന്തോറും കാഴ്ചകൾ കൂടും. ഒറ്റനോട്ടത്തില് തൃശൂര് മുഴുവൻ കണ്ടിട്ടുണ്ടോ? പീച്ചി ഡാമിന്റെ മതില്. പേരറിയാത്ത ഏതോ വെല്യ ഫാക്ടറീലെ പൊക, ശോഭാ സിറ്റി മാള്... പിന്നെ പുത്തൻപള്ളി, ഓത്തുപള്ളി, പിമ്പന്നലങ്ങള്, കാവ്, ഇതൊക്കെ കണ്ടിട്ടുണ്ടോ? ഇതൊന്നും കാണാതെ ഇവ്ടന്ന് പോയാലേ, പന്നെ പൊറത്ത്ള്ളോര് ചോദിക്കും, "നുട്ടാ ക്ടാവേ പിന്നതിന്റുള്ളിത് കാട്ട്യേർന്നോ?" അതിനാണ് മൗണ്ട് വിമല. ഒന്നല്ല, രണ്ടല്ല, മൂന്നല്ല, നാലല്ല..... ഏഴു നിലകളിൽ പണിതുയർത്തിയ സ്വപ്നസൗധം (N.B. വർക്ക് ചെയ്യാത്ത ലിഫ്റ്റ് സൗകര്യത്തോടൊപ്പം).





ഫസ്റ്റ് ഇയറ് വന്നപ്പോ, "എന്തുവാടേയ്, ഇതൊക്കെത്തന്നെ കാണാനൊള്ളോ?" എന്ന പുച്ഛമായിരുന്നു. ഇറങ്ങാറാവുമ്പോ ഒന്നും കണ്ടുതീർന്നില്ലല്ലോ എന്ന ആവലാതിയാണ്. ഈ പല്ലുകെട്ടിയ കോളജ് ബസ്സും ഹോസ്റ്റലേഴ്സിന്റെ ലുലുമാളായ സ്റ്റോറും, സിലിക്കൺ വാലി മൾട്ടിമീഡിയായും, ഫോട്ടോസ്റ്റാറ്റ് കടേം, അപ്രേം ചേട്ടനും, സോയസ്പൻ ചേട്ടനും, ചേച്ചിമാരും ഒക്കെയൊണ് ഞങ്ങടെ ഈ വിമല.

വിമലയുടെ അവസാനത്തെ യൂണിവേഴ്സിറ്റി ബാച്ചായ ഞങ്ങളിറങ്ങുമ്പോ ചില ആകുലതകൾ ബാക്കിയാണ്. സമയം തെറ്റി പരീക്ഷയെഴുതാനും, ഫോർത്ത് സെമ്മിന്റെ പരീക്ഷയെഴുതി നടുനിവർത്തുംമുമ്പ് ഫസ്റ്റ് സെമ്മിന്റെ റിസൽട്ട് വന്നെന്ന് കേട്ട് ഞെട്ടാനും, അറ്റൻഡൻസിനെ കാറ്റിൽപറത്തി നടക്കാനും, യൂണിവേഴ്സിറ്റി സൈറ്റിന്റെ പുറമ്പോക്കിൽ കൂടില് കെട്ടാനും വിമലയ്ക്കിനി ആരുണ്ട് ?

ഇക്കഴിഞ്ഞ മഴക്കാലവും മഞ്ഞുകാലവും ഓണവും ക്രിസ്തുമസ്സും ഒരു പക്ഷേ ഒരിക്കലും തിരികെ വരില്ലായിരിക്കാം. പക്ഷേ വരാനിരിക്കുന്ന ഓരോ ഋതുഭേദങ്ങളും ഓരോ ആഘോഷവും കഴിഞ്ഞുപോയ ഈ നല്ല ദിനങ്ങളെ ഓർമ്മിപ്പിക്കും.

"അതുമതി, ഉടൽ മൂടിയ മണ്ണിനിന്നി-
വനു പുൽക്കൊടിയായുയർന്നേൽക്കുവാൻ".

2nd Year hostelers (യൂണിവേഴ്സിറ്റിക്കാർ).


സ്റ്റഡി ടേബിളുകൾ

രണ്ടുമാസ അവധിക്ക് നീട്ടിച്ചായമടിച്ച
സ്റ്റഡി ടേബിളുകൾ ഒരു വസന്തത്തെ പ്രതീക്ഷിക്കുന്നു
നട്ടപ്രാതിരയിലെ നട്ടപ്രാന്തുകൾ,
സ്ളയ്ഡിനാൽ ചുരണ്ടിയെടുത്ത ചിത്രങ്ങൾ

ഏകാന്തതയുടെ അറുതിക്കായ് നാട് നൽകിയ ഓർമ്മകൾ
ഉറക്കത്തിന്റെ ആലസ്യത്തിൽ എഴുതി പഠിച്ച ഇക്കോഷൻസ്
ഉറക്കമില്ലായ്മയിൽ മനസ്സിൽ കുറിച്ചിട്ട വിപ്ലവവീര്യം
ഹൃദയചിത്രങ്ങൾ, ഹൃദയത്തിലെഴുതിയ ചിത്രങ്ങൾ,
ചിറകുവെച്ച സ്വപ്നങ്ങൾ
സ്വപ്നത്തിലേറ്റുന്ന സൗഹൃദങ്ങൾ
പറയാൻ മാറ്റിവെച്ച കട്ടത്തെറികൾ
ഉറക്കം കെടുത്തിയ വാലിക്കുകൾ
സ്വയം വായിച്ചുറപ്പിച്ച ക്ലാസിഫൈഡുകൾ
ഷെർലക്ക് ഹോംസായ രാത്രികൾ

ഇടയ്ക്കെപ്പോഴോ കയറിവന്ന മെസ്സിയും
ലോലയും ദേവസേനയും ട്രോളുകളും ലൈക്കുകളും കമന്റിടിയുമുള്ള ഹോസ്റ്റലിന്റെ മുഖപുസ്തകം
ചിലപ്പോൾ കവലപ്രസംഗത്തിനും താളംകൊട്ടിനും
ട്രെയ്ലറിനും ടീസറിനും ഗോസിപ്പിനും ചുടേറിയ-
ചർച്ചകളായും വായനകളാലും അപ്ഡേറ്റഡ് ആകുന്നു...
ലഭ്യമായ ഇടത്തെ തന്റേടമാക്കിയ യാമങ്ങൾ
വർഷാവസാനം വീണ്ടും ശൂന്യതികലശം ചെയ്യപ്പെടുന്നോൾ"

ശാരുപ്രിയ പി.എസ്.
S4 ബി.എ. മലയാളം



nimah
TIMELESS HERITAGE JEWELLERY
KALYAN
JEWELLERS
ROUND NORTH, THRISSUR. PH: 0487 2322633 | NEAR PARAMEKKAVU TEMPLE, THRISSUR. PH: 0487 2331508
NEAR BUS STAND, VADAKKE NADA, KODUNGALLUR. PH: 0480 2811133 | THRISSUR ROAD, ANGAMALY. PH: 0484 2457433
110 BRANCHES SPREAD ACROSS INDIA AND MIDDLE EAST | WWW.KALYANJEWELLERS.NET | OPEN ON ALL SUNDAYS | FOLLOW US ON

ഉറുമ്പുവര


Maneesha
S3 BSc Maths



Amrutha Priya
S3 BA Malayalam


Priya Benny C.
S2 BSc Chemistry


Athira K.A.
S3 BSc Maths


Ancy K. Biju
S2 BA Functional English


Anupama Balan Menon
S3 BSc Statistics



മുട്ടുവിൻ തുറക്കപ്പെടും

സ്വാതി പി. സദാനന്ദൻ
S6 ബി.എസ്.സി. സുവോളജി

യൗവന തീക്ഷ്ണമായ കലാലയജീവിതത്തിന്റെ യാത്ര പല സ്റ്റേഷനിൽനിന്നും ആരംഭിച്ചു. കൂകിപ്പായുന്ന തീവണ്ടിയും കട.. കട... ശബ്ദത്തിൽ ഓടുന്ന ബസ്സും, എല്ലാം യാത്ര അവസാനിപ്പിച്ചത് കലയുടെ സാംസ്കാരിക നഗരിയായ തൃശൂരിലാണ്. എന്നാൽ ഇവിടെനിന്നാണ് ഞങ്ങൾ പലരുടെയും യാത്ര ആരംഭിച്ചത്.

ഓർമ്മയിൻ കാത്തുസൂക്ഷിക്കാനുള്ള 3 വർഷങ്ങൾ, അതിനായ് പല കോളേജിലേക്കും റിക്വസ്റ്റ് അയച്ച പ്പോൾ ചിലതിൽ മൗസ് പോയിന്റ് അറിയാതെ ക്ലിക്ക് ആയി. അങ്ങനെ request accepted എന്ന നോട്ടിഫിക്കേഷൻ വന്നത് തൃശൂരിന്റെ കരുത്തുറ്റ പെൺപട നിറഞ്ഞുനിൽക്കുന്ന വിമല കോളേജിൽ നിന്ന്. അങ്ങനെ പല ദേശങ്ങളിൽനിന്ന് വന്നവർ വിമലയുടെ പടിവാതിൽ കയറി. വിമലയെന്ന പുന്തോട്ടത്തിന്റെ കാവലാളായ സെക്യൂരിറ്റി ചേട്ടനിൽ നിന്നും തുറക്കപ്പെടുന്ന കവാടം പിന്നീട് ഓഡിറ്റോറിയം, കാന്റീൻ, ലിഷ്ർ ടവർ... എന്നീ കാഴ്ചകളിലേയ്ക്ക് വഴിമാറുന്നു. കാഴ്ചകളെ ചുറ്റിലും പരതിയ കണ്ണുകളെ 'വിമല കോളേജ് ഹോസ്റ്റൽ' എന്ന സ്വപ്നതുല്യമായ സാമ്രാജ്യവും, മാലാഖക്കുട്ടങ്ങളും പുഞ്ചിരിയോടെ ആനയിച്ചു. ദേശാന്തരങ്ങളുടെ സംസ്കാരത്തിനു മുന്നിൽ ആ വാതിലുകൾ എന്നും തുറക്കപ്പെട്ടിരുന്നു.

2500 കുട്ടികളുള്ള വിമല കോളേജിൽ വെറും 400 പേർക്ക് മാത്രം കിട്ടുന്ന ഭാഗ്യമാണ് ഈ കുസൃതി കിളിക്കൂട്. നിയമാവലികളാൽ ബന്ധിതമാണെങ്കിലും, അതെല്ലാം തകർത്തെറിഞ്ഞ്, പലതും ഒപ്പിച്ച്, അവസാനം ഒരു സുവിശേഷം എഴുതി



"ഞാനൊന്നും അറിഞ്ഞില്ല രാമനാരായണ" എന്നും പറഞ്ഞ് റൂമിൽ പോയി ഉറങ്ങുന്ന സുഖം വിമല യുടെ ഈ കൊച്ചുവീട്ടിലേ ഉള്ളൂ.... അറ്റകുറ്റപ്പണി യുടെ ഭാഗമായ് പിറവിയെടുത്ത ഓൾഡ് ബ്ലോക്ക് & ന്യൂ ബ്ലോക്ക് ഈ ഹോസ്റ്റൽ കെട്ടിടത്തിന്റെ രണ്ട് വ്യത്യസ്ത ഭാവങ്ങളെ സൂചിപ്പിക്കുന്നു. ഈ രണ്ടു വിഭാഗത്തിനും ഒരേയൊരു കാര്യസ്ഥ "മേരി ചേച്ചി." A lady with binocular eyes. ഇടത്തും വലത്തും ആൾക്ക് സഹായികളാണ്. കുറച്ച് നാളായ് 'സൂസൂ' എന്ന് വിളിക്കുന്ന സുസ്മിത യാണ് ആളുടെ chunk bro. ഇരുട്ടിന്റെ കൂട്ടുകാരി യായ old block ൽ ഓരോ പടികളിലും നിശ്ശബ്ദ മായ് എന്തോ കഥകൾ പറഞ്ഞു കൊണ്ടേയിരുന്നു. 'Totally confusing area.' അവിടുത്തെ ഓരോ വഴിയും ആരും കാണാതെയും, കേൾക്കാതെയും പോയ രഹസ്യസഞ്ചാരങ്ങളുടെ നിലവറയായിരു ന്നു. അവിടുത്തെ ജനലിന്റെ അരികിൽ കണ്ണുംനട്ട് പുറത്തേക്ക് നോക്കുന്ന ഓരോ സുന്ദരിയിലും ഉണ്ട് രഹസ്യത്തിന്റെ ഒരു കുട്. ആ ജനലഴികളിലൂടെ പുറത്തേക്ക് നോക്കി റോഡരികിലെ 'നല്ല' കാഴ്ച കളെ ആസ്വദിക്കുന്നതിൽ ആ കണ്ണുകൾക്ക് വലി യൊരു കഴിവുണ്ടായിരുന്നു. ആ കണ്ണുകളുടെ ഇരട്ടി കാഴ്ചയുമായ് ഒരുകൂട്ടം ന്യൂ ജെൻ ബ്ലോക്കി ലുമുണ്ടായിരുന്നു. കളിയുടെ രസച്ചരടുമുറുക്കാൻ ഈ ബ്ലോക്കിലെ പാർലർ മിടുക്കികളായിരുന്നു. വിശാലമായ പാർലർ, വിശാലമായ കസേരകൾ എന്നും വിശാലതയുടെ ലോകം മാത്രമേ ആ പാർലറിനുണ്ടായിരുന്നുള്ളൂ. പല ഗ്യാങ്ങും ഒളിച്ചു പറഞ്ഞ നുണകളും, രഹസ്യങ്ങളും, കളികളും, പണികളുമെല്ലാം ആ വിശാലമനസ്കതയുടെ കൂടി യാണ്. പലരുടെയും സ്കൂൾ കാലഘട്ടത്തിലെ പ്രധാന വില്ലനായ maths ഉം maths teacher ഉം പഠി പ്പിച്ച ഓരോന്നും മനസ്സിൽ 'അടി'യുറച്ച് കിടക്കുന്ന തിൽ ഇവിടെ പ്രാധാന്യം area of squareന് ആണ്. a^2 എന്ന് നൂറ് വട്ടം imposition എഴുതിയപ്പോ ശപിച്ച ആ square നെ ഇന്ന് നൂറിരട്ടി ഇഷ്ടപ്പെടാൻ കാര ണം, കണക്കിന്റെ മതിൽ ഭേദിച്ച് നിൽക്കുന്ന കുറു മ്പിന്റെ ഒരു square ഇവിടെയുള്ളതുകൊണ്ടാണ്. എത്രയെത്ര കവിവാക്യങ്ങൾ, ചുവരെഴുത്തുകൾ... പഠിക്കാനെന്ന വ്യാജേന അർധരാത്രിവരെ വിണ്ണിലെ നക്ഷത്രങ്ങളെ നോക്കി കണ്ണുചിമ്മി, റോഡിലൂടെ പോകുന്ന 'പാവം രാജകുമാരനെ' നോക്കി കമന്റ് അടിച്ചും ബർത്ത് ഡേ ഗിഫ്റ്റ് ഉണ്ടാ ക്കിയും, വ്യത്യസ്തമായ പണികൾ ആലോചിച്ച് നേരം വെളുപ്പിക്കാറുള്ള വിമല ഹോസ്റ്റലിന്റെ സ്വന്തം 'square.' സൂര്യനുദിച്ചുയരുന്നതുനോക്കി, പ്രഭാതകിരണങ്ങളെ ആശ്ലേഷിച്ചും രാവും പകലും ഊർജ്ജസ്വലയായ് നിൽക്കുന്ന നടുമുറ്റത്തെ മാവ് 'എന്റെ മുറ്റത്തെ നന്ത മരം' എന്ന പേരിനർഹയായ് സുന്ദരമാവ്. രാവിലെ തുടങ്ങുന്ന കലപില മുതൽ അർധരാത്രി വരെ നീളുന്ന ഈ പെൺപടയുടെ പ്രസംഗങ്ങളുടെ ഏക സാക്ഷി. ആ മരത്തിന്റെ തണലിൽ കൂടുകൂട്ടിയിരുന്ന് പറഞ്ഞു തീർത്ത, പെൺവർഗ്ഗത്തിന്റെ എല്ലാ കടിഞ്ഞാണില്ലാത്ത മോഹങ്ങളും ഇന്നും ആ മരത്തിന്റെ കൊമ്പിൽ ഓരോ ഇലകളായ് തൂങ്ങിയാടുന്നുണ്ട്. ഈ സുന്ദരി മാവല്ലാതെ ഇവിടെയുള്ള ബാക്കിമാവിന്റെ എല്ലാം ഗതി കല്ലേറുകൊള്ളുക എന്നതാണ്. 'എന്നെ വീഴ്ത്താമോ' എന്ന മട്ടിൽ ആടി നിൽക്കുന്ന നല്ല രസികൻ മാങ്ങ, അവനെ ഒരൊറ്റേറിനു വീഴ്ത്തുന്ന ഉന്നം തെറ്റാത്ത ഒടുപാട് പെൺപടകൾ ഉണ്ടായിരു ന്നു. 'ആരെടീ എറിഞ്ഞത്?' എന്നൊരൊറ്റ ചോദ്യം മതി ജീവിതം മാറാൻ! മേരിച്ചേച്ചിയുടെ മൃദുലമായ ആ ചോദ്യം അതാണ് ഓരോരുത്തരേയും വീണ്ടും വീണ്ടും എറിയാൻ പ്രേരിപ്പിക്കുന്നത്. ആ മാവിൽ തൂങ്ങിയാടുന്ന ഓരോ മാങ്ങയും അധികം വൈകാതെ ആഹാര ഉത്പാദന കേന്ദ്രത്തിലേക്ക് വഴിമാറും. വിവിധതരം അച്ചാറുകൾക്കിടയിൽ അവ നേയും പിന്നീട് കാണാം. ആഹാരം കഴിക്കാനായ് ജീവിച്ചിരുന്ന ഞങ്ങൾക്ക് ജീവൻ നിലനിർത്താൻ വേണ്ടി മാത്രം കഴിച്ചാൽ മതി എന്നും പഠിപ്പിച്ചതും ഈ മെസ്സാണ്. ആ മെസ്സ് ഹാളിൽ 4 നേരം നിറ ഞ്ഞുനിന്ന ചൂടേറിയതും, ആവി പറക്കുന്നതുമായ ചർച്ചാ വിഷയങ്ങൾ പലപ്പോഴും ആഹാരത്തെ ഏറെ രുചിയുള്ളതാക്കി. എരിവും, പുളിയുമേറിയ വിഭവങ്ങൾ ഒരുപാടില്ലേലും ഒത്തുകൂടാനുള്ള ഏക അവസരം ഇതായതിനാൽ സമയത്തിനു മുമ്പേ എല്ലാവരും ക്യൂവിൽ ഉണ്ടാവും.

ആരവങ്ങളും ആർപ്പുവിളികളുമില്ലാതെ ഓരോ ദിവ സവും അവിടെ കടന്നുപോവും. ഇരുട്ടിന്റെ സാന്ദ്രത കൂട്ടാനായ് സമാധാനത്തിന്റെ വെള്ളയുടു പ്പിട്ട വെള്ളരിപ്രാവുകൾ 10.30 യുടെ ഉറക്കമണിക്ക് ശേഷവും ഉണർന്നിരിക്കും. ഹോസ്റ്റൽ വരാന്തയി ലൂടെ നടന്നു നീങ്ങുന്ന സിസ്റ്റേഴ്സ്, 10.30 ന് ശേഷം കലാപരിപാടികൾ തുടങ്ങുന്ന ഓരോ റൂമിനും ഭീഷണിയായിരുന്നു. ശിക്ഷാവിധികൾക്ക് വിരാമമില്ലാത്തതിനാൽ കൂസൃതികൾക്കും അവസാ നമില്ലായിരുന്നു. എന്തും ഏറ്റുവാങ്ങാനായ് ഓരോ രുത്തരും കൂസൃതികൾ ഒപ്പിച്ച് കൊണ്ടേയിരുന്നു. ഡോറിൽ മുട്ടുന്നത് കേട്ടാൽ റൂമിലെ പഴ്സുകൾ കാലിയാക്കും. പുഞ്ചിരി തൂകികൊണ്ട് ഫൈനിനായ് കൈനീട്ടുന്ന സിസ്റ്റർക്കുനേരെ കാലി പഴ്സ് തുറ ന്നുകാട്ടി ദയനീയ ഭാവത്തിൽ നോക്കുമ്പോൾ, "ഉത്തല്ല ഇതിനപ്പുറം കണ്ടതാണു മോളെ ഞങ്ങൾ" എന്ന ഭാവത്തിൽ സിസ്റ്റർ തിരിച്ചും നോക്കും. അങ്ങനെ കണ്ണും, കണ്ണും കഥകൾ കൈമാറിയതി നുശേഷം, ആ ഫൈൻ സിസ്റ്ററുടെ കൈയ്യിൽ തന്നെ ഇരിക്കും. ഇത്തരം കൂസൃതികൾക്ക് ഊണ മിട്ടുകൊണ്ട് താഴിട്ടുപൂട്ടിയ പാട്ടുപെട്ടി ശനിയാഴ്ച കളിൽ പൂട്ട് ഭേദിച്ച് പ്രവർത്തനമാരംഭിക്കും. പഴുത്ത ചക്കയ്ക്ക് ചുറ്റും ഈച്ച പറക്കുന്ന പോലെ ആ പാട്ടുപെട്ടിക്ക് ചുറ്റും ഇരുന്ന് സംഗീത സാന്ദ്ര മായ ലോകത്ത് അലിഞ്ഞുചേരുമ്പോൾ, ശോകഗാ നത്തിനുപോലും ഡിസ്കോ കളിക്കുന്ന ചില പെൺകിടാങ്ങളും!! ഞായറാഴ്ചകളിൽ മാത്രം അധികം നേരം പ്രവർത്തിക്കുന്ന ടി.വി., ഹോസ്റ്റ ലിൽ ആഘോഷിക്കുന്ന ഓണം, ക്രിസ്തുമസ് എന്നിവയ്ക്കു പുറമെ, മറ്റുള്ളവരിൽ നിന്ന് വ്യത്യ സ്തമായ് ഈ ഹോസ്റ്റലിൽ മാത്രം കൊണ്ടാടുന്ന ഫീസ്റ്റ് ഡേ. പ്രാർത്ഥനയുടെ നിറവിൽ സിസ്റ്റേഴ്സ് ആ ദിനം കൊണ്ടാടുമ്പോൾ, കടിഞ്ഞാണില്ലാത്ത കുതിരയെപ്പോലെ ആ ദിവസം ഞങ്ങളുടെ മുക്കു കൾ മെസ്സിന്റെ വാതിൽ തള്ളിത്തുറന്ന് പാത്രത്തിൽ നിറഞ്ഞിരിക്കുന്ന ബിരിയാണിയുടെ ഗന്ധം വലിച്ചെ ടുക്കുന്നു. എഴുത്തിന്റെ വാതായനങ്ങൾ തുറന്നുകൊണ്ട് സിസ്റ്റർക്കുവേണ്ടി ഞങ്ങൾ എഴു തുന്ന ഫീസ്റ്റ് സോങ്ങ് മെഴുതിരിനാളം പോൽ വെളിച്ചം പകർന്നിരിക്കാൻ സിസ്റ്റേഴ്സിനുള്ള ആശംസയാകുന്നു. ഇതുപോലെ ഹോസ്റ്റലിന്റെ സ്വകാര്യ അഹങ്കാരമായ ഹോസ്റ്റൽ ഡേ! മൂന്ന് ദിവ സത്തെ ആഘോഷവേളകൾക്ക്, ഒരു ഉല്ലാസയാത്ര യോടെ വിരാമമിട്ടുകൊണ്ട് ആ ദിനങ്ങളും യാത്ര യാകുന്നു. വിവിധയിനം കലാപരിപാടികളുടെ വർണ്ണവിസ്മയം തീർക്കാനുള്ള 'അമിതമായ' പ്രാക്ടീസും, മെസ് ഡെക്കറേഷൻ, പാർലർ ഡെക്ക റേഷൻ എന്നും പറഞ്ഞ് theme ആലോചിച്ച് തലയി ലൂടെ കിളി പറക്കുന്ന രാത്രികളും, സ്വാതന്ത്ര്യ ത്തിന്റെ സന്തോഷം മുലം രാവിലെ മുതൽ രാത്രി വരെ വാക്കുകൾപോലും കിട്ടാതെ സംസാരിച്ച് തീർത്ത മൂന്ന് ദിനങ്ങൾ! ഈ ദിവസങ്ങൾ ഹോസ്റ്റ ലിന്റെ ഓരോ ചുവരിനും ആഘോഷത്തിന്റെ നാളു കളാണ് ഈ ദിനങ്ങളെല്ലാം വിട പറഞ്ഞുപോ യാലും, ദിവസവും ഒരു അര മണിക്കൂറെങ്കിലും എല്ലാം മുറിയിലും ആഘോഷത്തിമിർപ്പാണ്. മുറി യുടെ വാതിൽ പയ്യെ ചാരി, വട്ടമേശസമ്മേളനത്തി നായ് കയ്യിൽ 'ഒരുപാട്' പാക്കറ്റുകളുമായ് ഇരിക്കു ന്നതാണ് നാനാദേശങ്ങളിൽ നിന്ന് വന്ന ദേശവാ സികളുടെ പ്രിയ ഹോബി.

ഈ നിമിഷങ്ങളെല്ലാം, സ്വപ്നത്തിൽ പോലും കാണാതെ നാനാദേശങ്ങളിൽ നിന്നും വന്ന് വിമല യുടെ വാതിലിൽ മുട്ടിയപ്പോൾ 'ടക്-ടക്' - അവിടെ നിന്നും തുറക്കപ്പെട്ടതാണ്. പിന്നീട് ഒരുപാട് തവണ പല മുട്ടലുകളിലോട്ട് അത് വഴിമാറി. സിസ്റ്ററുടെ റൂമിലേക്ക് സോറി പറയാൻ കേറുമ്പോൾ ടക്-ടക് ഇരുട്ടിന്റെ മറവിൽ ഫൈൻ പിടിക്കാൻ വരുന്ന സിസ്റ്ററുടെ ടക്-ടക്, കൂളി കഴിഞ്ഞിറങ്ങാൻ വൈകുമ്പോൾ റൂംമേറ്റിന്റെ ടക്-ടക്.

ഇങ്ങനെ ഒരുപാട് തട്ടലും മുട്ടലുമായ് ഓർമ്മകളുടെ വാതിൽ തള്ളിതുറന്ന് അകത്തുകയറി കൂസൃതിയും കുറുമ്പുമായ് കഴിയുമ്പോഴും എല്ലാ കാതുകളും ആ ശബ്ദം ശ്രവിച്ചുകൊണ്ടേയിരുന്നു....

ടക്... ടക്.... ടക്... ടക്....


boon
educational services
your training partner
Kochi : 0484 6992222
Thrissur : 0487 6555561
IELTS International English Language Testing System
OET Occupational English Test
GERMAN A1, A2, B1 & B2
PTE Pearson Test of English
FRENCH A1 & A2
5th Floor, Sun Tower, East Fort, Thrissur-680 005.
1st Floor, Viswabarathi Bldg., Ravipuram, M.G. Road, Kochi-682 016.
THRISSUR | KOCHI

ജഡം

നേഹ എൻ. എസ്
S4 ബി.എ. ഇംഗ്ലീഷ് ലിറ്ററേച്ചർ

ഏറെ നാളായി മനുഷ്യസ്പർശമേൽക്കാതെ കിടക്കുന്ന ഷെൽഫും മേശയുമാണ്. പല സോ കോൾഡ് അൺനോൺ ജീവികളുടെയും വാസസ്ഥലം. ഒട്ടും സഹിക്കവയ്യാതാവുമ്പോഴാണ് മിക്കപ്പോഴും തട്ടലും മുട്ടലും നടത്തി ചേട്ടയെ അടിച്ച് വെളിയിലാക്കുന്നത്. അതും ഒത്തിരികാലം കൂടി. അങ്ങനെ അലസമായ ഒരു ഞായറാഴ്ച സുപ്രഭാതം. ദിവസങ്ങൾ കൂടി ഒന്നാസ്വദിച്ചുറങ്ങുന്ന ദിവസം. ഉറക്കം വിട്ടാലും വീണ്ടും കണ്ണടച്ച്, കണ്ട സ്വപ്നത്തിന്റെ സെക്കന്റ് ഹാഫും ക്ലൈമാക്സും അറിയാൻ ആകാംക്ഷയോടെ ഉറങ്ങിത്തീർക്കുന്ന പുലർവേളകളാണീ ഒരു ദിവസത്തിന്റെ പ്രത്യേകത. സൂര്യൻ ഉച്ചിയിലുദിച്ചാലും കിടക്ക വിടാൻ വയ്യ.

എന്തിരുന്നാലും ഏറെ നാളായി ശ്വാസം മുട്ടിക്കഴിയുന്ന പുസ്തകങ്ങളും മറ്റുമല്ലേ, ഒരാശ്വാസമായിക്കോട്ടെ എന്നു കരുതിയാണ് പിന്നീടൊരു ദിവസത്തേയ്ക്ക് മാറ്റിവെയ്ക്കാതെ വൃത്തിയാക്കൽ ആരംഭിച്ചത്. സകല പൊടിപടലങ്ങളും മാലിന്യങ്ങളും ഏറ്റുവാങ്ങിയ മേശവിരിപ്പുതന്നെയായിരുന്നു ഹൈലൈറ്റ്. ദേഷ്യം വരുമ്പോൾ കുത്തിവരച്ചിട്ട പാടുകൾ, ആരുടെയൊക്കെയോ (ശത്രു-മിത്രങ്ങളായിരുന്നിരിക്കാം, ചെലപ്പോൾ പറയാതെ ഉള്ളിൽ കൊണ്ടു നടന്ന പ്രണയങ്ങളായിരുന്നിരിയ്ക്കാം) തെളിയാതെ കിടക്കുന്ന പേരുകൾ. എപ്പോഴോ തട്ടി മറിഞ്ഞ മഷിപ്പാടുകൾ, ഭൂപടങ്ങൾ പോലെ തോന്നിച്ചു. എത്ര അലക്കി വെളുപ്പിച്ചാലും ഇവയോരോന്നും അങ്ങനെ തന്നെ കിടക്കും. അങ്ങനെ ആയിരുന്നില്ലെങ്കിൽ ഇവയൊക്കെ എപ്പോഴേ മാഞ്ഞുപോയോനെ! മേശയിരിക്കുന്ന ഇടം കണ്ടാൽ പുതിയ ഒരെണ്ണം ഇടാനും തോന്നില്ല. ചെളി പിടിച്ച വിരി അൽപം അറപ്പോടുകൂടെ തന്നെ ഒരു മൂലയിലേക്കെറിഞ്ഞു.

ശേഷം ഓരോ സാധനങ്ങളായി പുറത്തെടുക്കാൻ തുടങ്ങി. ആവശ്യമില്ലാത്ത, റെക്കോർഡ് ചെയ്യപ്പെടാത്ത പല സാധനങ്ങളുടെയും പുരാവസ്തു മ്യൂസിയമായിരുന്നു ഈ മേശ എന്ന തിരിച്ചറിവ് ഒരു നെടുവീർപ്പിനാൽ ഒതുങ്ങി. ഉപയോഗിക്കാതെ സൂക്ഷിച്ചുവെച്ച പുത്തൻ പെൻസിലുകൾ, കൂടെ കൂർപ്പിച്ച് കൂർപ്പിച്ച് വിരലുകളാൽ പിടിയ്ക്കാൻ പോലും കഴിയാത്ത കുട്ടിപ്പെൻസിലുകളും, എഴുത്ത് തെളിയാത്ത പേനകൾ, ഛായപെൻസിലുകൾ തുടങ്ങി എല്ലാ ഉപകരണസാമഗ്രികളും കൊണ്ട് ഒന്നാം വലിപ്പ് നിറഞ്ഞിരിക്കുന്നു. അതിനു കുട്ടായി കുറേ പാതികീറിയ മുഷിഞ്ഞ പേപ്പറുകളും. എന്റെയുള്ളിലെ കൗമാരക്കാരിയെ ഓർമ്മിപ്പിച്ചുകൊണ്ട് അന്നു സൂക്ഷിച്ചിരുന്ന ചില ആരാധനാപുരുഷന്മാരുടെ ചിത്രങ്ങളും കാർഡുകളും കള്ളി പൊളിച്ച് പുറത്തേക്ക് തള്ളി നിൽക്കുന്നു. പോരാത്തതിന് എതോ കാലം കഴിച്ചു തീർത്ത മിഠായികളുടെ വർണ്ണാഭമായ കവറുകളും വിരലുകളുടെ ചലനത്തോടൊപ്പം ചിലയ്ക്കാൻ തുടങ്ങി. വലിപ്പൊന്നാകെ വലിച്ചു പുറത്തേക്കെടുത്തു.

ഇനി അടുത്ത നിലവറ. ഉള്ളിലെ നിധിയുടെ കണക്കെടുപ്പാണ് ഇനി നടക്കാൻ പോവുന്നത്. ഒന്നാം വലിപ്പിന്റെ അതേ അവസ്ഥയാണെങ്കിൽ, ഇനി അഥവാ അതിനേക്കാൾ മുന്തിയ അവസ്ഥയാണെങ്കിൽ ഒറ്റയ്ക്ക് പരിശോധന നടത്തുന്നത് തന്നെയാണ് നല്ലത്. കാരണം ബാല്യം കഴിഞ്ഞ് കൗമാരത്തിന്റെ ആദ്യനാളുകൾ വരെയേ മുകളിലത്തെ വലിപ്പിലുള്ളു.... ബാക്കി ഇനി ഇതിലാണ്. ഞെങ്ങി ഞെരുങ്ങി ഒരിഴക്കാറ്റ് കടക്കാനില്ലാതെ ശ്വാസംമുട്ടിക്കഴിയുന്ന പുസ്തകങ്ങൾ. തുറന്നപ്പോഴേക്കും നിരവധി പുസ്തകങ്ങളുടെ കെട്ടിക്കിടക്കുന്ന വിയർപ്പു ഗന്ധം മൂക്കിലേയ്ക്കടിച്ചു കയറി. ഓരോന്നും പുറത്തെടുത്തപ്പോഴേക്കും ജീവച്ഛവമായി മാറിയിരുന്നു. അഞ്ചാം ക്ലാസ് മുതലിങ്ങോട്ടുള്ള ചില പുസ്തകങ്ങൾ ഉണ്ട്. ഏറ്റവും ഇഷ്ടപ്പെട്ട അധ്യാപകരുടെ, ഏറ്റവും വൃത്തിയിലെഴുതിയ, ഏറ്റവും കൂടുതൽ അഭിനന്ദനങ്ങൾ ലഭിച്ച ഏഴുത്തുകുത്തുകളടങ്ങിയ നോട്ടുപുസ്തകങ്ങൾ മാത്രം. സ്വന്തം കൈയ്യക്ഷരത്തിന്റെ വടിവില്ലായ്മ തിരിച്ചറിഞ്ഞ് ചേട്ടന്റെ മുന്നിൽ ഭൂമിയോളം താണ് കണ്ണീരൊഴുക്കിയും ടൂഡിൽ കൈക്കുഞ്ഞി പറഞ്ഞുറപ്പിച്ചും എഴുതിപ്പിച്ച സ്വന്തം പേരുകൾ. ബ്രൗൺ പേപ്പറിൽ പൊതിഞ്ഞ നോട്ടുപുസ്തകത്തിൽ സിനിമാ നടീനടന്മാരുടെയോ മറ്റോ ചിത്രമുള്ള നെയിംസ്ലിപ്പുകളിൽ ചേട്ട നെഴുതീതാന്നും പറഞ്ഞ് കാണിച്ചുകൊടുക്കുമ്പോൾ ചില അസൂയാലുക്കളുടെ കുടെക്കുടെയുള്ള നോട്ടം എന്നിലെ അഹങ്കാരിയ്ക്ക് വെള്ളവും വളവും നൽകുമായിരുന്നു.

പുസ്തകങ്ങളുടെ പിറകുവശം പലതരം എഴുത്ത് കളികളുടെ പ്ലേഗ്രൗണ്ടായിരുന്നു. പ്രേമം കാതലായ കളികളിൽ ഞങ്ങൾ കുട്ടുകാർ കൂടുതൽ ആനന്ദം കണ്ടെത്തി. ഓരോന്നായി പുറത്തെടുക്കുമ്പോൾ രണ്ടുമൂന്ന് ഡയറികളും എന്റെ കയ്യിലകപ്പെട്ടു. കാര്യമെന്റേതു തന്നെയാണെങ്കിലും തുറന്നപ്പോൾ ഒരു അപരിചിതത്വവും ചെറിയ നാണവും അതിലേറെ ജിജ്ഞാസയും ഒന്നാം തിയ്യതി മുതൽ എഴുതിതുടങ്ങിയിട്ടില്ലെങ്കിലും അവിടവിടങ്ങളായി വിശേഷപ്പെട്ട ദിവസങ്ങളിൽ കുറിച്ചുവെച്ചവ കണ്ണിലുടക്കി. കൊച്ചു കൊച്ചു സന്തോഷങ്ങളും ഇപ്പോൾ പിരിപടർത്തുന്ന അന്നത്തെ പിണക്കങ്ങളും സങ്കടങ്ങളും ഒരു ചിത്രംപോലെ മനസ്സിലൂടെ ഓടിനടന്നു. ജീവിതത്തെ ഇന്നത്തേക്കാളും ഒരുപക്ഷെ അത്രയും സീരിയസ്സായി കണ്ടത് അന്നായിരുന്നു എന്നു തോന്നിപ്പോവും ചില സംവേങ്ങൾ വായിക്കുമ്പോൾ. തല്ലും കൂട്ടവും എല്ലാം അന്നത്തെ എടുത്തുചാട്ടത്തിന്റെയും അന്നത്തെ അസഹിഷ്ണുതയുടെയും അടയാളങ്ങളായി മാറി. പിന്നീടൊരു ഭാഗത്ത് ഞാൻ കുറിച്ചുവെച്ച എന്റെ ഇഷ്ടാനിഷ്ടങ്ങൾ, ഇന്നത് ഒരുപാടൊരുപാട് മാറിയിരിക്കുന്നു. കാലം അങ്ങനെയാണ്, നാം അറിയാതെ നമ്മിൽ ഒരുപാട് മാറ്റങ്ങൾ വരുത്തുന്നു.

എല്ലാത്തിനും അടിയിലായി ആർക്കും പിടികൊടുക്കാത്ത തരത്തിൽ അമർന്നു കിടന്നിരുന്ന ഒന്ന്, ഒരു ഓട്ടോഗ്രാഫ്. വ്യത്യസ്തങ്ങളായ കയ്യക്ഷരങ്ങൾ, തമാശകൾ, വിരഹങ്ങൾ. അവസാനിക്കാൻ പോകുന്ന സൗഹൃദങ്ങളും, ഒപ്പുശേഖരിക്കൽ പോലെ. ഭാവിയെക്കുറിച്ച് ഇത്രയും കടന്ന് ചിന്തിച്ച നിമിഷങ്ങൾ ഒരു പക്ഷെ ഇനി ഉണ്ടാവുകയില്ല. ഓട്ടോഗ്രാഫിന്റെ ഓരോ താളുകളും ഓരോ ഓർമ്മകളായിരുന്നു. ഈ മേശപോലെ, ഇതിലെ പുസ്തകങ്ങൾ പോലെ മനസ്സിന്റെ ഏതോ മൂലയിൽ അവയും പൊടിപിടിച്ചിരിക്കുന്നു. ഒരിക്കലും പിരിയരുതേ എന്ന് കൂടെക്കൂടെ എഴുതിയ പലരുടെയും ഇന്നത്തെ ഹായ്, ഹലോ മെസ്സേജുകൾക്ക് തിരിച്ചൊരു മെസ്സേജ് പോലും അയക്കാൻ കഴിയാറില്ല. ഇതിൽ പലരും ഇന്നെവിടെയൊക്കെ ആണെന്നോ അറിയില്ല. ഉണ്ടാവും എവിടെയോ.... തങ്ങളുടെ മേശയും പൊടിതട്ടിയെടുത്ത് കൊണ്ട്.... ജീവിതവും ഇതുപോലെ തന്നെയാണല്ലോ എന്നോർക്കുമ്പോഴാ...! എന്തൊക്കെയോ, എവിടെയൊക്കെയോ പൊടിപിടിച്ച് തുത്തു തുടയ്ക്കാതെ കിടക്കുന്നു. ആരു അന്വേഷിക്കാറുപോലുമില്ല. പക്ഷേ, ചിലത ങ്ങനെ വേണം. പുറത്ത് വെണ്ണക്കല്ലുപോലെ വെട്ടിത്തിളങ്ങിയിട്ട് കാര്യമില്ല. കുറച്ച് ക്ലാവും പൊടിയുമൊക്കെയുണ്ടെങ്കിലേ ഇടയ്ക്ക് ശ്രദ്ധയെത്തുകയുള്ളൂ... ബോധം വരികയുള്ളൂ... അപ്പോഴേ പഴമയുടെ പുതുക്കം തിരിച്ചറിയാനും കൃത്രിമമല്ലാത്ത യഥാർത്ഥമായ ജീവിതം പ്രതിഫലിപ്പിക്കാനും സാധിക്കൂ....

എല്ലാം തുടച്ച് വീണ്ടും യഥേഷ്ടം എടുത്തുവെയ്ക്കുമ്പോൾ മനസ്സിലൊരു നീറ്റലാണ്. ഒരുപാടോർമകളും സന്തോഷങ്ങളും സമ്മാനിച്ച ഒരു കാലത്തെകുറിച്ച്, കടന്നുപോയ ആളുകളെക്കുറിച്ച്, മധുരമാർന്നതും കയ്പ്പേറിയതുമായ ഒരുപാടോർമകളെ കുറിച്ചെല്ലാം ഓർത്തുകൊണ്ട് സ്വാർത്ഥതയുടെ പേരിൽ ഒരുപറ്റം വസ്തുക്കളുടെ സ്വാതന്ത്ര്യം നിഷേധിച്ച് ഓർമ്മകളിനിയും കുന്നു കൂടും എന്ന അത്യാഗ്രഹത്തോടെ മേശവലിപ്പ് കൊട്ടിയടയ്ക്കപ്പെട്ടു.



One stop shop for your Lab Needs...

UNIQUE
SCIENTIFIC

LAB INSTRUMENTS | CHEMICAL | GLASSWARE

Lab Instruments & Chemicals

Histopathological Equipments

Laboratory Glass & Plastic Wares

Laboratory Instruments AMC & Service

Scientific Lab Equipments



Room No : 28/85/16, Ground Floor
Capital Tower, Patturaikkal
THRISSUR - 680 022. Phone : 0487 2330038

OLYMPUS Microscope
GARMIN GPS
SHIMADZU Electronic Balances
Lumax
OMSONS
MOXCARE LABWARE

ആത്മഹത്യ

ഹൃദ്യ പി. എസ്.
S6 ബി.എ. ഇംഗ്ലീഷ് ലിറ്ററേച്ചർ

അതിശയങ്ങളുടെ ആവനാഴിയിൽ നിന്നൊടുത്ത ഒരമ്പുകൂടി എന്റെ കൺമുന്നിലൂടെ അതിവേഗത്തിൽ പാഞ്ഞുപോയി. ഇത്തവണ പക്ഷേ അമ്പിന്റെ വേഗതയേക്കാളും ആവനാഴിയുടെ നിഗൂഢതയേക്കാളും ഏറെ അമ്പരപ്പിച്ചത് അത് തറച്ച് നിന്ന ലക്ഷ്യസ്ഥാനം ആയിരുന്നു. മരത്തിലും വായുവിലും തുളയുണ്ടാക്കി കുതിച്ചു പാഞ്ഞ ആ അമ്പ് ഒരു പാട്ടിൽ എത്തി തറച്ച് നിന്നു. ആ സംഗീതം നിശബ്ദമായി. മരണവെപ്രാ ഉത്തിലേതുപോലെ അപസ്വരങ്ങളുണ്ടാക്കി. അത തിന്റെ സംഗീതത്തെ നശിപ്പിച്ചില്ല മറിച്ച് ആദ്യ ആഘാതത്തിൽ തന്നെ മരിച്ച് കൊടുത്ത് എതിരാ ളിയുടെ സന്തോഷത്തിന് പാത്രമായി.

സംഗീതം നിന്നതോടുകൂടി ഒരു നീണ്ട കഥ നിലച്ചു. കഥ അതിന്റെ പശ്ചാത്തലസംഗീതം ഇല്ലാതെ തുടരാൻ പറ്റില്ലെന്നുമായി. കഥ ഇനി നീട്ടി കൊണ്ടുപോകാനാവില്ല എന്നൊരവസ്ഥ വന്ന പ്പോൾ കഥാപാത്രങ്ങൾ ഇനിയൊന്നും ചെയ്യാനി ല്ലാത്തവരെപ്പോലെ നിശ്ചലരായി. കഥയുടെ കാണി കളും കേൾവിക്കാരും ഒരുപോലെ രോഷാകുല രായി. ചിലർ അതിന്റെ അപ്രതീക്ഷിത മരണത്തിൽ കണ്ണീർ പൊഴിച്ചു. രോഷാകുലരായ ജനം കലാപ ത്തിനാക്കംകൂട്ടി. കഥ നേടിയ മനുഷ്യൻ പുതിയ കഥയുടെ ഭോഗമായി മാറുകയായിരുന്നു. പശ്ചാ ത്തല സംഗീതം ഇല്ലാത്ത ഒരു പുതിയ കഥ. അവർ കഥയുടെ പിന്നെ സംഗീതത്തിന്റെ ഘാതകരെ തിര ഞ്ഞു. ലോകം ഒന്നായി തനിക്കു നേരെ തിരിഞ്ഞ പ്പോൾ അമ്പ് അതിന്റെ ഉടമസ്ഥനെ തിരഞ്ഞു. അതിശയമേറെയായ ആ ആവനാഴിയിൽ ഇനിയും ആയുധങ്ങളുണ്ട്. ഇതിന് പോംവഴികളുണ്ട്.

പക്ഷേ നിർഭാഗ്യമെന്നല്ലാതെ എന്തു പറയാൻ നോക്കെത്താ ദൂരത്തും വാക്കെത്താ ദൂരത്തും ഒന്നും തന്റെ ഉടമസ്ഥനെ അതിന് കണ്ടെത്താനാ വില്ല. ഭീരുവായ അമ്പ് ആത്മഹത്യയെകുറിച്ചാലോ ചിച്ചു. ഉടമസ്ഥനില്ലെങ്കിൽ താൻ ഒന്നുമല്ല. എന്നത് മനസിലാക്കി. അമ്പിന്റെ അസ്ഥിത്വം ചോദ്യമുന യായി തന്റെ നേർക്ക് വന്ന ജനസാഗരത്തെ സാക്ഷിയാക്കി അതു പൊടുന്നനെ അടുത്തുകണ്ട കുളത്തിൽ ചാടി ആത്മഹത്യ ചെയ്തു.



കാഴ്ച

റോസ്ബിൻ ജോസഫ്
S6 ബി.എ. ഇംഗ്ലീഷ് ലിറ്ററേച്ചർ



ഇന്നും എന്റെ കണ്ണുകൾ ആ ബസ് സ്റ്റോപ്പിൽ ആരെയോ തിരഞ്ഞു. നിരാശയുടെ മങ്ങിയനിറം എന്റെ യുള്ളിൽ പടർന്നതായി ഞാനറിഞ്ഞു. അമൂല്യമായ തെന്തോ നഷ്ടപ്പെട്ടതുപോലെ. എന്റെ കോളേജിലേക്കുള്ള യാത്രയിൽ, ഞാൻ യാത്ര ചെയ്യുന്ന ബസ്സ്, ഒരുപാട് സ്ഥലങ്ങളും ബസ്സ് സ്റ്റോപ്പുകളും കടന്നുപോകുന്നുണ്ടെങ്കിലും ആ സ്റ്റോപ്പ് മാത്രം ഒരു കാന്തമെന്നോണം എന്നെ ആകർഷിച്ചു കൊണ്ടിരുന്നു.

അന്ന് ആദ്യമായാണ് അയാളെ ഞാൻ ആ സ്റ്റോപ്പിൽ കാണുന്നത്. സാധാരണ ഒരു മനുഷ്യകുഞ്ഞുപോലും ആ സ്റ്റോപ്പിൽ ബസ്സു കാത്തുനിൽക്കാറില്ല. എന്റെ ബസ്സടക്കം ആ റൂട്ടിലോടുന്ന ഒരു ബസ്സും ആ സ്റ്റോപ്പിനുവേണ്ടി ബ്രേക്ക് ചവിട്ടാറുമില്ല. എന്നാൽ അന്ന്, ഒരു മനുഷ്യജീവൻ ആ സ്റ്റോപ്പിൽ കണ്ടതുപോലെ എനിക്ക് തോന്നി. ബസ്സ് അവിടേക്ക് അടുക്കുംതോറും ആ മുഖം വ്യക്തമായി വന്നു. ഒരു ഭ്രാന്തൻ! കോലൻ താടിയും മുടിയും വെളുത്ത നിറം. മുഷിഞ്ഞ ടീഷർട്ടും പാന്റ്സും. മുടിയും താടിയും നില വിട്ട് വളർന്നിട്ടുള്ളതുകാരണം മുഖം മറച്ചുകൊണ്ടു അവ പാറി നടന്നു. സ്റ്റോപ്പിലെ കുറെ ഒഴിഞ്ഞ കുപ്പികൾക്കു നടുവിലെ അയാളുടെ ഇരുപ്പു നേക്കാൾ എന്നെ ആകർഷിച്ചത്, അയാൾ 'സുമുഖനായ' ഒരു ഭ്രാന്തനായിരുന്നു എന്ന സത്യമാണ്. കാഴ്ചയിൽ അയാൾ വളരെ ചെറുപ്പമാണ്. ഇരുപത്തിയാറോ, ഇരുപത്തിയേഴോ... അത്രയേ എനിക്ക് ഊഹിക്കാനാകുന്നൊള്ളു. വളരെ വിരസമായി തോന്നിയിരുന്ന എന്റെ കോളേജ് യാത്ര അന്നുമുതൽ ഞാൻ ഇഷ്ടപ്പെട്ടുതുടങ്ങി. ഭ്രാന്തനുള്ള ആ സ്റ്റോപ്പ് എത്താനായി ഞാൻ കാത്തിരുന്നു.

ഓരോ ദിവസവും വളരെ വ്യത്യസ്തമായ രൂപവും ഭാവവുമായിരുന്നു അയാൾക്ക്. റോഡിൽകൂടി പോകുന്ന എല്ലാ വാഹനങ്ങൾക്കു നേരെയും അയാൾ കൈവീശി കാണിക്കും, ഉച്ചത്തിൽ ശബ്ദമുണ്ടാക്കും. ചുണ്ടുകൾ എന്തൊക്കെയോ പുലമ്പിക്കൊണ്ടിരുന്നു. അയാളുടെ തിളക്കമേറിയ കണ്ണുകൾ എനിക്കു നേരെയാണോ? ഉന്നം പിടിക്കുന്നത്...

എന്നുവരെ ഞാൻ സംശയിച്ചുപോയി. എന്തുകൊണ്ടോ ഈ കാഴ്ചകൾ നിഗൂഢമായ ഒരു സന്തോഷാനുഭൂതി എനിക്കു നൽകി. ഇത്ര ചെറിയ പ്രായത്തിൽതന്നെ അയാളുടെ മനസ്സിനെ തകർക്കാൻ മാത്രം എന്താണു സംഭവിച്ചുകാണുക?" ഇതിനു മുമ്പ് ഇയാളുടെ ജീവിതം? വീട്... കുടുംബം? എന്നിങ്ങനെയുള്ള ചോദ്യങ്ങൾ എന്റെ മനസ്സിൽ അലയടിച്ചുകൊണ്ടിരുന്നു.

തിങ്കളാഴ്ചയുടെ എല്ലാ ഭാരവും, മടിയും പേറിയാണ് ഞാൻ അന്ന് ബസ്സിൽ നിന്നിരുന്നത്. ഭ്രാന്തനെക്കുറിച്ചുള്ള ചിന്ത എനിക്ക് ആശ്വാസം നൽകി. എന്നാൽ അയാളെ അവിടെ ഞാൻ കണ്ടില്ല. ബസ്സ് കുറച്ചുകൂടി മുന്നോട്ട് പോയപ്പോഴാണ് അവിടെയുള്ള ചായക്കടയുടെ മുന്നിൽ അയാളെ കണ്ടത്. മനസ്സിന് എന്തൊരാശ്വാസം! ചായക്കടക്കാരൻ അയാൾക്ക് ചായയും ചപ്പാത്തിയും നൽകുന്നുണ്ട്. ഒപ്പം എന്തൊക്കെയോ ചോദിക്കുന്നുണ്ട്. എന്നാൽ പ്രതീക്ഷിച്ചതൊന്നും കിട്ടിയില്ലെന്ന് അയാളുടെ മുഖഭാവത്തിൽനിന്ന് വ്യക്തം. പെട്ടെന്നുള്ള അയാളുടെ അസാന്നിധ്യത്തിൽ ഞാൻ എന്തുമാത്രം വിഷമിച്ചു. എന്താണിങ്ങനെ?.... എനിക്ക് യാതൊരു ബന്ധവുമില്ലാത്ത അയാളെ കാണാതായതിൽ ഞാൻ എന്തിനാണ് അത്രമാത്രം സങ്കടം അനുഭവിച്ചത്?.... ഒരു പിടിയുമില്ല.... പിറ്റേ ദിവസം തന്നെ പതിവ് ആകാംഷയോടുകൂടി ഞാൻ ആ സ്റ്റോപ്പിലേക്ക് നോക്കി. ആ കാഴ്ച എന്നെ ഞെട്ടിച്ചുകളഞ്ഞു. തുണികൊണ്ടു മൂടിയ ഒരു ശരീരം! ആ പരിസരത്ത് മറ്റാരും ഉണ്ടായിരുന്നില്ല. ഒരു നോട്ടം അത്രമാത്രം. എന്റെ മനസ്സ് ആകെ അസ്വസ്ഥമായി... എന്താണ് സംഭവിച്ചത്... എനിക്ക് ഒന്നും മനസ്സിലായില്ല. അന്നുമുതൽ ആ സ്റ്റോപ്പ് ശൂന്യമായി തന്നെ കഴിഞ്ഞു.... എന്റെ മനസ്സും!....



Come and join with the
healthy world of words

CosmoBooks
INDIA PRIVATE LIMITED

MEDICAL, DENTAL, NURSING, VETERINARY, AYURVEDA,
AGRICULTURE, ENGINEERING, LITERATURE,
CHILDREN'S BOOKS, COLLEGE TEXT, CBSE, ICSE,
SCERT GUIDES, COMPETITIVE EXAMINATIONS

Mangala Towers, Paliyam Road
North Bus Stand, Thrissur- 680 001
Ph: 0487 2335292, 2322012
cosmobooks@asianetindia.com


Press Club Road
Kochi, Ph:0484 2353818

Royal Bazar
Dt. Hospital Lane, Kottayam-686 001
Ph: 08589923939
kottayam@cosmobooks.in

Railway Station Link Road
Kozhikode, Ph:0495 2703487

സ്വാശ്രയത്തിലെ നിരാശ്രയത്വം

അഭിരാമി ജയരാജ്
S4 ബി.എ. ഫങ്ഷണൽ ഇംഗ്ലീഷ്



1990 കളോടെ ആരംഭിച്ച സ്വാശ്രയ കോളജുകളുടെ വരവിനെയും വളർച്ചയേയും കേരള സമൂഹം ഏറെ പ്രതീക്ഷയോടെയാണ് ഉറ്റുനോക്കിയത്. രണ്ട് സ്വാശ്രയ കോളജുകൾ സമം ഒരു ഗവ. കോളജ് എന്ന ആശയത്തോടെ ഉയർന്നുവന്ന സ്വാശ്രയ കോളജുകളിൽ സാധാരണക്കാരുടെ മിടുക്കരായ മക്കൾക്ക് ഗവൺമെന്റ് ഫീസിൽ പഠിക്കാമെന്ന് ജനം പ്രതീക്ഷിച്ചെങ്കിലും പ്രതീക്ഷകളെ കാറ്റിൽ പറത്തിക്കൊണ്ട് 'കൂടുതൽ മാർക്ക് ലഭിക്കുന്നവന് സീറ്റ്' എന്നതിൽനിന്നും മാറി കൂടുതൽ പണം നൽകുന്നവന് സീറ്റ് എന്ന വിലകുറഞ്ഞ കച്ചവട തന്ത്രമാണ് പിന്നീട് സ്വാശ്രയ കോളജുകൾ സ്വീകരിച്ചത്. ഇതോടെ ഓരോ വർഷം കഴിയുന്തോറും സ്വാശ്രയ കലാലയങ്ങളുടെ എണ്ണം വർധിക്കുകയും അതോടൊപ്പംതന്നെ വിദ്യാഭ്യാസ നിലവാരം കുത്തനെ ഇടിയുന്നതുമായ ഒരു കാഴ്ചയാണ് കേരള വിദ്യാഭ്യാസ രംഗത്ത് ഉണ്ടായത്.

സ്വാശ്രയ കലാലയങ്ങളിൽനിന്നും ഉയർന്നുവരുന്ന വിദ്യാർത്ഥി വിലാപങ്ങൾ ഇവിടെ പുതുമ അർഹിക്കുന്ന ഒരു വിഷയമല്ല. മുൻകാലങ്ങളിൽ ഇവ സമൂഹമധ്യത്തിലേക്കെത്താതെ കോളജ് മതിൽക്കെട്ടുകൾക്കുള്ളിൽ തന്നെ അടിച്ചമർത്തപ്പെടുകയാണുണ്ടായത്. പിന്നീട് സ്വാശ്രയ കോളജിന്റെ ബലിത്തറയിൽ ജിഷ്ണു പ്രണോയ് എന്ന കൗമാരക്കാരൻ സ്വജീവൻ അർപ്പിക്കേണ്ടിവന്നു കലാലയ പീഡനങ്ങളുടെ നേർസാക്ഷ്യങ്ങൾ സംസ്ഥാനമെങ്ങും ഉയർന്നുകേൾക്കാൻ. മനസാക്ഷി വറ്റാവിച്ച മാനേജ്മെന്റുകളുടെ പീഢനങ്ങൾ ഏറ്റുവാങ്ങി മരിച്ചുപോകാതിരിക്കാൻ വിദ്യാർത്ഥികൾതന്നെ ഉണർന്നെഴുന്നേൽക്കേണ്ട അവസ്ഥയിലേക്ക് വിദ്യാർത്ഥി സമൂഹം എത്തിപ്പെട്ടിരിക്കുന്നു. കേരളത്തിന്റെ നാല് ഭിത്തികളിൽനിന്നും ഉയർന്നുവരുന്ന ദീനരോദനത്തിന്റെ ലജ്ജാവഹമായ പ്രാകൃതമുഖമാണ് സമൂഹത്തിന് തുറന്നുകാണിക്കുന്നത്.

അധ്യാപകരെ ദൈവമായി കണ്ടിരുന്ന ഗുരുകുല സമ്പ്രദായത്തിൽനിന്നും സ്വന്തം പ്രിൻസിപ്പലിന് ചിതയൊരുക്കുന്ന അവസ്ഥയിലേക്ക് വിദ്യാർത്ഥികൾ എത്തിപ്പെട്ടു നോക്കുമ്പോൾ അവിടെ പുനർവായന നടത്തപ്പെടേണ്ടത് വിദ്യാഭ്യാസത്തിനും, അധ്യാപകർക്കും, വിദ്യാർത്ഥികൾക്കും സംഭവിച്ചിരിക്കുന്ന മൂല്യത്തകർച്ചയാണ്.

ഇന്റേണൽ മാർക്ക് എന്ന വജ്രായുധംകൊണ്ട് വിദ്യാർത്ഥികളെ കാൽക്കീഴിൽ നിർത്തുന്ന പ്രധാനാധ്യാപകരും, മൗനികളായ അധ്യാപകരും, ഇതിനെല്ലാം മുന്നിൽ ആത്മാഭിമാനം തന്നെ അടിയറവെയ്ക്കേണ്ടിവരുന്ന വിദ്യാർത്ഥികളും അച്ചടക്കവും മാർക്കും മാത്രമാണ് വിദ്യാഭ്യാസ

ത്തിന്റെ ലക്ഷ്യം എന്ന് അടിയുറച്ച് വിശ്വസിക്കുന്ന രക്ഷിതാക്കളും വിദ്യാഭ്യാസത്തിന്റെ അധഃപതനത്തിന് കാരണക്കാരാണ്.

ഒരുകാലത്ത് ജാതിക്കോമരങ്ങൾ ഉറഞ്ഞാടിയിരുന്ന ഇവിടം മനുഷ്യവാസയോഗ്യമാക്കിത്തീർന്നത്, ജാതി എന്ന വിഷയത്തെ ഉന്മൂലനം ചെയ്യാനുള്ള ഒരു കൂട്ടം മനുഷ്യരുടെ നൂറ്റാണ്ടുകൾ നീണ്ട പ്രവർത്തനങ്ങളും, ആഹ്വാനങ്ങളും രക്തസാക്ഷിത്വവുമാണ്. എന്നാൽ ഈ നേടിയെടുത്ത സ്വാതന്ത്ര്യത്തിന്റെ വില നിഷേ



ധിച്ചുകൊണ്ട്, "നമ്മൾ' എന്ന ആശയത്തിൽനിന്നും അകന്ന് 'ഞാൻ നായർ', 'നീ ഈഴവൻ', 'അവൻ പോമൻ' എന്ന വേർതിരിവിന് കലാലയങ്ങൾതന്നെ വീണ്ടും വേദിയായി മാറുന്നു. കുലമഹിമയും വർണ കുലീനതയും അധ്യാപക സ്നേഹത്തിന്റെ മാനദണ്ഡ മായി മാറുമ്പോൾ പിന്നിട്ടുവന്ന വാഴികളിൽ നാം സഞ്ചരിച്ചത് മുന്നോട്ടോ പിന്നോട്ടോ എന്ന ചോദ്യം ഉത്തരമില്ലാതെ അവശേഷിക്കുന്നു.



അദ്ധ്യാപകരുടെ മനോവൈകല്യങ്ങൾക്കിരയായി, വികൃത ലൈംഗിക പ്രഭാഷണങ്ങൾ കേട്ട് തങ്ങളുടെ അടിമജീവിതം ഇനിയും തുടരാൻ ആവില്ലെന്ന് വിദ്യാർത്ഥി സമൂഹം ഉറക്കെ വിളിച്ചുപറയുന്നു. മാനേജ്മെന്റുകളുടെ കച്ചവട താല്പര്യം വിദ്യാഭ്യാ സത്തെ വിഴുങ്ങിക്കൊണ്ടിരിക്കുന്ന ഈ അവസ്ഥ ദയനീയമാണ്. കച്ചവടസൂത്രധാരന്മാരും അബ്കാരി കളും സമുദായ രാഷ്ട്രീയ ശക്തികളും വാഴുന്ന സാശ്രയരംഗം വൃത്തിയാക്കിയെടുക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

വിദ്യാർത്ഥികളെ സ്വതന്ത്ര വ്യക്തിത്വങ്ങളായ് കണ്ട് അവരുടെ ജനാധിപത്യാവശ്യങ്ങൾ അംഗീകരിക്കണം. എന്തിനേയും അനുസരണാപൂർവ്വം സ്വാഗതം ചെയ്യുന്ന മനുഷ്യരൂപങ്ങളെയല്ല, മറിച്ച് കൺമുന്നിൽ നടക്കുന്ന അനീതിക്കെതിരേ പ്രതികരിക്കാൻ ധൈര്യം കാട്ടുന്ന സ്വതന്ത്രവ്യക്തിത്വങ്ങളെയാണ് സമൂഹത്തി നാവശ്യം.



ELIMS
Group of Institutions

ELIMS GROUP OF INSTITUTIONS
@
THRISSUR



ELIJAH INSTITUTE OF MANAGEMENT STUDIES
Approved by AICTE & Affiliated to University of Calicut

MBA

HR | Marketing | Finance
International Business | Systems

ELIMS COLLEGE OF PHARMACY
(Approved by AICTE, PCI & Affiliated to KUHS)

Elims College of Arts and Science
Affiliated to University of Calicut

Ponganamkad, Kurichikkara P.O, Thrissur - 680028, Kerala
Email: elijah_ims@yahoo.co.in, Website: www.elims.edu.in
Tel: (Off): 0487 - 2694201
Mob: 8281308397, 8589036644



Catholic Syrian Bank

CSB ഗോൾഡ് ലോൺ



ഇനിയെന്തിന് കാത്തിരിക്കണം?
സ്വപ്നങ്ങൾ യാഥാർത്ഥ്യമാക്കൂ

CSB ഗോൾഡ് ലോണിലൂടെ
നിങ്ങളുടെ സ്വർണ്ണാഭരണങ്ങളുടെ ശക്തി തിരിച്ചറിയൂ

- മികച്ച നിരക്ക് / പരമാവധി പണം
- ക്യാഷ്‌ലെസ്സ് ഗോൾഡ് ലോണുകൾ* ലഭ്യമാണ്
- മറ്റു സ്ഥാപനങ്ങളിലെ ഉയർന്ന നിരക്കുള്ള വായ്പകൾ മാറ്റുവാനുള്ള സൗകര്യം

കൂടുതൽ വിവരങ്ങൾക്കായി മിസ്സ് കോൾ ചെയ്യൂ
08111 999 879
(Missed call)

*വ്യവസ്ഥകൾ ബാധകം. Visit www.csbank.com

സവിശേഷതകൾ

- നിങ്ങളുടെ സ്വർണ്ണത്തിന് പരമാവധി മൂല്യം
- ആകർഷകമായ നിരക്കുകൾ
- അതിവേഗ നടപടിക്രമങ്ങൾ
- ലളിതമായ തിരിച്ചടവ് വ്യവസ്ഥകൾ
- കാർഷികാവശ്യങ്ങൾക്ക് പ്രത്യേക പദ്ധതികൾ

ക്യാഷ്‌ലെസ്സ് ഗോൾഡ് ലോൺ*



നിങ്ങളുടെ ലോൺ ഇനി
നിങ്ങളുടെ അക്കൗണ്ടിലേക്ക്

ഒരു ഓവർഡ്രാഫ്റ്റ് പദ്ധതി
ഡെബിറ്റ് കാർഡ്/ഇന്റർ ബാങ്കിങ് സൗകര്യത്തോടെ
ഉപയോഗിക്കുന്ന തുകയ്ക്ക് മാത്രം പലിശ
സ്വർണ്ണം ആവശ്യമുള്ളപ്പോൾ പണമടച്ച് തിരിച്ചെടുക്കാം
വീണ്ടും പണം ആവശ്യമുള്ളപ്പോൾ പണയം വെച്ച് പണം നേടാം

*നിബന്ധനകൾ ബാധകം

The Catholic Syrian Bank (Estd. 1920) is a full service bank offering retail, wholesale and SME banking services through its footprint of over 400 branches across the country.

THE CATHOLIC SYRIAN BANK LIMITED
Regd. Office: "CSB Bhavan", St. Mary's College Road, Thrissur 680 020.
Phone Banking 1800 425 1809 | E-mail: callcentre@csb.co.in | www.csb.co.in

THAT CALL

Anitha Joseph, S2 B.A. Economics

Stay in touch we say,
Just at the end of May.
But little do we know
Life is like a vast meadow.

Where everyone takes
A different way, full of flakes.
Sad, when the new world hugs us
We turn our back to all that fuss.

That were once music in the earlier stage,
Oh! my friend at the end we all are in a cage
Where emotion nor movement will stay
But all we can do is pray.

Believe me, time will pass
And we realize the loss—
Friends, whom we promised to call:
Two years from now, we become strangers across the hall.



ILLICIT MANIA

Rithu Sethumadhavan
S4 B.A. Functional English

Nothing can elucidate this contending illicit mania,
For it is not a matter of epiphany
Because the sole reason for it, is envy.
Larceny ought to be the resulting outcome;
There seems to be no relevance to the
Conglomeration of heart and soul;
Impurity carves itself to partiality,
For which each and every country seems harrowed;
Can it be because the powerful stifles the powerless?
Or it could be because the clear white
sky of unbounding walls turned out to be
simply small streak of light,
That points only towards the dark areas.
Today's vast scenario of unified whole as universe,
Turns out to be cracked into segments;
For each segment seems to havebeen covered
With rigorous types of malpractices.
This segmented appearance leads to a
Hell prone world of nuclear missions and high tech bombers.
Such a kind of drought can never be cured
by the single influence of a drop of water,
But tons of litres...
Each ton must be from each broken crack
That could hasten itself to give a gigantic lash;
Fortunately leading to the bowing of the envious powers,
For this could ultimately lead to their true realization
That isolation is not a lotion for fulfilling self-requirements,
But is the lotion for curing the illicit mania of terrorism;
Let them put the brains into work,
Not to tear appart the universe for their
self-satisfaction and self-sustenance,
But to divest these germs that seem to be the real attackers
Because these might be the residents of hell...

MERELY COLOURS

Saro Jose Ollukkaran
S2 BA Sociology

If world is a canvas
We are merely colours,
Depicting different lines of shades
From dark to light,
Each adorned with feelings,
Emotions; of transient pleasures,
And conquered territories;
Rather tints of deterioration.

Sometimes canvas remains white,
Reflecting past unwinding colors;
Covering the present inside the future—
Deep inside...silently...calmly.
He paints as his desire beckons,
He pours colors of his own:
At times delighting the viewers
Or for instance splashing hopes.

Unknowingly we try to paint,
With our childish misunderstandings,
Pride making us confident enough to paint
Our colours of dreams, aspirations, passions.
But the painter who surpasses all our colors is the only one
Who can paint this canvas.
He knows the best about
the picture which he makes.

We are merely colours
Merely colours.



വാഗമൺ

മരിയ പി. ജോൺ
S4 ബി.എ. ഇംഗ്ലീഷ് ലിറ്ററേച്ചർ

യാത്ര എപ്പോഴും മനസ്സിന് കുളിർമ്മയേകുന്ന ഒന്നാണ്. അത് പ്രകൃതിയിലേക്കുള്ള യാത്രകൂടിയാകുമ്പോൾ മനസ്സ് ശാന്തമാകുന്നു. ആധുനിക ജീവിതത്തിൽ മനുഷ്യൻ നേരിടുന്ന മാനസിക പിരിമുറുക്കങ്ങളിൽനിന്ന് ഒരു മോചനം തന്നെയാണ് ഇത്തരം യാത്രകൾ. ഞാനും എന്റെ കുടുംബവുംകൂടി വാഗമണ്ണിലേക്ക് നടത്തിയ യാത്ര അത്തരം ഒരു യാത്രയായിരുന്നു. രാവിലെ ഇടവക പള്ളിയിൽ വി. കുർബ്ബാനയർപ്പിച്ചശേഷം സകുടുംബം വാഗമൺ യാത്ര ആരംഭിച്ചു. തിരക്കു പിടിച്ച റോഡും വണ്ടികളുടെ പുകയും ചൂടും നിറഞ്ഞ അന്തരീക്ഷത്തിൽ നിന്നാണ് ഞങ്ങൾ യാത്ര തുടങ്ങുന്നത്. രാവിലത്തെ ഭക്ഷണം ഞങ്ങൾ കരുതിയിരുന്നു, പരമാവധി ഫാസ്റ്റ് ഫുഡ് ഒഴിവാക്കുക എന്നുള്ളതുകൊണ്ടുതന്നെ. അങ്ങനെ പ്രഭാതഭക്ഷണത്തോടെ ഞങ്ങൾ പ്രകൃതിരമണീയമായ വാഗമൺ സ്വപ്നംകണ്ട് യാത്ര തുടരുന്നു. പെട്ടെന്നാണ് തെളിഞ്ഞ് വിശാലമായ, പ്രകൃതിയുടെ പച്ചമണമുള്ള കാറ്റ് ഞങ്ങളെ തൊട്ട് തലോടിയത്. കുത്തനെയുള്ള ഇടുങ്ങിയ വഴി, ഒരു വശം കൂറ്റൻ പാറക്കെട്ടുകൾ, അതിനാൽ ഈ വശത്ത് ആകാശം കാണാനില്ല. മറുവശം താഴ്ന്ന് കിടക്കുന്ന വിശാലമായ കാപ്പി, തേയില തോട്ടങ്ങൾ. കോടമഞ്ഞ് നിറഞ്ഞുനിൽക്കുന്നതുകൊണ്ട് ഒരു മുടൽ പോലെയാണ് എല്ലാം ദൃശ്യമാകുന്നത്. പാറക്കെട്ടുകളുടെ മുകളിൽ വളരെ സാഹസികമായി പിടിച്ചുകയറി സെൽഫിയെടുക്കാനുള്ള തിരക്കിലാണ് ഫ്രീക്കന്മാർ.

ന്യൂസ് പേപ്പറിൽ കണ്ടുവരുന്ന സെൽഫി അപകടങ്ങളാണ് ഇത് എന്നെ ഓർമ്മിപ്പിച്ചത്. ക്യാമറയിൽ പകർത്തുക എന്നതിനേക്കാൾ പ്രകൃതിയെ അനുഭവിച്ചറിയാനാണ് ഞങ്ങൾ ശ്രമിച്ചത്. വിശാലമായി കിടക്കുന്ന 'ഓർക്കിഡ് വില്ല'യാണ് ഏറ്റവും മനോഹരമായ കാഴ്ച. പല ഇനത്തിൽപ്പെട്ട ഓർക്കിഡുകൾ പ്രദർശിപ്പിച്ചിരിക്കുകയാണ് അവിടെ. തീവിലയാണ് ഓരോന്നിനും. ഒരെണ്ണം വാങ്ങി ഞങ്ങൾ നീങ്ങി. ഈ യാത്രയുടെ ഓർമ്മ എന്നോണം വീട്ടിൽ വളർത്താൻ. മഴ ശക്തമായി പെയ്തു തുടങ്ങി. ഞങ്ങൾ ആ മഴകൊണ്ട് ഗാർഡനിലൂടെ നടന്നു. വാക്കുകളിലൂടെ പ്രകടിപ്പിക്കാൻ കഴിയാത്ത അനുഭവമായിരുന്നു അത്. കൃഷിക്കായി നിർമ്മിച്ച ഒരു ചെറു ഡാം. അതിൽ മത്സ്യകൃഷി വളരെ മനോഹരമായി നടത്തിവരുന്നു. ഡാമിനു മുകളിലെ പാലത്തിലൂടെയാണ് ഞങ്ങൾ നടന്നുനീങ്ങിയത്. പിന്നീട് മൊട്ടക്കുന്നുകളുടെ ഒരു ലോകത്തിലേക്കാണ് പോയത്. നിരന്നുകിടക്കുന്ന കുറെ കുന്നുകൾ. അതിൽ കയറിയിറങ്ങി ഞങ്ങൾ ആസ്വദിച്ചു. ഒരു കുന്നിന്റെ നെറുകയിൽ നിന്നുകൊണ്ട് ഞങ്ങൾ സൂര്യാസ്തമയം കണ്ടു, പ്രകൃതി നട്ടുവളർത്തിയ ഈ കാഴ്ച എത്ര സുന്ദരം. ഈ മനോഹര സൃഷ്ടിയെ ഓർത്ത് ദൈവത്തിന് അറിയാതെതന്നെ നന്ദി പറഞ്ഞുപോയി. പട്ടം പറത്തി നടക്കുകയാണ് ഒരു കുന്നിൻമുകളിലുള്ളവർ, ഞങ്ങളും അതിൽ ചേർന്നു. പകുതി ക്യാമറയിലും പകുതി മനസ്സിലും പകർത്തി ഞങ്ങൾ രാത്രി ഏഴരയോടെ യാത്രതിരിച്ചു. വണ്ടിയിൽ പലരും അനുഭവങ്ങൾ പറഞ്ഞു, അടുത്ത ഒരു യാത്രയെക്കുറിച്ചും ഞങ്ങൾ സംസാരിച്ചു.

GODS' GRACE

Anju Mariya Thomas
S2 Mathematics

Oh! The sculptor of the wonderful world,
Divine in love,
The majestic king of the three worlds,

We, the humble servants
Bow our heads before you.
To the holy! the most holy!

Your holiness shall spread
As the sands of the desert and,
As the stars in the sky.
It's amazing! Oh Lord, it's amazing!

The rhythm of birds,
The rhythm of hearts—

You made it spectacular.
Wow! The moments of success
Were of the failures
That we pass.
Yes, your invention has done it.

Oh God! the amazing motivator,
Your people are here
For a word of thanks,
For rendering meaning to our lives.

Fair Star

I see the world moving,
Each day scenes are changing—
The girl, who was a bird;
Lured by soft whispers of the world,
And claimed by abandoned word,
So soft and fragile a heart,
Is now a demon she will never depart.
But freezing of a soul
Is an immortal foul,
And forever she has her dreams
Cursed inside thy rosy gleams.


I see the world moving,
And my ride is slowing.
Depth of darkness
To rainy storm of weakness,
The crimson bird is no longer a distress.
For the movement of the world
Is a ride of the train so twirled
Into the darkness or a light of ray
Is a question that continues to prey.
So be it pain or vain,
She deserves by choice to rain.

Uma Namboothiripad
S2 BA English Literature

अनजान राही

मैं हूँ अनजान राही ।
किस अनजान राह से मैं चल रही हूँ
कहाँ जाऊँगी मैं अब ?
पता नही ये रास्ता किधर तक जाता है ?
आँखों में सपने आती है
घर से हम चलतो दिए
अब जायेगी कहाँ
विश्वास है मुझे
ये रास्ता मेरे सपनों तक
जाते हैं
जिन्दगी की ये अनजान राह में
अकेली हूँ, मैं अकेली हूँ
इस अनजान राह में,
मैं अकेली हूँ

Sr. Stephy Stephen
S2 B. A. English Literature



മഴക്കാല ഇലക്കറികൾ

തകര

പഴയക്കാലത്ത് പറമ്പിലും നിരത്തുവക്കിലുമെല്ലാം കാടായിവളരാറുള്ള തകര ഇന്ന് അപൂർവ്വ മായി മാത്രം കാണുന്ന ഒന്നായി മാറിയിട്ടുണ്ട്. ഇവയുടെ കിളുന്തില നുള്ളിയെടുത്ത് കറിവെക്കാം. കർക്കടക തകരയ്ക്ക് പ്രത്യേക ഔഷധഗുണമുണ്ട്.

അഗത്തിച്ചീര

വീട്ടുപരിസരത്ത് വളർത്താവുന്ന ചെറുമരമാണ്. ദീർഘകാലം വിളവെടുക്കാം. വൈറ്റമിൻ എ യുടെ കലവറയാണ് വെളുത്ത പൂവും ചുവന്ന പൂവുമുള്ള ഇനങ്ങളിൽ വെളുത്തതാണ് കൃഷിയ്ക്കു പറ്റിയത്.

മധുരച്ചീര

കുറ്റിച്ചെടിയായി വളരുന്ന ദീർഘകാലം ഇല തരുന്ന മധുരച്ചീരയ്ക്ക് 'ചെക്കൂർ മാനിസ്' എന്നു കൂടി പേരുണ്ട്. പോഷകഗുണത്തിൽ മുമ്പിലാണ്. എല്ലാ കാലാവസ്ഥയിലും വളരും.

സാമ്പാർച്ചീര (വാട്ടർ ലീഫ്)

തണലുള്ള ഇടങ്ങളിലും നനായി വളരുന്ന അടുക്കളത്തോട്ടത്തിലും യോജിച്ചതാണ് സാമ്പാർ ചീര. ഇളംതണ്ടുകൾ നുള്ളിയെടുത്ത് കറിവെയ്ക്കാം.

താളില

പ്രത്യേകിച്ച് കൃഷിചെയ്യാറില്ല. എന്നാൽ ചതുപ്പുനിലങ്ങളിൽ ധാരാളം ഉണ്ടാകും. ഇവ സംരക്ഷിച്ച് തണ്ടും ഇലയും കറിക്ക് ഉപയോഗിക്കാം. കർക്കിടകത്താളിന് ഔഷധഗുണം ഏറെയാണ്.

തഴുതാമ

ഔഷധപ്രാധാന്യമുള്ള ഇലക്കറിയാണ്. വളക്കൂറുള്ള ഇടങ്ങളിൽ ധാരാളം പടർന്നുകിടക്കും. ഇളം തണ്ട് മുറിച്ചുനട്ട് കൃഷിചെയ്യാം. എല്ലാ ദിവസവും രാവിലെ ഏതാനും തഴുതയില അരച്ച് വെള്ളത്തിൽ കലർത്തി വെറും വയറ്റിൽ കഴിക്കുക. പ്രമേഹം, കൊളസ്ട്രോൾ തടയും.

വള്ളിച്ചീര (ബസ്സല്ല)

വള്ളിയായി പടരുന്ന വലിയ ഇലകളുള്ള വള്ളിച്ചീര വീട്ടുപരിസരത്തു വളർത്തി പന്തൽ ഇട്ടു കൊടുത്താൽ ധാരാളം ഇല പറിക്കാം.

മുരിങ്ങ

ഇലയും പൂവും കായും എല്ലാം പോഷകസമ്പന്നമായ ഒന്നാണ് മുരിങ്ങ. ഒരു വീട്ടിൽ ഒരു മുരിങ്ങ മരം ഉണ്ടാവണം. വിത്തുപാകി മുളപ്പിച്ച തൈകളും, തണ്ടുകളും ഉപയോഗിച്ച് കൃഷിചെയ്യാം.

ഇവയ്ക്കുപുറമെ പച്ച, ചുവന്നചീരയും, കൊടുത്തൂവ ഇല, കുമ്പള ഇല, കോവൽ ഇല, പയർ ഇല, പാവൽ ഇല, മണിച്ചീര തുടങ്ങിയവയും ഇലക്കറിയായി ഉപയോഗിക്കാം.



With Laurels and Glitters...

Our Sports Day High Lights- 2016-2017





















College Annual Report 2016 - 2017

Introduction

Vimala stands with great pride and joy as we script another beautiful chapter in the history of this College – a book that has been filled with 50 golden stories so far. The dream that began in 1967 stands fulfilled and in contentment in 2017. And we have only gratitude towards all thosewho've contributed towards filling the pages with beautiful stories, hope for many more years to come and faith, that the force of Providence that has been assisting us in all these years will continue the shower of blessings in the coming days.

From 2016 onwards, Vimala College has become an autonomous institution which had been a cherished dream. The conduct of classes, exams and other programmes have been going on in accordance with the autonomous schedule prepared. Vimala bore witness to grand jubilations as part of the 50th year celebrations programmes that included separate conclaves arranged for Science, Arts and the Spiritual.

Faculty and students brought home laurels from different quarters and firmly established the place of this college among the best, academically, in sports as well as in arts. The abundant grace of God led us forward through the challenges faced to victories in all the endeavours undertaken.

Academic Achievements

University Results UG Section

Sl. No	Department	Pass Percentage	University Ranks	Distinction	First Class
1	English	93.88		28	18
2	Functional English	97.2		15	20
3	Malayalam	89		15	20
4	Economics	88		6	42
5	Sociology	85.96		7	38
6	Mathematics	78.18		21	22
7	Statistics	81.82	III	6	18
8	Physics	98	II	34	11
9	Chemistry	84.44		24	12
10	Botany	80.43	II	27	10
11	Zoology	90	I	18	18
12	Home Science	60		18	18
13	Computer Science	94	II	12	6
14	Commerce	98.27		14	18
				18	39

University Results PG Section

